150 Years
1870-2020

Come to Jesus,
Bring every child
to Jesus



LIGHTED TO LIGHTEN

യെരുശലേം മാർത്തോമ്മാ സൺഡേസ്കൂൾ നിരണം

- ജൂബിലി ഉദ്ഘാടനം
- നിർമ്മാണ പ്രവർത്തനം
- പൂർവ്വവിദ്യാർത്ഥി–അദ്ധ്യാപക സമ്മേളനം
- വിദ്യാഭ്യാസ സഹായം
- മിഷൻ ടൂർ
- സുവനീർ പ്രസിദ്ധീകരണം
- സമാപന സമ്മേളനം

ശതോത്തര സുവർണ്ണ ജൂബിലി സ്മരണിക

EDITORIAL BOARD



Rev. K.Y. Jacob | President
Dr. Mathew Thomas | Chief Editor
Binu Mariam Jose | Convenor
George Varghese | Sunday School Headmaster
John P. Varkey | Secretary
Saramma Varghese | Treasurer
Leelamma Jacob | Committee Member

Published by : Jerusalem Mar Thoma Sunday School, Niranam
Year of Publication : 2021
Photography : Dennis Idicula Abraham (Aura Weddings)
Layout & Designing : Global Computers,Thiruvalla
Printed at : Mar Thoma Press, Thiruvalla

FOR PRIVATE CIRCULATION ONLY

OUR METROPOLITAN



His Grace The Most Rev. Dr. Theodosius
Mar Thoma Metropolitan

പാവനസ്മരണയ്ക്ക്...



Padmabhooshan His Grace
The Most Rev. Dr. Philipose
Mar Chrysostom
Mar Thoma
Valiya Metropolitan



His Grace The Most
Rev. Dr. Joseph Mar Thoma
Metropolitan

യെരുശലേം സൺഡേസ്കൂൾ പൂർവ്വവിദ്യാർത്ഥികളായ അഭിവന്ദ്യ തിരുമേനിമാർ



Rt. Rev. Dr. Zacharias Mar
Theophilus Suffragan Metropolitan
(1938-2015)



Rt. Rev. Dr. Gregorios Mar
Stephanos Episcopa

അഭിവന്ദ്യ തിരുമേനിമാർ



Rt. Rev. Dr. Euyakim
Mar Coorilos
Suffragan Metropolitan



Rt. Rev. Joseph
Mar Barnabas
Suffragan Metropolitan



Rt. Rev. Thomas
Mar Timotheos Episcopa



Rt. Rev. Dr. Isaac
Mar Philoxenos Episcopa



Rt. Rev.Dr. Abraham
Mar Paulos Episcopa



Rt. Rev. Dr. Mathews
Mar Makarios Episcopa



Rt. Rev. Dr. Thomas
Mar Theethos Episcopa

വികാരിയിൽ നിന്ന്...

നിരണം യെരുശലേം മാർത്തോമ്മാ സൺഡേസ്കൂൾ അതിന്റെ ജൈത്രയാത്രയിൽ സവിശേഷമായ ഒരു നാഴികക്കല്ല് പിന്നിടുകയാണ്. ലോകരക്ഷകനായ യേശുക്രിസ്തുവിങ്കലേക്ക് കുരുന്നു മനസ്സുകളെ ആനയിക്കുവാനും സുവിശേഷത്തിന്റെ സാക്ഷികളാകുവാനും പ്രേരകമാകുന്ന സൺഡേസ്കൂൾ പ്രവർത്തനങ്ങൾ 150 വർഷങ്ങൾ പൂർത്തീകരിക്കുന്നു. ശതോത്തര സുവർണ്ണജൂബിലിയോടനുബന്ധിച്ച് ഒരു സ്മരണിക പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നതിൽ ഏറെ സന്തോഷിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

ഭാരതത്തിന്റെ മണ്ണിൽ സുവിശേഷത്തിന്റെ പ്രകാശനാളം ആദ്യമായി തിരിതെളിയിക്കപ്പെട്ട ദേശമാണല്ലോ നിരണം. വിശുദ്ധ തോമസ് അപ്പൊസ്തലന്റെ സുധീരമായ സുവിശേഷ സംവേദനതല്പരതയുടെ ആത്മാവ് കനൽകെട്ടു പോകാതെ പരിരക്ഷിക്കപ്പെടുന്നു എന്നതിന്റെ ഉദാത്ത ദൃഷ്ടാന്തമാണ് നൂറ്റിയമ്പതാം വയസിൽ എത്തി നിൽക്കുന്ന നിരണം യെരുശലേം മാർത്തോമ്മാ സൺഡേസ്കൂൾ. 1905ൽ മാർത്തോമ്മാ സൺഡേസ്കൂൾ സമാജം ഔദ്യോഗികമായി രൂപപ്പെടുന്നതിന് മുമ്പ് തന്നെ നിരണം ദേശത്ത് കുഞ്ഞുങ്ങളുടെ വേദപഠനത്തിനായി പാഠശാലകൾ ക്രമീകരിക്കപ്പെട്ടുവെന്നത് അഭിമാനപൂർവ്വം ഓർമ്മിക്കപ്പെടേണ്ടതാണ്. ചരിത്രപരമായി ഒരു വാണിജ്യ നഗരമായി കരുതപ്പെടുന്ന നിരണംദേശം ദൈവവചനത്തിന്റെയും സത്യസുവിശേഷത്തിന്റെയും നീരുറവയായി നിലകൊണ്ടു.

1870 ൽ സ്ഥാപിതമായ യെരുശലേം സൺഡേസ്കൂളിലൂടെ ദൈവരാജ്യത്തിനും ലോകത്തിനും ഒരുപോലെ ഗുണകരമായിത്തീർന്ന അനേക വ്യക്തികളെ രൂപപ്പെടുത്തുവാൻ ഇടയായി. സഭാശുശ്രൂഷയ്ക്കായി രണ്ട് മേൽപ്പട്ടക്കാരെയും അനേകം വൈദീകരേയും സുവിശേഷകരേയും സുവിശേഷ തല്പരരായ അത്മായനേതൃത്വത്തെയും ഒരുക്കുന്നതിൽ സൺഡേസ്കൂളിന്റെ പ്രവർത്തനങ്ങൾ ഉപയുക്തമായി എന്നുള്ളത് പ്രശംസനീയമത്രേ. സഭയ്ക്ക് മാത്രമല്ല, പൊതുസമൂഹത്തിനും രാജ്യത്തിനും പ്രയോജനകരമാകുന്ന വിധത്തിൽ മൂല്യബോധമുള്ള തലമുറകളെ വാർത്തെടുക്കുന്നതിൽ ഇന്നും സൺഡേസ്കൂൾ പ്രവർത്തനങ്ങൾ മുഖാന്തരമാകുന്നു. പോയകാലങ്ങളിൽ സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ വികാരിമാർ, സൺഡേസ്കൂൾ അദ്ധ്യാപകർ ഏവരേയും നന്ദിപൂർവ്വം ഓർക്കുന്നു. ത്യാഗപൂർവ്വം ഈ നാളുകളിൽ സൺഡേസ്കൂൾ പ്രവർത്തനങ്ങളിൽ പങ്കുകാരാകുന്ന എല്ലാവർക്കായും ദൈവത്തിന് സ്തുതി കരേറ്റുന്നു.

അത്യാധുനികതയുടേയും അറിവിന്റെയും മകുടംചാർത്തി നിൽക്കുന്ന മനുഷ്യൻ മനുഷ്യത്വത്തിനെതിരെ ഹിംസാത്മകമായ വിഷപ്പുക വമിപ്പിക്കുന്നതിന്റെ നേർചിത്രങ്ങൾക്ക് വിവിധ സംഭവങ്ങളിലൂടെ നാം സാക്ഷികളാകുന്നു. ലോകം അസമാധാനത്തിന്റെ കരിനിഴലിൽ ആകുമ്പോൾ ഉത്കൃഷ്ടമായ ചിന്തകളും ഔന്നിത്യമാർന്ന ദൈവരാജ്യമൂല്യങ്ങളും ഉയർത്തിക്കൊണ്ട് സർവ്വസാഹോദര്യത്തിന്റെയും സ്നേഹാശ്ലേഷണത്തിന്റെയും സന്ദേശം പകരുവാൻ സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്ക് ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. കുഞ്ഞുങ്ങളുടെ സൃഷ്ടിപരമായ സർഗ്ഗാത്മകതയെ പരിപോഷിപ്പിക്കുവാനും അവയെ ദൈവനാമമഹത്വത്തിനും ലോകത്തിന്റെ പൊതുനന്മയ്ക്കും ഉപകാരമാകുന്ന വിധത്തിൽ വിനിമയപ്പെടുത്തുവാൻ വരുംവർഷങ്ങളിലെ പ്രവർത്തനങ്ങൾ കാരണമാകട്ടെ.

ശതോത്തര സുവർണ്ണ ജൂബിലി കൊണ്ടാടുന്ന ഈ കാലം ഒരു മഹാവ്യാധിയുടെ കാലമാണ്. കോവിഡ്19 എന്ന മഹാമാരി മനുഷ്യജീവിതങ്ങളെ സമ്മർദ്ദത്തിൽ ആഴ്ത്തുകയും ജീവിതക്രമങ്ങളുടെ താളം തെറ്റിക്കുകയും ചെയ്തു എന്നത് ഒരു യാഥാർത്ഥ്യമാണ്. ദൈവത്തിൽ നിന്ന് അകലം പാലിക്കുവാൻ വല്ലാതെ നിർബന്ധിക്കുന്ന ഒരു കാലത്തിൽ ദൈവത്തോടും ക്രിസ്തു ശരീരമായ സഭയോടും ഇഴകിച്ചേർന്ന് ജീവിതത്തെ കെട്ടുപണി ചെയ്യുവാൻ തലമുറകളെ സജ്ജരാക്കുക എന്ന ഉത്തരവാദിത്തം സൺഡേസ്കൂൾ നിർവ്വഹിക്കേണ്ടതാണ്. കോവിഡിന്റെ കലുഷിതമായ സാഹചര്യത്തിലും നമ്മുടെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ മുടക്കം സംഭവിക്കാതെ നവ സാങ്കേതികവിദ്യയുടെ സഹായത്തോടെ കർമ്മനിരതമായിരുന്നുവെന്നതും അഭിനന്ദനാർഹമത്രേ. കാലത്തിന്റെ ചുവരെഴുത്തുകളെ വായിച്ചെടുക്കുവാനും ഔന്നിത്യമാർന്ന ജീവിത മാതൃകകളും ആദ്ധ്യാത്മികമായ ശീലങ്ങളും രൂപപ്പെടുത്തുവാനും സൺഡേസ്കൂൾ അഭ്യസനം മൂലം ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ചരിത്രത്തിന്റെ ഇടനാഴിയിലൂടെയും ഓർമ്മകളുടെ വസന്തത്തിലൂടെയും കാലികമായ ചിന്തകളിലൂടെയും ജീവാത്മകമായ സമീപനങ്ങളിലൂടെയും ഹൃദ്യമായ ഉൾക്കാഴ്ചകളും ഉൾപ്രേരണകളും സമ്മാനിക്കുന്ന ഈ സ്മരണികയുടെ വായനാനുഭവം ഏവർക്കും പ്രചോദനവും പ്രകാശവുമായി ഭവിക്കട്ടെയെന്ന പ്രാർത്ഥനയോടും ഈ സദുദ്യമത്തിൽ അല്പമായും അധികമായും സഹായിക്കുകയും സഹകരിക്കുകയും ചെയ്ത ഏവരേയും നന്ദിപൂർവ്വം സ്മരിച്ചുകൊണ്ടും ഈ വായനാനുഭവത്തിലേക്ക് സ്വാഗതം ചെയ്യുന്നു.



റവ. കെ. വൈ. ജേക്കബ് (വികാരി)



ദൈവവചനം രൂപാന്തരപ്പെടുത്തുന്നു

നിരണം യെരുശലേം മാർത്തോമ്മാ സൺഡേസ്കൂൾ ശതോത്തര സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഇങ്ങനെയൊരു സ്മരണിക പ്രസിദ്ധീകരിക്കുവാൻ ഇടയായതിൽ ദൈവത്തെ നന്ദിയോടെ സ്തുതിക്കുന്നു. ഇന്നത്തെ ലോക സാഹചര്യങ്ങളിൽ ദൈവവചനത്തോട് ഭക്തിയും, സ്വഭാവ ശ്രേഷ്ഠതയും, ക്രിസ്തുകേന്ദ്രീകൃതവും സാമൂഹ്യാവബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. ആദിമ നൂറ്റാണ്ടിൽ തന്നെ വചനത്തിന്റെ വിത്ത് വിതയ്ക്കപ്പെട്ട സ്ഥലമാണ് നിരണം. ക്രൈസ്തവ സഭയുടെ ഭാവിഭാഗധേയം രൂപപ്പെടേണ്ടത് ദൈവവചന പഠനത്തിലൂടെയാണെന്ന സത്യം നിരണം യെരുശലേം ഇടവകയിലെ ക്രാന്തദർശികളായ ഒരുകൂട്ടം പിതാക്കന്മാർ തിരിച്ചറിഞ്ഞിരുന്നു. അവർ ആരംഭിച്ച വേദപഠനശാല കാലക്രമേണ യെരുശലേം സൺഡേസ്കൂളായി തീർന്നു. കഴിഞ്ഞ നൂറ്റി അൻപത് വർഷത്തെ യെരുശലേം സൺഡേസ്കൂളിന്റെ വളർച്ചയുടെ പാതയിൽ അനവരതം ലഭിച്ച ദൈവീക നടത്തിപ്പിന്റെ സാക്ഷ്യപത്രമായിട്ടാണ് ഈ സ്മരണിക പ്രസിദ്ധീകരണത്തെ ഞങ്ങൾ കാണുന്നത്.



ദൈവവചന അഭ്യസനത്തിലൂടെ കുഞ്ഞുങ്ങളുടെ ആത്മീയ രൂപാന്തരത്തിന് വളരെ അനുകരണീയമായ മാതൃകയാണ് യെരുശലേം സൺഡേസ്കൂൾ പണ്ട് മുതൽക്കെ പിന്തുടർന്നിരുന്നത്. ഭാഗ്യസ്മരണീയനായ ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ, അഭിവന്ദ്യ ഡോ. ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ, കാലയവനികയ്ക്കുള്ളിൽ മറഞ്ഞ മുൻ സഭാ സെക്രട്ടറി റവ. കെ.ജെ. ഫിലിപ്പ്, സുവിശേഷപ്രസംഗസംഘം മുൻ ജനറൽ സെക്രട്ടറി റവ. ജോർജ് അലക്സാണ്ടർ, റവ. കെ.എം. ജോർജ്, ഇപ്പോൾ സജീവ സേവനത്തിലുള്ള പത്തോളം പട്ടക്കാർ, പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞൻ പത്മശ്രീ ഡോ. സാമുവേൽ പോൾ തുടങ്ങിയവർ ഈ സൺഡേസ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ്. ഈ പറഞ്ഞ ബഹുമാന്യവ്യക്തിത്വങ്ങളെ കൂടാതെ അതുരശുശ്രൂഷ, അദ്ധ്യാപക, സാമൂഹ്യ-രാഷ്ട്രീയ, സേവന മേഖലകളിൽ പ്രവർത്തിക്കുന്ന അനേകം പൂർവ്വവിദ്യാർത്ഥികൾ അവരുടെ

ജീവിതത്തിൽ യെരുശലേം സൺഡേസ്കൂളിന്റെ സ്വാധീനത്തെക്കുറിച്ച് സാക്ഷിച്ചിട്ടുണ്ട്.

ശതോത്തര സുവർണ്ണ ജൂബിലി ഉദ്ഘാടന സമ്മേളനം 2019 നവംബർ 3ന് വർണ്ണശബളമായ വിധത്തിൽ നടത്തി. എന്നാൽ കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ സ്മരണിക പ്രസിദ്ധീകരണം നീണ്ടുപോയി. അനേകം പേർ ഈ സ്മരണികയുടെ പ്രസിദ്ധീകരണത്തിന് സഹകരണം നല്കി. കാലം ചെയ്യുന്നതിന് മുമ്പ് സ്മരണികയുടെ പ്രസിദ്ധീകരണത്തിന് ആശംസകൾ അറിയിച്ച ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായെ നന്ദിപൂർവ്വം സ്മരിക്കുന്നു. സന്ദേശങ്ങൾ നല്കി അനുഗ്രഹിച്ച അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായോടും മറ്റ് എല്ലാ തിരുമേനിമാരോടുമുള്ള ആദരവും കൃതജ്ഞതയും രേഖപ്പെടുത്തുന്നു. സ്മരണിക പ്രസിദ്ധീകരണത്തിന് നേതൃത്വം നല്കിയ വികാരി കെ.വൈ. ജേക്കബ് അച്ചനോടുള്ള നന്ദിയെ അറിയിക്കുന്നു. ലേഖനങ്ങൾ തന്ന് സഹായിച്ച എല്ലാ മാന്യവ്യക്തികളോടും ഞങ്ങൾ അത്യന്തം കൃതജ്ഞതയുള്ളവരാണ്. സ്മരണികയുടെ കവർ & ലേഔട്ട് ഡിസൈന് വേണ്ട നിർദ്ദേശങ്ങൾ നൽകി സഹായിച്ച സൺഡേസ്കൂൾ പൂർവ്വവിദ്യാർത്ഥിയും വൈദിക വിദ്യാർത്ഥിയുമായ ശ്രീ. ആശിഷ് ചെറിയാൻ വർഗ്ഗീസിനോടുള്ള നന്ദി രേഖപ്പെടുത്തുന്നു. സ്മരണിക പ്രസിദ്ധീകരണത്തിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി പ്രവർത്തിച്ച ഹെഡ്മാസ്റ്റർ ശ്രീ. ജോർജ് വർഗീസിനോടും, കൺവീനർ ശ്രീമതി ബിനു മറിയം ജോസ്, എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ എന്നിവരോടുള്ള നന്ദി മനസ്സിൽ സൂക്ഷിക്കുന്നു.

കോവിഡ് കാലഘട്ടം ഏറ്റവുമധികം ബാധിച്ചത് വളരുന്ന തലമുറയേയാണ്. ഓൺലൈൻ, ഡിജിറ്റൽ പഠനം കുഞ്ഞുങ്ങളിൽ ഉണ്ടാക്കിയ മാനസീക സംഘർഷങ്ങൾ നിരവധിയാണ്. ഇവിടെ മാതാപിതാക്കളുടെയും സൺഡേസ്കൂൾ അദ്ധ്യാപകരുടെയും പങ്ക് വളരെ പ്രസക്തമാണ്. കുഞ്ഞുങ്ങളോട് സ്നേഹപൂർവ്വമായ സംവേദനം, പ്രോത്സാഹനം, തിരുവചനപാരായണം, ക്രമീകൃതമായ കുടുംബപ്രാർത്ഥന എന്നീ കാര്യങ്ങളാണ് ഈ സാഹചര്യത്തിൽ ഫലപ്രദമായ പരിഹാര മാർഗ്ഗങ്ങൾ.

ദൈവവചന പഠനം വ്യക്തിയെ യേശുക്രിസ്തുവിലേക്കും ജീവിതത്തിന്റെ സമഗ്രരൂപാന്തരത്തിലേയ്ക്കും നയിക്കുന്നു. ഈ രണ്ട് പ്രവർത്തനങ്ങൾക്കാണ് സൺഡേസ്കൂൾ ശക്തീകരണം നൽകുന്നത്. വെല്ലുവിളികൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ കൂടുതൽ ഉൽസാഹവും സമർപ്പണവുമുള്ളവരായി സൺഡേസ്കൂളിന്റെ പ്രവർത്തനത്തിൽ ഏർപ്പെടുവാൻ ഈ ശതോത്തര സുവർണ്ണ ജൂബിലി ആചരണം ഏവർക്കും സഹായകരമാകട്ടെ എന്നാശംസിച്ചുകൊണ്ട് ഈ സ്മരണിക വാല്യം സമർപ്പിക്കുന്നു.

എഡിറ്റോറിയൽ ബോർഡിനുവേണ്ടി,

ഡോ. മാത്യു തോമസ്
ചീഫ് എഡിറ്റർ

നിരണം
ആഗസ്റ്റ് 2021

ഇടവക സ്ഥാപക വികാരി



ഗീവറുഗീസ് കത്തനാർ യാക്കോബ് കത്തനാർ

പട്ടമുക്കിൽ വല്യച്ചൻ (1841–1914)

ഇടവകയുടെ മുൻവികാരിമാർ


മാമ്മൻ യൗനാൻ കശ്ശീശാ
പള്ളിച്ചിറ


യാക്കോബ് കത്തനാർ
പട്ടമുക്കിൽ


റവ. കെ.സി.സക്കറിയാ


റവ. എം.പി.തോമസ്
(1923)


റവ.എൻ.റ്റി.ജോർജ്,
നാലാംവേലിൽ (1923 - 1932)


റവ.വി.ജെ.ജോസഫ്
(1932 - 1933)


റവ.കെ.ജെ.ജെയിക്കബ്
(1933 - 1940)


റവ.പി.എം.തോമസ്
(1940 - 1941)


റവ. കെ.റ്റി.ചാക്കുണ്ണി
(1941 - 1945)


റവ. എം.എസ്.ജെയിക്കബ്
(1945 - 1947)


റവ.പി.ജെ.ജോൺ
(1947 - 1948)


റവ.പി.ഇ.മാത്യു
(1948 - 1950)


റവ.കെ.കെ.മാത്യു
(1950 - 1951)


റവ.പി.ഇ.തോമസ്
(1951 - 1952)


റവ.കെ.എം.തോമസ്
(1952 - 1953)


റവ.കെ.എം.തോമസ്
(സീനിയർ) (1953 - 1958)


റവ.സി.എം.ഏബ്രഹാം
(സീനിയർ) (1958 - 1963)


റവ.എം.ഐ.അലക്സാണ്ടർ
(1963 - 1969)


റവ.കെ.ഐ.മത്തായി
(1969 - 1971)


റവ.പി.ഒ.ജോർജ്ജ്
(1971 - 1974)


റവ.സി.വി.ഏബ്രഹാം
(1974 - 1978)


റവ. എസ്.വി.ചെറിയാൻ
(1978 - 1981)


വെരി. റവ.കെ.ഒ.
ഫിലിപ്പോസ് (1981 - 1987)


റവ.എം.റ്റി.തോമസ്
(1987 - 1990)


റവ.സി.എം.ഏബ്രഹാം
(ജൂനിയർ) (1990 - 1992)


വെരി. റവ. സ്കറിയാ
ഏബ്രഹാം (1992 - 1997)


റവ.കെ.ജി.അലക്സാണ്ടർ
(1997 - 2001)


റവ.സി.ജോസഫ്
(2001 - 2006)


റവ.വി.എം.മാത്യു
(2006 - 2009)


റവ.ഡോ.ജോൺസൺ പി.
മാത്യു (2009 - 2011)


റവ. തോമസ് വർഗീസ്
(2011 - 2015)


റവ. ജോജൻ മാത്യൂസ്
ജോൺ (2015 - 2016)


റവ.ഡോ. സജു മാത്യു
(2016 - 2019)


റവ.സഖറിയ ജോൺ
(2019 - 2020)


റവ.ഡോ.ഡാനിയേൽ മാമ്മൻ
(2020 - 2021)





ഇടവകാംഗങ്ങൾ സഭാ ശുശ്രൂഷയിൽ



റവ. ഇ.ഐ. കുരുവിള
ഇരമല്ലാടിൽ



റവ.കെ.ജെ.ഫിലിപ്പ്
ചാലക്കാട്ടിൽ



റവ.കെ.എം.ജോർജ്
കിണറ്റുകര



റവ. ജോർജ് അലക്സാണ്ടർ
മണലേൽ പ്ലാപ്പുഴേത്ത്



റവ. ഡോ. സണ്ണി ജോർജ്
പാറാത്തുശ്ശേരിൽ



റവ. ജോർജ് തോമസ്
ചാലക്കാട്ടിൽ



റവ. ഏബ്രഹാം പി. വർക്കി
പാരയിൽ



റവ. സിബു പള്ളിച്ചിറ
പള്ളിച്ചിറ കുന്നേൽ



റവ. റെജി ഐസക്
ചേരിക്കൽ



സിസ്റ്റർ എ.എസ്. അച്ചാമ
അടിവാക്കൽ
(സേവികാസംഘം)



ആശിഷ് ചെറിയാൻ വർഗീസ്
പട്ടമുക്കിൽ
(വൈദിക വിദ്യാർത്ഥി)



ക്രിസ്റ്റി എം. കുര്യൻ
മാണിഫറമ്പിൽ
(വൈദിക വിദ്യാർത്ഥി)

SUNDAY SCHOOL

സൺഡേസ്കൂൾ മുൻ ഹെഡ്മാസ്റ്റർമാർ

ലൂക്കോസ് ആശാൻ,
വെൺപറമ്പിൽ

കോരസാർ,
വെൺപറമ്പിൽ


എം.പി. ജോർജ്
മണലേൽ പ്ലാപ്പുഴേത്ത്


സി.കെ.കുരുവിള
ചിറക്കപറമ്പിൽ


കെ.ജെ. തോമസ്
ചാലക്കാട്ടിൽ


വി.ഐ. ജോർജ്
വെൺപറമ്പിൽ


എം. തോമസ് കുര്യൻ
മാണിപറമ്പിൽ തോപ്പിൽ


വി.എ. വർഗീസ്
വിഴലിൽ


കെ.ജി. മാത്യു
പള്ളിച്ചിറ കുന്നേൽ


ജോർജ്ജുകുട്ടി ശാമുവേൽ
മട്ടയ്ക്കൽ



സൺഡേസ്കൂൾ അദ്ധ്യാപകർ – 2021

സൺഡേസ്കൂൾ ചുമതലക്കാർ



റവ.കെ.വൈ.ജേക്കബ്
പ്രസിഡന്റ്



ജോർജ് വർഗീസ്
ഹെഡ്മാസ്റ്റർ



ജോൺ പി. വർക്കി
സെക്രട്ടറി



സാറാമ്മ വർഗീസ്
ട്രഷറാർ



ഇടവകയിലെ മുൻകാല അത്മായ നേതാക്കളിൽ ചിലർ



കുറിച്ചിയേത്ത് വട്ടടിയിൽ കോരുള ഇട്ടിയവിരാ
(സുവിശേഷ പ്രസംഗ സംഘ സ്ഥാപക നേതാക്കളിൽ ഒരാൾ)



കെ. കെ. കുരുവിള കുറിച്ചിയേത്ത്
(കോട്ടയം മാർത്തോമ്മാ വൈദിക സെമിനാരി പ്രഥമ പ്രിൻസിപ്പാൾ)



കെ. സി. തോമസ് കിണറ്റുകര
(മാർത്തോമ്മാ സൺഡേസ്കൂൾ സമാജം മിഷനറി)



വി. ഐ. മാത്യു വെൺപറമ്പിൽ
(യെരുശലേം സൺഡേസ്കൂൾ ആദ്യകാല സെക്രട്ടറി)



മറിയക്കുട്ടി സന്യാസിനി കൂത്തപ്പള്ളിൽ
(സുവിശേഷക/ സൺഡേസ്കൂൾ അദ്ധ്യാപിക)



എൻ. ജി. ഉമ്മൻ നാനാത്ര കളീയ്ക്കൽ
(ദീർഘകാല സൺഡേസ്കൂൾ സംഗീത അദ്ധ്യാപകൻ)



സൺഡേസ്കൂൾ സമാജം കേന്ദ്ര പ്രവർത്തനത്തിൽ പങ്കാളികളായ ഇടവകാംഗങ്ങൾ



റവ. പി. ജെ. ജോൺ
പട്ടമുക്കിൽ
(സമാജം സ്ഥാപക കാര്യസമിതി അംഗം)



എം. പി. ജോർജ്
മണലേൽ പ്ലാപ്പുഴേത്ത്
(സെന്റർ ഇൻസ്പെക്ടർ & ഡിസ്ട്രിക്റ്റ് ഓർഗനൈസർ)



കെ. എം. കുരുവിള
കിണറ്റുകര
(സെന്റർ ഇൻസ്പെക്ടർ & ഡിസ്ട്രിക്റ്റ് ഓർഗനൈസർ)



വി. ഐ. ജോർജ്
വെൺപറമ്പിൽ
(സെന്റർ ഇൻസ്പെക്ടർ)



ജോർജ്ജുകുട്ടി ശാമുവേൽ
മട്ടയ്ക്കൽ
(സെന്റർ സെക്രട്ടറി)



ജോണികുട്ടി ശാമുവേൽ
മട്ടയ്ക്കൽ
(സെന്റർ ഇൻസ്പെക്ടർ)



ഡോ. മാത്യു തോമസ്
കിണറ്റുകര
(ഡിസ്ട്രിക്റ്റ് ഓർഗനൈസർ)



യെരുശലേം മാർത്തോമ്മാ ഇടവക
നിരണം



ചക്കാട്ടുശ്ശേരി
പ്രാർത്ഥനാലയം



അനുഗ്രഹതീരം

പാരിഷ്ഹാൾ





പാഴ്സനേജ്

Malankara Mar Thoma Syrian Church

APOSTOLIC SEE OF ST. THOMAS

DR. THEODOSIUS MAR THOMA METROPOLITAN

Poolatheen, Tiruvalla P.O.,
Pathanamthitta Dist.,
Kerala - 689 101, India

Message



I am glad that the Jerusalem Mar Thoma Sunday School, Niranam, is celebrating its 150 year of existence and publishing a souvenir commemorating the occasion. I wish God's blessings upon the programme and success to the publication of the souvenir. I appreciate the leadership given by the Vicar, Rev. K. Y. Jacob and all the team work that is done by the office bearers of the function and members of the various committees.

Nurturing the young lives through the Sunday School Classes is a corporate responsibility. It starts from home. A Christian home is the first Sunday School and the loving parents are the first Sunday School teachers. This is continued through the Sunday School classes where formal education goes through the accepted curriculum. Our Sunday School stands for bringing each child to Jesus Christ. Therefore, the teaching in the Sunday School is to help each child to accept Jesus Christ as his/her personal Saviour. The children are also introduced to the faith and faith practices of the Church. All these are based on the Holy Bible. Hence Sunday School enables each child to study the Holy Bible thoroughly and to continue the practice of studying it throughout the days of one's life.

Thank you for giving me the opportunity to greet all the members through this souvenir. May the insights we derive through the various events of the function, the various messages we hear from our spiritual leaders and the strength we gain through the team work of the community enable the faith community to march forward with greater vision and enthusiasm to glorify God, carry out the ministry given to the Church and also for building up the Kingdom of God on earth.

The grace of God be with everyone.

Yours in Christ's Ministry,

DR. THEODOSIUS MAR THOMA METROPOLITAN.

Ph: 0469-2630313, 2602626 (0), Mob: 9447370700, E-mail: metropolitan@marthoma.in

Malankara Mar Thoma Syrian Church

Apostolic See of St. Thomas

DR. JOSEPH MAR THOMA
METROPOLITAN

Poolatheen
Tiruvalla P.O.
Pathanamthitta Dist.
Kerala-689 101, India



സന്ദേശം

നിരണം യരുശലേം മാർത്തോമ്മാ ഇടവകയുടെ സൺഡേ സ്കൂൾ അതിന്റെ പ്രവർത്തനസരണിയിൽ 150 വർഷം പിന്നിട്ട് ശതോത്തര സുവർണ്ണ ജൂബിലി ആഘോഷത്തിന് ഒരുങ്ങുന്നു എന്നതിൽ സന്തോഷിക്കുന്നു. തദ്വസരത്തിൽ പ്രസിദ്ധീകരിക്കുന്ന സ്മരണികയിൽ കൂടെ നിങ്ങൾ എല്ലാവർക്കും അനുഗ്രഹങ്ങളും ആശംസകളും നൽകുന്നതിലും നമുക്ക് വലിയ സന്തോഷം ഉണ്ട്.

കുട്ടികൾ ദൈവത്തിന്റെ ദാനവും ദൈവ സ്നേഹിതരുമാണ്. അവർ സാദ്ധ്യതകളുടെ കൂമ്പാരമാണ്. ദൈവസാദൃശ്യം അവരിൽ വിളങ്ങുന്നു. കുട്ടികൾ ദൈവം നമ്മെ ഏൽപ്പിച്ച വലിയ നിധിയാണ്. ഈ അവബോധത്തിൽ നിന്ന് ഉളവായതാണ് സൺഡേ സ്കൂൾ പ്രസ്ഥാനങ്ങൾ.

നമ്മുടെ കുഞ്ഞുങ്ങളെ ചെറുപ്പത്തിലെ ദൈവവഴിയിൽ കാത്തുസൂക്ഷിക്കണം. തിരുവചനം അവരുടെ പാതയക്ക് പ്രകാശമായിരിക്കണം. തിരുവചനത്തിൽകൂടെ അവർ രക്ഷകനായ യേശു ക്രിസ്തുവുമായുള്ള സജീവ ബന്ധത്തിൽ പ്രവേശിക്കണം. ക്രിസ്തീയ ദർശനത്തിൽ, സഭാ ഭക്തിയിൽ, സമൂഹ അവബോധത്തിൽ, ദൈവത്തിന്റെ പ്രിയ മക്കളായി വളരുന്നതിന് കുട്ടികൾക്ക് മാർഗ്ഗദർശനവും പ്രേരകശക്തിയും സ്നേഹിതനുമായി സൺഡേ സ്കൂൾ തീരട്ടെ എന്നു നാം പ്രാർത്ഥിക്കുന്നു.

ഈ സ്മരണിക പ്രകാശനവേളയിൽ ആ സൺഡേസ്കൂളിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സ്മരണികയുടെ പ്രസിദ്ധികരണത്തിനായി പ്രവർത്തിക്കുന്ന എല്ലാവർക്കും ദൈവം അനവധിയായ ദൈവകൃപ നൽകട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

Immanuel Mar Thoma

19-12-2019

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

(അഭിവന്ദ്യ തിരുമേനി കാലംചെയ്യുന്നതിനു മുമ്പ് നൽകിയ സന്ദേശം)

Malankara Mar Thoma Syrian Church

KOTTARAKARA – PUNALUR DIOCESE

Oorsalem Aramana,
Sub Station Road
Prasanthi Nagar,
Kizhakkekara
Kottarakara - 691 506

RT. REV. DR. EUYAKIM MAR COORILOS
SUFFRAGAN METROPOLITAN

സന്ദേശം



യെരുശലേം മാർത്തോമ്മാ സൺഡേസ്കൂൾ, നിരണം, ശതോത്തര സുവർണ്ണ ജൂബിലി ആഘോഷിക്കുന്നു എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്.

നിരണം, ക്രൈസ്തവ പാരമ്പര്യങ്ങളിലും സാക്ഷ്യസരണിയിലും കേരള ചരിത്രത്തിൽ മുൻപിൽ നിൽക്കുന്ന ദേശമാണ്. ക്രൈസ്തവ സ്വാധീനം ജീവിതത്തിലും ബന്ധങ്ങളിലും തലമുറകളിലും പകരുന്നതിൽ, ദൈവം കനിഞ്ഞനുഗ്രഹിച്ച നാട്. വിശ്വാസം, സ്നേഹം, പ്രത്യാശ ഇവയെ മുറുകെപ്പുണരുകയും തദ്വാരാ തലമുറകൾ അനുഗ്രഹീതരാകുകയും ചെയ്തു വന്ന പ്രദേശമാണ് എന്നും വീണ്ടും ഓർക്കുന്ന വേളയായി ശതോത്തര സുവർണ്ണജൂബിലി തീരട്ടെ.

മാർത്തോമ്മാ സൺഡേസ്കൂൾ സമാജം രൂപീകൃതമാകുന്നതിനു മുമ്പെ രൂപപ്പെട്ട ഈ മാർത്തോമ്മാ സൺഡേസ്കൂൾ, സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ മുത്തശ്ശിയാണല്ലോ. അമ്മ മനസ്സിന്റെ പുണ്യം, ബൈബിൾ കഥകളായും പാട്ടുകളായും പെയ്തിറങ്ങിയപ്പോൾ, അച്ചൻ നാവുകൾ നമുക്ക് മുന്നമേ ശബ്ദിക്കുകയും ശീലിപ്പിക്കുകയും ചെയ്തപ്പോൾ രൂപപ്പെട്ടവരാണ് സൺഡേസ്കൂൾ കുഞ്ഞുങ്ങൾ. ആ നാളിലെ വിശ്വാസവും, വേദവാക്യങ്ങളുടെ മനഃപാഠങ്ങളും ശിക്ഷണങ്ങളും ഇന്നും വിലയേറിയ മുത്തുകൾ തന്നെയാണ്. തിരനോട്ടത്തിന് മുതിരുന്ന ഏതു വിശ്വാസിയും യേശുവിൽ ഉറയ്ക്കുകയും ദൈവവചനത്തിൽ വളരുകയും ജീവിതത്തിൽ അതിജീവനം ഉള്ളവരാകുകയും ചെയ്യുവാൻ സൺഡേസ്കൂൾ ശുശ്രൂഷ തുടരേണ്ടതുണ്ട്. രണ്ടാം ശതാബ്ദത്തിന്റെ രണ്ടാം പകുതിയിലേക്ക് പ്രവേശിക്കുമ്പോൾ സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രസക്തി ഈ വിധത്തിൽ വർദ്ധിക്കുന്നു എന്നും ഓർമ്മിപ്പിക്കട്ടെ.

ശതോത്തര സുവർണ്ണ ജൂബിലി പദ്ധതികളായി നടപ്പിലാക്കുന്ന ജൂബിലി സ്മാരക നിർമ്മാണം, പൂർവ്വവിദ്യാർത്ഥി-അദ്ധ്യാപക സമ്മേളനം, ജൂബിലി വിദ്യാഭ്യാസ സഹായനിധി, മിഷൻ ടൂർ, ആദിയായവയ്ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. സുവനീർ ഈ വേളയുടെ സ്മരണയിൽ പ്രസിദ്ധീകരിക്കുന്നതിന് നേതൃത്വം നൽകുന്ന ഇടവക വികാരി കെ.വൈ. ജേക്കബ് അച്ചൻ, സെക്രട്ടറി ശ്രീ. ജോൺ പി. വർക്കി, ഹെഡ്മാസ്റ്റർ ശ്രീ. ജോർജ്ജ് വർഗ്ഗീസ് എന്നിവരെ അഭിനന്ദിക്കുന്നു. ലഭിച്ച നന്മകൾക്ക് നന്ദികരേറ്റാനും നന്മകളിൽ നിറവായി നിലനിൽപ്പാനും ഇടയാകട്ടെ എന്ന പ്രാർത്ഥനയോടെ എല്ലാ ആശംസകളും അറിയിച്ചുകൊണ്ട്.

ഊർശലേം അരമനയിൽ നിന്നും,

യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ

Malankara Mar Thoma Syrian Church

THIRUVANANTHAPURAM - KOLLAM DIOCESE

RT. REV. JOSEPH MAR BARNABAS
SUFFRAGAN METROPOLITAN



സന്ദേശം

നിരണം യരുശലേം മാർത്തോമ്മാ സൺഡേസ്കൂൾ ആരംഭിച്ചിട്ട് നൂറ്റി അൻപത് സംവത്സരം പൂർത്തിയാകുന്നു എന്നറിഞ്ഞ് ദൈവത്തെ സ്തുതിക്കുന്നു. സൺഡേസ്കൂളിലെ കുട്ടികൾക്കും അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും നല്ല ആശംസകൾ അറിയിക്കുന്നു.

നൂറ്റി അൻപത് വർഷം നിരണം പ്രദേശത്ത് സത്യസന്ധരും പരമാർത്ഥികളും ദൈവഭക്തരുമായ ഒരു തലമുറയെ രൂപപ്പെടുത്തുന്നതിന് ആ സൺഡേസ്കൂൾ സഭയ്ക്കും സമൂഹത്തിനും രാജ്യത്തിനും നൽകിയ നേതൃത്വവും ശുശ്രൂഷയും എത്ര ധന്യമായിരുന്നു. മാർത്തോമ്മാ ശ്ലീഹാക്കാലം മുതൽ സത്യവിശ്വാസത്തിൽ നിലനില്പാൻ നിങ്ങളുടെ പിതാക്കന്മാർക്ക് ദൈവം കൃപ ചെയ്തു. അപ്പോസ്തോലന്റെ വിശ്വാസദാർഢ്യം നിങ്ങൾക്ക് ഉണ്ടായിരിക്കണം. സുവിശേഷം പങ്കിടുവാൻ തക്ക ഉത്സാഹം സൺഡേസ്കൂളിൽ വളർത്തിയെടുക്കണം. പ്രഗത്ഭരായ വൈദീകരെ നിങ്ങൾ സഭയ്ക്കു നൽകി. പുതിയ തലമുറയിൽ നിന്ന് ഇനി വൈദികരുണ്ടാവണം. അഭിവന്ദ്യരായ സഖറിയാസ് മാർ തെയോഫിലോസ്, ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എന്നീ പിതാക്കന്മാരെയും വന്ദ്യ വൈദികരേയും ദൈവമുമ്പാകെ സ്മരിക്കുന്നു.

ദൈവവചനത്തോടും പരിശുദ്ധ സഭയോടും കൂറും വിശ്വാസവും വിശ്വസ്തതയുമുള്ള ഒരു സമൂഹമായി സൺഡേസ്കൂൾ കുട്ടികൾ വളരേണം. വിശുദ്ധ അപ്പൊസ്തലനാൽ സ്ഥാപിക്കപ്പെട്ട ഒരു ഇടവക എന്നതിൽ അഭിമാനവും വ്യക്തിത്വവുമുള്ള സമൂഹമായി, സാക്ഷ്യമുള്ള കൂട്ടമായി വർദ്ധിച്ചുവരുവാൻ ദൈവം തുണയ്ക്കട്ടെ.

പ്രാർത്ഥനയോടെ,

ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ

Malankara Mar Thoma Syrian Church

NIRANAM-MARAMON DIOCESE

RT. REV. DR. GREGORIOS MAR STEPHANOS EPISCOPA

Message

Greetings in the name of our Lord and Saviour Jesus Christ!

I am very happy to hear that the Jerusalem Mar Thoma Church Sunday School, Niranam, is publishing a souvenir to mark its 150 years of existence. Let's thank and praise God Almighty for his manifold blessings he has showered upon us throughout the past years in transmitting Faith to generations.

The world we live is developing rapidly and changing into a global village. Globalization, market economy, religious fundamentalism, Secularism, Pluralism and even 'terrorism' are the talks of the day. Our surroundings are becoming very dangerous day by day, people are developing a mentality of violence and apathy on others and upon themselves. At this context the task of the Sunday School is helping the coming generation to become more Humane. Word of God is the only remedy for the problems we are facing today.



A Parish Sunday School is a sacred space of spiritual nurturing. We create the morals and values through our Christian identity and lifestyle that reflects upon the society and its people. Hence the meanings we create today should challenge the present and the future generations. *"Church is what you do, Church is who you are, Church is the human outworking of the person of Jesus Christ, Let's be the Church",* these are the words of *Bridjet Willard.* The church and its members are called out to be a living sacrament in the society. The primary essence for each member of the Church is to live a life worthy of the call in order to reach them own full potentials and in turn impact the world around them. Only then can our families be saved, our communities put back together, our nations healed, and our world impacted by the Gospel of Jesus Christ. Society begins in the homes of each individual member of the Church. It is interesting that in the Gospel of St. Luke, in the summary of the great commission, the call is to preach the gospel to all Nations, however, it also commands to begin in Jerusalem first. In other words, the commission begins at home. The Church is our home in which we are growing spiritually and the Sunday School is the space we route deep into Christ consciousness.

As we celebrate our 150 years existence as Sunday School let us rededicate ourselves for mission and evangelization through transmitting faith, upholding values and encouraging our future generations to become powerful witnesses of cross, faithful servants of God and responsible citizens of our Nation. I thank Almighty God for helping me to grow in Christ by our Sunday School. I also appreciate and congratulate all the efforts taken by the Vicar, Headmaster, Sunday School Teachers, Souvenir Committee and the children for bringing a souvenir during this memorable occasion. I hope and pray that the 150th year celebration will enable the Parish Sunday School to reflect Christ in every possible way. May God bless you all,

With regards and prayers

Rt. Rev. Dr. Gregorios Mar Stephanos Episcopa

Message

Mar Thoma Sunday School Samajam

Thiruvalla, Kerala-689101



Greetings from the Mar Thoma Sunday School Samajam.

It gives me immense joy to know that the Jerusalem Mar Thoma Sunday School, Niranam is publishing a souvenir in connection with its sesquicentennial celebration.

Praise be to God for His abundant blessings upon the various endeavours of the Jerusalem Mar Thoma Sunday School over the past 149 years. From its humble beginning in 1870, God has blessed this Sunday School to be an instrument in laying a strong Christian foundation in the lives of its students. Many are the lives that have been touched and transformed through the dedicated services rendered by the faithful teachers. Former students of this Sunday School are rendering effective services in various fields all across the globe and the Church and society is blessed by the valuable contributions of such students.

Sesquicentennial celebration is an occasion to express our gratitude to God Almighty for empowering us to be servants in His vineyard and to carry out the mission of spiritually nurturing the little ones. Let us praise God for all the dedicated teachers who have wholeheartedly used their God-given time, talents, energies and resources to teach God's word to the generations. Thanks be to God for all the parish vicars and the Headmasters/Headmistresses who have prayerfully served to build up the Jerusalem Mar Thoma Sunday School.

Sesquicentennial celebration is also an occasion to rededicate our lives to be Kingdom builders in this generation. Christ loved the little children and made them heirs of his Kingdom. Every child reminds us that God continues to love the world and expects his people to build lives through their interactions and associations. It is my earnest prayer that every child who passes through the portals of this Sunday School may experience God's love through the sincere and dedicated lives of the teachers and all concerned.

On this historic moment, I join with the Samajam family in extending our prayers and warm wishes to the Vicar, the Sunday School teachers, students, parents and the faith community. May all the programs and projects envisioned be a blessing for the community.

Let us together join hands with God in this life-transforming ministry.

May God's name be glorified.

In Christ's service

G Cherian

Rev. George Cherian
General Secretary,
Mar Thoma Sunday School Samajam





താളുകൾ മറിക്കുമ്പോൾ...

ചരിത്രത്തിന്റെ പടവുകൾ...

നിരണം യെരുശലേം സൺഡേസ്കൂളിന്റെ സംക്ഷിപ്ത ചരിത്രം — *എം. തോമസ് കുര്യൻ* — 29

നിരണം യെരുശലേം സൺഡേസ്കൂൾ : ച രിത്രത്തിന്റെ നാൾവഴികളിലൂടെ... — *ജോർജ് വർഗീസ്* — 34

ക്രിസ്തീയ പരിപോഷണത്തിന്റെ നേർവഴികൾ — *റവ. ഡോ. സണ്ണി ജോർജ്ജ്* — 40

ക്രിസ്തീയ ജീവിതത്തിന്റെ നീരുറവ — *റവ. സഖറിയ ജോൺ* — 42

ഓർമ്മകളുടെ താളുകൾ

നിരണം യെരുശലേം ഇടവകയിൽ നിന്നും സൺഡേസ്കൂളിൽ നിന്നും എനിക്കു ലഭിച്ചിട്ടുള്ള പ്രചോദനം — *ദി.ശ്രീ.കെ.ജെ.ഫിലിപ്പ് കശ്ശീശ* — 53

സൺഡേസ്കൂൾ ഈ ശാസ്ത്രീയ യുഗത്തിൽ — *റവ. ജോർജ്ജ് അലക്സാണ്ടർ* — 56

തിരിഞ്ഞു നോക്കുമ്പോൾ — *റവ. ഉമ്മൻ കോരുത്* — 59



ഒരു സൺഡേസ്കൂൾ വിദ്യാർത്ഥിയുടെ പൂർവ്വസ്മരണകൾ — *റവ. കെ.എം. ജോർജ്ജ്* — 61

ശതോത്തര ശതാബ്ദി ഗാനം — *ആശിഷ് ചെറിയാൻ വർഗീസ് / ലിജു വർഗീസ്* — 63

യെരുശലേം മാർത്തോമ്മാ സൺഡേസ്കൂൾ ഒരു പൂർവ്വവിദ്യാർത്ഥിയുടെ ഓർമ്മ — *റവ. ജോർജ്ജ് തോമസ്* — 64

യെരുശലേം സൺഡേസ്കൂൾ എന്റെ ഓർമ്മയിൽ — *ഉമ്മൻ ജോൺസൺ* — 65

യെരുശലേം സൺഡേസ്കൂൾ എന്നിലെ മായാത്ത ഓർമ്മകൾ — *അലക്സാണ്ടർ മാത്യു* — 67

യെരുശലേം സൺഡേസ്കൂൾ — *വർക്കി വർഗ്ഗീസ്* — 77

തലമുറകളിലൂടെ... — *മാത്യൂസ് വർഗീസ്* — 79

യെരുശലേം സൺഡേസ്കൂൾ– ചില സ്വാധീനങ്ങൾ — *ക്രിസ്റ്റി എം. കുര്യൻ* — 82

എന്റെ വളർച്ചയിലെ ചില മധുര സ്മരണകൾ — *ആനി ജോർജ്ജ്* — 84

Jerusalem Sunday School & I — *Teena Ann Mathew* — 87

എന്റെ സൺഡേസ്കൂൾ ചില ഓർമ്മകൾ — *ജിബി എൽസാ വർഗീസ്* — 89

യെരുശലേം സൺഡേസ്കൂൾ: ഒരു പൂർവ്വവിദ്യാർത്ഥിനിയുടെ ഓർമ്മകൾ — *റ്റിഷ അന്ന സണ്ണി* — 91

താളുകൾ മറിക്കുമ്പോൾ...

യെരുശലേം സൺഡേസ്കൂൾ നൽകിയ ജീവിത പ്രചോദനങ്ങൾ
അശ്വിൻ ഏബ്രഹാം 92

യെരുശലേം സൺഡേസ്കൂൾ പഠിപ്പിച്ച പാഠങ്ങൾ
ലയന എൽസ സാബു 93

റിപ്പോർട്ട്
ജോൺ പി. വർക്കി 94

ഭാരത ക്രൈസ്തവ വിശ്വാസത്തിന്റെ തറവാടിലേക്കൊരു യാത്ര
ശാലോം ഡീനാ ബിജു & ജെറുഷാ ആൻ ബിജു 97

കാലികമായ ഉൾക്കാഴ്ചകൾ

സൺഡേസ്കൂൾ അദ്ധ്യസനവും കോവിഡ് വ്യാപനവും *ഡോ. കെ.കെ. ജോൺ* 109

ദേശീയ വിദ്യാഭ്യാസനയം 2020
പ്രൊഫ. കെ. ജേക്കബ് മാത്യു 111

The Kingdom of God - A Child's Play?
Rev. Tony Eapen Varkey 114

രാജകുമാരനും തവളയും
റവ. റെജി ഐസക്ക് 117

സൺഡേസ്കൂൾ അദ്ധ്യസനത്തിന്റെ പ്രസക്തി മനഃശാസ്ത്ര വീക്ഷണത്തിൽ
ഡോ. എബ്രഹാം ഈപ്പൻ 122

പുതിയ ലോകക്രമത്തിൽ ദൈവീക ശുശ്രൂഷയുടെ നവമാനങ്ങൾ
റവ. സിബു പള്ളിച്ചിറ 124



മതപഠനരീതിശാസ്ത്രം: യെഹൂദ പശ്ചാത്തലത്തിൽ
ആശിഷ് ചെറിയാൻ വർഗീസ് 129

ക്രിയാത്മകമായ സമീപനങ്ങൾ

Role of family in Faith Nurturing
Rev. Dr. Joe Joseph Kuruvilla 141

പോസിറ്റീവ് പേരന്റിംഗ്: സമകാലീന വെല്ലുവിളികൾ
റവ. ഏബ്രഹാം പി. വർക്കി 144

മൂല്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ
സാലമ്മ യോഹന്നാൻ 147

അയക്കണേ മക്കളെ.... മടക്കി അയക്കാം ദൈവമക്കളായി
സാറാമ്മ വർഗ്ഗീസ് 149

യുവാക്കളെ നാം ശരിയായ പാതയിലോ?
ബോൺസി സാറാ ബാബു 152

എന്റെ അമ്മ
ക്രിസ്റ്റി മാത്യു ബിനോയ് 153

Education & Social Change
Tony Thomas Mathew 154

Good Manners
Shalom Deena Biju 156

If you want to
Linju Binoy 156

കുഞ്ഞുങ്ങളുടെ സ്നേഹിതനായ കുഞ്ഞോമ്മിച്ചായൻ (കെ. സി. തോമസ് സാർ 1883 – 1971)
ഡോ. മാത്യു തോമസ് 157

സൺഡേസ്കൂൾ പൂർവ്വ വിദ്യാർത്ഥികൾ പട്ടത്വ ശുശ്രൂഷയിൽ 162

അദ്ധ്യാപകരുടെ പേരുവിവരം 163

നന്ദിപൂർവ്വം
ബിനു മറിയം ജോസ് 175



















ചരിത്രത്തിന്റെ പടവുകൾ...



In loving memory of



K.M. JACOB & MARY JACOB

INSERTED BY
MR. JACOB EAPEN & FAMILY
KINATTUKARA VILLA



നിരണം യെരുശലേം സൺഡേസ്കൂളിന്റെ സംക്ഷിപ്ത ചരിത്രം

(നിരണം എം.റ്റി.എൽ.പി. സ്കൂൾ)

(ശതാബ്ദി സ്മാരക ഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ചത്)

പത്തൊമ്പതാം ശതാബ്ദത്തിന്റെ ഉത്തരാർദ്ധം പൗരസ്ത്യ പാശ്ചാത്യ രാജ്യങ്ങളിൽ ആകമാനം ആത്മീകമായ ഒരു അഭ്യുത്ഥാനത്തിന്റെ അവസരമായിരുന്നു. ക്രൈസ്തവ നൂറ്റാണ്ടുകളുടെ മദ്ധ്യകാലങ്ങളിൽ ആത്മീയജീവൻ ക്ഷയിച്ച് അന്ധവിശ്വാസങ്ങളാലും ദുരാചാരങ്ങളാലും ജനഹൃദയങ്ങൾ ആമഗ്നമായി സർവ്വത്ര അന്ധകാരാവൃതമായിരുന്നു. ക്രൈസ്തവ സഭാന്തരീക്ഷം സുവിശേഷ പ്രകാശത്താൽ പ്രോജ്വലമായി, അനേകർ ഉണർത്തപ്പെടുകയും ഉണർവ്വിന്റെ ശക്തിയേറിയ കാറ്റുകൾ നാനഭാഗത്തേക്കും വീശിയടിച്ചതും യൂറോപ്പിലും അമേരിക്കയിലും വിദേശമിഷ്യൻ പ്രവർത്തനത്തിനു പ്രേരണയുണ്ടായതും ആ ദിക്കുകളിൽ മിഷനറി സമൂഹങ്ങൾ ആവിർഭവിച്ചതും ലോകപ്രസിദ്ധമായ 'കെസ്വിക്ക് മഹായോഗ'ത്തിന്റെ പ്രാരംഭവും ഏതാണ്ട് ഈ കാലഘട്ടത്തിലായിരുന്നു. ഈ ആത്മീക നവോത്ഥാനത്തിന്റെ അലകൾ നമ്മുടെ ഈ കേരളത്തിലും ആഞ്ഞടിച്ചു.



എം. തോമസ് കുര്യൻ
മാണിപ്പറമ്പിൽ തോപ്പിൽ
(മുൻ സെക്രട്ടറി)

ക്രൈസ്തവാബ്ദത്തോളം തന്നെ പഴക്കമുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി സഭയിൽ 19-ാം ശതാബ്ദത്തിന്റെ പൂർവ്വാർദ്ധത്തിന്റെ ആദ്യഘട്ടത്തിൽ ഭാഗ്യസ്മരണയ്ക്കർഹനായ പാലക്കുന്നത് ഏബ്രഹാം മല്പാന്റെ നേതൃത്വത്തിൽ ആരംഭിച്ച നവീകരണപ്രസ്ഥാനം എതിരാളികളുടെ അതിരൂക്ഷമായ എതിർപ്പുകളേയും തജ്ജന്യമായ പീഢകളേയും എതിരിട്ട്, ബഹുവിധ പോരാട്ടം നടത്തിക്കൊണ്ടിരുന്ന കാലത്താണ് 1048-ലെ (AD 1873) സുപ്രസിദ്ധമായ ഉണർവ്വുണ്ടായത്. അക്കാലത്തുതന്നെ അമേരിക്കയിൽ ഡി. എൽ. മൂഡിയും ഇറാ ഡി. സാങ്കിയും യൂറോപ്പിൽ ഇവാൻ ഹോപ്കിൻസ്,

വില്യംവെബ് പെപ്പ്ളോ മുതലായ വീര യോദ്ധാക്കൾ അവിടെ നടന്ന ഉണർവിന് നേതൃത്വം നൽകിയപ്പോൾ ഇവിടുത്തെ ഉണർവ്വിന്റെ നായകത്വം വഹിച്ചത് 'വിദ്വാൻ കുട്ടി' എന്ന അപരനാമം വഹിച്ചിരുന്ന യുസ്തൂസ് യോസഫ്, യാക്കോബുകുട്ടി പ്രഭൃതികളായിരുന്നു. ഈ ഉണർവ്വ് നവീകരണ പ്രസ്ഥാനത്തിനു ഒരു നവജീവൻ നൽകുകയും, ആ പ്രസ്ഥാനം ഉത്തരോത്തരം അഭിവൃദ്ധിയിൽ വരുന്നതിനും ദീർഘകാല പരിചയത്താൽ വേരുറച്ചിരുന്ന അനേക ദുരാചാരങ്ങളെ ദൂരീകരിച്ച് ക്രിസ്തീയ ജീവിത നിലവാരം അതിന്റെ ആദി നന്മയിലേക്കും സഭാക്രമങ്ങൾ സുവിശേഷാനുരൂപമായും രൂപീകരിച്ച് സ്വീകരിക്കുന്നതിനു ജനങ്ങളെ കൂടുതൽ ഉൽബുദ്ധരാക്കുകയും ചെയ്തു.

1048-ലെ ഉണർവ്വിൽ മുന്നണിയിൽ നിന്നു നേതൃത്വം നൽകിയവരിൽ ഈ ഇടവകയിൽ വെൺപറമ്പിൽ ലൂക്കോസ് ആശാനും സഹോദരന്മാരും ഉൾപ്പെട്ടിരുന്നു. ലൂക്കോസ് ആശാൻ ഒരു സംസ്കൃതപണ്ഡിതനും വാഗ്മിയും ഉത്തമ ദൈവഭക്തനും സർവ്വോപരി അക്കാലത്തെ ഒരു വേദശാസ്ത്ര പണ്ഡിതനുമായിരുന്നു.

വിശുദ്ധ തോമാശ്ലീഹായുടെ സുവിശേഷമറിയിപ്പാൽ ക്രിസ്താബ്ദം 52-ൽ സംസ്ഥാപിതമെന്ന് പരമ്പരയായ വിശ്വസിച്ചുപോരുന്നതും അക്കാലത്തെ ഭദ്രാസന ഇടവകയുമായിരുന്ന നിരണം മഹാ ഇടവകയിലും ഭക്തശിരോമണിയായിരുന്ന പട്ടമുക്കിൽ യാക്കോബു കത്തനാരുടെ നേതൃത്വത്തിൽ നവീകരണാനുകൂലികൾ ഉണ്ടാകുകയും അവർ പരിഞ്ഞ്, ഇപ്പോൾ നിരണം സെന്റ്. തോമസ് മാർത്തോമ്മാ ഇടവകയെന്ന് വിളിക്കപ്പെടുന്ന കാട്ടുനിലത്ത് പള്ളിവച്ച് അവിടെ കൂടിനടക്കുകയും ചെയ്തുവന്നു. നിരണം കിഴക്കേഭാഗത്തുള്ളവർക്ക് കാട്ടുനിലത്തു പള്ളി അല്പം ദൂരത്താകയാൽ, പ്രാർത്ഥനാക്കൂട്ടങ്ങളും മറ്റും നടത്തുന്നതിനായി ഒരു ചെറിയ കെട്ടിടം വയ്ക്കാൻ തീരുമാനിക്കുകയും ആയത്, പട്ടമുക്കിൽ വക 'പുളിമ്പള്ളി' പുരയിടത്തിൽ സ്ഥാപിക്കുകയും ചെയ്തു. കാലക്രമത്തിൽ അതൊരു പള്ളിക്കൂടമാകുകയും രണ്ടു ക്ലാസ്സുള്ള ഒരു പള്ളിക്കൂടം അവിടെ ദീർഘകാലം നടക്കുകയും ചെയ്തു. അവിടെത്തന്നെയാണ് ഈ ഇടവകയിലെ ആദ്യ സൺഡേസ്കൂളും നടന്നത്. പള്ളിക്കൂടത്തിന്റെ എന്നവണ്ണം സൺഡേസ്കൂളിന്റെയും ആദ്യത്തെ അദ്ധ്യാപകൻ ലൂക്കോസ് ആശാൻ തന്നെയായിരുന്നു. അദ്ദേഹത്തോടു ചേർന്ന് പട്ടമുക്കിൽ പടിഞ്ഞാറെക്കര ചെറിയാച്ചനും കുറേക്കാലം അവിടെ പഠിപ്പിക്കുകയുണ്ടായി.

അക്കാലത്ത് സൺഡേസ്കൂളിന് ക്രമീകൃതമായ ക്ലാസ്സുകളോ അനുയോജ്യമായ പാഠ്യപദ്ധതികളോ ഉണ്ടായിരുന്നില്ല. കൂടിവരുന്നവർക്ക് പ്രായനിഷ്ക്കർഷയും ഉണ്ടായിരുന്നില്ല. വേദകഥകൾ ഗ്രഹിക്കുന്നതിനുള്ള ആകാംക്ഷനിമിത്തം മദ്ധ്യവയസ്ക്കരും സൺഡേസ്കൂളിൽ ഹാജരാകാറുണ്ടായിരുന്നു. പാപം, ന്യായവിധി, വിശ്വാസം, രക്ഷ, നീതീകരണം, വിശുദ്ധീകരണം തുടങ്ങിയുള്ള വിഷയങ്ങളായിരുന്നു ആദ്യകാലത്ത് പഠിപ്പിച്ചിരുന്നത്. പുളിമ്പള്ളി പള്ളിക്കൂടം രണ്ട് ക്ലാസ്സുള്ള ഗ്രാന്റ് സ്കൂളായി തീർന്നപ്പോൾ അവിടെ അദ്ധ്യാപകന്മാരായി വന്ന നാനാത്ര ദാനിയേൽസാർ, വെൺപറമ്പിൽ കോരസാർ എന്നിവരും സൺഡേസ്കൂളിൽ പഠിപ്പിക്കുവാൻ തുടങ്ങി. അപ്പോഴേക്കും ക്ലാസ്സുകളുടെ വിഭജനവും, പാഠ്യപദ്ധതികളുടെ രൂപീകരണവുമുണ്ടായി. കാലക്രമത്തിനു, പട്ടമുക്കിൽ പി.ജെ ജോൺ, വെൺപറമ്പിൽ ഇസ്രയേൽ, നഥാനിയേൽ എന്നിവർ ഈ സൺ

(നിരണം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി)



യെരുശലേം മാർത്തോമ്മാ സൺഡേസ്കൂൾ, നിരണം



നിരണം സെന്റ് തോമസ് മാർത്തോമ്മാ പള്ളി (കാട്ടുനിലം പള്ളി)

ഡേസ്കൂൾ പ്രവർത്തനത്തിൽ ഏർപ്പെട്ടെങ്കിലും നഥാനിയേൽ അകാലചരമത്താലും, പി.ജെ ജോൺ ഉദ്യോഗലബ്ധിയാലും, ഇസ്രയേൽസാർ വൈദ്യവൃത്തി സ്വീകരിച്ചതിനാലും ഈ സ്കൂൾവേലയിൽ നിന്നും വേർപെടുകയാണുണ്ടായത്.

ഇക്കാലത്തിനിടയ്ക്ക് പുളിമ്പള്ളി പള്ളിക്കൂടം അവിടെനിന്നും പൊളിച്ച് വാഴപ്പള്ളിൽ പുരയിടത്തിൽ സ്ഥാപിക്കുകയും പിന്നീടത് വാഴപ്പള്ളി പള്ളിക്കൂടമായി അറിയപ്പെടുകയും ചെയ്തു. വാഴപ്പള്ളി പള്ളിക്കൂടത്തിൽ ഗ്രാന്റ് സ്കൂളുകളും സൺഡേസ്കൂളും മാത്രമല്ല, ഒരു വായനശാലയും അക്കാലത്ത് നടത്തപ്പെട്ടിരുന്നു. 'Help Others Union' എന്നറിയപ്പെട്ടിരുന്ന ഈ വായനശാലയുടെ ഗ്രന്ഥശേഖരത്തിൽ ആയിരത്തിൽപരം പുസ്തകങ്ങളും, കുടുംബപ്രിയവാദിനി, ജ്ഞാനനിക്ഷേപം എന്നീ മാസികകളും ഉണ്ടായിരുന്നു. പുസ്തകങ്ങൾ മിക്കവാറും വൈദീക വിഷയങ്ങളെ ആസ്പദിച്ചുള്ളതായിരുന്നു. ആ പ്രസ്ഥാനത്തിനു നേതൃത്വം നൽകിയിരുന്നത് പട്ടമുക്കിൽ പി.ജെ ജോണും (പിന്നീട് റവ. പി.ജെ. ജോൺ) വെൺപറമ്പിൽ നഥാനിയേലും വെൺപറമ്പിൽ കോരസാറുമായിരുന്നു. നഥാനിയേലിന്റെ മരണവും പി.ജെ ജോണിന്റെ ഉദ്യോഗാർത്ഥമുള്ള സ്ഥലം മാറ്റവും നിമിത്തം വായനശാലാ പ്രവർത്തനം തകരാറിലായി. വായനക്കാരിൽ അധികവും മുതിർന്ന സൺഡേസ്കൂൾ കുട്ടികളായിരുന്നു. കൊടുത്ത പുസ്തകങ്ങൾ തിരിച്ചുവാങ്ങുന്നതിൽ ശ്രദ്ധിക്കാതെ തുടർന്ന് പുസ്തകവിതരണം നടന്നുകൊണ്ടിരുന്നതിനാൽ പുസ്തകസഞ്ചയം ശോഷിച്ചും, പ്രസ്ഥാനം ക്ഷയിച്ചും, അങ്ങനെയത് അചിരേണ നാമാവശേഷമായി. 'Help Others Union' മുദ്രയുള്ള അന്നത്തെ പുസ്തകങ്ങൾ സ്ഥലത്തെ ചില ഭവനങ്ങളിൽ ഇന്നും കണ്ടേക്കാവുന്നതാണ്. അന്നത്തെ പുസ്തകങ്ങൾ സൂക്ഷിച്ചിരുന്ന ഒരു അലമാരിയാണ് ഇന്നു നമ്മുടെ സ്കൂളിൽ ഇരിക്കുന്നത്.

നിരണം വലിയപള്ളിയിൽ നിന്നും പിരിഞ്ഞശേഷം ഈ ഭാഗത്തുള്ളവർ തങ്ങൾക്കായി ഒരു പള്ളിസ്ഥലവും പള്ളിയും ഉണ്ടാക്കുന്നതിനു വളരെ ആകാംക്ഷയോടെ ആഗ്രഹിച്ചു. തല്ഫലമായി 1903-ൽ ഇപ്പോഴത്തെ പള്ളിസ്ഥലം വാങ്ങുകയും 1905-ൽ ഇവിടെ ഒരു താല്ക്കാലിക പള്ളിക്കെട്ടിടം പണിയുകയും ചെയ്തു.

വാഴപ്പള്ളി പള്ളിക്കൂടം ജീർണ്ണിച്ചും തറ ഇടിഞ്ഞും തക്കകാലത്ത് മേച്ചിൽ നടത്താതെ നനഞ്ഞൊലിച്ചും വൃത്തികേടായി കിടന്നിരുന്നതിനാൽ അവിടെവച്ച് സൺഡേസ്കൂൾ നടത്താൻ വളരെ പ്രയാസം അനുഭവിച്ചുകൊണ്ടിരുന്ന സമയത്താണ് പള്ളിക്കെട്ടിടം ഉണ്ടായത്. പള്ളിക്കെട്ടിടം ശരിപ്പെട്ടതിനോടുകൂടി സൺഡേസ്കൂൾ പള്ളിയിലേക്ക് മാറ്റുകയും അതിനെത്തുടർന്ന് പള്ളിക്കൂടക്കെട്ടിടവും പള്ളിപ്പറമ്പിൽ ഇപ്പോഴത്തെ രീതിയിൽ പുതുക്കി പണികഴിപ്പിക്കുകയും ചെയ്തു. അങ്ങനെ ആരംഭത്തിൽ പുളിമ്പള്ളി സൺഡേസ്കൂളും പിന്നെ വാഴപ്പള്ളി സൺഡേസ്കൂളുമായിരുന്നത് അന്നുമുതൽ യെരുശലേം സൺഡേസ്കൂളായി. അക്കാലമായപ്പോഴേക്കും മലങ്കര മാർത്തോമ്മാ സൺഡേസ്കൂൾ സമാജം ആവിർഭവിച്ചുകഴിഞ്ഞിരുന്നു. പ്രഗത്ഭമതിയും വാഗ്മിയും മനഃശാസ്ത്ര പണ്ഡിതനുമായിരുന്ന വി.പി മാമ്മൻ, ബി.എ (പിന്നീട് റവ. വി.പി മാമ്മൻ) സമാജം സെക്രട്ടറിയായി. പിന്നീട്, നമ്മുടെ സൺഡേസ്കൂളുകൾക്കുണ്ടായ ബഹുമുഖമായ അഭിവൃദ്ധി അത്ഭുതാവഹമായിരുന്നു.

കുട്ടികളുടെ പരീക്ഷാവിജയം അടിസ്ഥാനമാക്കാതെ പ്രായാനുസരണമുള്ള ക്ലാസ്സുകളുടെ ക്രമീകരണം, പാഠ്യപദ്ധതികളുടെ രൂപീകരണം, അദ്ധ്യാപനരീതിയുടെ നവീകരണം ഇത്യാദിസരണികളിലെല്ലാം കൂടി, 1921 ആയപ്പോഴേക്കും നമ്മുടെ



യെരുശലേം മാർത്തോമ്മാ പള്ളി പഴയ ചിത്രം

സൺഡേസ്കൂളുകൾ ഒരു നവീന പന്ഥാവിലേക്ക് പ്രവേശിച്ചു. നമ്മുടെ സൺഡേസ്കൂളുകൾക്കുണ്ടായ ഈ സമൂല പരിഷ്ക്കാരത്തിൽ നമ്മുടെ യെരുശേലേം സൺഡേസ്കൂൾ സർവ്വാത്മനാ സഹകരിക്കുകയും അങ്ങനെ ഈ സൺഡേസ്കൂളിനു, സൺഡേസ്കൂൾ സമാജത്തിലുൾപ്പെട്ടിരുന്ന ഇതര സൺഡേസ്കൂളുകളേക്കാൾ പ്രമുഖമായ ഒരു സ്ഥാനം ലഭ്യമാകയും ചെയ്തു.

വളരുന്ന വൃക്ഷങ്ങൾക്ക് സ്വാഭാവികമായുണ്ടാകുന്ന ശാഖകൾ എന്നപോലെ ഈ സൺഡേസ്കൂളിനും യഥാകാലം ശാഖാ സൺഡേസ്കൂളുകളുണ്ടായി. അവ ചക്കാട്ടുശേരി ഭാഗത്തുള്ള സെന്റ്. പോൾസ് സൺഡേസ്കൂളും, കുറിച്ചിയത്ത് ഭാഗത്തുള്ള സൺഡേസ്കൂളും, പി.ആർ ഫാക്ടറി ഭാഗത്തുള്ള സൺഡേസ്കൂളുമാണ്.

ശിശു മനഃശാസ്ത്രം മുൻനിർത്തിയുള്ള ക്ലാസ് ക്രമീകരണങ്ങളും പാഠപദ്ധതികളും ആവിഷ്ക്കരിച്ച് സൺഡേസ്കൂൾ പരിഷ്ക്കരിച്ചതിനു ശേഷം അവ പ്രയോഗത്തിൽ വരുത്തുന്നതിനു ആത്മാർത്ഥമായി പരിശ്രമിച്ച ഒരു സ്ഥാപനമായിരുന്ന ഈ സ്കൂൾ. യഥാവിധി കഥാപാഠം തയ്യാർചെയ്യുന്നതിനും ക്ലാസ്സുകൾ കുട്ടികൾക്ക് പ്രയോജനകരവും രസകരവുമാക്കുന്നതിനും അദ്ധ്യാപകരുടെ മുന്നൊരുക്കം അത്യാവശ്യമത്രെ. അതിലേക്കു 1921 മുതൽ സൺഡേസ്കൂളിൽ ഒരു പാഠസജ്ജീകരണ ക്ലാസ്സ് നടത്തപ്പെട്ടുവന്നിരുന്നു. ശനിയാഴ്ച വൈകിട്ടു തോറും അദ്ധ്യാപകർ ഒന്നിച്ചു കൂടുകയും പാഠം തയ്യാർ ചെയ്യുകയും പ്രാർത്ഥന നടത്തുകയും നിർവിഘ്നം നടന്നുവന്നു. ശനിയാഴ്ച രാത്രി പ്രിപ്പറേഷൻ ക്ലാസ്സിനു ഹാജരാകാത്തവരെ ഞായറാഴ്ച ക്ലാസ്സെടുക്കുവാൻ അനുവദിച്ചിരുന്നില്ല. ആ സമ്പ്രദായം ഈ സ്കൂളിന്റെ ഒരു സവിശേഷതയായിരുന്നു.

ഇങ്ങനെ അഭ്യസനത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ പ്രവർത്തിപഥത്തിൽ എത്തിക്കുവാൻ പ്രത്യേകം പരിശ്രമിച്ച്, ഉത്തമരീതിയിൽ നടത്തുന്നതിനു ഉദ്യമിച്ചുകൊണ്ടിരുന്ന ഈ സ്കൂളിന്റെ സ്വാധീനവലയത്തിൽ വന്നിട്ടുള്ള പലർക്കും ഈ അന്തരീക്ഷത്തിന്റെ ഗുണം അല്പാല്പമായിട്ടെങ്കിലും അനുഭവമാകാതിരുന്നിട്ടില്ല തന്നെ. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന നമ്മുടെ ഇടവകാംഗങ്ങളിൽ പലരുടേയും സ്മരണകളിൽ അന്യാദൃശ്യമായ ഈ സ്വാധീനം ഉണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം. ഇന്നും നമ്മുടെ ഇടവകയിൽ നടക്കുന്ന ആകർഷണീയമായ ആരാധനയുടെ പരിശീലന രംഗവും ഈ സൺഡേസ്കൂൾ തന്നെയാണ്.

ഇന്ന് ശതാബ്ദി ആഘോഷിക്കുന്ന ഈ സൺഡേസ്കൂളിന്റെ സുവർണ്ണജൂബിലി യഥാകാലം കൊണ്ടാടിയിരുന്നു എന്നുള്ളത് ഇത്തരുണത്തിൽ സ്മർത്തവ്യമാണ്. തത്സംബന്ധമായി നടത്തിയ പരിപാടികളും ആഘോഷങ്ങളും സ്മൃതിപഥത്തിൽ നിന്നും മാഞ്ഞിട്ടില്ലാത്തവരായ ചിലരെങ്കിലും ഇന്നത്തെ ആഘോഷങ്ങളിൽ പങ്കെടുക്കുന്നവരിൽ കാണുമെന്ന് പ്രതീക്ഷിക്കുന്നു. അന്നത്തെ പൊതുയോഗത്തിൽ അദ്ധ്യക്ഷ്യം വഹിച്ചും പ്രസംഗം ചെയ്തും ആ സമ്മേളനത്തെ സവിശേഷം അലങ്കരിച്ച പുണ്യശ്ലോകനായ ഏബ്രഹാം മാർത്തോമ്മാ തിരുമേനി, യശ്ശശരീരന്മാരായ കെ. കെ കുരുവിള (കുറിച്ചിയത്ത്) റവ. വി.പി മാമ്മൻ എന്നിവർ 'മരിച്ച ശേഷവും..... വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്ന" മഹാരഥന്മാരത്രെ.

ഈ സൺഡേസ്കൂളിൽ അദ്ധ്യാപകവൃത്തി അനുഷ്ഠിച്ചവരിൽ പ്രാരംഭപ്രവർത്തകരായ ലൂക്കോസ് ആശാൻ, പട്ടമുക്കിൽ പടിഞ്ഞാറെക്കര വാദ്ധ്യാർ എന്നറിയപ്പെട്ടിരുന്ന ചെറിയാച്ചൻ, എന്നിവരെക്കൂടാതെ ഹ്രസ്വകാല സേവനം നടത്തിയിരുന്ന നാനാത്ര ദാനിയേൽ സാർ, പട്ടമുക്കിൽ പി.ജെ ജോൺ, വെൺപറമ്പിൽ നഥാനിയേൽ, കിണറ്റുകര കൊ

ച്ചോയിക്കുഞ്ഞ്, കിണറ്റുക്കര കെ.സി തോമസ് എന്നിവർ ഉൾപ്പെടുന്നു. സേവനം തുടങ്ങി മരിക്കുന്നതുവരെ ദീർഘകാലം അദ്ധ്യാപകനായിരുന്ന ഒരാൾ വെൺപറമ്പിൽ കോരസാർ ആയിരുന്നു. ഈ സൺഡേസ്കൂളിൽ ദീർഘകാലം അദ്ധ്യാപകനും, ഹെഡ്മാസ്റ്ററുമായിരുന്ന മണലേൽ പ്ലാപ്പുഴേത്ത് ശ്രീ. എം.പി ജോർജ്ജ്, ഏകദേശം 55 വർഷത്തോളം ഈ സ്ഥാപനത്തിനു വേണ്ടി അക്ഷീണ പരിശ്രമം നടത്തിയിട്ടുണ്ട്. ഒരു സ്കൂൾ അദ്ധ്യാപകൻ കൂടിയായിരുന്ന സാറിനെ കുട്ടികൾ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തുവന്നു. അച്ചടക്കം പാലിക്കുന്നതിനും ക്രമമായി പാഠം പഠിപ്പിക്കുന്നതിനും, തീക്ഷ്ണവും യഥാർത്ഥവുമായ ക്രിസ്തീയ ജീവിതം ചെയ്യുന്നതിനും അദ്ദേഹത്തിന്റെ ശാസനയും ഉപദേശവും അനേകരെ സഹായിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ദീർഘകാല പ്രവർത്തനം സ്മരണീയമാണ്. സൺഡേസ്കൂൾ വ്യവസ്ഥാപിതമാർഗ്ഗത്തിൽ എത്തിയശേഷം അതിന്റെ റിക്കാർഡുകളും പണവും ക്രമീകൃതമായ രീതിയിൽ സൂക്ഷിച്ച് ചിട്ടയും അടുക്കും വരുത്തിയത്, ഏറെക്കാലം ഈ സ്കൂൾ സെക്രട്ടറിയായിരുന്ന വെൺപറമ്പിൽ വി.ഐ മാത്യു ആയിരുന്നു.

ഈ സ്കൂളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള അദ്ധ്യാപകരുടെ ഒരു ലിസ്റ്റ് (മുൻ രേഖകളിൽ നിന്ന് ലഭിച്ചിടത്തോളം) അന്യത്ര ചേർത്തിട്ടുണ്ട്..

ഒരു നൂറ്റാണ്ടുകാലം ഈ സൺഡേസ്കൂൾ പ്രവർത്തനം അഭംഗം തുടരുവാനും ഇന്ന് നാം നടത്തുന്നതുപോലെ ഒരു ശതാബ്ദിയാഘോഷം നടത്തുവാനും സഹായിച്ച ദൈവകൃപയെ വാഴ്ത്തിപ്പുകഴ്ത്തുന്നു. തൽപ്രവർത്തനങ്ങളിൽ വളരെ ത്യാഗത്തോടും ഏറെ പ്രതീക്ഷയോടും ദൂരദൃഷ്ടിയോടും അദ്ധ്വാനിക്കയും സഹായിക്കുകയും സഹകരിക്കുകയും ചെയ്ത അദ്ധ്യാപകരും അവർക്ക് പിന്തുണ നൽകിയ ഇടവകയും മാർഗ്ഗനിർദ്ദേശവും നേതൃത്വവും നൽകിയ ബഹുമാനപ്പെട്ട പട്ടക്കാരും അഭിനന്ദനീയരത്രെ. തലമുറകളുടെ "നഴ്സറിയിൽ" ശ്രദ്ധിച്ചു പ്രവർത്തിക്കുന്ന സൺഡേസ്കൂൾ പ്രവർത്തകരുടെ സേവനം അതീവ പ്രാധാന്യം അർഹിക്കുന്നു. അവരത്രെ സഭാശില്പികളുടെ ശില്പികൾ. ദൈവാശ്രയത്തോടും ചുമതലബോധത്തോടും പ്രാർത്ഥനാപൂർവ്വം നിർവ്വഹിക്കപ്പെടുന്ന ഈ വേലയുടെ ഗുണഫലങ്ങൾ പ്രതീക്ഷാതീതമായിരിക്കും.



വളഞ്ഞവട്ടം എബനേസർ മാർത്തോമ്മാ പള്ളി

പിതാക്കന്മാർ നമ്മെ ഏല്പിച്ചതും നാം ഏറ്റെടുത്തിരിക്കുന്നതുമായ ഈ ഭദ്രദീപം മങ്ങിപ്പോ



ചക്കാട്ടുശ്ശേരി സെന്റ് പോൾസ് സൺഡേസ്കൂൾ പ്രാർത്ഥനാലയം (പഴയചിത്രം)

ലിഞ്ഞുപോകാതെ ഉത്തരോത്തരം ഉജ്ജ്വലിപ്പിച്ച് പ്രകാശിപ്പിക്കുന്നതിനും തൽപ്രഭയാൽ അനേകർ സത്യമാർഗ്ഗം കണ്ടുപിടിക്കുന്നതിനും ലോകത്തിന്റെ സാക്ഷാൽ വെളിച്ചവും വഴിയും സത്യവും ജീവനുമായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനും തക്കവണ്ണം പൂർവ്വാധികമായി ഊർജ്ജിതമായി പ്രവർത്തിക്കുമെന്നു ഇന്ന് നമുക്ക് പ്രതിജ്ഞചെയ്യാം.

ഈ ദീപശിഖ വഹിച്ചുകൊണ്ടുള്ള നമ്മുടെ ഓട്ടം സ്ഥിരതയോടെ ഓടി നമ്മുടെ ശുശ്രൂഷ അവസാനിക്കുമ്പോൾ നാം ഏറ്റുവാങ്ങിയതുപോലെ ഈ ശുശ്രൂഷ അനന്തര തലമുറയെ ഏല്പിച്ചു നമ്മുടെ അരുമനാഥന്റെ പക്കൽനിന്നും പ്രതിഫലം പ്രാപിപ്പാൻ പരമകാരുണികനായ ദൈവം തുണയ്ക്കട്ടെ എന്ന പ്രാർത്ഥനയോടെ ഇത് ഉപസംഹരിച്ചുകൊള്ളുന്നു.

നിരണം യെരുശലേം സൺഡേസ്കൂൾ

ചരിത്രത്തിന്റെ നാൾവഴികളിലൂടെ...



ജോർജ് വർഗീസ്,
മട്ടയ്ക്കൽ വെൺപറമ്പിൽ
(ഹെഡ്മാസ്റ്റർ)

സത്യവേദപുസ്തകത്തിലെ നിത്യസുവിശേഷത്തിന്റെ സാക്ഷികളായിത്തീർന്ന നമ്മുടെ പിതാക്കന്മാർ തങ്ങൾക്ക് ലഭിച്ച ആദ്ധ്യാത്മികപ്രകാശം തലമുറകളിലേക്ക് കൈമാറുന്നതിന് ദൈവത്തിലാശ്രയിച്ചു കൊണ്ട് ഒന്നര നൂറ്റാണ്ട് മുൻപ് തങ്ങളുടെ ജന്മദേശമായ നിരണത്തിന്റെ മണ്ണിൽ സൺഡേസ്കൂൾ പ്രസ്ഥാനത്തിന് ആരംഭം കുറിച്ചു.

പുളിംപള്ളി പുരയിടത്തിൽ ഷെഡ് കെട്ടി പട്ടമുക്കിൽ യാക്കോബ് കത്തനാരുടെ നേതൃത്വത്തിൽ വെൺപറമ്പിൽ ലൂക്കോസ് ആശാൻ പ്രഥമഅധ്യാപകനായി ആരംഭിച്ച സൺഡേസ്കൂൾ, വേദപഠനത്തോടൊപ്പം ദേശവാസികൾക്ക് അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്നു നൽകുന്ന പള്ളിക്കൂടമായി രൂപാന്തരപ്പെട്ടു.

പുളിംപള്ളി പുരയിടത്തിൽ നിന്ന് സൺഡേസ്കൂളും, പള്ളിക്കൂടവും വാഴപ്പള്ളി പുരയിടത്തിലെ കെട്ടിടത്തിലേക്ക് പിന്നീട് മാറ്റി. പിന്നീട് നിരണം യെരുശലേം പള്ളിക്ക് വേണ്ടി സ്ഥലം വാങ്ങിയപ്പോൾ സൺഡേസ്കൂളും പള്ളിക്കൂടവും അവിടേയ്ക്ക് മാറ്റി സ്ഥാപിക്കപ്പെട്ടു. അങ്ങനെ ദേശത്തിന്റെ ആദ്ധ്യാത്മികവും, വിദ്യഭ്യാസപരവുമായ മുന്നേറ്റത്തിന്റെ കേന്ദ്രമായിത്തീർന്ന സൺഡേസ്കൂൾ, യെരുശലേം സൺഡേസ്കൂളും, പള്ളിക്കൂടം നിരണം സൗത്ത് എം.റ്റി.എൽ.പി. സ്കൂളുമായി മാറി.

മാർത്തോമ്മാ സഭയിലെ രണ്ട് തിരുമേനിമാർ, സഭാ സെക്രട്ടറി, സുവിശേഷസംഘം ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചവർ ഉൾപ്പെടെ 15ൽപ്പരം പട്ടക്കാർ, സൺഡേസ്കൂൾ സമാജം മിഷനറിയായി പ്രവർത്തിച്ച കിണറ്റുകര കെ.സി. തോമസ് സാർ, സുവിശേഷകയായി ജീവിതം നയിച്ച കൂത്തപ്പള്ളിൽ മറിയക്കുട്ടി സന്യാസിനി, മാർത്തോമ്മാ സൺഡേസ്കൂൾ സമാജത്തിന്റെ വിവിധതലങ്ങളിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവർ, രാഷ്ട്രം പത്മശ്രീ നൽകി ആദരിച്ച വാഴപ്പള്ളിൽ ഡോ. സാമുവേൽ പോൾ, കാർഷിക, വ്യവസായ രംഗങ്ങ

ളിൽ ഉൾപ്പെടെ സർക്കാർ തലത്തിലും സ്വകാര്യ മേഖലകളിലും പ്രവർത്തിക്കുന്നവർ, അദ്ധ്യാപകർ, ആതുരസേവനരംഗത്ത് ശുശ്രൂഷ ചെയ്യുന്നവർ, സാമൂഹ്യ രാഷ്ട്രീയ, ആദ്ധ്യാത്മിക മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള അനേക വ്യക്തികൾ ഈ സൺഡേസ്കൂളിന്റെ പൂർവ്വ വിദ്യാർത്ഥി ഗണത്തിൽ ഉൾപ്പെടുന്നു.

ഓരോരോ കാലഘട്ടങ്ങളിലായി ഈ സൺഡേസ്കൂളിൽ നിന്നും വളഞ്ഞവട്ടം സൺഡേസ്കൂൾ, ചക്കാട്ടുശേരി ഭാഗം സൺഡേസ്കൂൾ, പമ്പാ റിവർ ഫാക്ടറി സൺഡേസ്കൂൾ, കുറിച്ചിയത്ത് ഭാഗം സൺഡേസ്കൂൾ എന്നി നാലു സൺഡേസ്കൂളുകൾ രൂപീകൃതമായി. വളഞ്ഞവട്ടം എബനേസർ സൺഡേസ്കൂളും, ചക്കാട്ടുശേരി ഭാഗം സെന്റ് പോൾസ് സൺഡേസ്കൂളും ഇപ്പോഴും നല്ലരീതിയിൽ പ്രവർത്തിക്കുന്നു.

നിരണം ദേശം

നിരണം ഒരു പുരാതന ജനവാസകേന്ദ്രമായിരുന്നു. ചരിത്രരേഖകളിൽ നിരണം ദേശത്തെ പ്രതിപാദിക്കുന്ന വിവരങ്ങൾ ഇത് വെളിവാക്കുന്നു. നിരണത്തെ ക്രൈസ്തവരുടെ ചരിത്രം എ.ഡി. 52 മുതൽ ആരംഭിക്കുന്നു. ക്രിസ്തു ശിഷ്യനായ വിശുദ്ധ തോമസ് അപ്പോസ്തലൻ പായ്ക്കപ്പലിൽ നിരണത്ത് തോമത്ത് കടവിൽ വരികയും,



തൃക്കപാലീശ്വരം ക്ഷേത്രത്തിന് സമീപം ജനങ്ങളോട് സുവിശേഷം അറിയിക്കുകയും, ക്രിസ്തു വിശ്വാസം സ്വീകരിച്ച ആദ്യ വിശ്വാസികളെ നേർകടവിൽ സ്നാപനം നടത്തുകയും, ഇന്ന് യെരുശലേം പള്ളി നിൽക്കുന്ന സ്ഥലത്ത് ആദ്യവിശ്വാസികളോടൊപ്പം ആരാധിച്ചു എന്നും പാരമ്പര്യമായി വിശ്വസിച്ചു വരുന്നു. നിരണം സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയം മദ്ധ്യതിരുവിതാംകൂറിലെ മിക്ക ക്രൈസ്തവ ദേവാലയങ്ങളുടെയും മാതൃദേവാലയമായി നിലകൊള്ളുന്നു.

14-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കണ്ണശ്ശകവികളുടെ ചരിത്രം നിരണത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിന്റെ തെളിവുകളാണ്.

1888 ൽ സ്ഥാപിതമായ മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘത്തിന്റെ സ്ഥാപക നേതാക്കളിൽ ഒരാളായ കുറിച്ചിയത്ത് വട്ടടിയിൽ കോരുള ഇട്ടിയവിര (1857-1935) നിരണത്തിന്റെ സന്താനമാണ്.

മാർത്തോമ്മാ വൈദികസെമിനാരി പ്രഥമ പ്രിൻസിപ്പലും മഹാത്മാഗാന്ധിയുമായി അടു



യെരുശലേം മാർത്തോമ്മാ സൺഡേസ്കൂൾ, നിരണം

ത്ത വ്യക്തിബന്ധം ഉണ്ടായിരുന്നതുമായ കുറിച്ചിയത്ത് കെ.കെ.കുരുവിള സാർ, സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവർക്ക് നേതൃത്വം നൽകിയ മുൻമന്ത്രി ഇലഞ്ഞിക്കൽ ഇ. ജോൺ ഫിലിപ്പോസ്, എൻ.എസ്. കൃഷ്ണപിള്ള (Ex. MLA) എന്നിവർ നിരണത്തിന്റെ ചരിത്രത്തിലെ തിളക്കമാർന്ന വ്യക്തിത്വങ്ങളാണ്.

ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ മതവിഭാഗങ്ങൾ, നൂറ്റാണ്ടുകളായി മത സൗഹാർദ്ദത്തിൽ കഴിയുന്ന ഒരു ദേശമാണ് നിരണം.

സൺഡേസ്കൂൾ പ്രസ്ഥാനം

സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ആരംഭം 1780-ൽ ഇംഗ്ലണ്ടിലായിരുന്നു. സർ റോബർട്ട് റെയ്ക്സ് എന്ന ഭക്തനും ഉന്നതകുലജാതനുമായ വ്യക്തി ഇംഗ്ലണ്ടിലെ തൊഴിൽശാലകളിലെ ജോലിക്ക് ശേഷം ദുർമാർഗജീവിതം നയിച്ചിരുന്ന കുട്ടികളെയും യുവാക്കളെയും കണ്ടെത്തി അവരോട് ദൈവവചനത്തിലൂടെ ദൈവസ്നേഹം പങ്കിടുകയും ചെയ്തതിന്റെ ഫലമായി അനേകരെ ദൈവവഴിലേക്ക് നയിക്കുവാൻ കഴിഞ്ഞു. ഈ പ്രവർത്തനം സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ തുടക്കമായിത്തീർന്നു.

മാർത്തോമ്മാ സൺഡേസ്കൂൾ സമാജം

മലങ്കര മാർത്തോമ്മ സഭയിൽ സൺഡേസ്കൂൾ പ്രസ്ഥാനം ആരംഭിച്ചത് 1905-ൽ ആണ്. അന്ന് നിരണം ഉൾപ്പെടെ 52-ൽപ്പരം സൺഡേസ്കൂളുകളെ ഉൾക്കൊള്ളിച്ചു കൊണ്ട് ആ വർഷത്തെ മാരാമൺ കൺവൻഷനിൽ വച്ച് സമാജം രൂപീകൃതമായി. പിൽക്കാലത്ത് വന്ദ്യ ദിവ്യശ്രീ വി.പി. മാമ്മൻ കശ്ശീശ്ശ ആയിത്തീർന്ന ശ്രീ. വി. പി. മാമ്മൻ ആയിരുന്നു പ്രഥമ ജനറൽ സെക്രട്ടറി.

നിരണം യെരുശലേം സൺഡേസ്കൂൾ ആരംഭം

നിരണം യെരുശലേം പള്ളി ആരംഭിക്കുന്നതിന് 35 വർഷം മുൻപ് 1870-ൽ പട്ടമുക്കിൽവക പുളിംപള്ളി പുരയിടത്തിൽ നിരണത്ത് നവീകരണ ആശയത്തിന് ധീരമായ നേതൃത്വം നൽകിയ പട്ടമുക്കിൽ യാക്കോബ് കത്തനാരുടെ നേതൃത്വത്തിൽ വെൺപറമ്പിൽ ലൂക്കോസ് ആശാൻ പ്രഥമ അദ്ധ്യാപകനായി സൺഡേസ്കൂൾ പ്രസ്ഥാനം ആരംഭിച്ചു. മലയാളത്തിലേക്ക് വിവർത്തനം ചെയ്ത വേദപുസ്തകം അധികമാരുടെയും കൈയിൽ ലഭ്യമല്ലാതിരുന്ന ആ കാലത്ത് വേദപുസ്തക സത്യങ്ങൾ പഠിപ്പിക്കുക എന്നതായിരുന്നു സൺഡേസ്കൂളിന്റെ മുഖ്യലക്ഷ്യം.

വേദപുസ്തക സത്യങ്ങൾ മനസ്സിലാക്കിയ വിശ്വാസികൾ നവീകരണ ആശയം ഉൾക്കൊണ്ട് പട്ടമുക്കിൽ അച്ചന്റെ നേതൃത്വത്തിൽ പുളിംപള്ളി പുരയിടത്തിൽ ഉള്ള ഷെഡിൽ കൂടി വന്ന് ആരാധിച്ചിരുന്നു.

പട്ടമുക്കിൽ യാക്കോബ് കത്തനാർ (1841–1914)

പട്ടമുക്കിൽ യാക്കോബ് കത്തനാർ (പട്ടമുക്കിൽ വല്യച്ചൻ) പട്ടമുക്കിൽ ഗീവർഗീസ് കത്തനാരുടെ മകനും നിരണം പള്ളി വികാരിയുമായിരുന്നു. മലങ്കരയിൽ ഉണ്ടായ നവീകരണ ആശയങ്ങളിൽ ഉറച്ചുനിന്ന പട്ടമുക്കിലച്ചൻ, ഭക്തനും സുവിശേഷതൽപ്പരനുമായിരുന്നു. നിരണത്തെ രണ്ട് മാർത്തോമ്മ ദേവാലയങ്ങളുടെയും സ്ഥാപകവികാരിയുമായിരുന്ന പട്ടമുക്കിൽ അച്ചനോടൊപ്പം കുറിച്ചിയത്ത് ഗീവർഗീസ് കത്തനാരും നവീകരണ ആശയങ്ങളിൽ ഉറച്ചു നിന്നു.

വെൺപറമ്പിൽ ലൂക്കോസ് ആശാൻ (1840–1910)

സൺഡേസ്കൂളിന്റെ പ്രഥമ അദ്ധ്യാപകനായ ലൂക്കോസ് ആശാൻ, സംസ്കൃത ഭാഷാ പണ്ഡിതനും, ഭക്തനും ഉണർവ്വ് പ്രസംഗകനും ആയിരുന്നു. കോട്ടയം സി.എം.എസ് കോളേജിൽ ഭാഷാ അദ്ധ്യാപകനായിരുന്ന അദ്ദേഹം വേദപുസ്തക തർജ്ജമയിലും ഏർപ്പെട്ടിട്ടുണ്ട്. മദ്ധ്യതിരുവിതാംകൂറിലെ ക്രൈസ്തവ ആത്മീയ ഉണർവിന് നേതൃത്വം നൽകിയ ലൂക്കോസ് ആശാനെക്കുറിച്ച് ട്രാവൻകൂർ സ്റ്റേറ്റ് മാനുവലിലും, സഭ പ്രസിദ്ധീകരിച്ച ജീവനാളങ്ങൾ എന്ന പുസ്തകത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്.

ആദ്യകാല പ്രവർത്തകർ

യെരുശലേം സൺഡേസ്കൂളിന്റെ ആദ്യത്തെ അദ്ധ്യാപകൻ വെൺപറമ്പിൽ ലൂക്കോസ് ആശാനായിരുന്നു. അദ്ദേഹത്തോട് ചേർന്ന് പട്ടമുക്കിൽ പടിഞ്ഞാറേക്കര ചെറിയാച്ചനും (വാദ്ധ്യാർ) കുറെക്കാലം പഠിപ്പിച്ചു. തുടർച്ചയായി ദീർഘകാലം സേവനമനുഷ്ഠിച്ച വെൺപറമ്പിൽ കോര സാറിന്റെ സേവനങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്. തുടർന്ന് നാനാത്ര ദാനിയേൽ സാർ, വെൺപറമ്പിൽ ഇസ്രായേൽ, നഥാനിയേൽ എന്നിവർ സൺഡേസ്കൂൾ പ്രവർത്തനത്തിന് നേതൃത്വം നൽകി. കൂടാതെ കിണറ്റുകര കൊച്ചോയിക്കുഞ്ഞ്, കിണറ്റുകര കെ.സി. തോമസ് എന്നിവരുടെയും സേവനം ലഭിച്ചു.

ഈ സൺഡേസ്കൂളിൽ ദീർഘകാലം അദ്ധ്യാപകനും ഹെഡ്മാസ്റ്ററും ആയിരുന്ന മണ

ലേൽ പ്ലാപ്പുഴേത്ത് എം.പി. ജോർജ് സാർ ഏകദേശം 55 വർഷത്തോളം ഈ സ്ഥാപനത്തിന് അനുഗ്രഹീത നേതൃത്വം നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ദീർഘകാല പ്രവർത്തനം സ്മരണീയമാണ്. വെൺപറമ്പിൽ ശ്രീ. വി.ഐ. മാത്യു, വളരെ വർഷങ്ങൾ സെക്രട്ടറിയായി പ്രവർത്തിക്കുകയും സൺഡേസ്കൂൾ റിക്കാർഡുകൾ ക്രമീകൃതമായി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കുകയും ചെയ്തു. നാനാത്ര എൻ.ഡി. തോമസ്, മണലിൽ കെ.കെ. ചാണ്ടി, മണലിൽ എം.കെ. മറിയാമ്മ, നാനത്ര കളീക്കൽ എൻ.ജി. ഉമ്മൻ, വെൺപറമ്പിൽ വി.കെ. ഉമ്മൻ, ചിറക്കൽപ്പറമ്പിൽ സി.കെ. കുരുവിള, കൂത്തപ്പള്ളിൽ കെ.വി. ചെറിയാൻ, നാനാത്ര പുത്തൻപുരയിൽ എൻ.കെ. സാമുവേൽ, ചാലക്കാട്ടിൽ കെ.ജെ. തോമസ്, വെൺപറമ്പിൽ വി.ഐ. ജോർജ്, കിണറ്റുകര കെ. എം. കുരുവിള, മാണിപ്പറമ്പിൽ തോമസ് കുര്യൻ, സാറാമ്മ കുര്യൻ (മോളിക്കുട്ടി), മാത്തൻപറമ്പിൽ കുര്യൻ വർഗീസ്, പാറത്തുശേരിൽ മറിയാമ്മ ജോർജ്, വിഴലിൽ വി.എ. വർഗീസ്, പള്ളിച്ചിറ കുന്നേൽ കെ.ജി. മാത്യു, മണലിൽ എം.സി. അന്നമ്മ, പാരയിൽ പി.വി. ഏലിയാമ്മ, വാണിയപുരയ്ക്കൽ തങ്കമ്മ ഇടിക്കുള എന്നിവരുടെ സേവനങ്ങൾ ഇത്തരുണത്തിൽ സ്മരിക്കുന്നു.

തുടർച്ചയായി 43 വർഷം അദ്ധ്യാപകൻ, സെക്രട്ടറി, ഹെഡ്മാസ്റ്റർ എന്നീ നിലകളിൽ ആത്മാർത്ഥമായ സേവനം ചെയ്ത് സൺഡേസ്കൂൾ പ്രവർത്തനത്തെ പുരോഗതിയിലേയ്ക്ക് നയിച്ച മട്ടയ്ക്കൽ ജോർജ്ജുകുട്ടി ശമുവേലിന്റെ പ്രവർത്തനങ്ങൾ പ്രത്യേകം പ്രസ്താവ്യമാണ്.

പാഠ്യപദ്ധതി

മാർത്തോമ്മാ സൺഡേസ്കൂൾ സമാജം ആരഭിക്കുന്നതിന് വളരെ മുൻപ് തന്നെ യെരുശലേം സൺഡേസ്കൂൾ ആരംഭിച്ചിരുന്നതിനാൽ ആദ്യം ക്രമീകൃതമായ ക്ലാസ്സുകളോ പാഠ്യപദ്ധതിയോ ഉണ്ടായിരുന്നില്ല. വേദപുസ്തകകഥകളെ ആസ്പദമാക്കി വിശ്വാസം, രക്ഷ, നീതീകരണം മുതലായ വിഷയങ്ങളാണ് ആദ്യകാലത്ത് പഠിപ്പിച്ചിരുന്നത്. സൺഡേസ്കൂൾ സമാജം പാഠ്യപദ്ധതി രൂപീകരിച്ച് പ്രസിദ്ധീകരിക്കാൻ തുടങ്ങിയത് മുതൽ അതനുസരിച്ച് ക്ലാസുകൾ നടത്തിവരുന്നു.

ഹെഡ്മാസ്റ്റർമാർ

വെൺപറമ്പിൽ ലൂക്കോസ് ആശാൻ, കോരസാർ എന്നിവർക്കുശേഷം മണലേൽ പ്ലാപ്പുഴേത്ത് എം.പി. ജോർജ് ഏകദേശം 35 വർഷക്കാലം ഹെഡ്മാസ്റ്ററായി പ്രഗത്ഭ നേതൃത്വം നൽകി. ചിറക്കപ്പറമ്പിൽ സി. കെ. കുരുവിള, ചാലക്കാട്ടിൽ കെ. ജെ. തോമസ്, വെൺപറമ്പിൽ വി. ഐ. ജോർജ്, മാണിപ്പറമ്പിൽ എം. തോമസ് കുര്യൻ, വിഴലിൽ, വി. എ. വർഗീസ്, പള്ളിച്ചിറക്കുന്നേൽ, കെ. ജി. മാത്യു, മട്ടയ്ക്കൽ ജോർജ്ജുകുട്ടി ശമുവേൽ എന്നിവർ ഈ സൺഡേസ്കൂളിന്റെ പ്രഥമാദ്ധ്യാപകരായി പ്രശസ്തസേവനം നിർവ്വഹിച്ചിട്ടുണ്ട്. 2011 മുതൽ വെൺപറമ്പിൽ ജോർജ്ജ് വർഗീസ് ഹെഡ്മാസ്റ്ററായി സേവനം അനുഷ്ഠിക്കുന്നു.

സെക്രട്ടറിമാർ

വെൺപറമ്പിൽ വി. ഐ. മാത്യു ആയിരുന്നു ആദ്യകാല സെക്രട്ടറി, ദീർഘകാലം അദ്ദേഹം സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചു. ചാലക്കാട്ടിൽ കെ. ജെ. തോമസ്, വെൺപറമ്പിൽ വി. ഐ. ജോർജ്, മാണിപ്പറമ്പിൽ, എം. തോമസ് കുര്യൻ, കിണറ്റുകര, ശ്രീ. ബാബു മാത്യു, പള്ളിച്ചിറക്കുന്നേൽ, ശ്രീ. കെ.എം. അലക്സാണ്ടർ, മട്ടയ്ക്കൽ, ജോർജ്ജുകുട്ടി ശാമുവേൽ, കിണറ്റുകര, ഡോ. മാത്യു തോമസ്, നാനാത്ര പുത്തൻപുരയിൽ ശ്രീമതി സിനി എബ്രഹാം എന്നിവർ സെക്രട്ടറിമാരായി പ്രവർത്തിച്ചിട്ടുണ്ട്. ഇവരുടെ സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. ഇപ്പോൾ പാരയിൽ ശ്രീ. ജോൺ പി. വർക്കി സെക്രട്ടറിയായി പ്രവർത്തിക്കുന്നു.

ട്രഷറാർ

ആദ്യകാലം മുതൽ സൺഡേസ്കൂൾ സെക്രട്ടറിമാർ തന്നെ ഹെഡ്മാസ്റ്റർമാരോട് ചേർന്ന് ധനപരമായ കാര്യങ്ങൾ നിർവ്വഹിച്ചുപോരുന്ന പതിവാണ് ഉണ്ടായിരുന്നത്. എന്നാൽ 2010 മുതൽ സമാജം ഭരണഘടനാനുസരണമായി ട്രഷറാറേയും തെരഞ്ഞെടുക്കുകയുണ്ടായി. 2018 വരെ കിണറ്റുകര ഡോ. മാത്യു തോമസ് ട്രഷററായി പ്രവർത്തിച്ചു. പട്ടമുക്കിൽ ശ്രീമതി സാറാമ്മ വർഗീസ് ഇപ്പോൾ ട്രഷററായി പ്രവർത്തിക്കുന്നു.

ബാലസമാജം

കുട്ടികളുടെ സർഗവാസന വളർത്തുന്നതിനും നേതൃത്വ പരിശീലനത്തിനുമായി ബാലസമാജം പ്രവർത്തിച്ചുവരുന്നു. പ്രസിഡന്റായി മണപ്പറമ്പിൽ ക്രിസ്റ്റി മാത്യു ബിനോയിയും സെക്രട്ടറിയായി പറയൻപറമ്പിൽ റീബാ എൽസാ ഫിലിപ്പും പ്രവർത്തിക്കുന്നു.

പൂർവ്വ വിദ്യാർത്ഥികൾ

ഭാഗ്യസ്മരണിയനായ ഡോ. സഖറിയാസ്



വാഴപ്പള്ളിൽ ഡോ. സാമുവൽ പോൾ ഇൻഡ്യൻ പ്രസിഡന്റ് ഡോ. ഏ.പി.ജെ. അബ്ദുൾ കലാമിൽ നിന്നും പത്മശ്രീ പുരസ്കാരം ഏറ്റുവാങ്ങുന്നു

മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ, ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ, പരേതരായ ചാലക്കാട്ടിൽ കെ. ജെ. ഫിലിപ്പ് അച്ചൻ, മണലേൽ പ്ലാപ്പുഴേത്ത് ജോർജ്ജ് അലക്സാണ്ടർ അച്ചൻ, കിണറ്റുകര കെ. എം. ജോർജ്ജ് അച്ചൻ, സജീവ സേവനത്തിൽ നിന്നും വിരമിച്ച പാറാത്തുശ്ശേരിൽ റവ. ഡോ. സണ്ണി ജോർജ്ജ് അച്ചൻ, ഇപ്പോൾ സജീവസേവനത്തിലായിരിക്കുന്ന ചാലക്കാട്ടിൽ ജോർജ്ജ് തോമസ് അച്ചൻ, പാരയിൽ ഏബ്രഹാം പി. വർക്കി അച്ചൻ, ചേരിക്കൽ റെജി ഐസക്ക് അച്ചൻ, സൺഡേസ്കൂളിന്റെ വിബിഎസ് ഉൾപ്പെടെയുള്ള പ്രവർത്തനത്തിൽ പങ്കാളിയായിരുന്ന പള്ളിച്ചിറ കുന്നേൽ റവ. സിബു പള്ളിച്ചിറ, മുൻ വേൾഡ് ബാങ്ക് അഡ്വൈസറും ധനകാര്യ വിദഗ്ദ്ധനുമായിരുന്ന വാഴപ്പള്ളിൽ പത്മശ്രീ. ഡോ. എസ്. പോൾ തുടങ്ങിയവർ ഈ സൺഡേസ്കൂളിന്റെ അഭിമാനമാണ്. 150-ാം വർഷത്തിൽ പൂർവ്വവിദ്യാർത്ഥികളായ പട്ടമുക്കിൽ ആഷിഷ് ചെറിയാൻ വർഗീസും മാണിപ്പറമ്പിൽ ക്രിസ്റ്റി എം. കുര്യനും വൈദിക സെമിനാരിയിൽ പഠനം നടത്തുന്നു എന്നത് ഏറെ സന്തോഷകരമായ കാര്യമാണ്.

ശതാബ്ദി ആഘോഷം

1970 ൽ സണ്ടേസ്കൂളിന്റെ ശതാബ്ദി സമുചിതമായി ആഘോഷിക്കുകയുണ്ടായി. ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ നിർവ്വഹിച്ചു.

1. ഇടവകയുടെ അതിഥി മന്ദിരംപണിക്കായി പണം സംഭാവന ചെയ്ത് സെന്റിനറി മെമ്മോറിയൽ സ്ലാബ് സ്ഥാപിച്ചു.
2. ഒരു സ്മരണിക ഗ്രന്ഥം പ്രസിദ്ധീകരിച്ചു.
3. ഒരു ശതാബ്ദി പബ്ലിക് മീറ്റിംഗ് നടത്തി.
4. കുട്ടികൾക്കു ആണ്ടുതോറും പ്രത്യേകസമ്മാനങ്ങൾ നൽകുവാനായി ഒരു തുക സ്ഥിര നിക്ഷേപമായി വേർതിരിച്ചു.

ശതാബ്ദി സമ്മേളനം 1970 ആഗസ്റ്റ് മാസം 9-ാം തീയതി മാത്യൂസ് മാർ അത്തനാസിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. റവ. ഫാ. ഡോ. എം. വി. ജോർജ് (ഡോ. ഗീവർഗീസ് മാർ ഒസ്ത്താത്തീയോസ് മെത്രാപ്പോലിത്താ) റവ. ഡോ. കെ. കെ. ജോർജ്, പ്രൊഫ. പി. എ. ജോൺ എന്നിവർ മുഖ്യാതിഥികളായിരുന്നു. ശതാബ്ദി പരിപാടികളുടെ കൺവീനർ സ്മരണിക എഡിറ്റർ എന്നീ നിലകളിൽ മാണിപ്പറമ്പിൽ എം. തോമസ് കുര്യൻ സാർ പ്രവർത്തിച്ചു.

വി.ബി.എസ്.

ഇടവകയിലേയും ചുറ്റുപാടുമുള്ള വിവിധ സഭാവിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്ക് ഏറ്റവും സന്തോഷകരവും പ്രയോജനകരവുമായ ഒരു പരിപാടിയത്രെ അവധിക്കാല വേദപഠനക്ലാസുകൾ. കഴിഞ്ഞ 50-ൽപ്പരം വർഷങ്ങളായി ഈ പരിപാടി സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. വി.ബി.എസ്. കൺവീനർ എന്ന നിലയിൽ പല വർഷങ്ങളിൽ



ഇടവക ഗസ്റ്റ് ഹൗസ്

ആത്മാർത്ഥമായി സേവനം ചെയ്തിട്ടുള്ള കൂത്തപ്പള്ളിൽ വത്സമ്മ കുര്യന്റെ സേവനങ്ങളെ കൃതജ്ഞതയോടെ സ്മരിക്കുന്നു.

ക്ലാസുകൾ, പ്രവർത്തനങ്ങൾ

യെരുശലേം സൺഡേസ്കൂൾ ഇടവകയിലും ദേശത്തും ഇന്ന് സജീവ സാക്ഷ്യം നിർവഹിച്ചുകൊണ്ടിരിക്കുന്നു. നേഴ്സറി മുതൽ പ്രൗഢ വകുപ്പുവരെയുള്ള 13 ക്ലാസുകളിലായി 63 കുട്ടികൾ അഭ്യസിക്കുന്നു. എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 1.30 ന് സണ്ടേസ്കൂൾ ആരംഭിക്കുന്നു. പാട്ടുപരിശീലനത്തിനുശേഷം കുട്ടികളുടെ നേതൃത്വത്തിലുള്ള ആരാധന, പാഠം വായനകൾ, ഇതരകലാപരിപാടികൾ എന്നിവ ക്രമമായും ചിട്ടയായും നടത്തപ്പെടുന്നു. കുട്ടികളുടെ കലാവാസനകൾ വികസിപ്പിക്കുന്നതിന് സഹായകമായ പരിപാടികൾ ക്രമീകരിക്കുന്നു. സെന്റർ, ഭദ്രാസനം, സമാജം തലങ്ങളിൽ ക്രമീകരിക്കുന്ന എല്ലാ പരിപാടികളിലും കുട്ടികളും അദ്ധ്യാപകരും സജീവമായി പങ്കെടുക്കുന്നു. സമാജം ബിരുദ് പരീക്ഷയിലും സെന്റർ, ഭദ്രാസന മത്സരങ്ങളിലും നമ്മുടെ കുട്ടികൾ അഭിമാനകരമായ സ്ഥാനങ്ങൾ കരസ്ഥമാക്കുന്നതിൽ സന്തോഷിക്കുന്നു. കുട്ടികൾക്കായി മിഷൻ ടൂറുകൾ, ഉല്ലാസയാത്രകൾ എന്നിവയും സംഘടിപ്പിക്കുന്നുണ്ട്.

ഗാനപരിശീലനം - കഥാകഥനം

ആദ്യകാലം മുതൽക്കെ ഗാനപരിശീലനത്തിനും കഥാകഥനത്തിനും സൺഡേസ്കൂൾ വളരെ പ്രാധാന്യം നൽകിയിരുന്നു. റെക്കോഡിംഗ് സൗകര്യങ്ങളൊന്നും നിലവിൽ ഇല്ലായിരുന്ന കാലഘട്ടത്തിൽ മാരാമൺ കൺവൻഷനും മറ്റും പോയി പല ആവർത്തി കേട്ടു പഠിച്ച പാട്ടുകൾ ശരിയായ ട്യൂണിൽ പഠിപ്പിക്കുന്നതിൽ വിദഗ്ദ്ധരായ അദ്ധ്യാപകർ നമുക്കുണ്ടായിരുന്നു. നാനാത്ര എൻ.ഡി. തോമാസാർ, എൻ.ജി. ഉമ്മൻ സാർ (കൊച്ചുണ്ണുണ്ണി സാർ), മാണിപ്പറമ്പിൽ മോളിക്കുട്ടി സാർ എന്നിവരുടെ സേവനങ്ങൾ ഈ സന്ദർഭത്തിൽ സ്മരിക്കുന്നു.

കുട്ടികൾക്ക് ആകർഷകമായ രീതിയിൽ കഥകളിലൂടെ ദൈവവചന സത്യങ്ങൾ പഠിപ്പിക്കുന്നതിൽ വിദഗ്ദ്ധരായ അദ്ധ്യാപകർ നമുക്കുണ്ടായിരുന്നു. കൂത്തപ്പള്ളിൽ കെ.വി. ചെറിയാൻ (പൊന്നച്ചൻ സാർ), കെ. എം. കുരുവിള സാർ, വി. ഐ. ജോർജ് സാർ എന്നീ അദ്ധ്യാപകരുടെ ശുശ്രൂഷകളേയും ഇവിടെ സ്മരിക്കുന്നു.

ഇപ്പോഴത്തെ അദ്ധ്യാപകർ

ഏകോദര സഹോദരങ്ങളെപ്പോലെ പ്രവർത്തിക്കുന്ന ഒരു കൂട്ടം അദ്ധ്യാപകരത്രെ സണ്ടേസ്കൂളിന്റെ മുതൽക്കൂട്ട്. അദ്ധ്യാപകരുടെ പേരു വിവരം റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

സൺഡേസ്കൂൾ കേന്ദ്രപ്രവർത്തനങ്ങളിൽ പങ്കാളിത്തം

ഈ സൺഡേസ്കൂളിന്റെ പൂർവ്വ വിദ്യാർത്ഥികളും അദ്ധ്യാപകരുമായിരുന്നവർ സൺഡേസ്കൂൾ പ്രസ്ഥാനത്തിന് ശ്രദ്ധേയമായ നേതൃത്വം നൽകിയിട്ടുണ്ട് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. പി.ജെ. ജോൺ പട്ടമുക്കിൽ (റവ. പി.ജെ. ജോൺ), ജനറൽ സെക്രട്ടറി വി.പി. മാമ്മനച്ചനോടൊപ്പം സമാജത്തിന്റെ സ്ഥാപക കാര്യസമിതിയിൽ പ്രവർത്തിച്ചിട്ടുണ്ട്. കിണറ്റുകര കെ. സി. തോമസ് സാർ, സൺഡേസ്കൂൾ സമാജം മിഷനറി എന്ന നിലയിൽ അനുഗ്രഹകരമായി പ്രവർത്തിച്ചിട്ടുണ്ട്. മണലേൽ പ്ലാപ്പുഴേത്ത് എം. പി. ജോർജ് സാർ, സെന്റർ ഇൻസ്പെക്ടർ, ഡിസ്ട്രിക്റ്റ് ഓർഗനൈസർ എന്ന നിലകളിലും കിണറ്റുകര ശ്രീ. കെ.എം. കുരുവിള സെന്റർ ഇൻസ്പെക്ടർ, ഡിസ്ട്രിക്റ്റ് ഓർഗനൈസർ എന്ന നിലകളിലും, വെൺപറമ്പിൽ വി.ഐ. ജോർജ്ജ്, മട്ടയ്ക്കൽ ശ്രീ. ജോണിക്കുട്ടി ശാമുവേൽ എന്നിവർ സെന്റർ ഇൻസ്പെക്ടർമാരായും പ്രവർത്തിച്ചിട്ടുണ്ട്. മട്ടയ്ക്കൽ, ശ്രീ. ജോർജ്ജുകുട്ടി ശാമുവേൽ സെന്റർ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്.

ഇപ്പോൾ കിണറ്റുകര ഡോ. മാത്യു തോമസ് നിരണം ഡിസ്ട്രിക്റ്റ് ഓർഗനൈസറായും വെൺപറമ്പിൽ ജോർജ് വർഗീസ് സെന്റർ ട്രഷററായും സമാജം ഓഫീസ് പ്രവർത്തകനായും ശുശ്രൂഷ നിർവ്വഹിക്കുന്നു.

കാലാകാലങ്ങളിൽ ഇടവകയിൽ സേവനം ചെയ്തിട്ടുള്ള വൈദികർ, പാട്ടുകൾ പഠിപ്പിക്കുവാനും കഥകൾ ഹൃദ്യമായി പറഞ്ഞു കൊടുക്കുവാനും സർവ്വോപരി ദൈവവചനം കുഞ്ഞുമനസ്സുകളിൽ പറഞ്ഞു നൽകുവാൻ കൃപ ലഭിച്ച അദ്ധ്യാപകർ, സ്നേഹനിധികളായ കുഞ്ഞുങ്ങൾ, മാതാപിതാക്കൾ, ഇടവക ജനങ്ങൾ, ദേശവാസികൾ എല്ലാവരോടും കൃതജ്ഞത അറിയിച്ചുകൊണ്ടും കഴിഞ്ഞ 150 വർഷക്കാലം നിരണം യെരുശലേം സൺഡേസ്കൂളിന്റെ പ്രവർത്തനങ്ങളിൽ വ്യാപരിച്ച എല്ലാ ദൈവകൃപയും ഓർത്തു ദൈവസന്നിധിയിൽ സ്തുതി സ്തോത്രങ്ങൾ അർപ്പിച്ചുകൊണ്ട് ഈ സംക്ഷിപ്തചരിത്രം ഉപസംഹരിക്കുന്നു.



ക്രിസ്തീയ പരിപോഷണത്തിന്റെ നേർവഴികൾ



റവ. ഡോ. സണ്ണി ജോർജ്ജ്
പാറാത്തുശ്ശേരിൽ *(ഇടവകാംഗം)*

നവീകരണ ഉപദേശങ്ങൾ സ്വീകരിച്ചവർ നിരണം സെന്റ് മേരീസ് യാക്കോബായ പള്ളിയിൽ നിന്നും പട്ടമൂക്കിൽ യാക്കോബ് കത്തനാരുടെ നേതൃത്വത്തിൽ പുളിമ്പള്ളിൽ പുരയിടത്തിൽ 1870 ൽ ആരംഭിച്ച സൺഡേസ്കൂളിന്റെ തുടർച്ചയാണ് ഇപ്പോൾ ശതോത്തര സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന നമ്മുടെ സൺഡേസ്കൂൾ.

സി.എം.എസ്. വക 37½ സെന്റ് സ്ഥലം വാങ്ങി കാട്ടുനിലത്ത് നിരണം സെന്റ് തോമസ് പള്ളി 1893 ൽ സ്ഥാപിതമായി. എന്നാൽ കിഴക്കുഭാഗത്തുള്ള കുട്ടികളുടെ പഠനത്തിനായി പുളിമ്പള്ളി സ്കൂൾ തുടർന്നു പോന്നു.

നിരണം തൃക്കപാലീശ്വരം ശിവക്ഷേത്രത്തിനു സമീപം നേർകടവിനോടു ചേർന്നുള്ള പുരയിടത്തിൽ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ ഒരു ആരാധനാലയം ഉണ്ടായിരുന്നു എന്ന പാരമ്പര്യം നിലവിലിരുന്നു. പരീതാശാന്റെ കൈവശമായിരുന്ന ആ ഭൂമി വാങ്ങി അവിടെ ഒരു പള്ളി പണിയുവാനുള്ള ശ്രമം ആരംഭിച്ചു. പരീതാശാന് മക്കളില്ലായിരുന്നു. ആ സ്ഥലം പള്ളിക്കു നല്കിയാൽ ദൈവം മക്കളെ നല്കി അനുഗ്രഹിക്കുമെന്ന് വാഴപ്പള്ളിൽ പൗലോച്ചൻ, പരീതാശാനോട് നിരന്തരം ആവർത്തിക്കുമായിരുന്നു. ദൈവകൃപയാൽ അവർക്ക് ഒരു മകൻ പിറന്നു. സന്തോഷത്തോടെ പള്ളിയ്ക്കായി സ്ഥലം വിലയ്ക്ക് നൽകി പരീതാശാനും കുടുംബവും പുനലൂർക്ക് താമസം മാറ്റി. സ്ഥലം വാങ്ങി പള്ളി വയ്ക്കുവാൻ നേതൃത്വം നല്കിയവരിൽ പട്ടമൂക്കിൽ യാക്കോബ് കത്തനാർ, നാലാംവേലിൽ ജോർജ്ജ് കത്തനാർ, തലവടി കിഴക്കേ തലക്കൽ മാത്തച്ചൻ കത്തനാർ മുതലായവർ നേതൃത്വം നൽകി. 1906 ൽ സ്ഥാപിതമായ നമ്മുടെ പള്ളിക്ക് യെരുശലേം എന്ന പേര് നിർദ്ദേശിച്ചത് യാക്കോബ് കത്തനാർ ആയിരുന്നു.

പുളിമ്പള്ളി സ്കൂൾ കെട്ടിടത്തിന് ബലം ക്ഷയിച്ചപ്പോൾ ഇതിനകം തന്നെ സ്കൂൾ വാഴപ്പള്ളി പുരയിടത്തിലേക്ക് മാറ്റി സ്ഥാപിച്ചിരുന്നു. അന്ന് രണ്ടാം ക്ലാസ് വരെയുള്ള സ്കൂളിനൊപ്പം ബാലസമാജവും ഏതാണ്ട് 1000 പുസ്തകങ്ങളോടെ 'Help others Union' എന്ന പേരിൽ ഒരു ഗ്രന്ഥാലയവും സ്കൂൾ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്നു. ക്രമേണ പള്ളിപ്പുരയിടത്തിലേക്ക് സ്കൂൾ മാറ്റിയെങ്കിലും ഇപ്പോഴും തദ്ദേശവാസികൾ വാഴപ്പള്ളി സ്കൂൾ എന്നാണ് ഈ വിദ്യാലയത്തെ പേർ വിളിക്കുന്നത്.

1905 ഫെബ്രുവരി 25 ന് ശനിയാഴ്ച മാരാമൺ കൺവൻഷൻ പന്തലിൽ വച്ച് ദിവ്യ ശ്രീ ഫീലിപ്പോസ് കശ്ശീശായുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്രത്യേക യോഗത്തിലാണ് 'മലങ്കര മാർത്തോമ്മാ സുറിയാനി ക്രിസ്



നേർക്കടവ്

ത്യാനി സൺഡേസ്കൂൾ സമാജം' ഔദ്യോഗികമായി രൂപവല്ക്കരിച്ചത്. ആരംഭിച്ചപ്പോൾ തന്നെ നമ്മുടെ സൺഡേസ്കൂൾ ഉൾപ്പെടെ 52 സൺഡേസ്കൂളുകളും 234 അദ്ധ്യാപകരും 2074 വിദ്യാർത്ഥികളും ഉണ്ടായിരുന്നതായി രേഖകൾ കാണിക്കുന്നു.

ലോക സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് റോബർട്ട് റെയ്ക്സ് ആണല്ലോ. ഇംഗ്ലണ്ടിലെ ഗ്ലൗസസ്റ്റർ പട്ടണത്തിന്റെ ചേരികളിൽ വഴിപിഴച്ച് കുറ്റകൃത്യങ്ങളിൽ അകപ്പെട്ട് അലഞ്ഞു തിരിഞ്ഞിരുന്ന കുട്ടികളുടെ സ്വഭാവ രൂപവത്ക്കരണത്തിനായി 1780 കളിൽ റോബർട്ട് റെയ്ക്സും സ്നേഹിതരും ചേർന്ന് രൂപം കൊടുത്ത ചെറിയ കുട്ടിക്കൂട്ടങ്ങളാണ് ക്രമേണ അഖിലലോക സൺഡേസ്കൂൾ പ്രസ്ഥാനമായി വളർന്ന് പന്തലിച്ചത്.

നമ്മുടെ സൺഡേസ്കൂളിൽ എന്നെ ശിശുവകുപ്പിൽ ചേർക്കുന്നത് 1961 ൽ ആയിരിക്കാം. പാട്ടുകളുടെ അഭ്യസനത്തോടെയാണല്ലോ സൺഡേസ്കൂൾ ആരംഭിക്കുന്നത്. പുതിയ ക്രിസ്തീയ പാട്ടുകൾ എവിടെ കേട്ടാലും അടുത്ത ഞായറാഴ്ച അത് കുട്ടികളെ പഠിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു കളീക്കലെ കൊച്ചുണ്ണൂണ്ണി സാർ. സൺഡേസ്കൂൾ മിഷനറി ആയിരുന്ന കിണറ്റുകര കെ.സി. തോമസ് സാർ മിഷനറിമാരുടെ സാഹസിക ചരിത്രങ്ങൾ വിവരിക്കുമ്പോൾ ഒരു മിഷനറിയായി തീരണം എന്ന ആഗ്രഹം ഉള്ളിൽ ജനിക്കും. മദ്ധ്യവകുപ്പിൽ അദ്ധ്യാപകനായിരുന്ന കെ. ജെ. തോമസ് (ചാലക്കാട്ടിൽ തോമ്മാച്ചായൻ) ആരായിത്തീരണം എന്ന ആഗ്രഹം കുട്ടികളെ കൊണ്ട് ക്ലാസ്സിൽ പറയിക്കുമായിരുന്നു. ഒരു വൈദീകനാകാൻ ആഗ്രഹിക്കുന്നു എന്ന് ക്ലാസ്സിൽ പറഞ്ഞത് ഇപ്പോഴും എന്റെ ഓർമ്മയിലുണ്ട്. സ്നേഹത്തോടെയും കരുതലോടെയും ഇടപെട്ട എല്ലാ ഗുരുക്കന്മാരുടെയും പേരുവിവരങ്ങൾ രേഖപ്പെടുത്തുക സാധ്യമല്ലല്ലോ. എന്നാൽ അവരുടെ പ്രാർത്ഥനയും സദുപദേശങ്ങളും എന്റെ ജീവിതത്തെ ധന്യമാക്കി എന്നത് നിസ്സംശയം സാക്ഷിക്കുവാൻ സാധിക്കും. നമ്മുടെ സൺഡേസ്കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്റർ ആയിരുന്ന ലൂക്കോസ് ആശാൻ കോട്ടയം സി.എം.എസ് കോളേജിൽ സംസ്കൃത അദ്ധ്യാപകനായിരുന്നു. നമ്മുടെ സൺഡേസ്കൂളിൽ പഠിച്ച കുറിച്ചിയത്ത് ശ്രീ. കെ. കെ. കുരുവിള അമേരിക്കയിൽ നിന്ന് എം.എ. ബിഡി. ബിരുദം നേടിയ ശേഷം കോട്ടയം എം.ടി. സെമിനാരി ഹൈസ്കൂൾ ഹെഡ്മാസ്റ്ററായും തുടർന്ന് 1927ൽ വൈദീക സെമിനാരി സ്ഥാപിതമായപ്പോൾ അതിന്റെ പ്രഥമ പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചു. 1925 മാർച്ച് 15ന് വൈക്കം സത്യഗ്രഹവുമായി ബന്ധപ്പെട്ട് ഗാന്ധിജി കോട്ടയത്ത് എത്തിയപ്പോൾ അന്തിയുറങ്ങാൻ ഗാന്ധിജി സ്വയം തിരഞ്ഞെടുത്തത് സാമൂഹ്യ പരിഷ്കർത്താവ് കൂടിയായിരുന്ന ശ്രീ. കെ.കെ. കുരുവിളയുടെ ഭവനമാണ് എന്നത് സ്മരണീയമാണ്.

ഒരു കാർഷിക പരിസരത്തിലാണ് ഞങ്ങളൊക്കെ ജനിച്ചു വളർന്നത്. ഇന്ന് ഡിജിറ്റൽ യുഗത്തിലാണ് കുട്ടികൾ ജനിച്ചു വളരുന്നത്. അവരിൽ ചരിത്രബോധവും ക്രിസ്തീയ വിശ്വാസത്തിലധിഷ്ഠിതമായ ജീവിതക്രമങ്ങളും സൃഷ്ടിക്കുക ശ്രമകരമായ അദ്ധ്വാനമാണ്. ഭൗതിക പ്രതിഫലങ്ങൾ ഒന്നുമില്ലെങ്കിൽ തന്നെയും നമ്മുടെ അദ്ധ്യാപകർ ഈ രംഗത്ത് മാതൃകാപരമായി തങ്ങളുടെ ശുശ്രൂഷ നിർവ്വഹിക്കുന്നു എന്നത് ശ്ലാഘനീയമാണ്. അവരുടെ ഉദ്യമത്തിൽ നാമും പങ്കു ചേരുമ്പോൾ അനുഗ്രഹീതരായ തലമുറകൾ നമുക്കുണ്ടാവും എന്നതാണ് ചരിത്രം നല്കുന്ന സാക്ഷി പത്രം.



തൃക്കപാലീശ്വരം ശിവക്ഷേത്രം

ക്രിസ്തീയ ജീവിതത്തിന്റെ നീരുറവ



റവ. സഖറിയ ജോൺ
(മുൻ വികാരി)

മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിതവേലയുടെ ഫലമായി സ്ഥാപിതമായ സപ്ത ദേവാലയങ്ങളിലൊന്നാണല്ലോ നിരണം യെരുശലേം ദേവാലയം. ഇന്നത്തെ യെരുശലേം ദേവാലയ സ്ഥാപനത്തിനു മുമ്പുതന്നെ ഈ പ്രദേശത്ത് സൺഡേസ്കൂൾ അഭ്യസനം ആരംഭിച്ചിരുന്നുവെന്നത് നമ്മുടെ പൂർവ്വികരുടെ വിശാലദർശനത്തിന്റെ തെളിവാണ്. ഇംഗ്ലീഷ് മിഷനറിമാർ തുടക്കം കുറിച്ച വിദ്യാഭ്യാസ സമ്പ്രദായവും ഞായറാഴ്ചത്തെ ബൈബിൾ ക്ലാസ്സുകളും നമ്മുടെ ദേശത്തിന്റെ പുരോഗതിയിൽ നടുനായകത്വം വഹിച്ചു. മലങ്കര മെത്രാപ്പോലീത്തായുടെ അനുമതിയോടെ മിഷനറിമാർ



യെരുശലേം മാർത്തോമ്മാ സൺഡേസ്കൂൾ, നിരണം

സുറിയാനി പള്ളികളിൽ വേദാധ്യാപനവും പ്രാഥമിക വിദ്യാഭ്യാസവും നടത്തിയത് ആധുനിക വിദ്യാഭ്യാസത്തിന് അടിത്തറ പാകി. ഇത്തരത്തിൽ അഭ്യസനം സിദ്ധിച്ചവരാണ് ഈ പ്രദേശത്ത് ജീവിച്ചിരുന്ന നമ്മുടെ പൂർവ്വികർ എന്നത് കൃതജ്ഞതാപൂർവ്വം സ്മരിക്കാം.

യോശിയാ രാജാവിന്റെ കാലത്ത് യെരുശലേം ദേവാലയത്തിന്റെ കേടുപാടുകൾ തീർക്കുന്ന സന്ദർഭത്തിലാണ് ഹില്ക്കീയാ പുരോഹിതൻ മോശയുടെ നിയമഗ്രന്ഥച്ചുരുൾ കണ്ടെടുത്തത്. തുടർന്ന് രാജാവും പ്രജകളും ദേവാലയത്തിൽ കൂടിവന്ന് പ്രസ്തുത ചുരുൾ വായിച്ചുകേൾക്കയും ദൈവിക ഉടമ്പടി പുതുക്കുകയും ചെയ്തത് സമഗ്രമായ ഒരു നവീകരണത്തിന് നാന്ദി കുറിച്ചു (2 ദിന. 34, 35). തിരുവെഴുത്തുകളുടെ വായനയും വ്യാഖ്യാനവും യഹൂദ സിനഗോഗിലെ അവിഭാജ്യ ഘടകങ്ങളാണ്. യഹൂദ ക്രിസ്ത്യാനികളാൽ തുടക്കം കുറിച്ച ആദിമ ക്രൈസ്തവ സഭയിലും അത് തുടർന്നുവന്നു.

മലങ്കര സഭാ ചരിത്രത്തിൽ 1809 ൽ കണ്ടനാട് പള്ളിയിൽ ചേർന്ന 50ൽ പരം ഇടവകകളുടെ പ്രതിനിധിയോഗം കൈകൊണ്ട സുപ്രധാന തീരുമാനങ്ങളിലൊന്നാണ് കുട്ടികളുടെ മതബോധനം. പുലിക്കോട്ടിൽ, പുന്നത്ര ദീവന്നാസ്യോസ് മെത്രാപ്പോലീത്താമാരുടെ കാലത്ത് (1816-25) മലങ്കരയിലെത്തിയ സി.എം.എസ്. മിഷനറിത്രയം ബെയ്ലി, ഫെൻ, ബേക്കർ എന്നിവർ ബൈബിൾ തർജ്ജമ, വൈദികാഭ്യസനം, വിദ്യാഭ്യാസം എന്നീ മേഖലകൾക്ക് ഗണ്യമായ സംഭാവനകൾ നല്കി. മലങ്കര സഭയിൽ 1836 ൽ തുടക്കം കുറിച്ച നവീകരണത്തിന് പ്രേരകമായതും വി. വേദപുസ്തകത്തിന്റെ വിവർത്തനവും വിതരണവും വ്യാഖ്യാനവുമായിരുന്നു എന്നത് ശ്രദ്ധേയമാണ്. കർമ്മാചാരങ്ങളിൽ അധിഷ്ഠിതമായിരുന്ന മതാത്മകത തിരുവചന കേന്ദ്രീകൃതമായതോടെ വ്യക്തിജീവിതവും സാമൂഹ്യജീവിതവും സമഗ്രമായ വ്യതിയാനങ്ങൾക്ക് വിധേയമായി. ഇപ്രകാരം മലങ്കരയിൽ ആരംഭിച്ച സൺഡേസ്കൂൾ അദ്ധ്യയനത്തിന് നവീകരണപക്ഷത്ത് ഉറച്ചുനിന്നവരുടെ ഇടയിൽ ഗണ്യമായ സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞു. 1905 മുതൽ മാർത്തോമ്മാ സൺഡേസ്കൂൾ സമാജം ക്രമീകൃതമായി പ്രവർത്തിച്ചവരുന്നു.

സൺഡേസ്കൂൾ സ്വഭാവ രൂപവൽക്കരണത്തിന്റെ പിള്ളത്തൊട്ടിലാണ്. ക്രൈസ്തവ ശിശുക്കളുടെ പ്രഥമ പാഠശാല കുടുംബമാണെങ്കിലും ക്രമീകൃതമായ ക്രിസ്തീയാദ്ധ്യയനം നടക്കുന്നത് സൺഡേസ്കൂളിലാണ്. അവധിക്കാല വേദപഠന ക്ലാസ്സുകളും സുപ്രധാനമായ പങ്ക് നിർവ്വഹിക്കുന്നു. ക്രിസ്തു കേന്ദ്രീകൃതമായ ഒരു ജീവിതശൈലിയാണ് ഇവിടെ തുടക്കമിടുന്നത്. കളികളിലൂടെയും കഥകളിലൂടെയും പാട്ടുകളിലൂടെയും ദൈവസ്നേഹത്തെപ്പറ്റിയും പരിപാലനത്തെപ്പറ്റിയുമുള്ള ബാലപാഠങ്ങൾ രസാവഹമായി കുഞ്ഞുങ്ങൾക്ക് ഹൃദിസ്ഥമാക്കുവാൻ കഴിയുന്നു. ഇക്കാരണത്താൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് സൺഡേസ്കൂൾ അഭ്യസനം നഷ്ടമാകാതെ ശ്രദ്ധിക്കേണ്ടത് അവശ്യം ആവശ്യമാണ്. "പൈതങ്ങളെ എന്റെയടുക്കൽ വരുവാൻ വിടുവീൻ; അവരെ തടയരുത്" എന്ന ക്രിസ്തുനാഥന്റെ ആഹ്വാനം എക്കാലത്തെയും മാതാപിതാക്കളോടുള്ളതാണ്. "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല" "If character is lost, everything is lost" എന്നീ ചൊല്ലുകൾ നാം ഉൾക്കൊണ്ട് നമ്മുടെ ഇളംതലമുറയെ വളർത്തണം. ബാലനായ യേശു ജ്ഞാനത്തിലും വളർച്ചയിലും മുതിർന്നുവരുവാൻ ഇടയാക്കിയത് ഭവനം, സിനഗോഗ്, ദേവാലയം എന്നിവയിലൂടെ ലഭിച്ച ശിക്ഷണവും ഉൾക്കാഴ്ചകളുമായിരുന്നു.

സൺഡേസ്കൂൾ സാമൂഹ്യ ജീവിതത്തിന്റെ അടിത്തറ കെട്ടുപണി ചെയ്യുന്നു. ഭവനത്തെ സഭയോട് ബന്ധിപ്പിക്കുന്ന സുപ്രധാന കണ്ണിയാണ് സൺഡേസ്കൂൾ. മനുഷ്യൻ സാമൂഹ്യ ജീവിയായതിനാൽ ബന്ധങ്ങളിൽ അധിഷ്ഠിതമായ ഒരു ജീവിതശൈലിയിൽ വളരേണ്ടതുണ്ട്. വിവിധ പ്രായക്കാരോടു ബന്ധപ്പെട്ടു മാത്രമേ ആരോഗ്യകരമായ വളർച്ച സാദ്ധ്യമാകയുള്ളു. ഇക്കാര്യത്തിൽ സൺഡേസ്കൂൾ നിർണ്ണായക സ്വാധീനമാണ് ഒരു ശിശുവിന് നൽകുന്നത്. വിശ്വവിശാലതയിൽ ചിന്തിക്കുന്നതിനും പ്രാദേശിക തലത്തിൽ കർമ്മനിരതരാകുന്നതിനും കഴിയുമ്പോഴാണ് നാം ഉത്തമ പൗരരായിത്തീരുന്നത്. നാം അധിവസിക്കുന്ന പ്രദേശം ലോകത്തിന്റെ ഒരു ചെറിയ കണിക മാത്രമെന്നും നാമായിരിക്കുന്നയിടം ശുചിത്വമുള്ളതും മനോഹരവുമാക്കുമ്പോൾ അത് സമൂഹത്തോ

ടുള്ള നമ്മുടെ കടമ നിർവ്വഹണമാ ണെന്നും തിരിച്ചറിയേണ്ടതുണ്ട്. No man is an Island എന്നത് കോവിഡ് എന്ന മഹാമാരിയുടെ വിശ്വവ്യാപന ത്തിൽ നിന്നും നമുക്ക് ബോദ്ധ്യമായിരി ക്കുന്നു. സാമൂഹ്യജീവിയായ മനുഷ ്യന് കൊണ്ടും കൊടുത്തും മാത്രമേ ജീവിക്കാൻ കഴിയൂ. അറിവ്, കഴിവ്, വിഭവങ്ങൾ എന്നിവ സ്വരൂപിച്ചു വയ്ക്കുന്നതിലല്ല, പങ്കിടുന്നതിലാണ് മഹത്വം എന്ന് നമ്മെ ഇത്തരം അനുഭ വങ്ങൾ ബോദ്ധ്യപ്പെടുത്തുന്നു. സാഹോദര്യവും സമഭാവനയും ദീനാ നുകമ്പയും നമ്മെ ഉത്തമ വ്യക്തികളാ ക്കുന്നതിന് അനുപേക്ഷണീയമാണ്.

സൺഡേസ്കൂൾ ക്രിസ്തീയജീ വിതത്തിന്റെ നീരുറവയാണ്. ദൈവ ത്തിന്റെ പിതൃത്വവും മനുഷ്യന്റെ സാഹോദര്യവുമാണ് ക്രൈസ്തവ വിശ്വാസത്തിന്റെ ആണിക്കല്ല്. ക്രിസ്തുവാകുന്ന തലയോളം വളർന്നു കൊണ്ടിരിക്കേണ്ട ഒരനുഭവമാണ് ക്രിസ്തീയജീവിതം. ആയുഷ്ക്കാലം നീളുന്ന ഈ വളർച്ചയുടെ തുടക്കം കുറിക്കുന്നത് സൺഡേസ്കൂളിലാ ണെന്നത് ഏറെ പ്രധാനപ്പെട്ടതാണ്. സൺഡേസ്കൂളിൽ മുൻകാലങ്ങളിലു ണ്ടായിരുന്ന നുള്ളരി ശേഖരണവും സാധനലേലവുമെല്ലാം ഇതിന്റെ ബാല പാഠങ്ങളാണ് ശിശുക്കളുടെ മനസ്സിൽ കോറിയിട്ടിരുന്നത്. ജീവൻ നില നിർത്തുന്നതിന്റെ ഉപാധിയായ ഭക്ഷ ണവും കാർഷിക വിളവുകളുമൊക്കെ സ്വന്തയാവശ്യങ്ങൾക്കു മാത്രമുപയോ ഗിക്കാതെ അവയില്ലാത്തവരെ ഓർക്കു ന്നതിനും കരുതുന്നതിനുമുള്ള കടപ്പാ ടാണ് ഇവിടെ പരിശീലിപ്പിക്കുന്നത്. നിത്യജീവനിലേക്കുള്ള നീരുറവയുടെ ശ്രോതസ് കണ്ടെത്തുവാൻ സൺഡേ സ്കൂൾ അദ്ധ്യയനം നിർണ്ണായക പങ്കാണ് വഹിക്കുന്നത്.

സൺഡേസ്കൂൾ അഭ്യസനം ലഭിച്ച ഒരു വ്യക്തിയും ലഭിക്കാത്ത ഒരു വ്യക്തിയും തമ്മിലുള്ള വ്യത്യാസം പല മേഖലയിലും ഏറെ പ്രകടമാണ്. വേദപരിജ്ഞാനം വേദപുസ്തകത്തോ ടുള്ള സമീപനം, സഭയോടുള്ള പ്രതിബദ്ധത, സമൂഹത്തോടുള്ള കാഴ്ചപ്പാട് ഇവയിൽ അജഗ ജാന്തരമുണ്ടെന്നത് അവിതർക്കിതമാണ്. നമ്മുടെ കുട്ടികൾ വിദ്യാഭ്യാസത്തിനും ജോലിക്കുമായി ഭവനങ്ങളിൽ നിന്നും വിദൂരസ്ഥലങ്ങളിലേക്കു പോകുക ഇക്കാലത്ത് സർവ്വസാധാരണമാണ ല്ലോ. ക്രിസ്തീയ പരിപോഷണം വേണ്ടത്ര ലഭി ക്കാത്ത എത്രയോ കുട്ടികൾ ദിശമാറിപ്പോകുന്നു എന്നത് നാം അതീവഗൗരവമായി കാണേണ്ടതു ണ്ട്. ക്രിസ്തീയ ജീവിതത്തിൽ താല്പര്യമില്ലാതെ Intercaste marital relationships, Praise & Worship തുടങ്ങിയ നൂതന ആരാധനാ ശൈലികളോടുള്ള ആഭിമുഖ്യം ഇവയെല്ലാം പലരേയും സഭയിൽ നിന്നും അടർന്നുപോകുവാൻ ഇടയാക്കുന്നു. രോഗം വന്നിട്ട് ചികിത്സിക്കുന്നതിലും ഭേദം രോഗം വരാതെ നോക്കുകയാണ്. ഉയിർത്തെഴു ന്നേറ്റ കർത്താവ് ഗലീലകടൽക്കരെ വച്ച് പത്രോ സിന് കൊടുത്ത നിയോഗങ്ങളിൽ ആദ്യത്തേത് എന്റെ കുഞ്ഞാടുകളെ മേയ്ക്കുക എന്നതായിരു ന്നു. ചെന്നായ്ക്കൾക്ക് അനായാസം തട്ടിയെടു ക്കാവുന്നത് ആട്ടിൻപറ്റത്തിലെ കുഞ്ഞാടുകളെ യാണല്ലോ. ആദിമ സഭയിൽ നുഴഞ്ഞുകയറുന്ന കടിച്ചുകീറുന്ന ചെന്നായ്ക്കളെപ്പറ്റി പൗലൊസ് ശ്ലീഹാ മുന്നറിയിപ്പു നല്കുന്നത് തികച്ചും ശ്രദ്ധേ യമാണ് (അപ്പൊ. പ്ര. 20:29). അതിനാൽ കുഞ്ഞാ ടുകളെ ഭുജത്തിൽ എടുത്തു മാറോടണക്കുന്ന നല്ല ഇടയന്റെ മാതൃകയിൽ (യെശ.40:11) നമ്മുടെ ഇളംതലമുറയെ കർത്താവിന്റെ അരുമ മക്കളായി വളർത്താം, അഭ്യസിപ്പിക്കാം.

ഞായറാഴ്ചകളിലെ പള്ളി ആരാധനയും സൺഡേസ്കൂൾ ക്ലാസ്സുകളും പ്രാർത്ഥനാക്കൂട്ട ങ്ങളുമെല്ലാം തുടർച്ചയായി ഇദംപ്രഥമമായി മുട ങ്ങിയ സാഹചര്യം കനത്ത ആഘാതമാണ് നമുക്ക് വരുത്തിയത്. ബാബിലോൺ നദികളുടെ തീരത്തിരുന്ന് സീയോനെ ഓർത്തു കരഞ്ഞ പ്രവാസികളായ യിസ്രായേൽ മക്കളെപ്പോലെ നാം ആയിരിക്കുന്ന ഈ നാളുകളിൽ ചെറു പ്രായം മുതലേ കുടുംബത്തിലൂടെയും സൺഡേ സ്കൂളിലൂടെയും ലഭിച്ച ക്രിസ്തീയ പരിപോഷ ണത്തിനായി സ്തോത്രം ചെയ്യാം. മാതാപിതാ ക്കൾ ഗുരുജനങ്ങൾ എന്നിവർക്കായി നന്ദിയർപ്പി ക്കാം. ദൈവവചനം കടലാസിൽ നിന്നും ഹൃദയ മാകുന്ന മാംസപ്പലകയിൽ ആഴമായി ആലേ ഖനം ചെയ്ത് രാപ്പകൽ ധ്യാനിക്കുന്നവരായിത്തീ രാം. തിരുവചനം നമ്മുടെ കാലിനു ദീപവും പാതയ്ക്കു പ്രകാശവുമാകട്ടെ.



ഗിരീഷ്

ഡിജിറ്റൽ സ്റ്റുഡിയോ & വീഡിയോ

ആലുംതുരുത്തി ദേവീക്ഷേത്രത്തിന് എതിർവശം, വാലുപറമ്പിൽ ബിൽഡിംഗ്, വളഞ്ഞവട്ടം

ഫോൺ : 9847885837, 9847895837

GIRISH STUDIO

9847 88 58 37

Email: girishstudio@yahoo.com

girishstudio

girish wedding photography

HD Quality Live Streaming

In loving memory of



K.M. ALEXANDER & CHINNAMMA ALEXANDER
KINATTUKARA

Inserted by
LISSY, BILLY, MOLLY, REENA



In Loving Memory of

Annamma Thomas

Inserted by

Mr. K.M. Thomas & Family
Kinattukara Shaji Villa



In Loving Memory of

Oommen Abraham Puthenparampil

Inserted by:
Lilly Abraham & Family

Best compliments from

MR. REJI MATHEW & FAMILY

PALLICHIRA EBENEZER



Best compliments from



MR. JOSE P. MATHEW
& FAMILY
PALLICHIRA KUNNEL



BEST COMPLIMENTS FROM



VARGHESE P. CHERIAN& FAMILY, PATTAMUKKIL





സൺഡേസ്കൂൾ അദ്ധ്യാപകർ (1969)



സൺഡേസ്കൂൾ അദ്ധ്യാപകർ (1970)



നിരണം യരുശലേം സണ്ടേസ്ക്കൂൾ

ശതവൽസര മഹാമഹം

മാന്യരെ,

ദൈവേഷ്ടമായാൽ നിരണം യരുശലേം സണ്ടേസ്കൂളിന്റെ ശതവത്സരാഘോഷത്തോടനുബന്ധിച്ചുള്ള പൊതുയോഗം 1970 ആഗസ്റ്റ് 9-ാംതീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് നി. വ. ദി. ശ്രീ ഡാ: മാത്യുസ് മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പാ തിരുമനസ്സിലെ മഹനീയ അദ്ധ്യക്ഷതയിൽ സ്കൂൾകെട്ടിടത്തിൽവച്ച് നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു. തദവസരത്തിൽ സ്മാരകഗ്രന്ഥത്തിന്റെ ഉത്ഘാടനവും നിർവ്വഹിക്കപ്പെടുന്നതാണ്.

പ്രസംഗകർ

1) റവ: ഫാ. എം. വി. ജോൺ M. A. B. D. S. T. M. (Orthodox Church)
2) റവ. ഡാ: കെ. കെ. ജോൺ M. A. Th. D.
3) മി. പി. എ. ജോൺ M. A. (St. Thomas College, Kozhencherri)

പ്രസ്തുത മീററിംഗിലേക്ക് നിങ്ങളേവരുടെയും പ്രാർത്ഥനാപൂർവ്വമായ സാന്നിദ്ധ്യസഹകരണങ്ങൾ സാദരം ക്ഷണിച്ചുകൊള്ളുന്നു.

എന്ന് കമ്മിററിക്കുവേണ്ടി,
തോമസ് കുര്യൻ (കൺവീനർ)
വി. ഐ. ജോൺ (സെക്രട്ടറി)
റവ: കെ ഐ മത്തായി (പ്രസിഡന്റ്)

T. A. M. PRESS, TIRUVALLA



വാർഷികപരീക്ഷയിലെ സമ്മാനാർഹർ (1969)

ഓർമ്മകളുടെ താളുകൾ

In loving memory of



V. A. VARGHESE &
MARIYAMMA VARGHESE



IPE VARGHESE



INSERTED BY

ABRAHAM V. VARGHESE
& FAMILY
VIZHALIL

നിരണം യെരുശലേം ഇടവകയിൽ നിന്നും സൺഡേസ്കൂളിൽ നിന്നും എനിക്കു ലഭിച്ചിട്ടുള്ള പ്രചോദനം



ദി. ശ്രീ. കെ. ജെ. ഫിലിപ്പ് കശ്ശീശ, ചാലക്കാട്ടിൽ
(ഇടവകാംഗം)

(ശതാബ്ദി സ്മാരക ഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ചത്)

നിരണം യെരുശലേം സൺഡേസ്കൂളിന്റെ ശതാബ്ദി സംബന്ധിച്ചു പ്രസിദ്ധപ്പെടുത്തുന്ന സ്മാരകഗ്രന്ഥത്തിനു ഒരു ലേഖനം ആവശ്യപ്പെട്ടുകൊണ്ട് വികാരിയച്ചൻ അയച്ച എഴുത്താണ് ഇതെഴുതുവാൻ എന്നെ പ്രേരിപ്പിച്ചത്. മാതൃ ഇടവകയെപ്പറ്റി എനിക്കുള്ള സ്മരണ ഏറ്റവും അഭിമാനകരവും കൃതജ്ഞതാനിർഭരവുമാണ്. ഇടവകയെപ്പറ്റിയുള്ള സ്മരണകൾ വിവരിക്കുവാൻ പാടില്ലാത്ത സന്തോഷമാണ് മനസ്സിൽ ജനിപ്പിക്കുന്നത്. നിരണം വലിയ പള്ളിയിൽ നിന്നും വിട്ടുമാറി യെരുശലേം ഇടവക സ്ഥാപിക്കാൻ ഇടയായ സാഹചര്യങ്ങളെപ്പറ്റി പിതാക്കന്മാരിൽ നിന്നും കേട്ടു മനസ്സിലാക്കിയിട്ടുണ്ട്. നിരണം വലിയ പള്ളിയുടെ സ്വത്തും, പ്രതാപവും, പൊൻകുരിശും മറ്റും ഉപേക്ഷിക്കാൻ നമ്മുടെ ജനങ്ങൾ സന്നദ്ധരായത് അബ്രഹാം മല്പാനച്ചന്റെ നവീകരണ വിശ്വാസപ്രമാണങ്ങളോടുള്ള ബഹുമാനം കൊണ്ടാണ്. നിരണം പള്ളിയുടെ പ്രധാന വികാരിയായിരുന്ന ബഹു. പട്ടമുക്കിലച്ചൻ ആ സ്ഥാനം സ്വമനസാ ഉപേക്ഷിച്ച് അന്ന് പാവപ്പെട്ട ഏതാനും ആളുകൾക്ക് സുധീര നേതൃത്വം നൽകി കണ്ണുനീരിൽ ആരംഭിച്ചതാണ് ഇന്നത്തെ യെരുശലേം പള്ളി. പട്ടമുക്കിലച്ചന്മാരുടെ ത്യാഗനിർഭരമായ സേവനങ്ങൾ ഒരിക്കലും വിസ്മരിക്കപ്പെടുകയില്ല. ക്രിസ്തുശിഷ്യന്മാരിൽ ഒരുവനായ വി. തോമസ് അപ്പൊസ്തലൻ കേരളത്തിൽ ഏഴു പള്ളികൾ സ്ഥാപിച്ചതിൽ ഒരു പള്ളി നിരണത്തു പള്ളിയാണെന്ന് പൊതുവെ വിശ്വസിക്കപ്പെട്ടുവരുന്നു. ആരംഭകാലം മുതൽ പട്ടമുക്കിൽ കുടുംബത്തിലെ അച്ചന്മാർ നിരണം പള്ളിയുടെ വികാരിമാരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പട്ടമുക്കിൽ വല്യച്ചന്മാരുടെ ഉറച്ച ദൈവാശ്രയം, ത്യാഗസന്നദ്ധത ഇവ എന്റെ ഹൃദയത്തിൽ നന്നായി പതിഞ്ഞിരുന്നു.

നിരണം സൺഡേസ്കൂൾ

മാർത്തോമ്മാ സൺഡേസ്കൂൾ സമാജം ആരംഭിക്കുന്നതിനു വളരെ മുമ്പുതന്നെ നിരണത്തു ഒരു സൺഡേസ്കൂൾ ആരംഭിച്ചിരുന്നു. അതിന്റെ ആരംഭപ്രവർത്തകരായ വെൺപറമ്പിൽ ലൂക്കോസ് ആശാൻ മുതലായ പണ്ഡിതന്മാരും ഭക്തന്മാരുമായ ചിലരെക്കുറിച്ച് വളരെ ചെറുപ്പത്തിൽ കേൾക്കാൻ ഇടയായിട്ടുണ്ട്. ആ കുടുംബാംഗങ്ങളായ 'കോരസാർ' 'മാത്തുക്കുട്ടി സാർ' ഇവരൊക്കെ എന്റെ അദ്ധ്യാപകരായിരുന്നു. വളരെ ചെറുപ്പകാലം മുതൽ ഞാൻ സൺഡേസ്കൂളിൽ ചേർന്നു പഠിച്ചു. ആ കാലത്ത് നിരണം യെരുശലേം സൺഡേസ്കൂൾ വളരെ പ്രശസ്തമായ നിലയിൽ നടത്തപ്പെട്ടിരുന്നു. കിണറ്റുകര ശ്രീ. കെ. സി തോമസ് സൺഡേസ്കൂൾ മിഷനറി എന്ന നിലയിൽ കുട്ടികളുടെ ഇടയിൽ ശക്തിയായ ഒരു ക്രിസ്തീയ സ്വാധീനമായിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി അനേകം പൈതങ്ങളും യുവാക്കളും ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കുവാൻ ഇടയായിട്ടുണ്ട്. ഇപ്പോൾ വൃദ്ധനായിരിക്കുന്ന അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള ചില മിഷൻ ടൂറുകളിൽ സംബന്ധിച്ചിട്ടുള്ളത് എനിക്ക് പ്രചോദനം നല്കിയിട്ടുണ്ട്. 1925-ൽ ആലപ്പുഴ കടൽപ്പുറത്ത് വച്ച് വി. പി മാമ്മനച്ചൻ, ശ്രീ. പി. ഒ സാമുവേൽ എന്നിവർ നടത്തിയ പ്രഭാഷണങ്ങളുടെ ഓർമ്മ ഇന്നും ഹൃദയത്തിൽ നിന്നും മാഞ്ഞുപോയിട്ടില്ല.

സൺഡേസ്കൂൾ പ്രവർത്തനത്തിൽ ഊർജ്ജസ്വലതയോടെ ദീർഘനാൾ പ്രവർത്തിച്ച ഒരു നേതാവാണ് ശ്രീ. എം. പി ജോർജ്ജ്. സൺഡേസ്കൂൾ അദ്ധ്യാപകൻ, ഇൻസ്പെക്ടർ ഈ നിലകളിലെല്ലാം അദ്ദേഹം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹത്തിനു എന്നിൽ പുത്രനിർവ്വിശേഷമായ സ്നേഹവും, വാത്സല്യവും ഉണ്ടായിരുന്നു. ക്രിസ്തീയ ശുശ്രൂഷ തെരഞ്ഞെടുക്കുന്നതിനു പ്രത്യക്ഷമായും പരോക്ഷമായും ശ്രീ. ജോർജ്ജ് എനിക്കു നൽകിയിട്ടുള്ള സൽപ്രേരണ പ്രത്യേകം സ്മരണീയമാണ്.

അവിസ്മരണീയരായ ചില വ്യക്തികൾ

വി. പി മാമ്മനച്ചന്റെ ഇടവക സന്ദർശനം, സൺഡേസ്കൂൾ സന്ദർശനം ഇവ എല്ലാവരും കൗതുകത്തോടെ വീക്ഷിച്ചിരുന്നു. അച്ചന്റെ ഗംഭീരമായ പ്രഭാഷണങ്ങളും, നർമ്മ സല്ലാപങ്ങളും, സഭാഭക്തിയും, ധീരതയും ചെറുപ്പക്കാർക്കു വളരെ പ്രേരണ നൽകിയിട്ടുണ്ട്.അദ്ദേഹത്തിന്റെ ജീവിതവും സൺഡേസ്കൂളും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരുന്നു. 'സന്ദർശിനിയിൽ' അച്ചൻതുടർച്ചയായി എഴുതിയിരുന്ന ലേഖനങ്ങൾ പ്രൗഢവും വിജ്ഞാനപ്രദവുമായിരുന്നു. ഞായറാഴ്ച ആരാധനയിൽ അക്കാലത്ത് യെരുശലേം പള്ളിയിൽ സംബന്ധിച്ചിട്ടുള്ള ചില വ്യക്തികളെ മറക്കാൻ പ്രയാസമാണ്. മേല്പാടത്തു വാലുചിറമേൽ അവറാച്ചൻ, നാനാത്ര ദാനിയേൽ ഉപദേശി, വട്ടടിയിൽ കുട്ടിയമ്മാച്ചൻ, പട്ടമുക്കിൽ യോഹന്നാപ്പിസാർ (പിന്നീട് അച്ചൻ) ശ്രീ. കെ. സി തോമസ്, ശ്രീ. എം.പി ജോർജ്ജ് മുതലായ വ്യക്തികൾ ഞായറാഴ്ച ശുശ്രൂഷകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ചില പ്രസംഗങ്ങളുടെ ദൈർഘ്യം എനിക്കു ദുസ്സഹമായി തോന്നിയിട്ടുണ്ട്. (ചിലർ രണ്ടു മണിക്കൂർ സമയം പ്രസംഗിക്കുമായിരുന്നു) എന്നാൽ പ്രസംഗങ്ങളിൽ നിഴലിച്ചിരുന്ന ആത്മാർത്ഥത, തെളിഞ്ഞ ദൈവവിശ്വാസം ഇവ എത്രയും ഉന്നതമായിരുന്നു. പത്തു മണിക്കു ആരംഭിക്കുന്ന ശുശ്രൂഷ രണ്ടു മണിവരെ നീണ്ടു പോയിട്ടുണ്ട്. കൊച്ചുകുട്ടികളും പ്രായം ചെന്നവരും കുറെയൊക്കെ ഉറങ്ങുമായിരുന്നു. ഇടക്കിടക്കു മേശപ്പുറത്തുള്ള പ്രസംഗകരുടെ അടി ഒരുവിധത്തിൽ സഹായകരമായിരുന്നു. വാലുചിറമേൽ അവറാച്ചൻ സുവിശേഷത്തിന്റെ നിറകുടമായിരുന്നു. അഞ്ചു വയസ്സു പ്രായം മുതൽ പള്ളി ആരാധനയിൽ എന്നെ കൂട്ടിക്കൊണ്ടു പോകുന്നത് എന്റെ വല്ല്യപ്പനായിരുന്നു. അത്താഴം കഴിഞ്ഞു അദ്ദേഹം എന്നെ വേദപുസ്തകത്തിൽ നിന്നും പറഞ്ഞു കേൾപ്പിച്ചിരുന്ന കഥകൾ എത്ര രസകരമായിരുന്നു എന്നു ഓർക്കാറുണ്ട്. വീട്ടിൽ ലഭിച്ച ക്രിസ്തീയ പരിശീലനത്തോടുകൂടെ സൺഡേസ്കൂളിലും പള്ളിയിലും ലഭിച്ച സൽപ്രേരണകൾ എന്റെ ജീവിതത്തിൽ അവിസ്മരണീയ ഘടകങ്ങളായിരുന്നു.

ഇടവകയിലെ ചില പട്ടക്കാർ

പട്ടമുക്കിലെ വല്യച്ചന്മാരെക്കുറിച്ച് എനിക്കു നല്ല ഓർമ്മയില്ല. ഞാൻ ഹൈസ്കൂളിൽ പഠനം ആരംഭിച്ച കാലത്ത് ഇടവകയിൽ വികാരിയായിരുന്നതു നാലാംവേലിൽ ജോർജ്ജ് അച്ചനായിരുന്നു. അച്ചന്റെ അകവും പുറവും ഒരുപോലെ വെണ്മയായിരുന്നു. അന്ന് അച്ചന്മാർക്ക് താമസത്തിനുള്ള പള്ളിവീടു ഇല്ലാതിരുന്നതുകൊണ്ട് ചിലപ്പോൾ ഞങ്ങളുടെ വീട്ടിലും അച്ചൻ താമസിച്ചിട്ടുണ്ട്. അച്ചന്റെ ശുഭ്രവസ്ത്രം, ചുവന്ന തുവാല, നരച്ച മീശ, ആകർഷകമായ ആരാധന, പ്രസംഗം ഇവ ഞാൻ ഇപ്പോഴും നന്നായി സ്മരിക്കുന്നുണ്ട്. അച്ചനെ പള്ളിയിൽ കാണുമ്പോൾ ഒരു ദൈവദൂതന്റെ സ്മരണയാണ് ജനിക്കുന്നത്. ഇംഗ്ലീഷ് ബൈബിളിന്റെ സാഹിത്യഭംഗിയെപ്പറ്റി എന്നോടു സംസാരിക്കയും ഇംഗ്ലീഷ് ബൈബിൾ വായിക്കുന്നതിനു എന്നെ അച്ചൻ പ്രേരിപ്പിക്കയും ചെയ്തിട്ടുണ്ട്. നാലാംവേലിൽ അച്ചന്റെ കാലത്താണ് യെരുശലേം സൺഡേസ്കൂളിന്റെ വജ്രജൂബിലി ആഘോഷിക്കപ്പെട്ടത്. അന്നു അഭിനയിക്കപ്പെട്ട പ്രഹസനത്തിൽ 'ആമോസിന്റെ ഭാഗം' ഞാൻ അഭിനയിച്ചത് ഓർക്കുന്നു. അച്ചന്റെ ശേഷം പല പട്ടക്കാരും യരുശലേം പള്ളിയിൽ ശ്രേഷ്ഠമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അവരിൽ എനിക്കു അവിസ്മരണീയൻ, കിഴക്കേത്തലക്കൽ ജേക്കബ് അച്ചനാണ്. അച്ചന്റെ കാലത്താണ് പുതിയ പള്ളിയുടെ പണി പൂർത്തിയാക്കിയത്. പള്ളിപണിക്കുവേണ്ടി അച്ചൻ വളരെ കഷ്ടപ്പെട്ടു പ്രവർത്തിച്ചിട്ടുണ്ട്. അച്ചൻ സ്നേഹസമ്പന്നനും നിഷ്ക്കളങ്കനുമായിരുന്നു. അച്ചൻ ഇടവക വികാരിയായിരുന്ന കാലത്ത് ഞാൻ ബി.എ. പാസ്സായി ആലപ്പുഴ വൈ.എം.സി.എ.യിൽ സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ചു. അവിടെ നാലുവർഷം ജോലിയിൽ തുടർന്നു. ആ കാലത്ത് എനിക്ക് ഏബ്രഹാം മാർത്തോമ്മാ തിരുമേ



നിരണം യരുശലേം സണ്ടേസ്ക്കൂൾ

ശതവൽസര മഹാമഹം

മാന്യരെ,

ദൈവേഷ്ടമായാൽ നിരണം യരുശലേം സണ്ടേസ്കൂളിന്റെ ശതവത്സരാഘോഷത്തോടനുബന്ധിച്ചുള്ള പൊതുയോഗം 1970 ആഗസ്റ്റ് 9-ംതീയതി ഞായറാഴ്ച, ഉച്ചകഴിഞ്ഞു 2 മണിക്ക് നി. വ. ദ്വി. ശ്രീ ഡാ: മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ തിരുമനസ്സിലെ മഹനീയ അദ്ധ്യക്ഷതയിൽ സ്വന്തംകെട്ടിടത്തിൽവച്ച് നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നു. തദവസരത്തിൽ സ്മാരകഗ്രന്ഥത്തിന്റെ ഉത്ഘാടനവും നിവ്വഹിക്കപ്പെടുന്നതാണ്.

പ്രസംഗകർ

1) റവ: ഫാ. എം. വി. ജോർജ് M. A. B. D. S. T. M. *(Orthodox Church)*
2) റവ. ഡാ: കെ. കെ. ജോർജ് M. A. Th. D.
3) മി. പി. എ. ജോൺ M. A. *(St. Thomas College, Kozhencherri)*

പ്രസ്തുത മീറ്റിംഗിലേക്ക് നിങ്ങളേവരുടേയും പ്രോത്സാഹപൂർവ്വമായ സാന്നിദ്ധ്യസഹകരണങ്ങളും സാദരം ക്ഷണിച്ചുകൊള്ളുന്നു.

എന്നു് കമ്മിറ്റിക്കവേണ്ടി,
തോമസ് കർത്താ (കൺവീനർ)
വി. ഐ. ജോർജ് (സെക്രട്ടറി)
റവ: കെ ഐ തമ്പായി (പ്രസിഡന്റ്)

T. A. M. PRESS, TIRUVALLA

നിയെ കണ്ടുമുട്ടുവാൻ ഇടയായി. വൈ.എം.സി.എ. പ്രവർത്തനം ഉപേക്ഷിച്ചു, സഭയുടെ സേവനത്തിനു വരേണ്ടതിന്റെ ആവശ്യത്തെക്കുറിച്ച് തിരുമേനി നിർബന്ധപൂർവ്വം എന്നെ പ്രബോധിപ്പിക്കുമായിരുന്നു. എനിക്കു അന്നു ജോലി ഉപേക്ഷിക്കുന്നതിനു ചില പ്രതിബന്ധങ്ങൾ ഇല്ലാതിരുന്നില്ല. കുടുംബത്തിൽ ധനസംബന്ധമായ പ്രയാസം ഉണ്ടായിരുന്നതുകൊണ്ട് ഇളയ സഹോദരന്മാരുടെ പഠനം കുറെകൂടെ സാധിച്ചിട്ടു ഞാൻ വൈദിക പഠനത്തിനു പോയാൽ കൊള്ളാമെന്നു എന്റെ അപ്പന് ആഗ്രഹമുണ്ടായിരുന്നു. കൂടാതെ ഒരു പട്ടക്കാരനായി തീരാൻ എനിക്കുള്ള യോഗ്യതയെക്കുറിച്ചും എനിക്കു വളരെ സംശയമുണ്ടായിരുന്നു. ഞാൻ എന്തു തെരഞ്ഞെടുക്കണം എന്നതെക്കുറിച്ചു വല്ലാതെ വിഷമിച്ചിരുന്ന കാലഘട്ടത്തിൽ ജേക്കബ് അച്ചൻ എന്നെ ധൈര്യപ്പെടുത്തുകയും എന്റെ പിതാവിനെ പറഞ്ഞു സമ്മതിപ്പിക്കുകയും ചെയ്തു. അതിന്റെ ശേഷം ബാംഗ്ലൂർ വൈദിക കോളേജിൽ പഠിക്കാൻ എനിക്കു വഴി തെളിഞ്ഞുകിട്ടി. അന്നു മുതൽ ജേക്കബ് അച്ചൻ മരിക്കുന്ന കാലംവരെയും ഞങ്ങൾ ഏകോദരസഹോദരങ്ങളെപ്പോലെ വർത്തിച്ചിരുന്നു. ആയുസിന്റെ ജോലി തെരഞ്ഞെടുക്കുന്നതിനു എന്നെ സഹായിക്കാൻ ദൈവകരങ്ങളിൽ പ്രധാനമുഖാന്തരമായിരുന്നത് ഏബ്രഹാം മാർത്തോമ്മാ തിരുമേനി ആയിരുന്നു. കിഴക്കേത്തലയ്ക്കൽ, കെ.ജെ. ജേക്കബ് അച്ചനും ശ്രീ. എം. പി. ജോർജ്ജും എന്നെ പ്രോത്സാഹിപ്പിക്കയും ധൈര്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്റെ മാതാപിതാക്കന്മാരിൽ നിന്നും നിരണം യെരുശലേം മാർത്തോമ്മാ പള്ളിയിൽ നിന്നും സൺഡേസ്കൂളിൽ നിന്നും ലഭിച്ച പ്രകാശവും പടിപടിയായി ലഭിച്ച ആത്മീയ പ്രേരണകളും പട്ടക്കാരുടേയും അദ്ധ്യാപകരുടേയും സ്നേഹിതരുടെയും പ്രാർത്ഥനയും സൽപ്രേരണയും എന്റെ ആത്മീയ ജീവിതത്തിൽ പ്രധാന ഘടകങ്ങളായിരുന്നു. മാർത്തോമ്മാ സഭയിലെ ഒരു പട്ടക്കാരനായി ശുശ്രൂഷ ചെയ്യാൻ എനിക്കു മാർഗ്ഗദർശനം ലഭിച്ച പശ്ചാത്തലം യരുശലേം ഇടവകയായിരുന്നെന്ന വസ്തുത എല്ലായ്പ്പോഴും സന്തോഷപൂർവ്വം സ്മരിക്കുന്ന ഒരു വസ്തുതയാണ്.

സൺഡേസ്കൂളിന്റെ ശതാബ്ദിയാഘോഷം

ഇടവക സൺഡേസ്കൂളിന്റെ ശതാബ്ദിയാഘോഷം എനിക്കു പ്രത്യേകം സന്തോഷമുള്ള ഒരവസരമാണ്. ഞാൻ പട്ടത്വശുശ്രൂഷയിൽ പ്രവേശിച്ചത് 1941 ഏപ്രിൽ 26 ന് ആയിരുന്നു. ദൈവം അത്ഭുതകരമായി നടത്തിയ 29 വർഷമാണ് എനിക്കു പിന്നിടാൻ സാധിച്ചത്. സന്തോഷത്തിന്റെയും നന്ദിയുടെയും സ്മരണകൾ തിങ്ങിക്കൂടുന്ന ഒരവസരം. നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ ഹിതം അറിയുന്നതിനു വ്യക്തികളും സ്ഥാപനങ്ങളും നമ്മെ സഹായിക്കുന്നു. "ആർ നമുക്കു വേണ്ടി പോകും" എന്നുള്ള ദൈവശബ്ദത്തിനു മറുപടി പറയാനുള്ള ചുമതല അത്യധികമായി നിലകൊള്ളുന്നതു നമ്മിൽ ഓരോരുത്തരിലുമാണ്. ദൈവശബ്ദം കേൾക്കുന്നതിനു നമ്മെ സഹായിക്കുന്ന മുഖാന്തരങ്ങളും പ്രാധാന്യം അർഹിക്കുന്നു. അവയെ നാം ഒരിക്കലും വിസ്മരിക്കരുത്. ദൈവവിളി കേൾപ്പാൻ എന്നെ സഹായിച്ച എന്റെ മാതൃ ഇടവകയെപ്പറ്റിയുള്ള അതിരറ്റ കൃതജ്ഞതാബോധത്തോടുകൂടി ഈ ലേഖനം ഉപസംഹരിച്ചുകൊള്ളുന്നു.

"എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭ പോലെയും പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും".



റവ. ജോർജ്ജ് അലക്സാണ്ടർ
മണലേൽ പ്ലാപ്പുഴേത്ത്
(ഇടവകാംഗം)

ആനുകാലിക പരിതസ്ഥിതികൾ കണക്കിലെടുത്തു കൊണ്ടു പ്രവർത്തനത്തിൽ വേണ്ട പരിവർത്തനം വരുത്തുവാൻ ക്രിസ്തീയസഭ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെന്നുള്ളത് അഭിമാനപൂർവ്വം സ്മരിക്കാവുന്ന ഒരു വസ്തുതയത്രെ. മാത്രമല്ല ക്രിസ്തീയദൂതിന്റെ വെളിച്ചത്തിൽ സമൂഹത്തിൽ വരേണ്ട വ്യതിയാനങ്ങൾക്കു നേതൃത്വം കൊടുക്കുന്നതിലും സഭ ഗണ്യമായ ഒരു പങ്കു വഹിച്ചിട്ടുണ്ട്. ഭരണാധികാരികളായ പുരുഷന്മാരുടെ പ്രതികൂലങ്ങൾ വകവയ്ക്കാതെ സ്ത്രീകളുടെ നില മെച്ചപ്പെടുത്തുന്നതിലും യുവജനങ്ങളുമായി നേതൃത്വം പങ്കു വയ്ക്കുന്നതിലും കുട്ടികളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നതിലും സഭ ശ്രദ്ധിച്ചിട്ടുണ്ട് എന്നുള്ളത് ഇതിനു മതിയായ തെളിവത്രെ.

ഈ ദീർഘദൃഷ്ടി സഭ തുടർന്നും പ്രദർശിപ്പിക്കും എന്നും നമുക്കു പ്രതീക്ഷിക്കാം. ഏതാണ്ട് 150 കൊല്ലങ്ങൾക്ക് മുമ്പ് ഉന്നതകുലജാതനായ റോബർട്ട് റെയിക്സ് എന്നദേഹമാണ് സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ആരംഭം കുറിച്ചത്. ഒരു ദിവസം, അദ്ദേഹത്തിന്റെ സ്ഥാനത്തിനു ചേർന്ന വേഷഭൂഷണാദികളോടെ സായാഹ്ന സവാരിക്കുപോയി. സന്ധ്യാസമയത്ത് മടങ്ങിവരുമ്പോൾ ലണ്ടൻ പട്ടണത്തിന്റെ ചാളകളിൽ പാർത്തിരുന്ന പാവപ്പെട്ടവരുടെ കുട്ടികൾ കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ ധരിച്ചു, ദേഹമാസകലം ചെളിയും പുരണ്ടു, അശ്ലീല വാക്കുകൾ ഉച്ചരിച്ചുകൊണ്ട് തമ്മിൽ മല്ലടിക്കുന്ന കാഴ്ച അദ്ദേഹത്തെ നന്നെ വേദനിപ്പിച്ചു. ചെറിയ കുട്ടികളെക്കൊണ്ടും പണിയെടുപ്പിച്ചിരുന്ന അക്കാലത്തു ഈ സാഹചര്യങ്ങളിൽ ജീവിച്ചിരുന്ന കുട്ടികൾക്കു വിദ്യാലയങ്ങളിൽ പോകുവാനുള്ള ഭാഗ്യം ലഭിച്ചിരുന്നില്ല. അതുകൊണ്ട് അവർക്കു നല്ല പരിശീലനം നൽകുവാനായി വേറെ ഏതെങ്കിലും പരിപാടി ആസൂത്രണം ചെയ്യേണ്ടിയിരുന്നു. അതിനെപ്പറ്റി റോബർട്ട് റെയിക്സ് ചിന്തിച്ച്, സ്നേഹിതരോട് ആലോചിച്ച്, ആസൂത്രണം ചെയ്തതാണ് സൺഡേസ്കൂൾ ക്ലാസ്. ആ ക്ലാസുകളിൽ കൂടി കുട്ടികളെ ശുചിത്വവും, ദൈവബോധവും ഉത്തമമായ പെരുമാറ്റ രീതികളും പഠിപ്പിക്കുക എന്നതായിരുന്നു അവരുടെ ഉദ്ദേശ്യം. ആരംഭത്തിൽ വളരെ പ്രയാസങ്ങൾ നേരിടേണ്ടി വന്നെങ്കിലും ആ ക്ലാസുകളുടെ പ്രയോജനം ഏവർക്കും ബോധ്യപ്പെടുകയും വിവിധ സ്ഥലങ്ങളിൽ ഇതുപോലുള്ള പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

സൺഡേസ്കൂൾ
ഈ ശാസ്ത്രീയ യുഗത്തിൽ

(ശതാബ്ദി സ്മാരക ഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ചത്)



ക്രമേണ സൺഡേസ്കൂൾ ഒരു അഖില ലോക പ്രസ്ഥാനമായി വളർന്ന് ഉയരുകയും ചെയ്തു.

സ്വഭാവശ്രേഷ്ഠതയും, ജീവിതവിനയവും ദൈവത്തോടുള്ള ബന്ധത്തിൽ നിന്നാണു ലഭിക്കുന്നതു എന്ന അടിസ്ഥാന പ്രമാണത്തിലാണ് ഈ പ്രസ്ഥാനം സ്ഥാപിക്കപ്പെട്ടിരുന്നത്. കർത്താവായ യേശുക്രിസ്തുവിൽ കൂടി വെളിപ്പെട്ട ദൈവത്തെ അഭിമുഖീകരിക്കുന്ന ഒരു കുട്ടിക്ക് അവന്റെ സ്നേഹത്തിൽ നിന്നു വ്യതിചരിക്കുവാൻ സാദ്ധ്യമാകയില്ല. ഈ ലക്ഷ്യം മുമ്പിൽ കണ്ടുകൊണ്ടു പ്രവർത്തിച്ചിട്ടുള്ള സൺഡേസ്കൂൾ എപ്പോഴും വിജയിച്ചിട്ടുണ്ട്, അല്ലാത്തവ വിജയിക്കുവാൻ സാധ്യവുമല്ല. ഉന്നതമായ ഒരു മാനദണ്ഡം പുലർത്തിപ്പോരുന്ന നിരണം യരുശലേം സൺഡേസ്കൂളിന്റെ ചരിത്രം ഇടവകയ്ക്കും, അവിടെ പഠിച്ചിട്ടുള്ള വിദ്യാർത്ഥികൾക്കും പഠിപ്പിച്ചിട്ടുള്ള അദ്ധ്യാപകർക്കും അഭിമാനകരമായിരുന്നിട്ടുണ്ട് എന്നുള്ളതിനു പക്ഷാന്തരം ഇല്ല. മാർത്തോമ്മാ സൺഡേസ്കൂൾ സമാജം ആരംഭിക്കുന്നതിനു മുമ്പ് തന്നെ സ്ഥാപിക്കപ്പെട്ട ഈ സൺഡേസ്കൂൾ അതിന്റെ സ്ഥാപകരായ നമ്മുടെ പിതാക്കന്മാരുടെ ദിർഘദൃഷ്ടി വിളിച്ചറിയിക്കുന്നതാണ്.

1932–1942 വരെ ഞാൻ ആ സ്കൂളിൽ ഒരു വിദ്യാർത്ഥിയായിരുന്നു. അതിനുശേഷം ചില വർഷങ്ങൾ അവിടെ പഠിപ്പിക്കയും ചെയ്തു. ഞാൻ സൺഡേസ്കൂളിനോട് വളരെ കടപ്പെട്ടിട്ടുണ്ട് എന്ന് പറയുന്നതിൽ എനിക്കു സന്തോഷമുണ്ട്. എന്റെ പ്രിയ പിതാവിന്റെയും പിതാമഹിയുടെയും സ്വാധീനങ്ങളോടു രക്ഷാനിർണ്ണയത്തിലേക്കു വരുവാൻ എന്നെ സഹായിച്ചത് ഈ സൺഡേസ്കൂളാണ്. ഒരു പട്ടക്കാരനായിരിക്കുവാനുള്ള തീരുമാനം ഞാൻ കൈക്കൊണ്ടത് സൺഡേസ്കൂളിലെ ഒരു യോഗത്തിൽ വെച്ചാണ്. പാട്ടുപാടുവാനുള്ള എന്റെ അഭിരുചി വളർത്തി എടുത്തത് ഈ സൺഡേസ്കൂളാണ്. എല്ലാറ്റിലും ഉപരിയായി ജീവിതത്തിന്റെ ഉന്നത മാനദണ്ഡങ്ങളെപ്പറ്റി തങ്ങളുടെ ജീവിതമാതൃകയിൽ കൂടി എനിക്കു ഒരു കാഴ്ചപ്പാടു തന്ന ഉത്തമരായ അദ്ധ്യാപകരുടെ സ്വാധീനം ഒരിക്കലും വിസ്മരിക്കുവാൻ പാടില്ലാത്തതാണ്. അക്കാലത്തു എന്നെയും എന്റെ സതീർത്ഥ്യരെയും ആകർഷിച്ചിരുന്ന അദ്ധ്യാപകരിൽ ചിലരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യമാണ്. എന്റെ പിതാവ് ശ്രീ. എം. പി. ജോർജ്ജ്, യശ്ശശരീരനായ പട്ടമുക്കിൽ പി.ജെ. തോമസ്, ശ്രീ. എൻ.സി. നഥാനിയേൽ, ശ്രീ. കെ.റ്റി. കോശി, ശ്രീ. എൻ.സി. തോമസ് മുതലായവർ ആ ഗണത്തിൽപ്പെടും.

ആ കാലത്തു തന്നെ കളികൾ സംഘടിപ്പിക്കുന്നതിലും ഉല്ലാസയാത്രകൾ ക്രമീകരിക്കുന്നതിലും സൺഡേസ്കൂൾ മിഷനറി യാത്രകളിൽ ഞങ്ങളെ സംബന്ധിപ്പിക്കുന്നതിലും മറ്റും അവർ കാണിച്ച നേതൃത്വം കാലത്തിന്നപ്പുറമുള്ള വളർച്ചയും പരിഷ്ക്കാരവും ശ്രദ്ധയും അവർക്കുണ്ടായിരുന്നു എന്നുള്ളതിന് തെളിവാണ്.

ഈ പാരമ്പര്യം ഇന്നും പുലർത്തിപ്പോകുന്നതിൽകൂടി മാത്രമേ ഇന്നത്തെ ബാലജനങ്ങളെ ആത്മീകമായ താല്പര്യത്തിൽ യഥാസ്ഥാനപ്പെടുത്തി കൊണ്ടുപോകുവാൻ സാധിക്കുകയുള്ളു എന്നാണ് എന്റെ ബലമായ വിശ്വാസം. ഇക്കാര്യത്തിൽ ഞങ്ങളുടെ കാലത്തെ അദ്ധ്യാപകരുടെ അത്രയും ശ്രദ്ധ ഇന്നത്തെ അദ്ധ്യാപകർ കാണിക്കുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എന്നാൽ മാറിവന്നിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ ശ്രദ്ധ ഏറ്റവും അധികം ആവശ്യമായിരിക്കുകയാണ്.

ശാസ്ത്രീയമായ സമീപനത്തിന്റെയും ശാസ്ത്രീയ ജ്ഞാനത്തിന്റെയും നടുവിൽ വളരുന്ന ഇന്നത്തെ തലമുറയ്ക്ക് ആധികാരിക മനോഭാവത്തോടുകൂടിയ സമീപനം സ്വീകാര്യമല്ല. അടുത്ത സമയത്ത് ഒരു ഹൈസ്കൂൾ ക്ലാസ്സിൽ ഒരു സയൻസ് അദ്ധ്യാപകൻ കുട്ടികളോട് ഇപ്രകാരം പറഞ്ഞു-"എത്ര വലിയ ആളു തന്നെയും നിങ്ങളോടു പറയുന്ന കാര്യങ്ങൾ നിങ്ങൾ

അതേപടി സ്വീകരിക്കരുത്. സ്വീകരിക്കുന്നതിനു മുമ്പായി നിങ്ങൾ തന്നെ അതിന്റെ സത്യതയെപ്പറ്റി പരിശോധിക്കണം. മറ്റുള്ളവർ പറയുന്നത് കണ്ണും അടച്ച് സ്വീകരിക്കുന്നത് ശാസ്ത്രീയ മനോഭാവത്തിനു ചേർന്നതല്ല".

കുട്ടികളുടെ ഗവേഷണ ബുദ്ധി വളർത്തി എടുക്കുവാനുള്ള ഉദ്യമത്തിൽ ഈ അദ്ധ്യാപകൻ പറഞ്ഞതു ശരിതന്നെ. പക്ഷേ, അതോടൊപ്പം അദ്ദേഹം സകല ആധികാരികതയുടെയും വേരു അറുക്കുകയായിരുന്നു. അങ്ങനെ ചെറുത്തുനിൽക്കുകയും ചോദ്യം ചെയ്യുകയും പഴയതിനോടു മത്സരിക്കുവാൻ വെമ്പൽ കൊള്ളുകയും ചെയ്യുന്ന ഒരു തലമുറയെയാണ് നമുക്ക് കൈകാര്യം ചെയ്യുവാൻ കിട്ടാനുള്ളത്.

തെറ്റായാലും ശരിയായാലും പ്രായമുള്ളവരും അധികാരത്തിലിരിക്കുന്നവരും ഗുരുക്കന്മാരും പറയുന്നത് അതേപടി അനുസരിക്കണം എന്നാണ് ഞങ്ങളുടെ തലമുറയിൽ വിശ്വസിച്ചിരുന്നത്. പട്ടാളക്കാർക്കു വിധിച്ചിരിക്കുന്നതുപോലെ.

"ചോദ്യം ചെയ്യുവാൻ പാടില്ല
മരിക്കേണ്ടിവന്നാലും അനുസരിക്ക തന്നെ"

എന്ന സമീപനമാണ് അംഗീകരിക്കപ്പെട്ടിരുന്നത്. അതിനെതിരായി ഇന്നു ജനാധിപത്യം പ്രാബല്യത്തിൽ വന്നിരിക്കുന്നു. എല്ലാവരുടെയും അഭിപ്രായത്തിനു വില ഒന്നുതന്നെ. കൂടുതൽ ആളുകൾ അംഗീകരിക്കുന്ന അഭിപ്രായം പ്രാബല്യത്തിൽ വരും. അതുകൊണ്ട് അഭിപ്രായം രൂപീകരിക്കുവാനും പ്രചരിപ്പിക്കുവാനും അവകാശം എല്ലാവർക്കുമുണ്ട്. ഈ നിലപാടിൽ നിന്നു സ്വാതന്ത്ര്യത്തിന്റെയും അന്യോന്യം സ്വാധീനിക്കുവാനുള്ള താല്പര്യത്തിന്റെയും പ്രതിഘടനകൾ എല്ലായിടത്തും കാണപ്പെടുന്നു.

ഈ ശാസ്ത്രീയ യുഗത്തിലെ ചില ചിന്താഗതികൾ മാത്രമേ ഇവിടെ ചൂണ്ടിക്കാണിക്കുവാൻ ശ്രമിച്ചുള്ളു. ഇതുപോലെ മറ്റനേകം കാര്യങ്ങളും എടുത്തു പറയുവാനുണ്ട്. പലതും നമുക്കെല്ലാവർക്കും അറിവുള്ളതു തന്നെ. അവയുടെ വിശകലനത്തിലേക്കു പ്രവേശിക്കുവാൻ വിസ്താരഭയം മൂലം മുതിരുന്നില്ല.

എന്നാൽ ഈ പരിതസ്ഥിതിയുടെ പ്രത്യേകതകൾ അനുസരിച്ചു നമ്മുടെ പ്രവർത്തനത്തിൽ എന്തു വ്യതിയാനമാണ് വരുത്തേണ്ടതെന്നാണ് ചിന്തിക്കേണ്ടത്.

ഒന്നാമതായി, ഏതു സാഹചര്യത്തിലും അംഗീകരിക്കപ്പെടുന്ന ജീവിതവിശുദ്ധി അദ്ധ്യാപകരിൽ കൂടുതൽ പ്രകടമാകേണ്ടതാണ്. അനുസരണത്തിന്റെ പേരിൽ അദ്ധ്യാപകന്റെ നടത്ത പരിഗണിക്കാതെ അദ്ദേഹത്തിന്റെ ഉപദേശങ്ങൾ സ്വീകരിച്ചിരുന്ന കാലം ഇനി വരാതെ മറഞ്ഞുപോയി. ഉപദേശം ജീവിതമാതൃക കൊണ്ട് സ്ഥിരീകരിക്കാത്തിടത്തോളം അതു അംഗീകരിക്കപ്പെടുകയില്ല.

> പുതിയ രീതികൾ കണ്ടുപിടിക്കുന്നതിന് പരീക്ഷണങ്ങളും കുട്ടികളുടെ നിലയിലേക്ക് ഇറങ്ങിവരുന്നതിനുള്ള സന്നദ്ധതയും ആവശ്യമായി വരും.

രണ്ടാമതായി, വളരുന്ന തലമുറയുടെ ചിന്താഗതി, എല്ലാം വഴിപിഴച്ചതാണ് എന്നു പറഞ്ഞുതള്ളാതെ, ഗ്രഹിക്കുവാൻ ഒരു ആത്മാർത്ഥശ്രമം ചെയ്യേണ്ടതാണ്. അപ്പോൾ മാത്രമാണ് അവരോടു അർത്ഥവത്തായി ഇടപെടുവാൻ നമുക്ക് സാധിക്കുക.

മൂന്നാമതായി, നമ്മുടെ അദ്ധ്യാപന രീതി ആവുന്നത്ര ആധുനികമാക്കുവാൻ നാം ശ്രമിക്കേണ്ടതത്രെ. പഴയ രീതി അതുപടി ഉപയോഗിക്കുകയായിരിക്കും എളുപ്പം. പുതിയ രീതികൾ കണ്ടുപിടിക്കുന്നതിനു പരീക്ഷണങ്ങളും കുട്ടികളുടെ നിലയിലേക്ക് ഇറങ്ങിവരുന്നതിനുള്ള സന്നദ്ധതയും ആവശ്യമായി വരും.

നാലാമതായി, നമ്മുടെ അപ്രമാദിത്വഭാവം വിട്ടു കുട്ടികളോടൊത്തു കൂടുതൽ പഠിക്കുവാനുള്ള വിനയഭാവം നാം പ്രദർശിപ്പിക്കുമെങ്കിൽ അത് അവരുടെ ഹൃദയങ്ങളെ കവർന്നെടുക്കുന്നതിനു പര്യാപ്തമാവും.

അഞ്ചാമതായി, നമ്മുടെ പ്രവർത്തനങ്ങളുടെ ആത്യന്തിക ലക്ഷ്യം നമ്മുടെ കുഞ്ഞുങ്ങൾ യേശുക്രിസ്തുവുമായുള്ള ആഭിമുഖ്യത്തിലേക്ക് വരുകയാണ് എന്നു ഓർമ്മിച്ചുകൊണ്ട് നമ്മുടെ എല്ലാ പ്രയത്നങ്ങളും അതിനായി ക്രമീകരിക്കുക. വേല ക്രിസ്തുവിന്റേതാണ്. അവൻ ഇന്നും ഹൃദയങ്ങളോട് ഇടപെട്ടുകൊണ്ടിരിക്കുന്നു. അതിനു പ്രതിബന്ധം സൃഷ്ടിക്കാതെ നാം നമ്മുടെ കുഞ്ഞുങ്ങൾക്ക് ക്രിസ്തുവിങ്കലേക്കു വഴികാട്ടികളാവുക. യോഹന്നാൻ സ്നാപകനെപ്പോലെ "അവൻ വളരണം, ഞാനോ കുറയണം" എന്നതായിരിക്കട്ടെ നമ്മുടെ ജീവിതദർശനം.



തിരിഞ്ഞു നോക്കുമ്പോൾ

(ശതാബ്ദി സ്മാരക ഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ചത്)



റവ. ഉമ്മൻ കോരുത്
മട്ടയ്ക്കൽ വെൺപറമ്പിൽ
(ഇടവകാംഗമായ റൈറ്റ് റവ. ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത)



ഇന്നത്തെ മനുഷ്യനെ മെനഞ്ഞെടുക്കുന്നതിൽ 'ഇന്നലെ' കൾക്കുള്ള സ്വാധീനം അവിതർക്കിതമാണ്. അതുപോലെ 'നാളത്തെ മനുഷ്യനെ ഉരുത്തിരിയുന്നതിൽ 'ഇന്നലെ'കൾ ചെലുത്തുന്ന സമ്മർദ്ദം അധ്യഷ്ട്യവുമാണ്. വീടും നാടും കൂടും കുടുംബവും പള്ളിയും പള്ളിക്കൂടവും എല്ലാം ഒരുവനെ അവൻ ആക്കുന്നതിൽ സാരമായ സംഭാവന നൽകുന്നുണ്ട്. എന്നാൽ, കുരുന്നു കരളുകളിൽ ക്രൈസ്തവ ചൈതന്യം കോരി ചൊരിയുന്നതിലൂടെ സൺഡേസ്കൂളുകൾ നിർവ്വഹിക്കുന്ന സേവനത്തോടു കിടപിടിക്കത്തക്കതായി മറ്റെന്തെങ്കിലും ഉണ്ടെന്ന് തോന്നുന്നില്ല. "ഭാരതത്തിന്റെ ഭാവിഭാഗധേയം അവളുടെ ക്ലാസ് മുറികളിൽ കരുപിടിപ്പിക്കപ്പെടുന്നു" എന്ന സത്യം ആധുനിക വിദ്യാഭ്യാസ വിചക്ഷണന്മാർ ചെകഞ്ഞെടുത്ത് പ്രദർശിപ്പിക്കുന്നതിനു ഒരു നൂറ്റാണ്ട് മുമ്പുതന്നെ, ക്രൈസ്തവസഭയുടെ ഭാവിഭാഗധേയം അവളുടെ സൺഡേസ്കൂളുകളിൽ വാർത്തെടുക്കപ്പെടുന്നു എന്ന യാഥാർത്ഥ്യം ഗ്രഹിക്കയും അതിനു പ്രായോഗിക രൂപം നൽകുകയും ചെയ്ത നിരണം യരുശലേം ഇടവകയിലെ ക്രാന്തദർശികളായിരുന്ന ആ ഒരുപറ്റം ദൈവദാസന്മാരുടെ സർഗ്ഗശക്തിയുടേയും ധീഷണാവൈഭവത്തിന്റെയും മുന്നിൽ നമ്രശിരസ്കനായി നമോവാകം നൽകട്ടെ.

നീണ്ട ഒരു നൂറ്റാണ്ടുകാലത്തെ സ്തുത്യർഹമായ സേവന പാരമ്പര്യമുള്ള യരുശലേം സൺഡേസ്കൂളിന്റെ പടവുകൾ കയറിയിറങ്ങുന്നതിനുള്ള സൗഭാഗ്യം സിദ്ധിച്ചു എന്നതിൽ ഞാൻ അതീവ സന്തുഷ്ടനാണ്. മൈലുകൾക്ക് അകലെ ഇരുന്നുകൊണ്ട് വർഷങ്ങൾക്കപ്പുറത്തേക്ക് തിരിഞ്ഞുനോക്കുമ്പോൾ ബാലമനസ്സുകളിലേക്കു നൂന്നുകയറിയ വേദപുസ്തക കഥാപാത്രങ്ങളും അവരെ തിരുകി കയറ്റിയ അദ്ധ്യാ

പക ശ്രേഷ്ഠരും സ്മൃതിപഥത്തിൽ സജീവമായി പൊന്തിവരുന്നു. അന്നത്തെ അദ്ധ്യാപകരിൽ ചിലരെല്ലാം മൺമറഞ്ഞു, മറ്റു ചിലർ നിഷ്പ്രഭരായി, വേറെ ചിലർ ഇന്നും തങ്ങളുടെ യത്നം നിർവിഘ്നം തുടരുന്നു. മതബോധനം, ജീവിതശിക്ഷണം, ധാർമ്മിക മൂല്യ പരിരക്ഷണം, ക്രിസ്തീയ ജീവിതസാക്ഷ്യം എന്നിവയുടെ വിത്തുകൾ വിതറുന്നതിനും വളർത്തിക്കൊണ്ടുവരുന്നതിനും അവർ ഓരോരുത്തരും കാട്ടിയിട്ടുള്ള നിഷ്കർഷ ശ്ലാഘനീയമാണ്. എന്നെ സംബന്ധിച്ചിടത്തോളം ശനിയാഴ്ച സന്ധ്യയ്ക്കു തന്നെ സൺഡേസ്കൂൾ പരിപാടി ആരംഭിക്കുമായിരുന്നു. കാരണം, സൺഡേസ്കൂളിലേക്കുള്ള കുറിവാക്യം മനഃപാഠമായി ചൊല്ലിക്കേൾപ്പിച്ചതിനു ശേഷം മാത്രമേ ഊണിനും ഉറക്കത്തിനുമുള്ള പച്ചക്കൊടി വീട്ടിൽ കാട്ടപ്പെടുമായിരുന്നുള്ളു എന്നതുതന്നെ.

നാനാത്ര തോമാച്ചായന്റെ ആകർഷകമായ കഥപറച്ചിലും കളീക്കലെ കൊച്ചുണ്ണൂണ്ണി സാറിന്റെ ഇമ്പകരമായ പാട്ടുപഠിപ്പിക്കലും പ്ലാപ്പുഴേത്തെ ഉണ്ണിച്ചായന്റെ വിദഗ്ദ്ധമായ വേദാർത്ഥ വിശദീകരണവും എല്ലാം എത്രയോ ആസ്വാദ്യതരവും, പ്രയോജനകരവുമായിരുന്നു. പൊതുവെ, അദ്ധ്യാപകരെല്ലാം തന്നെ ഓരോ കുട്ടിയുടെയും ആളത്വപരമായ വളർച്ചയിലും പുരോഗതിയിലും ശ്രദ്ധയും താല്പര്യവും എപ്പോഴും പ്രകടിപ്പിക്കുമായിരുന്നു. പ്രത്യേകിച്ചും പ്ലാപ്പുഴേത്തെ ഉണ്ണിച്ചായന്റെ ശ്രദ്ധാപൂർവ്വമായ സാന്നിധ്യവും നിർദ്ദാക്ഷണ്യമായ നിഷ്ക്കർഷയും വ്യക്തിഗതമായ ശിക്ഷണത്തിനും പൊതുവായ അച്ചടക്കത്തിനും ഒരു വലിയ മുതൽക്കൂട്ടായിരുന്നു. ഇടയ്ക്കിടെ സന്ദർശിക്കാറുണ്ടായിരുന്ന കിണറ്റുകരെ കുഞ്ഞോമിച്ചായന്റെ ശ്രദ്ധ "പിള്ളേരെ പിടിക്കുന്നതിൽ" ആയിരുന്നു. അന്നൊരിക്കൽ ശമുവേൽ ബാലന്റെ കഥ സ്വതസിദ്ധമായ രീതിയിൽ കുഞ്ഞോമിച്ചായൻ വിസ്തരിച്ചു. സൺഡേസ്കൂൾ കഴിഞ്ഞ് എല്ലാവരും വീടുകളിലേക്ക് മടങ്ങുകയായിരുന്നു. ഞാൻ പള്ളിയുടെ പടികൾ ഇറങ്ങുമ്പോൾ കനത്ത ഒരു കരം മെല്ലെ തോളിൽ പതിച്ചു തുടർന്ന് നേരിയ ഒരു ശബ്ദം "കുഞ്ഞേ, സണ്ണി! ഒരു പക്ഷേ, നീ ഒരു നല്ല കുട്ടിയായിരിക്കാം. എന്നാൽ ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ. നീ രക്ഷിക്കപ്പെട്ടവനാണോ?" അന്ന് ഒട്ടും രസിക്കാഞ്ഞതും, അസുഖകരവുമായിരുന്ന ആ ചോദ്യം എറിഞ്ഞതാരാണെന്നറിയാൻ തിരിഞ്ഞുനോക്കിയപ്പോഴാണ് ഉത്തരവും പ്രതീക്ഷിച്ചു കുഞ്ഞോമിച്ചായൻ നിൽക്കുന്ന കാഴ്ച കണ്ടത്. വർഷം പലതു പിന്നിട്ടെങ്കിലും ആ ചോദ്യം ഇന്നും കാതുകളിൽ നിന്നും അകന്നിട്ടില്ല, അകലുകയുമില്ല.

പട്ടത്വശുശ്രൂഷാ ജീവിതം തെരഞ്ഞെടുക്കുന്നതിൽ പ്രത്യക്ഷമായി ഒരു പക്ഷേ സൺഡേസ്കൂൾ ഒരു വലിയ സ്വാധീനശക്തിയായിരുന്നില്ലായിരിക്കാമെങ്കിലും പരോക്ഷമായി എന്തുമാത്രം സൽപ്രേരണകളാണ് അതിന് സഹായകമാംവിധം സംഭാവന ചെയ്തിട്ടുള്ളത്. മാതൃകായോഗ്യരും സേവനതല്പരരുമായിരുന്ന അദ്ധ്യാപകരുടെ നേതൃത്വം, അനുകരിക്കാൻ കൊള്ളാമായിരുന്ന ഒരു മുതിർന്ന തലമുറയുടെ സാന്നിദ്ധ്യം, പാവനമായി പരിരക്ഷിക്കപ്പെട്ടിരുന്ന ഒരന്തരീക്ഷം ഇവയെല്ലാം തന്നെ എന്നെ ഞാൻ ആക്കി മാറ്റുന്നതിൽ സുപ്രധാനമായ ഒരു പങ്ക് വഹിച്ചിട്ടുള്ളതിനു രണ്ടു പക്ഷമില്ല. സൺഡേസ്കൂളിനെ തുടർന്നു അന്നൊക്കെ നടത്തപ്പെടുമായിരുന്ന 'ബാലസമാജവും' നിരവധി നിലകളിൽ സൽപ്രേരകങ്ങളായിരുന്നു. മൈസൂറിൽ നമ്മുടെ പള്ളി ശുശ്രൂഷയും പൊതു സൺഡേസ്കൂളും ഒരേസമയത്ത് തന്നെയാണെങ്കിലും നമ്മുടെ ശുശ്രൂഷയെക്കാളുപരി മദാമ്മയുടെ സൺഡേസ്കൂളിൽ പങ്കെടുക്കുന്നതിനു കുഞ്ഞുങ്ങളെ ഉത്സാഹിപ്പിക്കുന്നതിനു എന്നെ ഉദ്യുക്തനാക്കുന്നത് നിരണം യരുശലേം സൺഡേസ്കൂളിന് എന്റെ മേലുള്ള സ്വാധീനം ഒന്നുമാത്രമാണ്.

മഹത്തായ ആ പഴയ പാരമ്പര്യങ്ങളും സുവിശേഷ തീക്ഷ്ണതയും ഇന്നത്തെ തലമുറയും അഭംഗുരം പരിരക്ഷിക്കയും പകർന്നുകൊടുക്കുകയും ചെയ്യുമെന്ന് തന്നെ വിശ്വസിക്കയും പ്രതീക്ഷിക്കുകയും ചെയ്യട്ടെ. ഇന്നത്തെ പുത്തൻ തലമുറയ്ക്ക് പുതിയ മാർഗ്ഗങ്ങളിലൂടെ പഴയ സത്യങ്ങൾ പകർന്നു കൊടുക്കുന്നതിൽ നൂറ്റാണ്ടിന്റെ പഴക്കവും തഴക്കവുമുള്ള യരുശലേം സൺഡേസ്കൂൾ, പുതിയ ചാലുകൾ വെട്ടി പുരോഗമിക്കട്ടെയെന്ന് ആശംസിക്കയും ശതാബ്ദി ആഘോഷങ്ങൾക്ക് സർവ്വഭാവുകങ്ങളും നേരുകയും ചെയ്യുന്നു. പുതിയ നൂറ്റാണ്ട് ദൈവത്തോടു കൂടെ വൻകാര്യങ്ങൾ നിറവേറ്റുന്നതും ദൈവത്തിൽ നിന്നും വൻനേട്ടങ്ങൾ ലഭിക്കുന്നതുമായ ഒന്നായി ഭവിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മറ്റുള്ളവരെ സ്നേഹിക്കുവാൻ അഭ്യസിച്ചത് ഞങ്ങളുടെ അദ്ധ്യാപകർക്കു ഞങ്ങളോടുള്ള സ്നേഹവും വാത്സല്യവും കണ്ടതിൽ നിന്നുമാകുന്നു. വാത്സല്യം എന്നതിൽ ജോർജ്ജ് സാറിന്റെ അടിയും ഉൾപ്പെട്ടിരുന്നു.



റവ. കെ. എം. ജോർജ്ജ്
കിണറ്റുകര
(ഇടവകാംഗം)

നിരണം യരുശലേം സൺഡേസ്കൂളിന്റെ ശതാബ്ദി ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ ഒരു പൂർവ്വവിദ്യാർത്ഥി എന്ന നിലയിൽ എന്റെ സൺഡേസ്കൂൾ ജീവിതത്തെ തിരിഞ്ഞു കണ്ണോടിക്കുവാൻ ഒരവസരം ലഭിച്ചതിൽ ഞാൻ വളരെ സന്തുഷ്ടനാണ്. സ്മരണകളുടെ ഏടുകൾ വളരെ വിപുലമാകയാൽ അവയിൽ നിന്നും ഏതെല്ലാം പെറുക്കിയെടുക്കണമെന്നു എനിക്ക് നിശ്ചയം ഇല്ല.

മൊത്തത്തിൽ ഒരു വാചകത്തിൽ പറയാനാണെങ്കിൽ ഞാൻ ഒരു പട്ടക്കാരനായി തീർന്നതിൽ എന്റെ സൺഡേസ്കൂൾ പഠനകാലം ഒരു വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഞായറാഴ്ച ദിവസം ഉച്ചതിരിഞ്ഞുള്ള സമയത്തിനു വേണ്ടി ആകാംക്ഷയോടെ കാത്തിരുന്നത് ഞാൻ ഓർക്കുന്നു. സമയത്തിനു മുമ്പ് ക്ലാസ്സിൽ എത്തുന്നതിനു വീട്ടിൽ തിടുക്കം കാണിക്കുമായിരുന്നു. കാരണം താമസിച്ചു ക്ലാസ്സിൽ ചെന്നാൽ പ്ലാപ്പുഴേത്ത് ജോർജ്ജ് സാർ വഴക്കുപറയുമെന്നു പേടിയുണ്ടായിരുന്നു. വെറും കൈയായി പോകാതെ നോട്ടുബുക്ക്, പെൻസിൽ, കൂടാതെ നുള്ളരിയും കൊണ്ടുപോകുവാൻ ചിലപ്പോഴൊക്കെ മടിച്ചിട്ടുണ്ടെങ്കിലും സൺഡേസ്കൂൾ അദ്ധ്യാപകരുടെ മാർഗ്ഗദർശകമായ ഗുണദോഷങ്ങളുടെ ഫലമായി അവ ചെയ്യുന്നതു സന്തോഷകരമായി തീർന്നു.

വേദപുസ്തകം ദിനംതോറും വായിക്കുന്ന ശീലം എന്നിൽ വളർത്തിയത് എന്റെ സൺഡേസ്കൂളാണ്. മാത്രമല്ല, വേദവായന നോട്ടുകൾ ഉപയോഗിക്കുവാനും ശീലിച്ചത് അവിടെ നിന്നുമാണ്.

ഒരു സൺഡേസ്കൂൾ വിദ്യാർത്ഥിയുടെ പൂർവ്വസ്മരണകൾ

പ്രസ്തുത പരിചയം എന്റെ ഇതുവരെയുള്ള ജീവിതത്തിലും വിശേഷാൽ, എന്റെ ഇപ്പോഴത്തെ ശുശ്രൂഷയിലും എന്തുമാത്രം പ്രയോജനപ്പെടുന്നുവെന്നും പറഞ്ഞറിയിക്കുവാൻ വയ്യാ.

കുട്ടിക്കാലത്തിൽത്തന്നെ ഭാവിയെക്കുറിച്ചുള്ള ഒരു കാഴ്ചപ്പാട് ഉണ്ടാകുവാൻ "നിങ്ങൾ ആരായിത്തീരണമെന്നാണ് ആഗ്രഹിക്കുന്നത്" എന്ന ചോദ്യം ഓരോ കുട്ടിയോടും സൺഡേസ്കൂൾ അദ്ധ്യാപകർ ചോദിച്ചത് പ്രേരകമായിട്ടുണ്ട്. പ്രസ്തുത ചോദ്യത്തിന്റെ വ്യാപ്തി അക്കാലത്ത് ഞങ്ങൾക്ക് വേണ്ടവണ്ണം ഗ്രാഹ്യമല്ലാതിരുന്നുവെങ്കിലും ഇപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ ആ ചോദ്യം ഞാനറിയാതെ തന്നെ എന്റെ ആളത്വത്തിൽ പ്രവർത്തിച്ചുവല്ലോ എന്നോർത്ത് ഞാൻ സന്തോഷിക്കുകയാണ്. ഈ വക ചോദ്യങ്ങൾ ചോദിച്ച് ഏതെങ്കിലും ഒരുത്തരം ലഭിച്ചതു കൊണ്ടുമാത്രം ഞങ്ങളുടെ അദ്ധ്യാപകർ തൃപ്തി അടഞ്ഞില്ല. ശനിയാഴ്ച രാത്രി പള്ളിപ്പറമ്പിൽ കുഞ്ഞുങ്ങളെ പ്രാർത്ഥനക്കായി അദ്ധ്യാപകർ കൂട്ടുക പതിവുണ്ടായിരുന്നു. പ്രസ്തുത കൂട്ടങ്ങളുടെ ഫലമായി പ്രാർത്ഥിക്കുവാൻ അഭ്യസിച്ചു എന്നുമാത്രമല്ല, മറ്റുള്ളവരെക്കുറിച്ച് ചിന്തിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനുമുള്ള താല്പര്യവും ജനിച്ചു. എല്ലാറ്റിലുമുപരിയായി പ്രസ്തുത പ്രാർത്ഥനാവേളകൾ ഞങ്ങൾ ഓരോരുത്തരുടെയും ജീവിതത്തെക്കുറിച്ചുള്ള ദൈവോദ്ദേശം കാലക്രമത്തിൽ വ്യക്തമാകുന്നതിനു വഴി തെളിച്ചിട്ടുണ്ട്. ആതുരസേവനത്തിനുള്ള തല്പരത എന്നിൽ ഉളവാക്കിയത് സൺഡേസ്കൂൾ അദ്ധ്യാപകരുടെ നേതൃത്വത്തിൽ ഞങ്ങൾ ചെയ്തുവന്ന ആതുര സേവനങ്ങളായിരുന്നു. ശനിയാഴ്ച വൈകിട്ട് ഉപവസിച്ചതിൽ നിന്നും ലഭിച്ചതുകൊണ്ട് ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുമായിരുന്നു. സാധുക്കളുടെ വീടുമേഞ്ഞു കൊടുക്കുക, ദുഃഖത്തിലിരിക്കുന്ന ഭവനങ്ങൾ സന്ദർശിക്കുക, തങ്ങളുടെ പ്രിയപ്പെട്ടവരുടെ വേർപാടിൽ വിഷമിക്കുന്നവരെ ആശ്വസിപ്പിക്കുക, ശവസംസ്ക്കാരത്തിനായി വേണ്ട സാമ്പത്തിക സഹായം എത്തിക്കുക, ഭക്ഷണ സാധനങ്ങൾ ശേഖരിച്ച് ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുക എന്നിത്യാദി മനുഷ്യത്വപരവും ക്രിസ്തീയവുമായ ശുശ്രൂഷകൾ ചെയ്യുവാൻ ശീലിച്ചത് സൺഡേസ്കൂളിൽ കൂടിയായിരുന്നു.

മറ്റുള്ളവരെ സ്നേഹിക്കുവാൻ അഭ്യസിച്ചത് ഞങ്ങളുടെ അദ്ധ്യാപകർക്കു ഞങ്ങളോടുള്ള സ്നേഹവും വാത്സല്യവും കണ്ടതിൽ നിന്നുമാകുന്നു. വാത്സല്യം എന്നതിൽ ജോർജ്ജ് സാറിന്റെ അടിയും ഉൾപ്പെട്ടിരുന്നു. അടികിട്ടിയപ്പോൾ വലിയ സന്തോഷമില്ലായിരുന്നുവെങ്കിലും അവ എത്ര ആവശ്യമായിരുന്നുവെന്ന് ഞാൻ ഓർത്തു, അതിനുവേണ്ടിയും ദൈവത്തെ സ്തുതിക്കുന്നു. എന്റെ മാതൃ സൺഡേസ്കൂൾ, വരുംതലമുറക്കും വളരെ പ്രയോജനപ്പെടട്ടെ എന്നാഗ്രഹിച്ചുകൊണ്ട് അതിനെ ദൈവകരങ്ങളിൽ സമർപ്പിക്കുന്നു.



ശതോത്തര സുവർണ്ണജൂബിലി ഗാനം

തിങ്കൾ കലയിൻ പ്രഭപോലെ
വചാനാമൃതത്തിൻ ഒളിയേകാൻ
സ്നേഹദൂതിൻ സാക്ഷ്യമതാകാൻ
തലമുറയായ് തണലാകുന്നൊരു ദൈവകൃപ

പാടാം ഇന്നൊരു സുന്ദര ഗാനം
സ്തോത്രത്തിൻ ഗാനം സ്മരണയിൻ സങ്കീർത്തനം
നിരണം യെരുശലേം സണ്ടേസ്കൂൾ
ശതകാർദ്ധ ശതകത്തിൻ നിറവിൽ (2)

1. തോമസ് ശ്ലീഹ പകർന്നതാം
സുവിശേഷത്തിൻ ദീപവുമായ്
തിരിതെളിച്ചൊരു വചനശലാക
ജ്വലിച്ചിടുന്നു നിറവായ് കൃപയിൻ പ്രഭയായ്

2. യേശുനാഥൻ അരികിലായ്
പൈതങ്ങളെ നയിച്ചിടാൻ
സ്വർഗ്ഗരാജ്യ ദൗത്യ സേവ
തുടരാം നിറവായ് കൃപയിൻ പ്രഭയായ്

രചന:
ആശിഷ് ചെറിയാൻ വർഗീസ്
പട്ടമുക്കിൽ
സംഗീതം:
ലിജു വർഗീസ്, കങ്ങഴേത്ത്





റവ. ജോർജ്ജ് തോമസ്,
ചാലക്കാട്ടിൽ
(ഇടവകാംഗം)
(വികാരി, റാന്നി ക്രിസ്തോസ്
മാർത്തോമ്മാ പള്ളി)

യെരുശലേം മാർത്തോമ്മാ സൺഡേസ്കൂൾ

ഒരു പൂർവ്വവിദ്യാർത്ഥിയുടെ ഓർമ്മ

ദൈവീക പദ്ധതിയിൽ നമുക്ക് നൽകപ്പെടുന്ന ശ്രേഷ്ഠദാനമാണല്ലോ നമ്മുടെ ജീവിതം. ഭാരതത്തിന്റെ അപ്പസ്തോലനായ തോമാശ്ലീഹായുടെ പാദസ്പർശമേറ്റു എന്ന് വിശ്വസിച്ചുപോരുന്ന നിരണമെന്ന ധന്യഭൂമിയിൽ കർത്താവിനെ മാനിക്കുന്ന ഒരു ഭവനത്തിൽ ജനിക്കുവാനിടയായത് ദൈവകൃപയാണ്. ചെറുപ്രായം മുതൽ ക്രിസ്തീയ മൂല്യങ്ങൾ ശരിയാംവിധം സംവേദനം ചെയ്യുവാൻ മാതാപിതാക്കൾ ശ്രദ്ധിച്ചിരുന്നു. അതിനാൽ ചെറുപ്രായത്തിൽ സൺഡേസ്കൂൾ പഠനം ഏറ്റവും ഗൗരവമായി കണക്കാക്കപ്പെട്ടിരുന്നു. അപ്രകാരം എന്റെ ശൈശവ-ബാല്യദിശയിൽ നിരണം യെരുശലേം സൺഡേസ്കൂളെന്ന മഹത്തായ ദൈവീക സ്ഥാപനത്തിന്റെ ഭാഗമായിത്തീരുവാൻ അവസരം ലഭിച്ചു. ശിശുവകുപ്പ്, ബാലവകുപ്പ് എന്നീ ക്ലാസ്സുകൾ നിരണം സൺഡേസ്കൂളിൽ പഠിക്കുവാനിടയായി. ആലപ്പുഴയിലേക്ക് താല്ക്കാലികമായി താമസം മാറ്റിയപ്പോൾ തുടർന്നുള്ള സൺഡേസ്കൂൾ പഠനം ആലപ്പുഴ സെന്റ് ജോർജ്ജ് മാർത്തോമ്മാ പള്ളിയുടെ സൺഡേസ്കൂളിലാണ് തുടർന്നത്.

എന്റെ ഓർമ്മയിൽ എന്റെ പിതാവായിരുന്നു സൺഡേസ്കൂൾ പ്രധാനാദ്ധ്യാപകൻ (ചാലക്കാട്ടിൽ കെ.ജെ. തോമസ്). പാഴൂരെ ഉമ്മച്ചായൻ, വിഴലിലെ കുഞ്ഞൂഞ്ഞച്ചായൻ, വെൺപറമ്പിലെ ജോർജ്ജ്കുട്ടിച്ചായൻ, പാറാത്തുശ്ശേരിൽ മറിയാമ്മ ടീച്ചർ, മാണിപ്പറമ്പിൽ ബേബിസാർ, മോളിമാമ്മ, കളീക്കൽ കൊച്ചുണ്ണൂണ്ണി സാർ, മാത്തൻപറമ്പിൽ കുഞ്ഞൻ പാപ്പി സാർ, കൂത്തപ്പള്ളിൽ പൊന്നച്ചൻ സാർ, മട്ടയ്ക്കൽ ജോർജ്ജുകുട്ടി സാർ മുതലായവരുടെ സാന്നിദ്ധ്യവും നേതൃത്വവും സ്മരണയിലുണ്ട്.

ഉച്ചകഴിഞ്ഞ് ഒന്നരമണിക്ക് ആരംഭിച്ചിരുന്ന സൺഡേസ്കൂളിൽ ക്രമമായി സംബന്ധിക്കുക നിർബന്ധമായിരുന്നു. പാട്ടുകൾ പഠിച്ചതും വാക്യങ്ങൾ കാണാതെ പഠിച്ചതും ധന്യമായിരുന്നു. പേപ്പറിൽ കുമ്പിളുകുത്തി നുള്ളരിസ്തോത്രകാഴ്ചയായി അർപ്പിച്ചിരുന്നതും അത് തുടർന്നുള്ള ഞായറാഴ്ചയിൽ ലേലം ചെയ്ത് വില്ക്കുന്നതും ഓർക്കുന്നുണ്ട്.

ഭാഗ്യസ്മരണീയനായ സഖറിയാസ് തിരുമേനി, ഉമ്മൻ കോരുത് അച്ചനായിരിക്കുമ്പോൾ നമ്മുടെ കുട്ടികൾക്കായി ഒരു സ്ലൈഡ് ഷോ നമ്മുടെ എൽ.പി. സ്കൂളിന്റെ പള്ളിക്കഭിമുഖമായ ഭിത്തിയിൽ കാണിച്ചുതന്നത് വളരെ ആകാംഷയോടെ കണ്ടതും ബാല്യകാല സ്മരണയിലുണ്ട്.

ഒരു കുട്ടിയുടെ ആദ്യത്തെ ദൈവശാസ്ത്രകലാലയമാണ് സൺഡേസ്കൂൾ. അവിടെ ആരംഭിച്ച വിശ്വാസരൂപീകരണം എന്റെ ജീവിതത്തിൽ കർതൃശുശ്രൂഷ തിരഞ്ഞെടുക്കുവാനുള്ള തീരുമാനത്തെ ഏറെ സ്വാധീനിച്ചിരുന്നു എന്നത് പ്രസ്ഥാവ്യമാണ്.

എന്റെ ബാല്യകാലത്തെ നമ്മുടെ വികാരിമാരായിരുന്ന എം.ഐ. അലക്സാണ്ടർ അച്ചൻ, കെ.ഐ. മത്തായി അച്ചൻ, പി. ഒ. ജോർജ്ജ് അച്ചൻ, സി. വി. ഏബ്രഹാം അച്ചൻ എന്നിവരുടെ സേവനങ്ങളും സ്മരണീയമാണ്.

നമ്മുടെ രക്ഷിതാവും കർത്താവുമായുള്ള വിശ്വാസബന്ധത്തിന് അടിത്തറ പാകിയ നമ്മുടെ സൺഡേസ്കൂൾ പുതുതലമുറയ്ക്കും വരുംതലമുറകൾക്കും ഒരു അനുഗ്രഹമായിത്തീരേണ്ടതിനായി പ്രാർത്ഥിച്ചുകൊണ്ട് ഈ കുറിപ്പിന് വിരാമമിടുന്നു.

യെരുശലേം സൺഡേസ്കൂൾ എന്റെ ഓർമ്മയിൽ



ഉമ്മൻ ജോൺസൺ,
മട്ടയ്ക്കൽ വെൺപറമ്പിൽ, കൊച്ചി
(മുൻ അദ്ധ്യാപകൻ)

"ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക. അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല".

പരശതം സംവത്സരങ്ങൾക്കു മുൻപു ബുദ്ധിശാലിയായ ശലോമോൻ രാജാവിന്റെ ഉപദേശം ഉൾക്കൊണ്ട് യെരുശലേം ഇടവക രൂപം കൊള്ളുന്നതിനു 35 വർഷങ്ങൾക്കു മുൻപ് ക്രാന്തദർശികളായിരുന്ന നമ്മുടെ പൂർവ്വപിതാക്കൾ തുടങ്ങിവച്ച സ്ഥാപനമാണ് 150 വർഷം പിന്നിടുന്ന നമ്മുടെ യെരുശലേം സൺഡേസ്കൂൾ. ഏതാണ്ട് 70 വർഷങ്ങൾക്കു മുൻപ് ഒരു പിഞ്ചു ബാലകനായി എനിക്കും വിശുദ്ധ തോമാ ശ്ലീഹായാൽ സ്ഥാപിതമായ ഈ ദേവാലയത്തിലെ സൺഡേസ്കൂൾ വിദ്യാർത്ഥി ആയിരിക്കുവാനും ചുരുങ്ങിയ കാലം ഒരു അദ്ധ്യാപകനാകുവാനും സാധിച്ചു എന്നതും നന്ദിയോടും അഭിമാനത്തോടും ഓർക്കുന്നു.

ശനിയാഴ്ച വൈകിട്ട് ഞങ്ങളുടെ ഭവനം വിശുദ്ധ ദിവസത്തേക്കുള്ള തയ്യാറെടുപ്പിലാകും. പാഠപുസ്തകങ്ങൾ മാറ്റിവച്ചു വേദപുസ്തക പഠനം, വാക്യങ്ങൾ മന:പാഠമാക്കുക, കുടുംബപ്രാർത്ഥന എന്നിവ നിഷ്കർഷയോടെ പിൻതുടർന്നു. ഞായറാഴ്ച കുടുംബാംഗങ്ങൾ ഏവരും ചേർന്നു പള്ളി ആരാധനക്കായി കൃത്യ സമയത്തു ചെന്നുചേരുന്നു. മുൻപിൽ വിരിച്ചിരിക്കുന്ന പുൽപായിൽ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ അച്ചടക്കത്തോടെ ഇരിക്കുന്ന കുട്ടികൾക്കു തിരക്കുള്ള കുർബാന സമയങ്ങളിൽ പുറത്തിറങ്ങുവാൻ ലഭിക്കുന്ന അസുലഭ സന്ദർഭങ്ങൾ വളരെ സന്തോഷകരമായിരുന്നു.

പള്ളി ആരാധനയ്ക്കു ശേഷം ഭവനത്തിൽ എത്തി ഉച്ചഭക്ഷണത്തിനുശേഷം സഹോദരനോടും സഹോദരിമാരോടും ചേർന്നു വീണ്ടും പള്ളിയിലേക്ക്. മഴയോ വെയിലോ ഒരു പ്രശ്നമായിരുന്നില്ല. വെള്ളപ്പൊക്കം മൂലം യാത്ര ദുഷ്കരമായ ദിവസങ്ങളിൽ മാത്രം അവധി ലഭിച്ചിരുന്നു. ഒന്നര മണി ആകുമ്പോഴേക്കും ഇടവക പള്ളിക്കൂടത്തിലെ ക്ലാസ് മുറികൾ ഒറ്റ ഹാളായി രൂപപ്പെട്ടിരിക്കും. ഇരുവശത്തായി ആൺകുട്ടികളും പെൺകുട്ടികളും ബഞ്ചിൽ ഇരിപ്പുറപ്പിക്കും മുതിർന്ന കുട്ടികളും അദ്ധ്യാപകരും പിൻപിലും. ഏതാണ്ട് അരമണിക്കൂർ പുതിയ പാട്ടുപരിശീലനവും പഠിച്ച പാട്ടുകളുടെ ആവർത്തനവും അതിനുശേഷം "സ്വർഗെ സിംഹാസനം ചുറ്റി', 'സ്നേഹത്തി

ൻ ഇടയനാം യേശുവെ' എന്നീ ഗാനങ്ങളിൽ ഒന്നു പാടുമ്പോൾ എല്ലാവരും എഴുന്നേറ്റു നിന്നു മുൻപിൽ നടുവിലായി വച്ചിരിക്കുന്ന കുട്ടയിൽ വരിവരിയായി വന്നു സ്തോത്രകാഴ്ചകൾ സമർപ്പിക്കും. കുമ്പിളിൽ പൊതിഞ്ഞുകൊണ്ടുവരുന്ന അരിയായിരുന്നു ആദ്യ കാല സ്തോത്രകാഴ്ചകൾ. പള്ളിയിലും സ്കൂളുകളിലുമായി നടക്കുന്ന ക്ലാസ്സുകളിലേക്കു എല്ലാവരും ചേർന്നു ഒരു ഓട്ടമാണ്. പിന്നീട് ഏകദേശം ഒരു മണിക്കൂറോളം വേദപുസ്തക കഥകൾ പഠിക്കുന്ന തിരക്കിലാകും. വീണ്ടും പാട്ടു തുടങ്ങുമ്പൊൾ ഒരുമിച്ചുകൂടി പ്രാർത്ഥനയ്ക്കു ശേഷം സന്തോഷകരമായ ഒരു ദിനം അവസാനിക്കുന്നു.

ശിശുവകുപ്പ്, ബാലവകുപ്പ്, കുമാരവകുപ്പ്, മദ്ധ്യ വകുപ്പ്, ജ്യേഷ്ഠവകുപ്പ് എന്നീ 5 ക്ലാസ്സുകളിൽ 3 വർഷം വീതം പഠിച്ചു. ജ്യേഷ്ഠവകുപ്പ് എത്തുമ്പോൾ ദൂരെ പഠനത്തിനു പോകുന്നവർ വിട്ടുപിരിയുന്നു. എല്ലാ വർഷവും വർഷാന്ത്യ പരീക്ഷയും ബിരുദ പരീക്ഷയും നടത്തിയിരുന്നു. വാർഷികയോഗം കുട്ടികളുടെ കലാപരിപാടികൾ സമ്മാനദാനം എന്നിവയാൽ ഒരു ആഘോഷമായി മാറും.

ക്രിസ്തുമസ് കാലയളവിൽ ഗാനങ്ങൾ പാടി തമ്പേർ കൊട്ടി രാത്രികാലങ്ങളിൽ ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കുന്നു. മുതിർന്ന സൺഡേസ്കൂൾ കുട്ടികൾ, പിതാക്കന്മാരോടു ചേർന്നു ചെറുബാലകരും യുവജനങ്ങളും അദ്ധ്യാപകരും അടക്കം ഒരു നല്ലകൂട്ടം ഒരോ ഭവനത്തിന്റെയും മുറ്റത്തുനിന്നു പാടി ആർക്കുന്നതു മനസ്സിൽ നിന്നും മായാത്ത ഒരു അനുഭവമായി നിൽക്കുന്നു. പെട്രോമാക്സിന്റെ വെളിച്ചത്തിൽ വലിയ നക്ഷത്രത്തിന്റെ അകമ്പടിയോടെ രാത്രി വളരെ വൈകി ഒരു ഭവനത്തിൽ ചെന്നാലും സന്തോഷത്തോടെ സ്വീകരിക്കുന്ന ഇടവകാംഗങ്ങൾ. പല വീടുകളിലും തിന്നുവാനും കുടിക്കുവാനും നൽകുമായിരുന്നു.

ക്രിസ്തുമസ് രാത്രിയിൽ നടക്കുന്ന കാരൾ ആഘോഷം, പാട്ടുകൾ, ടാബ്ലോ, സ്കിറ്റുകൾ അലങ്കാരങ്ങൾ നിറഞ്ഞവയായിരുന്നു. കടലാസു തോരണങ്ങളും മെഴുകുതിരിയുമായിരുന്നു അലങ്കാരവസ്തുക്കൾ. ഇന്നത്തെപ്പോലെയുള്ള ലൈറ്റുകളോ എല്ലാവരുടെയും മുൻപിൽ മൈക്കുകളോ ഇല്ലായിരുന്നു. ശബ്ദം ഉയർത്തിപാടിയും സംസാരിച്ചുമാണ് എല്ലാവരെയും കേൾപ്പിച്ചിരുന്നത്.

ജ്യേഷ്ഠവകുപ്പുവരെ പഠിച്ചതിനു ശേഷം ചുരുങ്ങിയ നാളുകൾ അദ്ധ്യാപകനായിരുന്നതിനുശേഷമാണ് എനിക്കു പ്രിയപ്പെട്ട നിരണം വിട്ടു ഉപരിപഠനത്തിനും ജോലിക്കുമായി നാടുവിടേണ്ടിവന്നത്. സൺഡേസ്കൂൾ കാലയളവിൽ എനിക്കു സഹപാഠികളും സുഹൃത്തുകളുമായുണ്ടായിരുന്ന പനമ്പറ്റ എം. ഐ. മാത്യു, കിണറ്റുകര ബാബു മാത്യു, നാനാത്ര അനിയൻ, മാണിപ്പറമ്പിൽ കുഞ്ഞുമോൻ, കുന്നത്തുകുഴിയിൽ കുഞ്ഞുമോൻ, കിണറ്റുകര രാജു, പ്രസാദ്, കുലത്താക്കൽ ജോയി, മണലേൽ ബേബിക്കുട്ടി, ദൈവസന്നിധിയിൽ ചേർക്കപ്പെട്ട ചേരിക്കൽ രാജൻ, മാളിയേക്കൽ തമ്പി എന്നിവരെക്കുറിച്ചുള്ള നല്ല ഓർമ്മകൾ ആ പഴയകാലങ്ങൾ ഒന്നുകൂടി തിരികെ ലഭിച്ചിരുന്നെങ്കിൽ എന്ന മോഹം അവശേഷിപ്പിക്കുന്നു.

അദ്ധ്യാപകരായി സേവനം ചെയ്ത പലരേയും കുറിച്ചുള്ള മധുരസ്മരണകൾ മായാതെ നിലനിൽക്കുന്നു. പ്ലാപ്പുഴേത്തു എം. പി. ജോർജ്ജു സാർ, പ്രധാന അദ്ധ്യാപകൻ, പാട്ടു പരിശീലകനായിരുന്ന കളീക്കൽ ശ്രീ. എൻ.ജി. ഉമ്മൻ, നാനാത്ര ശ്രീ. എൻ.സി.തോമസ്, ശാന്തനും ദീർഘകാലം സെക്രട്ടറിയുമായിരുന്ന ശ്രീ. വി.ഐ. ജോർജ്ജ്, കൂത്തപ്പള്ളിൽ ശ്രീ. കെ.വി. ചെറിയാൻ, മണലിൽ ചാണ്ടിസാർ, ചാലക്കാട്ടിൽ ശ്രീ. കെ.ജെ. തോമസ്, കിണറ്റുകര ശ്രീ.കെ.എം. കുരുവിള, മാണിപറമ്പിൽ ശ്രീ. തോമസ് കുര്യൻ, എന്റെ പിതാവ് ശ്രീ. വി.കെ. ഉമ്മൻ എന്നിവർ കാട്ടിതന്ന മാതൃക എന്നെന്നും ജീവിതത്തിനു വഴികാട്ടിയായി. സൺഡേസ്കൂൾ മിഷനറി ആയിരുന്ന കിണറ്റുകര ശ്രീ. കെ.സി. തോമസിന്റെ വല്ലപ്പോഴുമുള്ള സന്ദർശനം ഓർമ്മയിൽ ഇന്നും നിൽക്കുന്നു. എന്റെ സൺഡേസ്കൂൾ പഠനകാലത്തു സേവനം ചെയ്ത ബഹുമാനപ്പെട്ട കെ.എം. തോമസ് അച്ചൻ, സി.വി. ഏബ്രഹാം അച്ചൻ, എം.ഐ. അലക്സാണ്ടർ അച്ചൻ എന്നിവരുടെ സ്നേഹോഷ്മളമായ ഇടപെടൽ കുളിർമ്മ പകർന്നിരുന്നു.

എന്തുകൊണ്ടും സന്തോഷകരവും അനുഗ്രഹകരവുമായിരുന്നു എന്റെ സൺഡേസ്കൂൾ ജീവിതം. പിന്നിട്ട 74 വർഷങ്ങൾ ഓർക്കുമ്പോൾ യെരുശലേം ഇടവകയിലൂടെയും സൺഡേസ്കൂളിലൂടെയും ലഭിച്ച ദൈവീക അനുഗ്രഹങ്ങൾ എത്ര നന്ദി പറഞ്ഞാലും അധികമാവില്ല. തുടർന്നും നമ്മുടെ സൺഡേസ്കൂൾ വരുംതലമുറകൾക്കു ഒരു അനുഗ്രഹമായി തുടരട്ടെ എന്ന ആശംസയോടെ ഈ ഓർമ്മക്കുറിപ്പുകൾ ഉപസംഹരിക്കുന്നു.



യെരുശലേം സൺഡേസ്കൂൾ
എന്നിലെ മായാത്ത ഓർമ്മകൾ



അലക്സാണ്ടർ മാത്യു,
പള്ളിച്ചിറ ഗ്രേസ് വില്ല, കുറ്റപ്പുഴ
(മുൻ അദ്ധ്യാപകൻ)

നിരണം യെരുശലേം മാർത്തോമ്മാ സൺഡേസ്കൂൾ 150 വർഷം പൂർത്തിയാക്കുന്നു എന്നറിഞ്ഞപ്പോൾ എനിക്കുണ്ടായ സന്തോഷം വാക്കുകൾക്കപ്പുറമാണ്. കാരണം ഞാനെന്ന വ്യക്തിയെ രൂപപ്പെടുത്തിയതിൽ എന്റെ മാതൃദേവാലയവും അവിടുത്തെ സൺഡേസ്കൂളും വഹിച്ച പങ്ക് അത്ര നിർണ്ണായകമാണ്. ആ പള്ളിയും പരിസരവും എന്റെ ആത്മസത്തയുമായി ഇഴപിരിക്കാനാവാത്ത വിധം ബന്ധപ്പെട്ടിരിക്കുന്നു എന്നു പറയാം. ഞാൻ മാത്രമല്ല എന്നെപ്പോലെ നൂറുകണക്കിന് വ്യക്തികളെ ഉത്തമ മനുഷ്യരാക്കി ക്രിസ്തീയ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തി ജീവിതായോധനത്തിന് സജ്ജരാക്കിയയച്ച മഹത്തായ പരിശീലനകളരിയാണ് യെരുശലേം സൺഡേസ്കൂൾ.

ഒരു സൺഡേസ്കൂൾ വിദ്യാർത്ഥിയായും അദ്ധ്യാപകനായും ഞാൻ അവിടെ ചിലവിട്ട വർഷങ്ങൾ എന്റെ വ്യക്തിത്വ വികാസത്തിനും നേതൃത്വപരമായ കഴിവുകൾ തേച്ചുമിനുക്കിയെടുക്കുന്നതിലും ഏറെ സഹായകരമായിട്ടുണ്ട്. സമർപ്പണബോധവും ദീർഘവീക്ഷണവുമുള്ള ഒരു നേതൃനിരയാ സൺഡേസ്കൂളിന്റെ പ്രത്യേകതയായിരുന്നു. അവരുടെ സ്വാധീനം കുട്ടികളുടെ ജീവിതത്തിൽ ഉടനീളം നിലനിന്നിരുന്നു എന്നതാണ് വാസ്തവം. എന്റെ പിൽക്കാല ജീവിതത്തിൽ ഞാൻ എന്തെങ്കിലും നേടിയിട്ടുണ്ടെങ്കിൽ അതിന് കാരണമായി ഞാൻ കാണുന്നത് സൺഡേസ്കൂൾ അഭ്യസനത്തിൽ കൂടി എനിക്ക് കൈവന്ന മൂല്യബോധവും പ്രതിസന്ധികളെ നേരിടാനുള്ള ധൈര്യവുമാണ്. ബൈബിൾ പഠനം മാത്രമല്ല, പ്രസംഗകലയിലും നേതൃപരിശീലനത്തിലും സൺഡേസ്കൂൾ ഏറെ ശ്രദ്ധ ചെലുത്തിയിരുന്നു.

ശിശുവകുപ്പിൽ തുടങ്ങി ജ്യേഷ്ഠവകുപ്പുവരെ നീളുന്ന സൺഡേസ്കൂൾ പാഠ്യപദ്ധതി പൂർത്തിയാക്കിയെന്നു മാത്രമല്ല അവിടെ ഞാൻ അദ്ധ്യാപകനായി തുടരുകയും ചെയ്തു. ജ്യേഷ്ഠവകുപ്പിൽ പഠിക്കുമ്പോൾ 97% മാർക്കോടെ ബിരുദു പരീക്ഷ പാസായതും ആരാധനമദ്ധ്യേ എനിക്ക് ഇടവകയുടെ പ്രത്യേക പുരസ്കാരം നൽകി അനുമോദിച്ചതും ഇന്നും ഓർമ്മയിൽ തങ്ങിനിൽക്കുന്ന നിമിഷങ്ങളാണ്. സമ്മാനവുമായി വീട്ടിലെത്തിയപ്പോൾ അമ്മച്ചിയുടെ വക ശാസന, ഞാൻ ഒരു കൈകൊണ്ടാണത്രെ സമ്മാനം സ്വീകരിച്ചത്. അത് മര്യാദ

കേടാണെന്നും സമ്മാനങ്ങൾ രണ്ടു കൈയ്യും നീട്ടിവേണം സ്വീകരിക്കേണ്ടതെന്ന ഉപദേശവും തന്നു. അങ്ങനെ എത്രയെത്ര പാഠങ്ങളും ശാസനകളും ശിക്ഷണങ്ങളുമാണ് നമ്മളെ നമ്മളാക്കുന്നത്.

അക്കാലത്ത് വെൺപറമ്പിൽ ജോർജ്ജുകുട്ടി സാറായിരുന്നു സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ. ബിരുദു പരീക്ഷയിൽ തിളക്കമാർന്ന വിജയം നേടിയ എന്നെ അനുമോദിച്ചശേഷം അദ്ദേഹം പറഞ്ഞു അടുത്തയാഴ്ച മുതൽ അദ്ധ്യാപകനായി ചുമതലയേൽക്കണമെന്ന്. രണ്ടുവർഷം പിന്നിട്ടപ്പോൾ ഞാൻ ഇടവകയുടെ സൺഡേസ്കൂൾ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. അദ്ധ്യാപകനെന്ന നിലയിൽ അവിസ്മരണീയമായ അനുഭവമായിരുന്നു ചരൽക്കുന്നിൽ നടന്ന അദ്ധ്യാപക പരിശീലന ക്യാമ്പ്. സമാജം ജനറൽ സെക്രട്ടറിയായിരുന്ന ദിവ്യശ്രീ ഡോ. കെ.കെ. ജോർജ്ജ് അച്ചന്റെ നേതൃത്വത്തിൽ നടന്ന ക്യാമ്പിൽ കുട്ടികളുടെ മന:ശാസ്ത്രം, അദ്ധ്യാപന രീതികൾ, പ്രസംഗകല തുടങ്ങി വിവിധ വിഷയങ്ങളാണ് കൈകാര്യം ചെയ്തത്. മാർത്തോമ്മാ സഭയിലെ പ്രഗത്ഭ പട്ടക്കാരായ സണ്ണി ജോർജ്ജ് അച്ചൻ, ചാലക്കാട്ടിൽ ജോർജി അച്ചൻ സൺഡേസ്കൂളിൽ എന്റെ വിദ്യാർത്ഥികളായിരുന്നു. പിൽക്കാലത്ത് സണ്ണിയച്ചൻ കുറ്റപ്പുഴ പള്ളിയിൽ ഒരു ചടങ്ങിൽ ഇക്കാര്യം അനുസ്മരിക്കയും ചെയ്തതോർക്കുന്നു.

സൺഡേസ്കൂൾ പ്രവർത്തനങ്ങളിൽ എന്നെ പ്രോത്സാഹിപ്പിക്കുകയും വഴികാട്ടികളാവുകയും ചെയ്ത ചില വ്യക്തികളുണ്ട്. അവരിൽ പ്രധാനിയാണ് വെൺപറമ്പിൽ ജോർജ്ജുകുട്ടി സാർ. ഞാൻ മുതിർന്ന ക്ലാസുകളിൽ പഠിക്കുമ്പോൾ തന്നെ പൊതുപരിപാടികൾ സംഘടിപ്പിക്കുന്നതിനും മറ്റും അദ്ദേഹം എന്നെ ഒപ്പം നിർത്തുമായിരുന്നു. അതുപോലെ ചാലക്കാട്ടിൽ തോമാച്ചായൻ, മാണിപ്പറമ്പിൽ ബേബിച്ചായൻ, ഇടവകാംഗം കൂടിയായ അഭിവന്ദ്യ സഖറിയാസ് തിരുമേനി, വികാരിമാരായ ദിവ്യശ്രീ എം.ഐ. അലക്സാണ്ടർ അച്ചൻ, പി.ഒ. ജോർജ്ജ് അച്ചൻ, എസ്.വി. ചെറിയാൻ അച്ചൻ എന്നിവരെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

ചാലക്കാട്ടിൽ തോമാച്ചായനെ ഓർക്കാതിരിക്കാൻ കഴിയില്ല. ജ്യേഷ്ഠവകുപ്പിൽ എന്റെ അദ്ധ്യാപകനായിരുന്നു അദ്ദേഹം. പിൽക്കാലത്ത് അദ്ദേഹം ഹെഡ്മാസ്റ്ററായിരിക്കുമ്പോൾ ഒരു സഹഅദ്ധ്യാപകനായി പ്രവർത്തിക്കാനും എനിക്കവസരം ലഭിച്ചു. എല്ലാ ശനിയാഴ്ചകളിലും അദ്ധ്യാപകരുടെ ഒരു മീറ്റിംഗ് പാഴ്സനേജിൽ കൂടിയിരുന്നു. കൊല്ലത്തു ജോലി ചെയ്തിരുന്ന തോമാച്ചായൻ അവിടെനിന്നും നേരെ ഈ മീറ്റിംഗിലേക്കാണ് വരുന്നത്. കഴിഞ്ഞയാഴ്ചത്തെ ക്ലാസ്സുകളെപ്പറ്റി ഒരു വിലയിരുത്തൽ, തുടർന്ന് നാളത്തെ ക്ലാസ്സുകൾക്കുവേണ്ടി എന്തെല്ലാം ഒരുക്കങ്ങൾ നടത്തിയിട്ടുണ്ടെന്ന അന്വേഷണം, ചിലപ്പോൾ അദ്ധ്യാപകരിൽ ഒരാൾ ക്ലാസ്സെടുത്തു കാണിക്കേണ്ടിവരും തിരുത്തലുകളുണ്ടാവും അത്രമാത്രം സവിശേഷ ശ്രദ്ധയോടെയായിരുന്നു അദ്ദേഹം ഹെഡ്മാസ്റ്റർ എന്ന ചുമതല നിർവ്വഹിച്ചിരുന്നത്. എല്ലാ കുട്ടികൾക്കും അദ്ധ്യാപകർക്കും ജന്മദിന ആശംസ കാർഡുകൾ കൃത്യമായി തപാലിൽ അയക്കുന്ന പതിവും അദ്ദേഹത്തിനുണ്ടായിരുന്നു. അക്കാലത്ത് തപാലിൽ ആശംസ കാർഡുകൾ കൈപ്പറ്റുക എന്നത് ഏതൊരു കുട്ടിക്കും എത്ര ആഹ്ലാദകരമായിരുക്കുമെന്ന് ഊഹിക്കുക.

എന്റെ പിതാവും പിതാമഹനും ദശാബ്ദങ്ങളോളം ഇടവക സൺഡേസ്കൂളിൽ അദ്ധ്യാപകരായിരുന്നു. അവരുടെ പിന്തുടർച്ചക്കാരനായി അതേ പാത പിന്തുടരുവാൻ എനിക്കും കഴിഞ്ഞു എന്നതിൽ അഭിമാനിക്കുന്നു. എന്റെ എല്ലാ ഹെഡ്മാസ്റ്റർമാരെയും അദ്ധ്യാപകരെയും പാട്ടുകൾ പഠിപ്പിച്ച കള്ളിയ്ക്കലെ കൊച്ചിണ്ണുണ്ണി സാറിനെയും ഇടവകയിലെ തലമുതിർന്ന മറ്റു അംഗങ്ങളെയും ഞാൻ ഇവിടെ നന്ദിപൂർവ്വം സ്മരിക്കുന്നു. ആറു തലമുറകളെ വാർത്തെടുത്ത ശ്രേഷ്ഠ ഗുരുക്കന്മാരാണല്ലോ അവർ. നേതൃനിരയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന എല്ലാവരെയും പ്രത്യേകിച്ച് അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന ഷാജി കിണറ്റുകര, ജിജി വെൺപറമ്പിൽ എന്നിവരെ ഞാൻ അഭിനന്ദിക്കുന്നു.

നൂറ്റിയമ്പത് വർഷം സുദീർഘമായ ഒരു കാലയളവാണ്. ഇക്കാലമത്രയും നമ്മെ ജയോത്സവമായി നടത്തിയ ദൈവത്തെ സ്തുതിക്കാം. മുന്നോട്ടുള്ള യാത്രയിൽ കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുവാനും കാലഘട്ടത്തിന്റെ വെല്ലുവിളികളെ മറികടക്കുവാൻ പ്രാപ്തരായ തലമുറയെ സജ്ജമാക്കുവാനും നിരണം മാർത്തോമ്മാ ഇടവകയ്ക്കും സൺഡേസ്കൂളിനും കഴിയട്ടെ എന്നു പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

ആദരവ്

ജൂബിലിയോടനുബന്ധിച്ച്
പൂർവ്വ അദ്ധ്യാപകരെ ആദരിക്കുന്നു.



കെ.എം.കുരുവിള, കുറിച്ചിയത്ത് കിണറ്റുകര



ഏലിയാമ്മ ദാനിയേൽ, നാനാത്ര പുത്തൻപുരയിൽ



സാറാമ്മ കുര്യൻ, മാണിപ്പറമ്പിൽ തോപ്പിൽ



ശ്രീ. ബാബു മാത്യു കുറിച്ചിയത്ത് കിണറ്റുകര



ശ്രീ.എം.ഐ. മാത്യു,
മാണിപ്പറമ്പിൽ ബ്ലസൻവില്ല



ശ്രീ. ഉമ്മൻ ജോൺസൺ,
മട്ടയ്ക്കൽ വെൺപറമ്പിൽ



ശ്രീ. മാത്യൂസ് വർഗീസ്,
പള്ളിച്ചിറ സ്നേഹഭവൻ



ശ്രീ. എം.ഇ. ഏബ്രഹാം, മാണിപ്പറമ്പിൽ ഷിജുഭവൻ



ശ്രീ. അലക്സാണ്ടർ മാത്യു, പള്ളിച്ചിറ ഗ്രെയ്സ്വില്ല

ജൂബിലി ഉദ്ഘാടന സമ്മേളനം
















മാർത്തോമാ സൺഡേസ്കൂൾ സമാജം, നിരണം സെന്റർ
അഖില ലോക സൺഡേസ്കൂൾ ദിനാഘോഷം

















പൂർവ്വവിദ്യാർത്ഥി – അദ്ധ്യാപക സമ്മേളനം




























In Loving Memory of





V.I. George & Mariamma George
MATTACKAL VENPARAMPIL



GEORGE VARGHESE
& FAMILY



ABRAHAM GEORGE
& FAMILY

In loving memory of



V.L. ISRAEL VAIDYAN
& MARIAMMA



V.K. OOMMEN



V.I. LUKOSE



V.I. MATHEW



V.I. GEORGE



SUSAMMA MATHEW

INSERTED BY: MATTACKAL VENPARAMBIL FAMILY

best compliments from



RACHEL BABY
KINATTUKARA

Best compliments from

PATTAMUKKIL ALENCHERIL FAMILY



SARAMMA GEORGE & LATE P.C. GEORGE



MINI AJITH & FAMILY



SINI SAJU & FAMILY



SUBI REJI ZACHARIA & FAMILY



യെരുശലേം സൺഡേസ്കൂൾ



വർക്കി വർഗ്ഗീസ്
കങ്ങഴേത്ത്
(മുൻ അദ്ധ്യാപകൻ)

ശതോത്തര സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന യെരുശലേം സൺഡേസ്കൂളിന് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു. അനേകർക്ക് ദൈവീക ദർശനം കൊടുത്തു കൊണ്ടിരിക്കുന്ന ഈ സൺഡേസ്കൂളിനെ എത്ര അഭിനന്ദിച്ചാലും മതിയാകുകയില്ല.

ഈ സൺഡേസ്കൂളിന്റെ ഒരു മുൻകാല വിദ്യാർത്ഥിയും ചുരുങ്ങിയ ഒരു കാലയളവിലെ അദ്ധ്യാപകനുമാണ് ഈ ലേഖകൻ.

എന്റെ ജീവിതത്തെ ക്രിസ്തീയ മാർഗ്ഗത്തിൽ കരുപിടിപ്പിക്കുന്നതിൽ ഈ സൺഡേസ്കൂളിലെ പഠനവും അദ്ധ്യാപനവും എന്നെ വളരെയധികം സഹായിച്ചിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുകയാണ് ഈ ലേഖനത്തിലൂടെ ഞാൻ ഉദ്ദേശിക്കുന്നത്.

ഒന്നാമതായി വേറിട്ട ഒരു ജീവിതം അതായത് തെറ്റായ കൂട്ടുകെട്ടിലൊന്നും പോകാതെ ക്രിസ്തീയ ജീവിതത്തിന് ഊന്നൽ നൽകി ജീവിക്കുവാൻ എനിക്ക് സഹായകമായിരുന്നു.

രണ്ടാമതായി നേതൃനിരയിൽ ശോഭിക്കുവാൻ എനിക്ക് അടിത്തറ പാകി തന്നത് ഈ സൺഡേസ്കൂൾ തന്നെയാണ് എന്ന് പറയുന്നതിൽ എനിക്ക് വളരെ അഭിമാനമുണ്ട്. സ്റ്റുഡൻസ് ക്യാമ്പിൽ പങ്കെടുക്കുന്നതാണ് ജീവിതത്തിൽ മറ്റൊരു വഴിത്തിരിവായത്. ആദ്യമൊക്കെ ക്യാമ്പിൽ പങ്കെടുക്കുവാൻ മടിച്ചെങ്കിലും എന്റെ പിതാവിന്റെയും അന്നത്തെ ഇടവക വികാരിയായിരുന്ന ബഹു. പി.ഒ. ജോർജ്ജ് അച്ചന്റെയും നിർബ്ബന്ധത്തിന് വഴങ്ങി അച്ചന്റെ മകൻ പ്രസാദുമൊത്ത് ഞാൻ ചരൽക്കുന്നിൽ പോയി പങ്കെടുത്തു. അന്ന് വന്ന കുട്ടികളെയെല്ലാം പല ഗ്രൂപ്പുകളായി തിരിച്ചാണ് ക്ലാസുകൾ എടുക്കുന്നതും ഗെയിമുളിലും എന്റർടെയ്ൻമെന്റുകളിലുമൊക്കെ പങ്കെടുക്കുന്നത്. അന്ന് ഒരു ഗ്രൂപ്പിന്റെ ലീഡർ ആയത് ഞാനാണ്. ആ ഗ്രൂപ്പിന്റെ പേര് ജോർജ്ജ് വാഷിംഗ്ടൺ എന്നായിരുന്നു. പൊതു മീറ്റിംഗ് കൂടുമ്പോൾ ഗ്രൂപ്പിനെ പ്രതിനിധീകരിച്ച് സംസാരിക്കേണ്ടതും ഞാനായിരുന്നു. മറ്റൊരു പ്രചോദനം ആ മീറ്റിംഗിൽ നിന്നും എനിക്ക് കിട്ടിയത് അഭിവന്ദ്യ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായിൽ നിന്നായിരുന്നു. തിരുമേനിയുടെ ശൈലിയും നേതൃത്വപാടവും ഒക്കെ മനസ്സിലാക്കുവാൻ സാധിച്ചു. കൂടാതെ ആദ്യകുർബ്ബാനയും വന്ദ്യതിരുമേനിയിൽ നിന്നും സ്വീകരിക്കുവാൻ കഴിഞ്ഞതും എന്റെ ജീവിതത്തിലെ ഒരു ഭാഗ്യമായി കണക്കാക്കുന്നു. അതിൽ പിന്നെ ഞാൻ പോകുന്ന ഇടങ്ങളിലെല്ലാം ഒരു നേതൃത്വ സ്ഥാനമോ ഏതെങ്കിലും വിധത്തിലുള്ള പങ്കാളിത്തമോ എന്നെ കാത്തിരിപ്പുണ്ടാകും. ഓർമ്മയിൽ വരുന്ന ചിലതൊക്കെ സൂചിപ്പിക്കട്ടെ. യുവജനസഖ്യത്തിന്റെ എല്ലാ ഭാരവാഹിത്വവും വഹിച്ചിട്ടുണ്ട്. പത്തു വർഷത്തോളം ഇടവക സെക്രട്ടറിയായും ഓഡിറ്ററായും പ്രവർത്തിച്ചു. ദേവസ്വം ബോർഡ് പമ്പാ കോളേജിൽ പഠിച്ചിരുന്ന കാലഘട്ടത്തിൽ സ്റ്റുഡന്റ്സ് ക്രിസ്ത്യൻ മൂവ്മെന്റിന്റെ യൂണിറ്റ് സ്ഥാപിച്ച് പ്രഥമ സെക്രട്ടറിയായി ബഹുമാനപ്പെട്ട വി.റ്റി. വർഗ്ഗീസ് (ചെറുകോൽ) നോടൊപ്പം പ്രവർത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. എസ്.സി.എം.ന്റെ യൂണിറ്റ് സ്ഥാപിതമാകുന്നതിന് മുൻപ് പരുമല പള്ളിയിൽ കൂടിയിരുന്ന എം.ജി.ഒ.സി.എസ്.എം.ന്റെ മീറ്റിംഗുകളിൽ പങ്കെടുക്കുകയും അങ്ങനെ പരുമല പള്ളിയിൽ നിന്ന് പ്രസംഗിക്കുകയും ചെയ്തത് വളരെ സന്തോഷത്തോടെ ഓർക്കുന്നു.

ബാലജനസഖ്യം രക്ഷാധികാരി, വൈ.എം.സി.എ.യുടെ സെക്രട്ടറി, പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ല മദ്യവർജ്ജന സമിതിയിൽ പ്രവർത്തിച്ചതും ഒക്കെ ഓർക്കുന്നു. അത് അങ്ങനെ നീണ്ടുപോകുന്നു.

മൂന്നാമതായി പറയാനുള്ളത് സൺഡേസ്കൂളിൽ നിന്നും പഠിച്ച പാട്ടുകളെക്കുറിച്ചാണ്. സ്കൂളിൽ അവധി കിട്ടുന്ന സമയങ്ങളിൽ ഒക്കെ അമ്മ വീട്ടിൽ പോയി നിൽക്കുന്ന പതിവുണ്ടായിരുന്നു. അമ്മച്ചി തനിച്ചായിരുന്നതിനാൽ കൂട്ടുപോകുന്നതാണ്. രാത്രിയാകുമ്പോൾ സൺഡേസ്കൂളിൽ നിന്നും പഠിച്ച പാട്ടുകൾ വളരെ ഉച്ചത്തിൽ പാടും. അപ്പോൾ അയൽപക്കത്തെ വീടുകളിൽ പറയും ഇന്ന് തുരുത്തിപ്പറമ്പിലെ അമ്മച്ചിക്ക് നിരണത്തു നിന്നും തങ്കമ്മയുടെ മക്കൾ വന്നിട്ടുണ്ട് കൂട്ടിന്. ചുറ്റുമുണ്ടായിരുന്ന വീടുകളിൽ നമ്മുടെ സഭയിലെ പ്രമുഖ വൈദികനായിരുന്ന എം.പി. തോമസ് അച്ചന്റെ കുടുംബവും മറ്റൊന്ന് ഓർത്തഡോക്സ് സഭയിലെ നിരണം ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായുടെ ഭവനവുമായിരുന്നു. പിന്നീട് അവരെയൊക്കെ കാണുമ്പോൾ തകർത്തുകളഞ്ഞല്ലോ എന്നു പറയും. അന്ന് അതിനൊന്നും അത്ര വില കൽപ്പിച്ചിരുന്നെങ്കിലും ഇന്ന് ഇതൊക്കെ ഓർമ്മയിൽ വരുമ്പോൾ വളരെ സന്തോഷം തോന്നുന്നു.

പലവിധത്തിൽ അനേകർക്ക് പ്രചോദനമേകിയ നിരണം യെരുശലേം സൺഡേസ്കൂൾ ഇനിയും അനേകർക്ക് പ്രചോദനമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



തലമുറകളിലൂടെ...



മാത്യൂസ് വർഗീസ്
പള്ളിച്ചിറ സ്നേഹഭവൻ
(മുൻ അദ്ധ്യാപകൻ)

എന്തിനും ഒരു തുടക്കം ആവശ്യമാണല്ലോ? എന്നാൽ എങ്ങനെ, എവിടെ നിന്നും തുടങ്ങണമെന്ന് ഒരു രൂപവും കിട്ടുന്നില്ല.

150-ാം വാർഷികം ആഘോഷിക്കുന്ന എന്റെ പ്രിയപ്പെട്ട സൺഡേസ്കൂൾ ഇറക്കുന്ന സുവനീറിന്റെ താളുകളിൽ ഇടംകിട്ടുക എന്നത് ഒരു ഭാഗ്യമായി, അംഗീകാരമായി കരുതുന്നു.

എന്റെ ഓർമ്മകളെ ഒരു 50 വർഷം പുറകിലേക്ക് കൊണ്ടുപോകുകയാണ്. അതേ, നമ്മുടെ സൺഡേസ്കൂളിന്റെ സെന്റിനറി ആഘോഷിച്ച ആ സുദിനത്തിലേക്ക്. ഭാഗ്യവശാൽ ആ സമ്മേളനത്തിൽ പങ്കെടുക്കുവാൻ എനിക്കും അവസരം ലഭിച്ചു. അവിസ്മരണീയമായ ഒരു അനുഭവമായിരുന്നത്. ഞാൻ അവധിയിൽ വന്ന ദിനങ്ങൾ.

സമ്മേളനത്തിലെ മുഖ്യപ്രഭാഷകൻ കാലംചെയ്ത അഭിവന്ദ്യ ഒസ്ത്താസിയോസ് തിരുമേനിയായിരുന്നു. ആ കാലഘട്ടത്തിലെ പ്രഗത്ഭനായിരുന്ന സുവിശേഷ പ്രസംഗകൻ എം.വി. ജോർജ്ജ് അച്ചൻ.

അദ്ദേഹത്തിന്റെ അന്നത്തെ പ്രഭാഷണത്തിലെ പല ആശയങ്ങളും പകൽപോലെ ഓർമ്മയിൽ തെളിഞ്ഞുവരുന്നു. സെന്റിനറി ആഘോഷിക്കുന്ന യെരുശലേം സൺഡേസ്കൂളിലെ കുട്ടികളോട് അദ്ദേഹം ഒരു ചോദ്യം തൊടുത്തുവിട്ടു. "ഭക്ഷണം കഴിക്കുന്നതിനു മുമ്പ്, ആഹാരം തന്നതിനായി ദൈവത്തിന് സ്തോത്രം ചെയ്യുന്ന, പ്രാർത്ഥിക്കുന്ന കുട്ടികൾ കൈകൾ ഉയർത്തിയാട്ടെ! ആരും ഒരിക്കലും പ്രതീക്ഷിക്കാത്തതായിരുന്നു ആ ചോദ്യം. നിർഭാഗ്യമെന്ന് പറയട്ടെ ഒരു കുഞ്ഞുപോലും കൈയ്യുയർത്തിയില്ല. പരിതാപകരമെന്ന് വിശേഷിപ്പിച്ചെങ്കിലും അന്നത്തെ നമ്മുടെ കുഞ്ഞുങ്ങളുടെ സത്യസന്ധതയെ അദ്ദേഹം പുകഴ്ത്താതിരുന്നില്ല. ഇന്ന് നമ്മുടെ സൺഡേസ്കൂൾ കുട്ടികളോട് ആ ചോദ്യം ആവർ

ആഹാരം കഴിക്കുന്നതിനു മുമ്പ് തന്ന ആഹാരത്തിന് ദൈവത്തിന് നന്ദികരേറ്റുക; സ്തോത്രം ചെയ്യുക; സന്ധ്യയ്ക്ക് പഠിക്കാൻ തുടങ്ങുന്നതിനു മുമ്പ് വേദപുസ്തകം വായിക്കുക തുടങ്ങിയ നല്ല ശീലങ്ങൾ പഠിപ്പിച്ചുതന്ന പിതാമഹന്മാരേയും മാതാപിതാക്കളേയും ഓർക്കാതിരുന്നാൽ അതൊരു നന്ദികേടാകില്ലേ?

ത്തിച്ചാൽ ഒട്ടുമുക്കാലും കൈകൾ ഉയരുമെന്നതിൽ എനിക്ക് സംശയമില്ല.

മുതിർന്നവരോട് ആ ചോദ്യം ചോദിച്ചിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ചുപോയി. അങ്ങനെ എന്റെ ഒരു സുവർണ്ണാവസരം നഷ്ടമായി. ആഹാരം കഴിക്കുന്നതിനു മുമ്പ് തന്ന ആഹാരത്തിന് ദൈവത്തിന് നന്ദികരേറ്റുക; സ്തോത്രം ചെയ്യുക; സന്ധ്യയ്ക്ക് പഠിക്കാൻ തുടങ്ങുന്നതിനു മുമ്പ് വേദപുസ്തകം വായിക്കുക തുടങ്ങിയ നല്ല ശീലങ്ങൾ പഠിപ്പിച്ചുതന്ന പിതാമഹന്മാരേയും മാതാപിതാക്കളേയും ഓർക്കാതിരുന്നാൽ അതൊരു നന്ദികേടാകില്ലേ?

പേരക്കിടാങ്ങൾ വഴക്കുകൂടുമ്പോൾ, ശല്യം കാട്ടുമ്പോൾ മാതാപിതാക്കന്മാർ പറയുമായിരുന്നു-"അമ്മച്ചിയുടേയോ അപ്പച്ചന്റേയോ അടുക്കലോട്ട് ചെല്ലടാ, അവർ നല്ല കഥകൾ പറഞ്ഞുകേൾപ്പിക്കും അല്ലാത്തപക്ഷം നല്ല പാട്ടുകൾ പഠപ്പിക്കും". ഇന്നത്തെ നമ്മുടെ ഇളംതലമുറയ്ക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നല്ല പൈതൃകം!

ഞാൻ ആർ.സി.സി.യിൽ റേഡിയേഷനു വിധേയപ്പെട്ടിരുന്ന സമയം. പല പ്രായത്തിലും അവസ്ഥയിലും ഉള്ളവർ. അതിലൊരു രണ്ടര വയസ്സുകാരനെ മറക്കുക പ്രയാസം. പ്രായത്തിന്റെ എല്ലാ വികൃതിത്തരങ്ങളും അവനും ഉണ്ടായിരുന്നു. ചില അവസരങ്ങളിൽ അവനെ നിയന്ത്രിക്കുക ബുദ്ധിമുട്ടാകാറുണ്ട്. അവന്റെ ശല്യം സഹിക്കാതാവുമ്പോൾ അമ്മയോ അപ്പനോ മൊബൈലിൽ ഒരു ഗെയിം നല്കി അവനെ ശാന്തനാക്കുമായിരുന്നു. ഇതൊരു നിത്യസംഭവമായി മാറിയിരുന്നു.

ഞാൻ ഇവിടെ കുറിക്കാൻ ശ്രമിച്ചത് പഴയ തലമുറയിലെ പിതാമഹന്മാർ മാതാപിതാക്കൾ സാരോപദേശങ്ങളടങ്ങിയ കഥകളും പാട്ടുകളും പഠിപ്പിച്ച് കുട്ടികളെ വളർത്തിയിരുന്നെങ്കിൽ ഇന്നിതാ... നാട് ഓടുമ്പോൾ നടുവേ ഓടണമല്ലോ? തീർച്ചയായും ഓടണം. പക്ഷേ വീഴാതിരുന്നാൽ നന്ന്. ബാലൻ നടക്കേണ്ടുന്നതായ വഴിയിൽ നടത്തേണ്ടതിന്റെ ആവശ്യം ഇവിടെ വെളിവാകുന്നു.

ഒരിക്കൽ ഒരു അദ്ധ്യാപിക പങ്കുവച്ച ഒരു സംഭവം ഇവിടെ കുറിക്കുന്നു. കുട്ടികളുടെ ഉത്തരക്കടലാസുകൾ അവർ വിതരണം ചെയ്യുകയായിരുന്നു. തങ്ങളുടെ ഉത്തരങ്ങളും കിട്ടിയ മാർക്കും പരിശോധിക്കാൻ കുട്ടികൾക്ക് അവർ അവസരം നല്കി. അധികം താമസിച്ചില്ല, ആ ക്ലാസ്സിലെ മിടുക്കിയായ ഒരു കുട്ടി അദ്ധ്യാപികയുടെ അടുക്കലെത്തി പറഞ്ഞു, ടീച്ചർ എന്റെ മാർക്ക് കൂട്ടിയതിൽ തെറ്റുണ്ട്. എനിക്ക് ഇത്ര മാർക്കേ കൂട്ടിയാൽ കിട്ടുകയുള്ളു. എന്നാൽ ടീച്ചർ എനിക്ക് അതിൽ കൂടുതൽ മാർക്ക് ഇട്ടിട്ടുണ്ട്. ഇതുമൂലം ഏതോ ഒരു കുട്ടിയുടെ റാങ്കിംഗിൽ പിശകു പറ്റിക്കാണുമല്ലോ? ടീച്ചറുടെ പ്രതികരണം തികച്ചും വിഭിന്നമായിരുന്നു. തന്റെ ക്ലാസ്സിലെ കുട്ടികളെല്ലാവരോടുമായി അവർ പറഞ്ഞു-നോക്കൂ ഈ കുട്ടിക്ക് 48 മാർക്കേ കിട്ടാൻ അർഹതയുള്ളൂ. എന്നാൽ മാർക്ക് കൂട്ടിയതിൽ എനിക്ക് തെറ്റുപറ്റി. ആരോടും പറയാതെ കിട്ടിയ മാർക്കുമായി ഈ കുട്ടിക്ക് അവിടെ ഇരുന്നാൽ മതിയായിരുന്നു. ഈ കുട്ടിയുടെ സത്യസന്ധതയ്ക്ക് എന്താണു നൽകുക. ക്ലാസ്സിലെ കുട്ടികൾ ഒന്നടങ്കം പറഞ്ഞു ടീച്ചർ നല്കിയ അത്രയും മാർക്ക് തന്നെ ആ കുട്ടിക്ക് ഇരിക്കട്ടെ. അനുകരണീയമായ മൂന്നു മാതൃകകൾ- കുട്ടി, ടീച്ചർ, ക്ലാസ്സിലെ മറ്റു കുട്ടികൾ.

ഇന്നു നമ്മുടെ കുഞ്ഞുങ്ങൾ ആരേയാകുന്നു മാതൃകയാക്കുന്നത്. അതിന് മറ്റൊരാൾ ഈ ലോകത്തിലില്ല. അതേ നമ്മുടെ കർത്താവും വീണ്ടെടുപ്പുകാരനുമായ യേശുക്രിസ്തുതന്നെ. തന്റെ മാതാപിതാക്കന്മാർക്ക് കീഴടങ്ങി; അവരെ സഹായിച്ച കുട്ടിക്കാലം. പ്രാർത്ഥനയിൽ ഉറ്റിരുന്നവൻ; ലാളിത്യത്തിന്റെ ഉത്തമ മാതൃക; സ്നേഹത്തിന്റെ മൂർ



ത്തീഭവം; ക്രൂശിലെ മരണത്തോളം പിതാവിനെ അനുസരിച്ചവൻ. അങ്ങനെ പറഞ്ഞാൽ തീരാത്ത മാതൃകകൾ. അവനാകട്ടെ എല്ലാവരുടേയും മാതൃക. പ്രത്യേകിച്ച് നമ്മുടെ കുട്ടികളുടെ.

ജീവിതത്തിലെ സന്തോഷ ദിനങ്ങളെ നാം ഒരിക്കലും മറന്നുപോകില്ലല്ലോ. എന്റെ ജീവിതത്തിലെ ഏറ്റം സന്തോഷം നിറഞ്ഞ ദിനങ്ങളായിരുന്നു സൺഡേസ്കൂൾ പഠന കാലഘട്ടവും അദ്ധ്യാപന ദിനങ്ങളും. എന്നും മനസ്സിൽ താലോലിക്കാൻ പറ്റിയ സുദിനങ്ങൾ.

ഞാൻ സൺഡേസ്കൂളിൽ പഠിപ്പിച്ച കുഞ്ഞുങ്ങൾ, അവർ എനിക്ക് മക്കളെപ്പോലെയും; അവർക്ക് ഞാൻ ഒരു പിതാവിനെപ്പോലെയും ആയിരുന്നു. കാലങ്ങൾ പിന്നിട്ടിട്ടും ആ ബന്ധത്തിന് ആക്കം കൂടിയതല്ലാതെ തളർച്ച സംഭവിച്ചിട്ടില്ല എന്നത് എടുത്തു പറയേണ്ടിയിരിക്കുന്നു. അവരിൽ മിക്കവരും ഉന്നത പദവിയിലും മറ്റു പലരും വൈദിക പഠനത്തിലുമാണെന്നുള്ളത് എന്നെ കൂടുതൽ കൂടുതൽ സന്തോഷവാനാക്കുന്നു. അവർ എന്റേയും മുതൽക്കൂട്ടാണ്. ഞങ്ങളുടെ കുടുംബം ഏതാണ്ട് നെഹ്റുവിന്റെ കുടുംബം പോലെയാണ്. നെഹ്റു, ഇന്ദിരാ ഗാന്ധി, രാജീവ് ഗാന്ധി, സോണിയാ ഗാന്ധി. അതുപോലെ വലിയപ്പച്ചൻ, പിതാവ്, മക്കൾ, മരുമക്കൾ എല്ലാവരും സൺഡേസ്കൂൾ അദ്ധ്യാപകരും ഇന്നും അദ്ധ്യാപകരുമായി സേവനം അനുഷ്ഠിക്കുന്നു. വലിയപ്പച്ചനും പിതാവും ഏറിയ കാലം പ്രധാനാദ്ധ്യാപകരുമായിരുന്നു.

സ്വന്ത ജീവിതത്തിലെ അനുഭവങ്ങളിൽ ചിലത് പങ്കു വയ്ക്കുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു. മദ്രാസ്സിൽ ജോലിതേടി താമസിക്കുന്ന അവസരം. ഓർക്കാപ്പുറത്ത് ഒരു ഇന്റർവ്യൂന് ക്ഷണക്കത്ത് കിട്ടി. കൂടിക്കാഴ്ചക്കു പോകും മുമ്പേ സൺഡേസ്കൂളിൽ നിന്നും സമ്മാനമായി ലഭിച്ച വേദപുസ്തകം (അതെന്റെ സന്തത സഹചാരിയായിരുന്നു) തുറന്നു. കിട്ടിയ വാക്യം മത്തായി 11:10. "ഞാൻ എന്റെ ദൂതനെ നിനക്കു മുമ്പായി അയയ്ക്കുന്നു; അവൻ നിന്റെ മുമ്പിൽ നിനക്കു വഴി ഒരുക്കും". ഇതിൽക്കവിഞ്ഞ് ധൈര്യപ്പെടുത്തുന്ന മറ്റൊരു വാക്യം വേണ്ടല്ലോ? ആ ധൈര്യത്തിൽ ഞാൻ ഇന്റർവ്യൂ അറ്റെന്റ് ചെയ്തു. നിർഭാഗ്യമെന്നു പറയട്ടെ, ഞാൻ തോറ്റു തുന്നംപാടി. എന്റെ ആദ്യത്തെ തോൽവി. ഇതാണോ നിന്റെ വഴി ഒരുക്കും വിധമെന്ന് ഞാൻ ചിന്തിച്ചുപോയി... ചെറുപ്പത്തിന്റെ സവിശേഷത. ദിവസങ്ങൾ, മാസങ്ങൾ, വർഷങ്ങൾ ഞാനറിയാതെ കടന്നുപോയി. ഇതാ ഞാൻ സങ്കീർത്തനക്കാരൻ പാടുന്ന ആയുസ്സിലേക്ക് പടികൾ ചവിട്ടുന്നു.

എന്നാൽ ശാന്തമായി പുറകോട്ടു നോക്കുമ്പോൾ തെറ്റുപറ്റിയത് എനിക്കാണ്. അവനും അവന്റെ വചനങ്ങൾക്കും തെറ്റു സംഭവിച്ചില്ലെന്നു മനസ്സിലായി. ഇന്നുവരേയും അവൻ വഴിയൊരുക്കിത്തരുന്നു, അതും അത്ഭുതകരമായും അതിശയകരമായും.

ഇന്ന് ഞായറാഴ്ചയാണ്; മാർച്ച് 22. ജീവിതത്തിൽ മറക്കാനാവാത്ത ദിനം. ഞാൻ ഇത് കുറിക്കുമ്പോൾ ഇൻഡ്യൻ ജനത മുഴുവനും തങ്ങളുടെ ഭവനങ്ങളിൽ അടയ്ക്കപ്പെട്ട തടവറയിൽ കഴിയുന്നു. എന്നാൽ എനിക്ക് ഈ ദിവസം സങ്കടത്തിന്റെ ദിനമാണ്. മറ്റൊന്നുകൊണ്ടുമല്ലാ, നമ്മുടെ ദേവാലയം തുടങ്ങിയനാൾ മുതൽ എല്ലാ ഞായറാഴ്ചയും മുഴങ്ങിക്കേട്ട ഇമ്പകരമായ മണിനാദം ഇന്ന് നിശബ്ദമായിരിക്കുന്നു. ദൈവമേ, ഇത് അങ്ങയുടെ മുന്നറിയിപ്പോ, അതോ ശിക്ഷയോ? ഒരിക്കലും ഇത് ഒരു ശിക്ഷയാകാതിരിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഇതിനു ഞാൻ വിരാമമിടുന്നു.



യെരുശലേം സൺഡേസ്കൂൾ – ചില സ്വാധീനങ്ങൾ



ക്രിസ്റ്റി എം. കുര്യൻ,
മാണിഷനമ്പിൽ തോഷിൽ *(പൂർവ്വ വിദ്യാർത്ഥി)*
(B.D. നാലാം വർഷ വിദ്യാർത്ഥി, മാർത്തോമ്മാ വൈദിക സെമിനാരി)

"A good teacher is like a candle, it consumes itself to light the way for others".

"ഒരു നല്ല ഗുരു മെഴുകുതിരിപോലെയാണ്. മറ്റുള്ളവർക്കു വഴി ഒരുക്കുവാൻ അത് സ്വയം എരിഞ്ഞ് പ്രകാശിക്കുന്നു".

ഭാരത സംസ്കാരത്തിൽ ഗുരുവിന് വളരെയധികം പ്രാധാന്യം ഉണ്ട്. ഗുരു ഇരുട്ടിനെ അകറ്റി വെളിച്ചത്തിലേക്ക് ഒരു വിദ്യാർത്ഥിയെ നയിക്കുകയും വിദ്യാർത്ഥിയുടെ ജീവിതത്തിന് പ്രചോദനാത്മകമായ ആത്മീയ പരിണാമത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

നിരണം യെരുശലേം സൺഡേസ്കൂളിലെ ഒരു പൂർവ്വവിദ്യാർത്ഥി എന്ന നിലയിൽ വളരെയധികം സന്തോഷവും അഭിമാനവും തോന്നുന്ന ഒരു നിമിഷമാണ് ഇത്. അനേകം വിദ്യാർത്ഥികളെ ദൈവവചനത്തിന്റെ മർമ്മം ഗ്രഹിപ്പിച്ച ഈ ഗുരുകുലത്തിൽ നേഴ്സറി മുതൽ പ്രൗഢവകുപ്പ് വരെ മുടക്കം കൂടാതെ പഠിക്കാൻ സാധിച്ചത് ജീവിതത്തിലെ ഏറ്റവും ധന്യമായ അനുഭവമാണ്. പ്രിയപ്പെട്ട ഗുരുക്കന്മാർ പകർന്നു തന്ന ദൈവവചനത്തിന്റെ സാരാംശം എന്റെ ജീവിതത്തിൽ മുൻപോട്ട് പോകുവാൻ കരുത്തും വഴിയും തെളിച്ചുതന്നു.

സൺഡേസ്കൂൾ എന്റെ ജീവിതത്തിൽ എന്നും പ്രചോദനം നൽകുന്ന ഒരു ആത്മീയ സംഘടനയാണ്. സൺഡേസ്കൂൾ ഒരു ഇടവകയുടെ പോഷകസംഘടന എന്നതിലും ഉപരിയായി ബാലികബാലന്മാരെ യേശുവിങ്കലേക്ക് നയിക്കുന്ന സഭയുടെ പ്രധാന പരിശീലനക്കളരിയാണ്. സൺഡേസ്കൂൾ ഒരു വിദ്യാർത്ഥിയുടെ ജീവിതത്തെ പലതരത്തിൽ സ്വാധീനിക്കുന്നുണ്ട്. പ്രധാനപ്പെട്ടത് യേശുവിനെ അറിയുക. *"Come to Jesus, bring every child to Jesus"* സൺഡേസ്കൂളിന്റെ പ്രാഥമിക ലക്ഷ്യമാണ്. ഒന്നര നൂറ്റാണ്ട് അനുഭവ സമ്പത്തുള്ള നിരണം യെരുശലേം സൺഡേസ്കൂളിന് ഇനിയും ഏറെ കാതങ്ങൾ സഞ്ചരിക്കുവാൻ ഉണ്ട്. അനേകം പൈതങ്ങളെ ക്രിസ്തുവനായി

നേടുക എന്ന ദൗത്യം പൂർത്തീകരിക്കാൻ.

സദൃശ്യവാക്യം നമ്മെ ഓർമ്മിപ്പിക്കുന്നു "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക, അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല" (സദൃ. 22:6). സൺഡേസ്കൂൾ തന്നെയാണ് അതിനുള്ള യഥാർത്ഥ പ്ലാറ്റ്ഫോം. എന്നാൽ നാം ഇന്ന് ആയിരിക്കുന്ന ലോകത്തിൽ മാതാപിതാക്കൾ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ, ഇടവകകൾ സൺഡേസ്കൂളിന് എത്രത്തോളം പ്രാധാന്യം നൽകുന്നുണ്ട് എന്നൊന്ന് ആലോചിക്കു. സൺഡേസ്കൂളിന്റെ ആദ്യ കർത്തവ്യം കുട്ടികളെ വേദപുസ്തകം പഠിപ്പിക്കുക എന്നതാണ്. സൺഡേസ്കൂളിൽ നിന്നു കുട്ടികൾക്ക് തിരുവചനത്തെക്കുറിച്ച് ധാരണ ഉണ്ടാകുന്നു, സൺഡേസ്കൂൾ അനുഭവങ്ങളിൽ കൂടി തങ്ങളോടുള്ള ദൈവത്തിന്റെ വിളി തിരിച്ചറിയാൻ അവർക്ക് സാധിക്കുന്നു. രണ്ടാമതായി ക്രിസ്തീയ വിശ്വാസത്തിൽ വളരാൻ അവരെ സഹായിക്കുന്നു. മൂന്നാമതായി സമൂഹത്തിൽ പക്വതയുള്ള അംഗങ്ങളാകാൻ പരിശീലിപ്പിക്കുന്നു.

150-ാം വർഷത്തിൽ പ്രവേശിച്ചിരിക്കുന്ന നിരണം യെരുശലേം സൺഡേസ്കൂൾ അനേകം മഹാരഥന്മാരെ ദേശത്തിനും സഭയ്ക്കും സമൂഹത്തിനും സംഭാവന ചെയ്തിട്ടുണ്ട്. കെ. കെ. കുരുവിള, റവ. കെ.ജെ. ഫിലിപ്പ്, റവ. ജോർജ്ജ് അലക്സാണ്ടർ, റൈറ്റ് റവ. ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ, റൈറ്റ് റവ. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ തുടങ്ങിയ അനേക ബഹുമാന്യ വ്യക്തിത്വങ്ങളെ ഒരു കാലത്ത് വാർത്തെടുത്ത ഗുരുകുലമാണ് നമ്മുടെ സൺഡേസ്കൂൾ. നിരണം യെരുശലേം സൺഡേസ്കൂളിൽ ഹെഡ്മാസ്റ്റർ ആയിരുന്ന വ്യക്തിയാണ് എന്റെ അപ്പച്ചൻ ശ്രീ. എം. തോമസ് കുര്യൻ (ബേബി സാർ). സൺഡേസ്കൂളിനെ സ്നേഹിക്കുകയും ആത്മാർത്ഥമായി പ്രവർത്തിക്കുകയും ചെയ്ത എന്റെ അപ്പച്ചന്റെ ജീവിതം എന്നും എനിക്കൊരു പ്രചോദനമാണ്. എല്ലാ ശനിയാഴ്ചകളിലും വൈകിട്ട് കൃത്യമായി തന്നെ ഞായറാഴ്ചത്തെ മനഃപാഠം പഠിപ്പിക്കുന്നതിനും വേദഭാഗം വായിക്കുന്നതിനും ശ്രദ്ധ ചെലുത്തിയിരുന്നു. ഞായറാഴ്ചകളിലെ പള്ളി ആരാധനയിലും സൺഡേസ്കൂളിലും മുടക്കം കൂടാതെ പങ്കെടുപ്പിക്കാൻ ഉത്സാഹം കാണിച്ചിരുന്നു.

എന്റെ അപ്പച്ചനെ പോലെ ഞാൻ സ്മരിക്കുന്ന വ്യക്തിത്വമാണ് അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞുപോയ ബഹു. ജോർജ്ജുകുട്ടി ശമുവേൽ സാർ. സാറിന്റെ ജീവിതവും പ്രവർത്തനവും മാതൃകാപരമായിരുന്നു. എന്റെ സൺഡേസ്കൂൾ വിദ്യാഭ്യാസ കാലത്ത് സാറായിരുന്നു ഹെഡ്മാസ്റ്റർ. യുവവകുപ്പിൽ ജോർജ്ജുകുട്ടി സാർ ഞങ്ങളുടെ അദ്ധ്യാപകനായിരുന്നു. എപ്പോഴും ഒരു ചെറുപുഞ്ചിരിയോടെ വിദ്യാർത്ഥികളെ പേരെടുത്ത് വിളിച്ചിരുന്ന സാർ ഞങ്ങളെയെല്ലാം വളരെയധികം സ്വാധീനിച്ചിരുന്നു. ഒരു വൈദിക വിദ്യാർത്ഥി എന്ന നിലയിലുള്ള എന്റെ ജീവിത വഴിത്താരയിൽ എന്നെ വളരെയധികം സ്വാധീനിച്ചതും, പ്രോത്സാഹിപ്പിച്ചതും അപ്പച്ചനും ജോർജ്ജുകുട്ടി സാറുമാണ്.

"The good teacher explains, the superior teacher demonstrates and the great teacher inspires".

എന്നെ സ്വാധീനിച്ചതായ രണ്ട് ഗുരുശ്രേഷ്ഠർ, അവരുടെ ജീവിതം എന്നും ഒരു മാതൃകയാണ്. നിരണം യെരുശലേം സൺഡേസ്കൂൾ എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാൻ സാധിക്കാത്തതായ ഒരേടാണ്. പ്രിയപ്പെട്ട അദ്ധ്യാപകർ, വിദ്യാർത്ഥി സുഹൃത്തുക്കൾ എന്നും എന്റെ മനസ്സിലെ നിറമുള്ള ഓർമ്മകളാണ്.

ഇല്ല തീർന്നിട്ടില്ല, ഇനിയും അനേകം കാതങ്ങൾ ഓടി തീർക്കുവാൻ ഉണ്ട് നമ്മുടെ സൺഡേസ്കൂളിന്, അനേകം പൈതങ്ങളെ ക്രിസ്തു സന്നിധിയിൽ എത്തിക്കുവാൻ ഉള്ള ദൗത്യം, അവരെ ക്രിസ്തുവിന്റെ സാക്ഷികളായി ഒരുക്കുവാനുള്ള ദൗത്യം. ക്രിസ്തു ദൗത്യത്തിനായി എരിയുന്ന തിരിനാളമായി നാം മാറണം. നമ്മിൽ നിന്ന് വെളിച്ചം അനേകരിലേക്ക് പകരപ്പെടണം. ജീവിക്കുന്ന സുവിശേഷമായി, പ്രകാശിക്കുന്ന സുവിശേഷമായി, ജീവൻ പകരപ്പെടുന്ന സുവിശേഷമായി നമുക്ക് തീരാം.



ആനി ജോർജ്ജ്
(പൂർവ്വവിദ്യാർത്ഥിനി)
(അദ്ധ്യാപിക, എം.ജി.എം. ഹയർ സെക്കന്ററി സ്കൂൾ, തിരുവല്ല)

എന്റെ വളർച്ചയിലെ ചില മധുര സ്മരണകൾ

എന്റെ വ്യക്തിജീവിതത്തിൽ ഒത്തിരി സ്വാധീനം ചെലുത്തിയ യെരുശലേം സൺഡേസ്കൂളിനെ സ്മരിക്കുന്നതിന് ലഭിച്ച അവസരത്തിനായി ദൈവത്തിന് സ്തോത്രം.

ഓർമ്മ വച്ച കാലം മൂതൽ ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് മുടങ്ങാതെ പോയിരുന്ന വിദ്യാലയമത്രെ യരുശലേം സൺഡേസ്കൂൾ. എന്റെ ജീവിത നാൾവഴിയിൽ യരുശലേം സൺഡേസ്കൂൾ ചെലുത്തിയ സ്വാധീനം, അതാണ് ഇന്നും എന്റെ ജീവിതയാത്രയുടെ പ്രചോദനം.

ഓരോ കുഞ്ഞിനേയും ദൈവത്തിങ്കലേക്ക് ആനയിക്കുക എന്ന ലക്ഷ്യവുമായി സൺഡേസ്കൂൾ ഒരു പ്രസ്ഥാനമായി ആരംഭിക്കുന്നതിനു മുൻപു തന്നേ നിരണം യരുശലേം സൺഡേസ്കൂൾ അതിന്റെ കർമ്മമണ്ഡലം ആരംഭിച്ചിരുന്നു എന്നത് ചരിത്രം. ആ ചരിത്രത്തിലെ ഒരു ഇതളാകുവാൻ സാധിച്ചത് പരമകാരുണ്യവാനായ ദൈവത്തിന്റെ കരുണ.



നിരണം യരുശലേം മാർത്തോമ്മാ ഇടവക യിൽ മട്ടയ്ക്കൽ പരേതരായ ജോർജ്ജുകുട്ടി ശമുവേൽ ആലീസ് ദമ്പതികളുടെ മകളായ എനിക്ക് സൺഡേസ്കൂൾ പഠനത്തിലേക്കുള്ള ആദ്യ ചുവടുവയ്പുകൾ, സൺഡേസ്കൂൾ അദ്ധ്യാപകരായ മാതാപിതാക്കൾ തന്നെയാണ് തുടങ്ങിത്തന്നത്. ഞായറാഴ്ച ദിവസം, വിശുദ്ധമായി ആചരിക്കുവാനുള്ള മുന്നോടി ശനിയാഴ്ച വൈകുന്നേരത്തോടെ ആരംഭിക്കും. വേദപുസ്തക വായന, അതിനുശേഷം സൺഡേസ്കൂൾ പുസ്തക പഠനം ഞായറാഴ്ച രാവിലെ ആരാധനയ്ക്കായി ദേവാലയത്തിലേക്ക്. ആരാധനയ്ക്കു ശേഷം ഭവനത്തിൽ വന്ന് ഭക്ഷണം കഴിച്ചതിനു ശേഷം 1.00 മണി ആകുമ്പോളേക്കും വീണ്ടും ദേവാലയത്തിലേക്ക്, സൺഡേസ്കൂൾ പഠനത്തിനായി. സഭയിലെ ഭൂരിപക്ഷം സൺഡേസ്കൂളുകളും ഞായറാഴ്ച രാവിലെയോ, ആരാധനയ്ക്കുശേഷമോ നടത്തപ്പെടുമ്പോൾ ചുരുക്കം ചില സൺഡേസ്കൂളുകൾ മാത്രമേ ഉച്ചയ്ക്കു ശേഷം നടത്തപ്പെടാറുള്ളു. ഇതൊരു സമയനഷ്ടമാണെന്ന് പലർക്കും അഭിപ്രായം ഉയർന്നപ്പോൾ 1985-90 കളിലെ ഹെഡ്മാസ്റ്ററായിരുന്ന പള്ളിച്ചിറകുന്നേൽ മാത്തുക്കുട്ടി സാർ പറഞ്ഞ മറുപടി ഇപ്പോഴും ഓർമ്മയിൽ നിൽക്കുന്നു. "സമയത്തിന്റെ ദശാംശവും ദൈവംതമ്പുരാന് കൊടുക്കേണ്ടേ". ആ കാലഘട്ടങ്ങളിൽ തന്നെയാണ് ദേവാലയത്തിൽ നടന്നുവന്ന സൺഡേസ്കൂൾ എൽ.പി. സ്കൂൾ കെട്ടിടത്തിലേക്ക് മാറ്റണമെന്ന ആവശ്യം പള്ളികമ്മിറ്റിയിൽ ഉയർന്നപ്പോൾ, നമ്മുടെ കുട്ടികളെ പള്ളിയിൽ നിന്നും മാറ്റിയാൽ അവർ നാളെ ആരാധനയ്ക്കായി ഹാളുകളിലേക്കു പോകുന്ന അവസ്ഥ ഉണ്ടാകും. അതുകൊണ്ട് ദേവാലയത്തിന്റെ ഉള്ളിൽ തന്നെ സൺഡേസ്കൂൾ പഠനം നടത്തണം എന്ന അഭിപ്രായം വരുകയും ഇന്നുവരേയും ദേവാലയത്തിനുള്ളിൽ തന്നെ സൺഡേസ്കൂൾ പഠനം നടത്തിവരുകയും ചെയ്യുന്നു എന്നത് സന്തോഷത്തിന് വക നൽകുന്നു. ദൈവസന്നിധിയിലേക്ക് എപ്രകാരം അടുത്തുവരാം എന്ന് യരുശലേം ഇടവകയെ പഠിപ്പിച്ചത് യരുശലേം സൺഡേസ്കൂളാണെന്ന് നിസംശയം പറയാം.

ഞായറാഴ്ച പള്ളി ആരാധനയിൽ വേദവായന, സ്തോത്രകാഴ്ച തുടങ്ങിയ സന്ദർഭങ്ങളിൽ സൺഡേസ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുവാനുള്ള വികാരിയച്ചന്റെ തീരുമാനം സൺഡേസ്കൂൾ വിദ്യാർത്ഥികൾക്ക് വലിയ ഒരു അവസരം ലഭിക്കുവാനിടയാക്കി. ദേവാലയത്തിൽ വേദവായനയ്ക്കായി ദിവസങ്ങളോളം പരിശീലിച്ച ശേഷമായിരുന്നു ഓരോ കുട്ടിയും വന്നിരുന്നത്. ആരാധനാ മദ്ധ്യേ വേദവായന നടത്തിയ അവസരങ്ങൾ ഇന്നും ജ്വലിക്കുന്ന നിമിഷമായി ഓർമ്മയിൽ നിൽക്കുന്നു.

വിദ്യാർത്ഥികളുടെ എണ്ണം 120 നു മുകളിൽ ഉണ്ടായിരുന്ന ആ കാലഘട്ടത്തിൽ വാർഷിക പരീക്ഷയിലും ബിരുദു പരീക്ഷയിലും ഉയർന്ന വിജയം കരസ്ഥമാക്കുവാൻ വിദ്യാർത്ഥികൾ തമ്മിൽ ആരോഗ്യപരമായ ഒരു മത്സരം ഉണ്ടായിരുന്നു. നോട്ടുകൾ തയ്യാറാക്കി അദ്ധ്യാപനം നടത്തിയിരുന്ന പാരയിൽ ഏലിയാമ്മ സാറിനേയും ചിറയ്ക്കൽ തങ്കമ്മ ടീച്ചറിനേയും അഭിമാനത്തോടുകൂടി ഓർക്കുന്നു. പാഠഭാഗത്തിന്റെ അനുബന്ധ വേദപുസ്തക വായനാ ഭാഗത്തു നിന്നും വരുവാൻ സാധ്യതയുള്ള ചോദ്യങ്ങളും ഉത്തരങ്ങളും തയ്യാറാക്കി വിദ്യാർത്ഥികൾക്കു നൽകുന്ന അദ്ധ്യാപകരുടെ കീഴിൽ സൺഡേസ്കൂൾ അഭ്യസനം നടത്തുവാൻ സാധിച്ചത് ഒരു ഭാഗ്യമത്രെ.

സൺഡേസ്കൂളിന്റെ അനുഗത വളർച്ചയ്ക്ക് മുതൽക്കൂട്ടായിരുന്ന അദ്ധ്യാപികയായിരുന്നു കുത്തപ്പള്ളിൽ വത്സമ്മാമ്മ. അദ്ധ്യാപനത്തിലും മറ്റ് അനുബന്ധ പ്രവർത്തനങ്ങളിലും നിറസാന്നിദ്ധ്യമായിരുന്ന വത്സമ്മാമ്മയുടെ അകാലത്തിലുള്ള വേർപാട് യരുശലേം സൺഡേസ്കൂളിന് തീരാനഷ്ടമത്രെ.

ചുരുക്കം ചില വർഷങ്ങളിലൊഴിച്ച് വി.ബി.എസ്.ന്റെ നടത്തിപ്പ് സൺഡേസ്കൂളിനായിരുന്നു. വി.ബി.എസ്. പ്രവർത്തനങ്ങളിൽ ചിട്ടയായി പങ്കെടുക്കാൻ യരുശലേം സൺഡേസ്കൂൾ നൽകിയ പരിശീലനം പിൽക്കാലത്ത് ധാരാളം വി.ബി.എസ്. ലീഡർമാരെ വാർത്തെടുക്കാൻ കാരണമായി എന്നതിൽ അഭിമാനിക്കാം.

സൺഡേസ്കൂൾ പഠനം സാധ്യമാക്കിത്തന്ന അനുഭവങ്ങളിൽ പ്രധാനം പ്രാർത്ഥിക്കുവാനും

വേദപുസ്തകം വായിക്കുവാനുമുള്ള അവസരങ്ങളെ പ്രയോജനപ്പെടുത്തുക എന്നതാണ്. അദ്ധ്യാപികയായ എനിക്ക് വിദ്യാലയത്തിലെ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് മുൻപുള്ള പ്രാർത്ഥനയുടെ നേതൃത്വം ഏറ്റെടുക്കുവാൻ കരുത്തു നൽകുന്നത് യരുശലേം സൺഡേസ്കൂളിലെ പരിശീലനമാണ്.

150-ാം വാർഷികം ആഘോഷിക്കുന്ന ഈ സമയത്ത് 32 വർഷം യെരുശലേം സൺഡേസ്കൂൾ അദ്ധ്യാപകനായും 11 വർഷം ഹെഡ്മാസ്റ്ററുമായി പ്രവർത്തിച്ച എന്റെ പിതാവിനെ സ്മരിക്കുന്നത് ഒരു സ്തോത്രാർപ്പണമായി ഞാൻ കരുതുന്നു. പപ്പാ യെരുശലേം സൺഡേസ്കൂളിനും ഇടവകയ്ക്കും നിരണം ദേശത്തിനും ഏറ്റവും പ്രിയങ്കരനായിരുന്നു. കുഞ്ഞുങ്ങൾ ദൈവത്തിനും മനുഷ്യർക്കും പ്രസാദമുള്ള വ്യക്തിത്വങ്ങളായി വളരണമെന്ന് പപ്പാ എപ്പോഴും ആഗ്രഹിച്ചു. ഭവനത്തിൽ രാവിലെയും വൈകുന്നേരത്തുമുള്ള കുടുംബപ്രാർത്ഥന നിർബ്ബന്ധമായിരുന്നു. എല്ലാവരുടെയും സുഖദുഃഖങ്ങളിൽ പങ്കുചേരുകയും പ്രയാസപ്പെടുന്നവരുടെ ഭവനങ്ങളിൽ എത്തി പ്രാർത്ഥിക്കുകയും പ്രത്യേകമായി കുഞ്ഞുങ്ങളെ സഹായിക്കുകയും ചെയ്തിരുന്നത് ഓർത്തുപോകുന്നു. ഞങ്ങളെക്കാളും മുൻപേ കൃത്യം 1 മണിക്ക് പപ്പാ സൺഡേസ്കൂളിൽ എത്തിയിരുന്നു. കുഞ്ഞുങ്ങളുടെ വിശേഷങ്ങൾ തിരക്കി സല്ലപിക്കുന്നതിൽ വളരെ സന്തോഷം കണ്ടെത്തിയിരുന്നു. പപ്പായുടെ ചിട്ടയായ പ്രവർത്തനം, കഠിനാദ്ധ്വാനം, പ്രാർത്ഥനാജീവിതം, മറ്റുള്ളവരോടുള്ള കരുതൽ, ജോലിയോടുള്ള വിശ്വസ്തത ഞങ്ങൾ മക്കൾക്കെല്ലാവർക്കും പ്രചോദനമായിരുന്നു. യെരുശലേം സൺഡേസ്കൂൾ മാത്രമല്ല ഇടവകയുടെ എല്ലാ സംഘടനകളുടെയും ആത്മീയ പുരോഗതിയിൽ പപ്പാ അനുഗ്രഹീത നേതൃത്വം നൽകി. കുഞ്ഞുങ്ങളിലെ കഴിവുകളും മൂല്യങ്ങളും മനസ്സിലാക്കി അതിനെ നിർലോഭം പ്രോത്സാഹിപ്പിക്കാനും വളർത്തിയെടുക്കാനും പപ്പാ പ്രത്യേകം ശ്രദ്ധിച്ചു. പപ്പായുടെ സത്യസന്ധത, പെരുമാറ്റത്തിലെ കുലീനത, സഭാ സ്ഥാനീയരോടുള്ള ആദരവ്, മനസ്സിന്റെ തുറവി എന്നിത്യാദി കാര്യങ്ങൾ ഏവർക്കും മാതൃകയാണ്. എപ്പോഴും പ്രസന്നവദനനായിരുന്ന പപ്പാ ഒരിക്കലും ദുഃഖിച്ചിരിക്കുന്നതായി കണ്ടിട്ടില്ല. അമ്മയുടെ

150-ാം വാർഷികം ആഘോഷിക്കുന്ന ഈ സമയത്ത് 32 വർഷം യെരുശലേം സൺഡേസ്കൂൾ അദ്ധ്യാപകനായും 11 വർഷം ഹെഡ്മാസ്റ്ററുമായി പ്രവർത്തിച്ച എന്റെ പിതാവിനെ സ്മരിക്കുന്നത് ഒരു സ്തോത്രാർപ്പണമായി ഞാൻ കരുതുന്നു. പപ്പാ യെരുശലേം സൺഡേസ്കൂളിനും ഇടവകയ്ക്കും നിരണം ദേശത്തിനും ഏറ്റവും പ്രിയങ്കരനായിരുന്നു. കുഞ്ഞുങ്ങൾ ദൈവത്തിനും മനുഷ്യർക്കും പ്രസാദമുള്ള വ്യക്തിത്വങ്ങളായി വളരണമെന്ന് പപ്പാ എപ്പോഴും ആഗ്രഹിച്ചു. ഭവനത്തിൽ രാവിലെയും വൈകുന്നേരത്തുമുള്ള കുടുംബപ്രാർത്ഥന നിർബ്ബന്ധമായിരുന്നു.

വേർപാട് ആദ്യം ഉണ്ടായെങ്കിലും അതിന്റെ ദുഃഖം ഒരുവിധത്തിലും അലട്ടാതെ ഞങ്ങളെ പപ്പാ ബലപ്പെടുത്തി. പപ്പായുടെ വാത്സല്യവും മാതൃകാജീവിതത്തിന്റെ സ്മരണയുമാണ് ഞങ്ങളെയെല്ലാം കുടുംബമായി ദൈവവഴിയിൽ നിലനിൽക്കാൻ ഇന്നും സഹായിക്കുന്നത്. അനേകർക്ക് ക്രിസ്തുവിലേക്കുള്ള വഴികാട്ടിയും ക്രൂശിന്റെ വിശ്വസ്തസാക്ഷിയുമായിരുന്ന ഞങ്ങളുടെ പപ്പായെ യെരുശലേം സൺഡേസ്കൂൾ 150-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ സ്മരിക്കുവാൻ കഴിഞ്ഞതിൽ ഞങ്ങൾ കൃതാർത്ഥരാണ്.

150 വർഷങ്ങൾ പൂർത്തിയാക്കുന്ന യരുശലേം സൺഡേസ്കൂളിന് എല്ലാവിധ ആശംസകളും നേരുന്നു. വളർന്നുവരുന്ന തലമുറകൾക്ക് മാർഗ്ഗദർശകമായി പ്രകാശഗോപുരമായി യെരുശലേം സൺഡേസ്കൂൾ വിളങ്ങട്ടെ.





Teena Ann Mathew
(Alumni)
(Assistant Professor
St. Joseph's College,
Bangalore)

JERUSALEM SUNDAY SCHOOL & I

School on Sunday? I used to wonder what it was all about. When I look back, I realise the importance of Sunday School in my life. When many parents took pride in sending their children for tuitions and entrance examination coaching on Sunday afternoon, my parents were keen that their children attended Sunday School. What was special about it? Apart from the spiritual growth, what did you gain by attending these classes? I can proudly say, it did play an integral part to form me, to guide and enable me to stand firm amidst various turbulences. When you know and understand God's word you are more likely to obey the Lord and determined not to go astray. My commitment to Jesus grew from the lessons taught in classes in the Jerusalem Sunday School.

The knowledge gained in Sunday School helps me to become more proficient in using God's Word, the Bible. It assists your personal relationship with God to grow. Sunday School provides a place of belongingness. In school, we may not know the names of all students studying there, but here, we are a family. We need not worry about being judged for whom we are and what we are. We can share our needs and concerns. More than a teacher student relation, it is all about a shepherd caring for its sheep. The teachers know when someone is hurt or sad then they take care and pray for them. There is warmth and love flowing within the Sunday School. There is no grudge, malice or judgement. Being a teacher, I realise now the importance of being nonjudgemenal towards my students. This, I acquired from my Sunday School. Sunday School taught me to stand for what is true in life and generous in dealings.

I am thankful for all the teachers who taught me Bible lessons. Their profound influence fashioned me to a great extent. The first person who comes to my mind is, Georgekutty sir. His

determination to see all children in the parish were sent to Sunday School is worth mentioning here. Sir as the Headmaster was the pillar of our Sunday School. His guidance, leadership and encouragement made every child to be modelled in true faith and self discipline. He was a true Christian who followed the steps of Jesus and showed us how to live for Jesus. Sir encouraged me to stand before the children and share from the Bible. Through these practices, I gained confidence and shyness wane out from me. There are many other teachers who did influence me in the course of my Sunday School life. Valsan uncle, Gigy uncle and other teachers helped me to walk in the path of Christian devotion and trust. The values imbibed from my Sunday School helped me and is still inspiring me to stay strong in my christian belief. Sunday School teaches us the value of worshipping God. Other joyful programmes included song practices, worshipping God by students and teachers together. We heard moral stories from our teachers and visitors. They instil in me values of social concern and passion to reach high in life. Sunday School was also a place of solace for me.

When I moved to Bangalore for my studies in 2008, I was not aware of how things will work in life. There were times, when I had missed my church, my choir and my Sunday School and all I wanted was to run back to my comfort zone. Prayers of my parents, Sunday School teachers, friends helped me to move forward in life courageously. Sunday School gives us opportunities to serve and minister others. It is a place where your talents are recognised and acknowledged. I still had fond memories of attending various competitions and winning prizes. I truly believe that it is not about showing off, but is all about belongingness. The relationships that you build here is worth your life time. I have got good friends from Sunday School and our friendship is still going strong. We are not able to talk everyday but what connects us are the cherished memories that were formed during our Sunday School days.

I live in a metropolitan city where everything is available at a click of a button. When I look back, I realise how blessed I am to have enjoyed and recognize the smallest of blessings in life which could have gone unnoticed. The nurturance and evcouragement I have received from Sunday School is definitely an integral part in my formation. Had not my parents insisted me on attending Sunday School, my life experiences would have been different and more materialistic. If there is a time back machine, I would really go back in time and relive those days.

We are caught in many snares of the world. God's word protect us. Psalmist say: "I have laid up thy word in my heart, that I might not sin against thee"

In order to grow in God's love

I would like to say the following quotes to our Sunday School children.

i. Take time to read the Bible. It is the foundation of wisdom.
ii. Take time to be friendly, it is the road to happiness.
iii. Take time to love and be loved, it is the privilege of redeemed people.
iv. Take time to look around, it is too short to be selfish.
v. Take time for God, it is life's only lasting investment.

150 years is a long journey. To stand firm with God in this changing times is definitely challenging. Our Sunday School had played a vital role in the spiritual awakening of many men and women. Pray it soar high in the coming years also. May the Almighty Lord help us all in the mission of bringing many of our children to Jesus. Pray our children do not set their minds on small goals but always aspire to achieve great things in life for the glory of God.



എന്റെ സൺഡേസ്കൂൾ ചില ഓർമ്മകൾ



ജിബി എൽസാ വർഗീസ്
തിരുവനന്തപുരം
(പൂർവ്വവിദ്യാർത്ഥിനി)

കൈയിലിരുന്ന ഈർക്കിൽ ബെഞ്ചിൽ വെച്ചിട്ട് ജോർജുകുട്ടി സർ എഴുന്നേറ്റു. "നമുക്ക് സ്തോത്രകാഴ്ച സമർപ്പിക്കാം" എന്ന് പറഞ്ഞിട്ട് പതിവുപോലെ "സ്വർഗ്ഗേ സിംഹാസനം ചുറ്റി" എന്ന ഗാനം ആരംഭിച്ചു. ഏറ്റവും പിന്നിൽ നിന്നും വത്സലൻ അങ്കിളും പുറകെ മറ്റ് അദ്ധ്യാപകരും വിദ്യാർത്ഥികളും മുന്നിൽ വെച്ച കസേരയിൽ വെച്ചിരുന്ന പാത്രത്തിൽ സ്തോത്രകാഴ്ചകൾ സമർപ്പിച്ച ശേഷം കസേര വലം വെച്ചു മടങ്ങി വരുന്നു. തുടർന്ന് എല്ലാവരും ഒരുമിച്ച് എഴുന്നേറ്റ് നിന്ന് ആരാധന നടത്തുന്നു. യെരുശലേം സൺഡേസ് കൂളിനെക്കുറിച്ചുള്ള എന്റെ ഏറ്റവും മധുരമായ ഓർമകളിൽ ഒന്നാണ് ഇത്.

"സ്വർഗ്ഗേ സിംഹാസനം ചുറ്റി" എന്ന ഗാനം മറ്റ് സൺഡേസ്കൂളുകളിൽ നിന്നും നമ്മുടെ സൺഡേസ്കൂളിനെ വ്യത്യസ്തം ആക്കുന്ന ഒന്നാണ്. ഞാൻ ഉൾപ്പടെയുള്ള വിദ്യാർത്ഥികൾ എല്ലാവരും ഈ ഗാനം കേട്ടുപഠിച്ചതാണ്, പലപ്പോഴും വാക്കുകൾ പോലും വ്യക്തമായി അറിയാതെ. സൺഡേസ്കൂൾ അഭ്യസനത്തിനു ശേഷവും ഈ ഗാനം എനിക്ക് വളരെ പ്രിയപ്പെട്ടതാണ്. കുറച്ചു വർഷങ്ങൾക്ക് മുൻപ് ഞാൻ തിരുവനന്തപുരത്ത് ക്രൈസ്റ്റ് സി.എസ്.ഐ. പള്ളിയിൽ ഒരു വിവാഹശുശ്രൂഷയിൽ പങ്കെടുക്കുവാൻ എന്റെ പിതാവിന്റെ ഒപ്പം പോയി. ശുശ്രൂഷ ആരംഭിക്കുവാനായി കാത്തുനിൽക്കുന്ന സമയത്താണ് ഞങ്ങൾ ഇരുന്ന ബെഞ്ചിന്റെ മുൻപിലുള്ള ബുക്ക് ഹോൾഡറിൽ വെച്ചിരുന്ന പഴയ ജ്ഞാനകീർത്തനങ്ങൾ കണ്ണിൽപ്പെട്ടത്. പൊതുവെ പാട്ടുകളോട് ഒരു താല്പര്യം ഉള്ളതുകൊണ്ട് പുസ്തകത്തിന്റെ താളു

കൾ മറിച്ചുനോക്കിയപ്പോൾ ഒരു ഗാനം കണ്ണിൽ ഉടക്കി. വർഷങ്ങളായി മനസിന്റെ ആഴങ്ങളിൽ പതിഞ്ഞിട്ടുള്ള ആ വരികൾ, അതിന്റെ ഈണം. ഉടനെ കൈയിൽ ഉണ്ടായിരുന്ന ഫോണിൽ ആ പേജ് പകർത്തി സൂക്ഷിച്ചു. എക്കാലവും യെരുശലേം സൺഡേസ്കൂൾ വിദ്യാർത്ഥികൾ പാടി പഠിച്ച ഗാനം "സ്വർഗ്ഗേസിംഹാസനം ചുറ്റി ലക്ഷോപലക്ഷം ബാലർ..." പിന്നീട് ഗായകസംഘത്തോടൊപ്പം എല്ലാ വർഷവും അഖിലലോക സൺഡേസ്കൂൾ ദിനത്തോട് അനുബന്ധിച്ച കുഞ്ഞുങ്ങളുടെ പ്രൊസെഷന് അകമ്പടിയായി ഈ ഗാനം പഠിച്ചു ആലപിക്കുവാൻ സാധിച്ചിട്ടുണ്ട്.

സൺഡേസ്കൂൾ ഓർമ്മകൾ ഇത്രമാത്രമായി ഒതുങ്ങുന്നില്ല. എന്റെ ജീവിതത്തെ ഏറ്റവും സ്വാധീനിച്ച അദ്ധ്യാപകർ, ഏറ്റവും ആത്മാർത്ഥമായ ഹൃദയബന്ധങ്ങൾ എല്ലാം സമ്മാനിച്ചത് എന്റെ സൺഡേസ്കൂളും ഇടവകയുമാണ്. ആദ്യമായി ഒരു വേദിയിൽ പാട്ട് പാടിയത്, പ്രസംഗിച്ചത്, പൊതുവായി ഒരു പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകിയത് എല്ലാം എന്റെ സൺഡേസ്കൂളിലാണ്. അതിലും ഉപരിയായി, യേശുക്രിസ്തുവിനെ എന്റെ കർത്താവും രക്ഷിതവുമായി സ്വീകരിച്ച സാക്ഷ്യം പറഞ്ഞതും എന്റെ സൺഡേസ്കൂളിലാണ്. സ്നേഹനിധിയായ ജോർജുകുട്ടി സർ ആയിരുന്നു എന്റെ സൺഡേസ്കൂൾ കാലയളവിൽ കൂടുതൽ സമയവും ഹെഡ്മാസ്റ്റർ ആയിരുന്നത്. സാറിന്റെ സ്നേഹം ഒരുപാട് അനുഭവിച്ചിട്ടുള്ള വിദ്യാർത്ഥികളിൽ ഒരാളാണ് ഞാൻ. കുഞ്ഞുങ്ങളുടെ കഴിവുകൾ മനസിലാക്കി അവരെ പ്രോത്സാഹിപ്പിച്ചു അവസരങ്ങൾ ഒരുക്കുവാൻ ശ്രദ്ധിച്ച സർ എന്നും നമ്മുടെ മനസുകളിൽ ജീവിക്കുന്നു. ഓരോ വി. ബി. എസ്. കാലഘട്ടത്തിലും ഓർക്കുന്ന ഒരു മുഖം ആണ് വത്സമ്മ ആന്റിയുടേത്. ഞാൻ ഉൾപ്പെട്ട തലമുറയെ സംബന്ധിച്ച് എല്ലാ അദ്ധ്യാപകരും ഞങ്ങളുടെ സമകാലീനരായ കൂട്ടുകാരുടെ ഒക്കെ മാതാപിതാക്കൾ ആയിരുന്നു. അതുകൊണ്ട് തന്നെ ഞങ്ങൾക്കും അവർ മാതാപിതാക്കൾക്ക് തുല്യരായിരുന്നു. അങ്ങനെ 'സർ' അല്ലെങ്കിൽ 'ടീച്ചർ' എന്ന സ്ഥിരം വിളികളിൽ നിന്നും വ്യത്യസ്തമായിട്ട് ഞങ്ങൾ എല്ലാവരെയും 'അങ്കിൾ', 'ആന്റി' എന്നൊക്കെ സംബോധന ചെയ്തത് ബന്ധങ്ങളുടെ ഊഷ്മളത വർധിപ്പിക്കുവാൻ സഹായകമായിട്ടിട്ടുണ്ട്.



എന്റെ സൺഡേസ്കൂൾ എനിക്ക് ഓർമകൾക്ക് അപ്പുറം ഒരു അനുഭവമാണ്. ഒന്നര നൂറ്റാണ്ടിന്റെ പഴക്കവും പാരമ്പര്യവുമുള്ള യെരുശലേം സൺഡേസ്കൂൾ നമ്മുടെ ദേശത്തു ക്രിസ്തീയ സാക്ഷ്യത്തിന്റെ, ആത്മീയ പരിപോഷണത്തിന്റെ ആലയമായി നിലകൊള്ളുന്നു എന്നത് ദൈവത്തിന്റെ വലിയ പദ്ധതിയാണ്. ഇനിയും നൂറ്റാണ്ടുകൾക്ക് ആത്മീയ വെളിച്ചം പകരുവാൻ യെരുശലേം സൺഡേസ്കൂളിനെ ദൈവം സഹായിക്കട്ടെ.





യെരുശലേം സൺഡേസ്കൂൾ ഒരു പൂർവ്വവിദ്യാർത്ഥിനിയുടെ ഓർമ്മകൾ

റ്റിഷ അന്ന സണ്ണി
(എം.ബി.ബി.എസ് വിദ്യാർത്ഥിനി, പുഷ്പഗിരി മെഡിക്കൽ കോളേജ് തിരുവല്ല)

ലോകം മുഴുവൻ കോവിഡ്-19 മൂലം ഭീതിയുടെ മുൾമുനയിൽ നിൽക്കുന്നതാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഈ അവസരത്തിൽ ഒരു മെഡിക്കൽ വിദ്യാർത്ഥി ആയതിനാൽ ഞാൻ ദൈവത്തോട് നന്ദി പറയുന്നു. മറ്റൊരാൾക്ക് വേണ്ടി സേവനം ചെയ്യുവാനും ജീവൻരക്ഷാ ദൗത്യത്തിൽ പങ്കുചേരുവാനും എന്നെ തിരഞ്ഞെടുത്ത ദൈവകൃപയ്ക്ക് എത്ര നന്ദി പറഞ്ഞാലും മതിവരില്ല.

തീർച്ചയായും ഈ പ്രൊഫെഷ്ൻ തിരഞ്ഞെടുത്തതിൽ ഞാൻ സൺഡേസ്കൂളിൽ നിന്നു പഠിച്ചതും ജീവിതത്തിൽ ആർജ്ജിച്ചതുമായ ക്രിസ്തീയ മൂല്യങ്ങൾക്ക് വലിയ പങ്കാണുള്ളത്. ലോകം കണ്ടതിൽ വെച്ച് ഏറ്റവും വലിയ വൈദ്യൻ ക്രിസ്തു തന്നെയാണ്. അവിടുത്തെ സൗഖ്യദായകമായ കരസ്പർശം എനിക്കും എന്നെപോലെ മെഡിക്കൽ രംഗവുമായി ബന്ധപ്പെട്ട എല്ലാവർക്കും ലഭിക്കണമെന്ന് ഞാൻ പ്രാർത്ഥിക്കുകയാണ്. "ഈ എളിയവരിൽ ഒരുവന് നിങ്ങൾ സഹായം ചെയ്യുമ്പോൾ എല്ലാം എനിക്കുതന്നെയാണ് ചെയ്തത്" എന്ന് അവിടുന്ന് അരുളി ചെയ്തിട്ടുണ്ടല്ലോ. മാനവ സേവനം ചെയ്യാൻ ഏറ്റവും നന്നായി കഴിയുന്ന മെഡിക്കൽ പ്രൊഫെഷ്നിലേക്ക് കടന്നുവരാൻ എനിക്ക് പ്രചോദനം ആയ വചനമാണ് ഇത്. ആ തിരിച്ചറിവ് എനിക്ക് ലഭിച്ചത് സൺഡേസ്കൂളിലെ പഠനത്തിൽ നിന്നുമാണ്. ദൈവത്തോട് കൂടുതൽ ചേർന്നു നിൽക്കുവാനും വേദനിക്കുന്ന മുഖങ്ങളിൽ ദൈവത്തെ കാണുവാനും തീർച്ചയായും സൺഡേസ്കൂൾ പഠനം എന്നെ പ്രാപ്തയാക്കി. ഏതു പ്രതിസന്ധിയേയും പ്രാർത്ഥനയിലൂടെ തരണം ചെയ്വാനും ദൈവത്തോടു ചേർന്നു നിൽക്കുവാനും സൺഡേസ്കൂൾ പഠനം എന്നെ സഹായിച്ചു. എന്റെ സൺഡേസ്കൂൾ അദ്ധ്യാപകരിൽ നിന്ന് പകർന്ന് കിട്ടിയ ക്രൈസ്തവ മൂല്യങ്ങളെക്കുറിച്ചുള്ള അവബോധം തീർച്ചയായും ജീവിതത്തിന്റെ ഏതു ഘട്ടത്തിലും പിടിച്ചു നിൽക്കാൻ ധൈര്യം ഏകുന്നവയാണ്. ഒരു ക്രിസ്തീയ വിശ്വാസിയായതിനാൽ ഞാൻ അങ്ങേയറ്റം അഭിമാനിക്കുകയും മെഡിക്കൽ പ്രൊഫെഷ്നോട് എന്നെ ചേർത്തു നിർത്തിയ ദൈവത്തിന് മഹത്വവും നന്ദിയും സ്തോത്രവും അർപ്പിക്കുകയും ചെയ്യുന്നു.

യെരുശലേം സൺഡേസ്കൂൾ നൽകിയ ജീവിത പ്രചോദനങ്ങൾ



അശ്വിൻ ഏബ്രഹാം വലിയപറമ്പിൽ
(സൺഡേസ്കൂൾ വിദ്യാർത്ഥി, പ്രൗഢവകുപ്പ്)

ഓർമ്മകൾ എപ്പോഴും കാല്പനികതയുടെ ലോകത്തേക്ക് നമ്മെ കൊണ്ടുപോകുന്നതാണ്. അതും പ്രത്യേകിച്ച് ബാല്യകാല ഓർമ്മകൾ. മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാം തന്റെ ആത്മകഥയിൽ ബാല്യകാല ഓർമ്മകൾ പങ്കുവയ്ക്കുന്നതുപോലെ ഓരോ വ്യക്തിയുടെയും ജീവിതത്തെ പരിശോധിച്ചാൽ മനസ്സിന്റെ ഒരു കോണിൽ മായ്ക്കാൻ പറ്റാത്തവിധം കൊത്തിവച്ചിരിക്കുന്ന ഒരുപിടി നല്ല ഓർമ്മകൾ ഉണ്ടാകും. അതുപോലെ എന്റെ ജീവിതത്തിലും ബാല്യകാലത്തെ സൺഡേസ്കൂൾ പഠനം ചില മായാത്ത ഓർമ്മകൾ സമ്മാനിച്ചിരിക്കുന്നു.

നിരന്തരം പ്രചോദനമേകുന്ന അദ്ധ്യാപകരുടെ വാക്കുകളും മുമ്പോട്ടുള്ള ഒരു ചുവടിനായി അവർ ഏകുന്ന കൈത്താങ്ങലുകളും കരുതലും സ്നേഹവും എല്ലാം അതിൽ ഉൾപ്പെടുന്നു. കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയ ജോർജ്ജുകുട്ടി സാറിന്റെ ശിക്ഷണം സ്മരണീയമാണ്. സൺഡേസ്കൂൾ സമയത്ത് അച്ചടക്കം പാലിക്കാൻ പഠിച്ചു തുടങ്ങിയത് സാറിന്റെ സ്നേഹവും വാത്സല്യവും തുളുമ്പുന്ന ഒരു വടിയുടെ സാന്നിദ്ധ്യമായിരുന്നു. പിന്നീട് മനസ്സിന്റെ ആഴങ്ങളിലേക്ക് പരതിനോക്കുമ്പോൾ ഹൃദയത്തിന്റെ ഉള്ളിൽ തങ്ങിനിൽക്കുന്നത് അന്ന് പഠിച്ച പാട്ടുകളാണ്. അതിൽ നിന്നാണ് "ചിറകൊടിഞ്ഞ കുരുവിക്കൊരുനാളിലൊരു മോഹം"... നേഴ്സറി മുതൽ യുവവകുപ്പ് ക്ലാസ്സ് വരെയുള്ള പഠനം എപ്പോഴും മനസ്സിനെ സന്തോഷപുളകിതനാക്കുന്നതാണ്. മായ്ക്കാൻ പറ്റാത്ത ചില നല്ല ഓർമ്മകൾ എപ്പോഴും ഏവരുടെയും ജീവിതത്തിൽ പാഠങ്ങൾ സമ്മാനിക്കാൻ ഉതകുന്നതാണ്. അതുപോലെ ചില നല്ല പാഠങ്ങൾ സൺഡേസ്കൂൾ ഞങ്ങളിലും പകർന്നു തന്നിട്ടുണ്ട്. ഏറെ പ്രസിദ്ധമായ ഒരു കഥയുടെ സാരം ഇപ്രകാരമാണ്, ചിറകുള്ള തന്റെ ശിഷ്യഗണത്തെ ഒരു മലമുകളിൽ കൊണ്ടുപോയി നിർത്തി, താഴോട്ടു ചാടുക എന്ന ഗുരുവിന്റെ ആജ്ഞയെ പറക്കാൻ കഴിവില്ലെന്ന് വിശ്വസിച്ച ശിഷ്യർക്ക് അപ്രസക്തമായാണ് തോന്നിയത്. ചില കാര്യങ്ങളിലെങ്കിലും പുറകോട്ടു മാറി നിൽക്കുന്ന ഞങ്ങളെ കൈപിടിച്ചു കയറ്റുന്ന ഒരുപറ്റം അദ്ധ്യാപകർ തന്നെയാണ് യെരുശലേം സൺഡേസ്കൂളിന്റെ ശോഭയ്ക്ക് മാറ്റുകൂട്ടുന്നത്. അതുകൊണ്ടുതന്നെയാണ് ഒന്നര നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള ഈ സൺഡേസ്കൂളിൽ നിന്ന് ലോകത്തിന്റെ നാനാഭാഗത്തേക്ക് നേതാക്കളായും ഗുരുക്കന്മാരായും ശാസ്ത്ര-സാങ്കേതിക രംഗത്തും ഇതിലെ പൂർവ്വ വിദ്യാർത്ഥികൾ ഉയർത്തപ്പെട്ടിട്ടുള്ളത്.

ശതകാർദ്ധശതകത്തിൽ എത്തിനിൽക്കുന്ന നിരണം യെരുശലേം സൺഡേസ്കൂളിൽ നിന്ന് ലഭിച്ചിരിക്കുന്ന ചില പാഠങ്ങളിലെങ്കിലും അതിലെ ഭാഗമായി ഒരദ്ധ്യാപകൻ കാണും. പാഠപുസ്തകത്തിന് ഊന്നൽ നൽകുന്ന സ്കൂൾ വിദ്യാഭ്യാസ സംവിധാനത്തിൽ നിന്നും തീർത്തും സൺഡേസ്കൂൾ വിദ്യാഭ്യാസത്തെ വ്യത്യസ്തമാക്കുന്നത്, അതിലെ അദ്ധ്യാപകർ തന്നെയാണ്. കുട്ടികളുമായി പങ്കുവയ്ക്കുന്ന ജീവിതാനുഭവങ്ങളും സാക്ഷ്യങ്ങളും അവരെ ദൈവവുമായി കൂടുതൽ അടുപ്പിക്കുവാനും ജീവിതമൂല്യങ്ങൾക്ക് ഊന്നൽ കൊടുക്കുവാനും അവരെ പ്രാപ്തരാക്കുന്നു. ജീവിതമാകുന്ന വഴിത്താരയിൽ സഞ്ചരിച്ച് അനേകം ദൂരം താണ്ടി, പിറകിലേക്കു തിരിഞ്ഞുനോക്കുമ്പോൾ വാടാതെ ഊഷ്മളതയോടെ നിൽക്കുന്ന പൂച്ചെണ്ടുപോലെ മായാതെ നിൽക്കുന്ന ആ ഓർമ്മകളിൽ സൺഡേസ്കൂളും അതിലെ അദ്ധ്യാപകരും അതിൽ നിന്നു കിട്ടിയ ജീവിതപാഠങ്ങളും ഉണ്ടാകും.

അന്ധകാരത്തിൽ നിന്ന് അത്ഭുത പ്രകാശത്തിലേക്ക് നയിക്കുന്ന ദൈവസാന്നിദ്ധ്യം തിരിച്ചറിഞ്ഞ് ദൈവമക്കളായിരിപ്പാൻ നമുക്ക് കഴിയട്ടെ. തുടർന്നും മൂല്യാധിഷ്ഠിതമായുള്ള തലമുറകളെ വാർത്തെടുക്കുവാൻ നിരണം യെരുശലേം സൺഡേസ്കൂളിനും അദ്ധ്യാപകർക്കും കഴിയട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

യെരുശലേം സൺഡേസ്കൂൾ പഠിപ്പിച്ച പാഠങ്ങൾ



ലയന എൽസ സാബു,
ചുള്ളിക്കാട്ടിൽ *(പൂർവ്വവിദ്യാർത്ഥിനി)*
(എം.ബി.ബി.എസ് വിദ്യാർത്ഥിനി, സഫോറിസ്സിയ സ്റ്റേറ്റ് മെഡിക്കൽ യൂണിവേഴ്സിറ്റി, ഉക്രൈൻ)

യേശുക്രിസ്തുവിന്റെ വിലയേറിയ നാമത്തിന് മഹത്വമുണ്ടായിരിക്കട്ടെ. എന്റെ 4-ാം വയസ് മുതൽ ഞാൻ സൺഡേസ്കൂളിൽ വരുവാൻ തുടങ്ങി. ഒരു കൊച്ചു പെൺകുട്ടിയായി ഞാൻ സൺഡേസ്കൂൾ ക്ലാസുകളിൽ കേൾക്കുന്ന കഥകളും പാട്ടുകളും എന്നെ ഒരുപാട് സ്വാധീനിച്ചിട്ടുണ്ട്. അവ എന്നെ യേശുവിങ്കലേക്ക് ചേർത്ത് നിർത്തുകയും ബൈബിളിനെക്കുറിച്ച് കൂടുതൽ ഗ്രാഹ്യം തരികയും ചെയ്തു. ആഴ്ചതോറുമുള്ള ബൈബിൾ പഠനവും കൂട്ടുകാരുമൊത്തുള്ള പാട്ടും കളികളുമൊക്കെ ഒരുപാട് ആസ്വദിച്ചിരുന്നു. സൺഡേസ്കൂൾ വാർഷികത്തിന് പ്രോഗ്രാമുകളിൽ കൂടുതൽ സജീവമാകുവാൻ സൺഡേസ്കൂൾ ടീച്ചറുമാരുടെ പിന്തുണയും പ്രചോദനവും ഒരുപാട് സഹായിച്ചിട്ടുണ്ട്. ഞാൻ കൗമാരപ്രായമായപ്പോഴേക്കും ജിജിസാർ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ആയി. ജിജിസാർ ഞങ്ങളെ കൺവൻഷൻ ഗീതങ്ങൾ പഠിപ്പിക്കുകയും വിവിധ പ്രാർത്ഥനാ വിഷയങ്ങൾ പറഞ്ഞുതരികയും ചെയ്തിരുന്നു. എല്ലാ ദിവസവും രാവിലെയും വൈകിട്ടും മുട്ടിന്മേൽ നിന്ന് ബൈബിൾ വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണമെന്ന കാര്യം ഞാൻ സൺഡേസ്കൂളിലൂടെയാണ് പഠിച്ചത്. എല്ലാ ആഴ്ചയിലും മടികൂടാതെ പള്ളി ആരാധനയിൽ പങ്കെടുക്കണമെന്നും ജിജിസാർ പറഞ്ഞുതരുമായിരുന്നു. ആദ്യ സെക്ഷനിൽ സ്തോത്രകാഴ്ച സമർപ്പിക്കുകയും നിശ്ചയിച്ച ക്ലാസുകൾ ആരാധന എടുക്കുകയും ബൈബിൾ വായിക്കുകയും പാട്ടുപാടുകയും ചെയ്യും. ശേഷം ജിജിസാർ ക്ലാസ് ലീഡറായി പ്രവർത്തിച്ചിരുന്ന കുട്ടിയേയും ക്ലാസിൽ നിന്നും പങ്കെടുത്ത ശേഷം കുട്ടികളെയും കൈയ്യടിച്ച് പ്രോത്സാഹിപ്പിക്കുകയും അഭിനന്ദിക്കുകയും ചെയ്യും. ഇവയിൽ നിന്ന് മറ്റുള്ളവരുടെ പ്രവർത്തികളെയും കഴിവുകളെയും അഭിനന്ദിക്കുവാനുള്ള ശീലവും ഞാൻ ജീവിതത്തിൽ പ്രാവർത്തികമാക്കി. ഒന്നാം സെക്ഷൻ കഴിഞ്ഞ് ഞങ്ങൾ ക്ലാസ്സുകളിലേക്ക് പോകും. പ്രാർത്ഥനയോടെ ക്ലാസ് തുടങ്ങും. ക്ലാസ്സിൽ ഷാജി സാർ ഒരുപാട് കാര്യങ്ങൾ പറയുകയും പഠിപ്പിക്കുകയും ചെയ്യും. ശേഷം നോട്ടുകൾ എഴുതി പ്രാർത്ഥനയോടെ ക്ലാസ്സിൽ നിന്നും മടങ്ങും. സൺഡേസ്കൂളിൽ നിന്ന് ഒരുപാട് കാര്യങ്ങൾ പഠിക്കുവാൻ സാധിച്ചു. ഓരോ വ്യക്തിയും തന്റെ മരണം വരെ പ്രാവർത്തികമാക്കേണ്ട കാര്യങ്ങളാണ് സൺഡേസ്കൂൾ നമ്മളെ പഠിപ്പിക്കുന്നത്. യേശുവിങ്കലേക്കുള്ള നമ്മുടെ അടിസ്ഥാനവും സൺഡേസ്കൂൾ തന്നെയാണ്. കൗമാരപ്രായത്തിൽ നാം നേരിടുന്ന എല്ലാ പ്രലോഭനങ്ങളെ തരണം ചെയ്യുവാനും മാതാപിതാക്കളെ അനുസരിക്കുവാനും ബഹുമാനിക്കുവാനും സൺഡേസ്കൂൾ വളരെയധികം സഹായിച്ചു.

ജീവിതത്തിൽ പഠിച്ച് നല്ല നിലയിൽ എത്തിച്ചേരണമെന്ന് പ്രചോദനം നല്കിയതിൽ പ്രധാന പങ്ക് സൺഡേസ്കൂളിനുണ്ട്. അനേകം മഹത്തുക്കളെ രൂപപ്പെടുത്തിയ ഇടമാണ് യെരുശലേം സൺഡേസ്കൂൾ എന്ന് അഭിമാനപൂർവ്വം സ്മരിക്കുന്നു. തുടർന്നും കുഞ്ഞുങ്ങളെ ദൈവത്തിന് കൊള്ളാവുന്നവരായി തീർക്കുന്ന ശുശ്രൂഷയിൽ ശക്തിയോടെ മുന്നേറാൻ എല്ലാവരേയും ദൈവം പ്രാപ്തരാക്കട്ടെ.



റിപ്പോർട്ട്



ജോൺ പി. വർക്കി
പാരയിൽ
(സെക്രട്ടറി)

ദൈവത്തിന്റെ അതിരറ്റ കൃപയാൽ നിരണം യെരുശലേം മാർത്തോമ്മാ സൺഡേസ്കൂളിന്റെ ശതോത്തര സുവർണ്ണ ജൂബിലി ആഘോഷിക്കുവാൻ ദൈവം കൃപ ചെയ്തു.

1870-ൽ നിരണം സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളിയുടെ സമീപത്തുള്ള പുളിമ്പള്ളി പുരയിടത്തിൽ നടത്തിവന്ന പള്ളിക്കൂടത്തിൽ ആരംഭിച്ച വേദപഠന കളരി പിന്നീട് നിരണത്തെ നവീകരണത്തിന്റെ ഈറ്റില്ലമായി മാറി. നിരണത്തെ നവീകരണ പ്രസ്ഥാനത്തിന്റെ അമരക്കാരനായ പട്ടമുക്കിൽ ഗീവർഗീസ് കത്തനാർ യാക്കോബ് കത്തനാരുടെ നേതൃത്വത്തിൽ വെൺപറമ്പിൽ ലൂക്കോസ് ആശാൻ പ്രഥമ അദ്ധ്യാപകനായി ആരംഭിച്ച വേദപഠന കളരി പിന്നീട് യെരുശലേം സൺഡേസ്കൂൾ എന്ന നാമധേയത്തിൽ അറിയപ്പെടുന്നതിനും ദേശത്തെ വിവിധ സഭകളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൺഡേസ്കൂൾ അഭ്യസനം നൽകുന്നതിനും ദൈവം കൃപ ചെയ്തു.

1970-ൽ ശതാബ്ദി ആഘോഷിച്ച നമ്മുടെ സൺഡേസ്കൂൾ വിവിധ സഭകളിൽ സൺഡേസ്കൂൾ പ്രസ്ഥാനം ആരംഭിക്കുന്നതിനു മുമ്പുതന്നെ നമ്മുടെ ദേശത്ത് ആരംഭിച്ചു എന്നുള്ളതിൽ ദൈവത്തെ സ്തുതിക്കുന്നു.

ജൂബിലി സംബന്ധിച്ചുള്ള വിവിധ പരിപാടികൾ നടത്തുന്നതിന് 2019 ജൂലൈ മാസം 28-ാം തീയതി വികാരി റവ. സഖറിയ ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടിയ അദ്ധ്യാപകസംഘം അംഗീകാരം നൽകിയിട്ടുള്ളതുമാകുന്നു.

1. ശതോത്തര സുവർണ്ണജൂബിലി ഉദ്ഘാടന സമ്മേളനം

അഖിലലോക സൺഡേസ്കൂൾ ദിനമായ 2019 നവംബർ 3-ാം തീയതി ഞായറാഴ്ച 2 മണിക്ക് നിരണം സെന്ററിലെ സൺഡേ



സ്കൂൾ കുട്ടികളും അദ്ധ്യാപകരും നിരണത്തെ വലിയപള്ളിയിൽ കൂടുകയും അവിടെ നിന്ന് വർണ്ണാഭമായ റാലിയെ തുടർന്ന് 2.30 ന് നമ്മുടെ ഓഡിറ്റോറിയത്തിൽ എത്തിച്ചേരുകയും ചെയ്തു. ഈ സമ്മേളനത്തിൽ മലങ്കര ഓർത്ത ഡോക്സ് സഭ നിരണം ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റ മോസ് മെത്രാപ്പോലീത്താ ജൂബിലി പരിപാടിക ളുടെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.

നിർമ്മാണ പ്രവർത്തനം

1970-ൽ സൺഡേസ്കൂൾ ശതാബ്ദി സ്മാര കമായി നിർമ്മിച്ച ഗസ്റ്റ് ഹൗസിന്റെ സംരക്ഷണ ത്തിനും മുകൾനില ഉപയോഗപ്രദമാക്കുന്ന വിധ ത്തിലും വിദഗ്ദ്ധ അഭിപ്രായപ്രകാരം ഒരു ജൂ ബിലി സ്മാരകം പണിയുന്നതിന് ആഗ്രഹിക്കു ന്നു.

പൂർവ്വവിദ്യാർത്ഥി അദ്ധ്യാപക സമ്മേളനം

2019 ഡിസംബർ 25-ാം തീയതി ബുധനാ ഴ്ച സൺഡേസ്കൂളിന്റെ പൂർവ്വവിദ്യാർത്ഥി അ ദ്ധ്യാപക സമ്മേളനം പള്ളിയിൽ വെച്ച് നടന്നു. വികാരി റവ. സഖറിയ ജോൺ അദ്ധ്യക്ഷത വ ഹിച്ചു. വികാരി ജനറൽ റവ. സ്കറിയ ഏബ്ര ഹാം മുഖ്യാതിഥിയായി പങ്കെടുത്തു. ഈ സൺ ഡേസ്കൂളിൽ പഠിപ്പിച്ച 70 വയസ്സ് കഴിഞ്ഞ അ ദ്ധ്യാപകരെ പൊന്നാട, പുസ്തകം എന്നിവ നൽ കി ആദരിച്ചു. 25 വർഷത്തിന് മുൻപ് സൺഡേ സ്കൂൾ അദ്ധ്യാപനത്തിൽ പ്രവേശിച്ച അദ്ധ്യാ പകരേയും ആദരിച്ചു. പൂർവ്വവിദ്യാർത്ഥികൾ അനുഭവങ്ങൾ പങ്കിട്ടു. ഈ ഇടവകയിൽ നിന്നുള്ള പട്ടക്കാർ, മുൻവികാരിമാർ മരുമക്ക ളായ പട്ടക്കാർ ഈ സമ്മേളനത്തിൽ പങ്കെടു ത്തു.

വിദ്യാഭ്യാസ സഹായ ഫണ്ട്

ജൂബിലിയോട് അനുബന്ധിച്ച് പഠന ത്തിൽ തല്പരരും സാമ്പത്തികമായി പിന്നോ ക്കം നിൽക്കുന്നവരുമായ പ്രൊഫഷണൽ കോ ഴ്സുകളിൽ പഠിക്കുന്ന ഇടവകാംഗങ്ങളായ വി ദ്യാർത്ഥികൾക്ക് പഠന സഹായം നൽകുന്നതി നായി ഒരു ഫണ്ട് ആരംഭിക്കുന്നതിന് താല്പര്യ പ്പെടുന്നു.

മിഷൻ ടൂർ

നമ്മുടെ രണ്ടു സൺഡേസ്കൂളിലേയും അദ്ധ്യാപകരേയും വിദ്യാർത്ഥികളെയും ഉൾ ക്കൊള്ളിച്ചുകൊണ്ട് 15-01-2020 ൽ തൃശൂർ കേന്ദ്ര മാക്കി ഒരു മിഷൻ ടൂർ നടത്തുന്നതിന് സാധിച്ചു.

സുവനീർ പ്രകാശനം

1970-ൽ ശതാബ്ദി സ്മാരകമായി ഒരു സുവ നീർ പ്രസിദ്ധീകരിച്ചതുപോലെ 150-ാം വർഷ ത്തിൽ സൺഡേസ്കൂളിന്റെ ചരിത്രം, ഇടവക യുടേയും നമ്മുടെ ദേശത്തിന്റെയും ചരിത്രം, ആനുകാലിക വിഷയങ്ങൾ, സൺഡേസ്കൂൾ വിദ്യാർത്ഥികൾ പൂർവ്വവിദ്യാർത്ഥികൾ എന്നിവ രുടെ പംക്തി, സന്ദേശങ്ങൾ, ആശംസകൾ എ ന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സ്മരണിക തയ്യാറാക്കുന്നതിനും ഇത് ജൂബിലി സമാപന സ മ്മേളനത്തിൽ വെച്ച് പ്രസിദ്ധീകരിക്കുന്നതിനും ആഗ്രഹിക്കുന്നു. ഇതിന്റെ കൺവീനർ ശ്രീമതി ബിനു മറിയം ജോസും ചീഫ് എഡിറ്റർ ഡോ. മാത്യു തോമസും ഉൾപ്പെടെ വികാരി അച്ചൻ അദ്ധ്യക്ഷനായുള്ള എഡിറ്റോറിയൽ ബോർഡ് സുവനീറിന്റെ പ്രസിദ്ധീകരണത്തിന് ആവശ്യ മായ ക്രമീകരണം ചെയ്യുന്നതാണ്.

ശതോത്തര സുവർണ്ണ ജൂബിലി സമാപന സമ്മേളനം

ശതോത്തര സുവർണ്ണജൂബിലി സമാപന സ മ്മേളനം 2021 ഒക്ടോബർ മാസം 3-ാം തീയതി ഞായറാഴ്ച അഭിവന്ദ്യ ഡോ. തിയഡോ ഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത തിരുമേ നിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ട വിശുദ്ധ കുർബാനയ്ക്ക് ശേഷം പള്ളിയിൽ



കൂടി. വികാരി റവ. കെ.വൈ ജേക്കബ് അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ഡി. എസ്. എം. & സി. ഡയറക്ടർ റവ. ആശിഷ് തോമസ് ജോർജ് അച്ചന്റെ പ്രാർത്ഥനയോടു കൂടി ആരംഭിച്ചു. ഹെഡ്മാസ്റ്റർ ജോർജ് വർഗീസ് വന്നുചേർന്ന ഏവർക്കും സ്വാഗതമാശംസിച്ചു.

തുടർന്ന് അദ്ധ്യക്ഷപ്രസംഗമായിരുന്നു. മെത്രാപ്പൊലീത്ത സ്ഥാനലബ്ധിക്ക് ശേഷം ഇടവകയിൽ ആദ്യ സന്ദർശനം നടത്തുന്ന മെത്രാപ്പോലീത്ത 150 വർഷം പിന്നിടുന്ന സൺഡേസ്കൂളിന്റെ ജൂബിലി സമ്മേളനത്തിൽ പങ്കെടുക്കുന്നതിലുള്ള സന്തോഷമറിയിച്ചുകൊണ്ടും ജൂബിലി സമ്മേളനം വളർന്നുവരുന്ന തലമുറയ്ക്ക് ആവേശം നൽകുന്നതാകണമെന്നും ഓർമ്മപ്പെടുത്തിക്കൊണ്ട് അദ്ധ്യക്ഷപ്രസംഗം ഉപസംഹരിച്ചു.

സ്മരണികയുടെ ചീഫ് എഡിറ്റർ ഡോ. മാത്യുതോമസ് സ്മരണികയുടെ ഉള്ളടക്കം പരിചയപ്പെടുത്തുകയും പ്രകാശനത്തിനായി അഭിവന്ദ്യ മെത്രാപ്പോലീത്തയെ ക്ഷണിക്കുകയും ചെയ്തു. അഭിവന്ദ്യ തിരുമേനി സ്മരണികയുടെ കോപ്പി സമാജം ജനറൽ സെക്രട്ടറി റവ. ജോർജ് ചെറിയാന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു.

തുടർന്നു നടത്തിയ മുഖ്യസന്ദേശത്തിൽ അഭിവന്ദ്യ തിരുമേനി, ദൈവവചനപഠനം ഗൗരവമായി കാണണമെന്നും, വളർന്നുവരുന്ന തലമുറയെ ദൈവസ്നേഹത്തിലും സഭയുമായുള്ള ബന്ധത്തിലും, സാമൂഹ്യപ്രതിബദ്ധതയിലും വളർത്തിക്കൊണ്ടുവരുവാൻ ശ്രദ്ധിക്കണമെന്നും ഉൽബോധിപ്പിച്ചു. സൺഡേസ്കൂൾ കുട്ടികളുടെ ഗായകസംഘം ജൂബിലിഗാനം ആലപിച്ചു.

തുടർന്ന് ഇടവകാംഗമായ റവ. ഡോ. സണ്ണി ജോർജ് സൺഡേസ്കൂൾസമാജം ജനറൽ സെക്രട്ടറി റവ. ജോർജ് ചെറിയാൻ, ഇടവകയുടെ പ്രതിനിധിയായി സെക്രട്ടറി സാം കെ. വർഗീസ് എന്നിവർ ആശംസകൾ അറിയിച്ചുകൊണ്ട് പ്രസംഗിച്ചു.

2021ലെ ബിരുദപരീക്ഷയിൽ പങ്കെടുത്ത് 75 ശതമാനത്തിൽക്കൂടുതൽ മാർക്ക് വാങ്ങിയ 4 വിദ്യാർത്ഥികൾക്കുള്ള സമ്മാനങ്ങൾ മെത്രാപ്പോലീത്ത തീരുമേനി വിതരണം ചെയ്തു.

ഇപ്പോൾ അദ്ധ്യാപനശുശ്രൂഷയിൽ ആയിരിക്കുന്ന അദ്ധ്യാപകർക്കുള്ള മെമന്റോകളും അഭിവന്ദ്യതിരുമേനി സമ്മാനിച്ചു.

സൺഡേസ്കൂൾ സെക്രട്ടറി ജോൺ പി. വർക്കി കൃതജ്ഞത രേഖപ്പെടുത്തി.

മുൻ അദ്ധ്യാപകൻ ശ്രീ. മാത്യൂസ് വർഗീസിന്റെ പ്രാർത്ഥനയ്ക്കും, അഭിവന്ദ്യ തിരുമേനിയുടെ ആശീർവാദത്തിനും ശേഷം യോഗം പര്യവസാനിച്ചു.

യോഗാനന്തരം സൺഡേസ്കൂളിലെ മുഴുവൻ കുഞ്ഞുങ്ങൾക്കും സമ്മാനങ്ങളും മധുരപലഹാരങ്ങളും അവരവരുടെ ഭവനങ്ങളിൽ എത്തിക്കുന്നതിനും കഴിഞ്ഞു.

നമ്മുടെ പിതാക്കന്മാർ ത്യാഗപൂർവ്വം ആരംഭിച്ച സൺഡേസ്കൂളുകളുടേയും ഇടവകയുടെയും അംഗങ്ങളായിരിപ്പാൻ ദൈവം നമുക്ക് കൃപ ചെയ്തു. തുടർന്നും നമ്മുടെ തലമുറകളുടെ ആത്മീക പരിപോഷണത്തിന് നമ്മുടെ സൺഡേസ്കൂളുകൾ മുഖാന്തരമാകട്ടെയെന്ന പ്രാർത്ഥനയോടും ആശംസയോടും ഈ ശതോത്തര സുവർണ്ണ ജൂബിലി റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.



ഭാരത ക്രൈസ്തവ വിശ്വാസത്തിന്റെ തറവാടിലേക്കൊരു യാത്ര





ശാലോം ഡീനാ ബിജു &
ജെറുഷാ ആൻ ബിജു
മാത്തൻപറമ്പിൽ
(സൺഡേസ്കൂൾ വിദ്യാർത്ഥികൾ)

ദൈവതിരുനാമത്തിനു മഹത്വമുണ്ടാകട്ടെ

"നീ പോകുന്നിടത്തൊക്കെയും ഞാൻ നിന്റെ കൂടെയുണ്ട്; ഉറപ്പും ധൈര്യവും ഉള്ളവനായിരിക്ക".

കുട്ടികളായ ഞങ്ങൾക്ക് യാത്രകൾ വളരെ ഇഷ്ടമാണ്. പുതിയ സ്ഥലങ്ങൾ കാണാം, പുതിയ കാര്യങ്ങൾ പഠിക്കാം. മിഷൻ ടൂറിനെക്കുറിച്ചു യാത്രാ വിവരണം എഴുതണമെന്ന് ജിജി സാർ ഞങ്ങളോട് പറഞ്ഞു. അങ്ങനെ എഴുതിയതാണ് ഈ വിവരണം. ജനുവരി 15-ാം തീയതി സൺഡേസ്കൂൾ മിഷൻ ടൂറിന്റെ ഭാഗമായി തൃശൂരിലേക്കാണ് ഞങ്ങൾ യാത്ര പോയത്. ബുധനാഴ്ച രാവിലെ 5 മണി ആയപ്പോൾ എല്ലാവരും പള്ളിയിൽ എത്തിച്ചേർന്നു. വികാരി സഖറിയാ ജോൺ അച്ചന്റെ പ്രാർത്ഥനയോടു കൂടി 5:15 ആയപ്പോൾ ബസ്സിൽ കയറി ഞങ്ങൾ യാത്ര ആരംഭിച്ചു. അദ്ധ്യാപകരും കുട്ടികളും രക്ഷാകർത്താക്കളുമായി 40 പേർ ഉണ്ടായിരുന്നു. രാവിലത്തെ തണുപ്പ് കാരണം ഞങ്ങൾ എല്ലാവരും സുഖനിദ്രയിലായി. കണ്ണുതുറന്ന് നോക്കിയപ്പോൾ എറണാകുളം ശരവണ ഹോട്ടലിന്റെ മുമ്പിൽ വണ്ടി പാർക്ക് ചെയ്യുന്നു. അവിടെ വിഭവസമൃദ്ധമായ പ്രഭാത ഭക്ഷണം കഴിച്ചു. അവിടെ നിന്ന് ഒരു മണിക്കൂർ യാത്ര ചെയ്ത് ഞങ്ങൾ അഴീക്കോട് കൊടുങ്ങല്ലൂർ മാർത്തോമ്മാ പൊന്തിഫിക്കൽ തീർത്ഥകേന്ദ്രത്തിൽ എത്തിച്ചേർന്നു. പള്ളിയുടെ മുൻവശത്ത് മാർത്തോമ്മാ ശ്ലീഹായുടെ ഒരു വലിയ പ്രതിമ ഉണ്ട്. അതിന്റെ ഇരു വശങ്ങളിലും പന്ത്രണ്ട് അപ്പൊസ്തലന്മാരുടെയും മാതാവിന്റെയും പ്രതിമകൾ നിർമ്മിച്ചിരുന്നു. ആദ്യം മാർത്തോമ്മാ സ്മൃതി തരംഗത്തിലേക്കാണ് ഞങ്ങൾ കയറിയത്.

മാർത്തോമ്മാ ശ്ലീഹാ ഇന്ത്യയിൽ വന്നതു മുതൽ നേരിട്ട പ്രതിസന്ധികളും അദ്ദേഹം നടത്തിയ യാത്രകളും അത്ഭുത പ്രവർത്തികളും സുവിശേഷ പ്രവർത്തനങ്ങളും വിശദീകരിക്കുന്ന 20 മിനിറ്റ് ദൈർഘ്യമുള്ള ഡിജിറ്റൽ ഷോ കണ്ടു. അവിടുത്തെ റെക്ടർ അച്ചൻ മാർത്തോമ്മാ ശ്ലീഹായെക്കുറിച്ച് ഒരു ലഘു വിവരണം നൽകി. പള്ളിയ്ക്കുള്ളിൽ മാർത്തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പ് ഞങ്ങൾക്കെല്ലാവർക്കും കാണാൻ തുറന്നുതന്നു. മാർത്തോമ്മാ ശ്ലീഹായുടെ വലതു കരത്തിന്റെ 15cms നീളമുള്ള അസ്ഥിയായിരുന്നു അത്. ചാവറ അച്ചന്റെ പ്രതിമയും കണ്ടു. മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാളിന്റെ സമയത്ത് സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ കത്തോലിക്ക എന്നീ സഭകളിലെ ബിഷപ്പന്മാർ ഇവിടെ ശുശ്രൂഷ നടത്തുന്നു. ഈ പള്ളിയിലെ മുകളിലത്തെ കുരിശിനും കൊടിമരത്തിലെ കുരിശിനും പ്രത്യേകത ഉണ്ട്. അതായത് ഒരു കുരിശിന്റെ മുകളിൽ മറ്റൊരു കുരിശ് കൂടി. അവിടെ നിന്നും വീണ്ടും 11.30ന് യാത്ര തുടർന്നു.

അടുത്തതായി ഞങ്ങൾ എത്തിച്ചേർന്നത് പാലയൂർ ചാവക്കാട് പള്ളിയിൽ ആണ്. പള്ളിയിൽ കയറുമ്പോൾ കൽക്കുരിശും കൽവിളക്കും കാണാം. മുമ്പോട്ട് നടക്കുമ്പോൾ മാർത്തോമ്മാ കവാടത്തിൽ എത്തും. കവാടത്തിന്റെ വലത്തു ഭാഗത്തായി വചനമണ്ഡപം കാണാം. ക്രിസ്തു ശിഷ്യനായ മാർത്തോമ്മാ ശ്ലീഹാ ഇന്ത്യയിൽ എത്തി ആദ്യം വചനപ്രഘോഷണം നടത്തിയ വേദിയാണ് ഈ വചനമണ്ഡപം എന്ന് വിശ്വസിക്കപ്പെടുന്നു. മാർത്തോമ്മാ ശ്ലീഹായുടെ മദ്ധ്യസ്ഥത മനസ്സിൽ ധ്യാനിച്ച് ഭക്തിപൂർവ്വം വചനമണ്ഡപത്തിൽ ഇരുന്നുകൊണ്ട് തോമാ ശ്ലീഹായുമായി ബന്ധപ്പെട്ടുള്ള വി. യോഹന്നാന്റെ സുവിശേഷത്തിലെ 11 ഉം 14 ഉം അദ്ധ്യായങ്ങൾ വായിക്കാവുന്നതാണ്. ഇതൊരു പുണ്യകർമ്മമായി ചെയ്യുന്ന കുറേപേരെ കണ്ടു. അവിടെ ചില ബോർഡുകളിൽ നല്ല കുമ്പസാരത്തിനു വേണ്ട കാര്യങ്ങൾ, പാപം ഏറ്റുപറച്ചിലിൽ ചെയ്യേണ്ട പ്രാർത്ഥനകൾ, തിരുസഭയുടെ കല്പനകൾ, പത്ത് കല്പനകൾ എന്നിവ എഴുതി പ്രദർശിപ്പിച്ചിരുന്നു. രണ്ടായിരം വർഷത്തോളം പഴക്കമുള്ള മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ഏഴര പള്ളികളിൽ സ്ഥാനം ഒട്ടും മാറാതെ നിലനിൽക്കുന്ന ഏകദേവാലയമാണിത്. മാർത്തോമ്മാ ശ്ലീഹാ പകർന്നു നൽകിയ ക്രൈസ്തവ സുവിശേഷം ചൈതന്യം കെടാതെ തലമുറ തലമുറ കൈമാറി പാലയൂരിലും ചുറ്റുപാടും ക്രൈസ്തവ സജീവതയായി നിലനിൽക്കുന്നു. 1607-ൽ ഇറ്റലിക്കാരനായ ഈശോ സഭ വൈദികൻ ഫാ. ഫെനീച്ചിയോ എസ്.ജെ.യുടെ കാലഘട്ടത്തിൽ പാലയൂർ ഇടവക ദേവാലയം പുതുക്കിപണിതു. മാർ തോമ ശ്ലീഹായുടെ പൂജ്യാവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കുന്ന ഇറ്റലിയിലെ ഓർത്തോണയിൽ നിന്ന് കൊണ്ടുവന്ന തിരുശേഷിപ്പ്





തീർത്ഥകേന്ദ്രത്തിന്റെ പ്രധാന അൾത്താരയുടെ മുകളിൽ പ്രതിഷ്ഠിച്ചിരിക്കുന്നു.

ഗ്രോട്ടൊ

സീറോ-മലബാർ സഭാദ്ധ്യക്ഷന്മാരുടെ പാലയൂർ സന്ദർശന സ്മാരകമായി നിർമ്മിച്ചിട്ടുള്ളതാണ് പ്രധാന കവാടത്തിനു സമീപമുള്ള ലൂർദ്ദ് മാതാവിന്റെ ഗ്രോട്ടൊ.

തളിയക്കുളം

തോമാ ശ്ലീഹാ പാലയൂരിൽ തർപ്പണാത്ഭുതം നടത്തുകയും പൂർവ്വികരെ മാമ്മോദീസാ മുക്കുകയും ചെയ്തത് ഈ കുളത്തിലാണ് എന്ന് വിശ്വസിക്കപ്പെടുന്നു.

മാമോദീസ ശില്പം

തളിയക്കുളത്തോട് ചേർന്നാണ് മാമോദീസ ശില്പം. തോമാ ശ്ലീഹാ പൂർവ്വികർക്ക് മാമോദീസ നൽകുന്നതിന്റെ ഒരു ശില്പവും മാമോദീസ തൊട്ടിയും ഇതിനോടടുത്തുതന്നെ കാണാം. ഇവിടെ മാസത്തിൽ ഒരിക്കൽ സമൂഹ മാമോദീസ നടത്തുന്നു.

ബോട്ടുകുളവും ശില്പവും

എ.ഡി.52 ൽ കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങിയ തോമാ ശ്ലീഹാ ജലഗതാഗത മാർഗ്ഗം പാലയൂരിലേക്ക് ബോട്ടിൽ വന്നിറങ്ങിയ സ്ഥലം. തോമാ ശ്ലീഹ ബോട്ടിൽ നിൽക്കുന്ന ഒരു ശില്പവും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്.

മാർത്തോമ്മാ ശ്ലീഹ ശില്പം

ബോട്ടുകുളം കോമ്പൗണ്ടിൽ ലോകത്തിലെ ഏറ്റവും വലിയ മാർത്തോമ്മാ ശില്പം നില്ക്കുന്നു. 45 അടിയാണ് ഉയരം.

തളിയക്കുളം കപ്പേള

എല്ലാ ചൊവ്വാഴ്ചകളിലും രാവിലെ കുർബ്ബാനയ്ക്കു ശേഷം ഇവിടെ മാർ തോമാ ശ്ലീഹായുടെ നൊവേനയും ലദീഞ്ഞും നേർച്ചവിതരണവും നടത്തുന്നു.

രക്തസാക്ഷി മണ്ഡപം

സെന്റ് തോമസ് മൈലാപൂരിൽ രക്തസാക്ഷിത്വം വരിച്ച ചിന്നമലയുടെ മാതൃകയിൽ പണിതീർത്തിട്ടുള്ള രക്തസാക്ഷിമണ്ഡപം.

രക്തസാക്ഷിമണ്ഡപത്തിന്റെ മുമ്പിലായി ഭാരതീയ വേഷമായ സാരി ധരിച്ചു നിൽക്കുന്ന പരിശുദ്ധ കന്യകമേരി ശില്പം. സരസ്വതി സങ്കല്പത്തിൽ താമരയിൽ നിൽക്കുന്ന മാതൃകയിലാണ് ശില്പം.

ചരിത്രമ്യൂസിയം

ബോട്ടുകുളത്തിന്റെ കോമ്പൗണ്ടിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. ഭാരതക്രൈസ്തവ

രുടെ ചരിത്രസാംസ്കാരിക പാരമ്പര്യങ്ങൾ പ്രകടമാകുന്ന പുരാവസ്തുക്കളുടേയും മറ്റും കലവറയാണിത്. വിവിധ കിരീടങ്ങൾ, ആഭരണങ്ങൾ, വിവിധ ഡിസൈനിലുള്ള ഉരുളികൾ, ആനക്കൊമ്പിൽ തീർത്ത ക്രൂശിതനായ യേശുവിന്റെയും മാതാവിന്റെയും രൂപം, വിവിധ ഭാഷകളിൽ ഉള്ള ബൈബിൾ (ലോത്ത, കുക്കി, സുമി, മണിപൂരി ഭാഷ etc...) ചന്ദനത്തടിയിൽ തീർത്ത മെഴുകുതിരി സ്റ്റാന്റുകൾ പഴയകാല ബാന്റ് സെറ്റ് ഐറ്റംസ്, വിശുദ്ധ കുർബ്ബാനയ്ക്ക് പുസ്തകം വെക്കുന്ന സ്റ്റാന്റുകൾ, വിവിധതരം ശില്പങ്ങൾ, പഴയ ദിവാൻകോട്ട്, പല്ലക്ക്, പഴയ കാല തൂക്കുക്കട്ടികൾ, 7 കൂദാശകളുടെ ഫോട്ടോകൾ എന്നിവ ഞങ്ങൾ അവിടെ കണ്ടു.

മണിഗോപുരം

കേരളത്തിലെ ഏറ്റവും ഉയരമുള്ള മണിഗോപുരങ്ങളിലൊന്നാണ് ഇത്. ഒരു നൂറ്റാണ്ടിനു മുമ്പ് വിദേശത്തുനിന്ന് കൊണ്ടുവന്ന കൂറ്റൻ മണിയാണ് ഗോപുരത്തിൽ സ്ഥാപിച്ചിട്ടുള്ളത്.

ജൂതസ്മാരക കപ്പേള

മാർ തോമാ ശ്ലീഹായുടെ വംശജരായ ജൂതന്മാരുടെ സിനഗോഗ് ഉണ്ടായിരുന്ന സ്ഥലത്താണ് ഇപ്പോഴത്തെ ജൂതസ്മാരക കപ്പേള.

അവിടെ നിന്ന് ഞങ്ങൾ യാത്ര തിരിച്ച് മുക്തി മിഷൻ ഫീൽഡിൽ എത്തിച്ചേർന്നു. ഞങ്ങൾക്കുള്ള ഉച്ചഭക്ഷണം അവിടെയായിരുന്നു. എൽ.കെ.ജി. മുതൽ 4-ാം ക്ലാസ് വരെയുള്ള ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ മുക്തിയിൽ പ്രവർത്തിക്കുന്നു. അക്രൈസ്തവ കുട്ടികളാണ് കൂടുതലും ഇവിടെയുള്ളത്. നിർദ്ധനരായ മാതാപിതാക്കളുടെ കുട്ടികൾക്ക് ഫീസ് വാങ്ങാതെ വിദ്യാഭ്യാസം നൽകുന്നു. സ്കൂളിനോട് ചേർന്ന് പണി നടക്കുന്ന ഒരു ചാപ്പലും ഉണ്ട്. ചാപ്പൽ പുതുക്കി പണിയുവാൻ ഉണ്ടായ സാഹചര്യങ്ങളെക്കുറിച്ചും പഴയകാല മിഷൻ പ്രവർത്തനങ്ങളും ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികളെക്കുറിച്ചും ജോൺ ഈശോ അച്ചൻ പറഞ്ഞു. അവിടെ നിന്ന് ഞങ്ങൾ പോയതു ഗുരുവായൂർ ക്ഷേത്രം കാണുവാനാണ്.

ക്ഷേത്രത്തിന്റെ കിഴക്കേ നടയിലൂടെ നടന്ന് പരിസരങ്ങൾ കണ്ട് പടിഞ്ഞാറെ വശത്ത് ചെന്നു. അവിടെ നിന്ന് ചെന്നു ചേർന്നത് തൃശൂരിന് വടക്കുള്ള ആനത്താവളത്തിലാണ്. അവിടെ 48 ആനകളുണ്ട്. പലതരത്തിലുള്ള ആനകളെ കണ്ടു. കൊമ്പനാന, പിടിയാന, ഏറ്റവും നീളവും പ്രായം ചെന്നതുമായ ആനകളെയും കണ്ടു. ആന തനിയെ കുളിക്കുന്നതും ആനയെ ചോറൂട്ടുന്നതും കാണാൻ ഞങ്ങൾക്ക് സാധിച്ചു. ഞങ്ങൾക്ക് ഭയം തോന്നിയെങ്കിലും ആനപ്പാപ്പാന്മാർ എത്ര ലാഘവത്തോടെയാണ് അവയോട് ഇടപെടുന്നത്. നാലുമണിക്കത്തെ ചായയും ഏത്തക്കാപ്പവും കഴിച്ചിട്ട് ഞങ്ങൾ യാത്ര പിന്നെയും തുടർന്നു. അടുത്ത സ്ഥലം 'ബേബി ബീച്ചാണ്'. 15 മിനിറ്റോളം ബീച്ചിൽ ചിലവഴിച്ചു. തിരയിൽ കളിച്ച് ഞങ്ങളുടെ വസ്ത്രങ്ങളെല്ലാം നനഞ്ഞു.

അവിടുന്ന് യാത്ര തിരിച്ച് എത്തിച്ചേർന്നത് ആലുവായിലെ ഹോട്ടലിലാണ്. സമയം അപ്പോൾ രാത്രി 8 മണി. ഭക്ഷണം കഴിഞ്ഞ് വീണ്ടും യാത്ര തുടർന്നു. മെട്രോയിൽ കയറണം, ഞാൻ ആദ്യമായിട്ടാണ് മെട്രോ യാത്ര. ആലുവാ മെട്രോ സ്റ്റേഷനിൽ 9 മണിക്ക് എത്തി. ആലുവായിൽ നിന്നും മെട്രോ ട്രെയിനിൽ കയറി എത്തിയത് ഇടപ്പള്ളി സ്റ്റേഷനിൽ. ഈ മെട്രോ യാത്ര ഞങ്ങളുടെ ജീവിതത്തിലെ വേറിട്ട അനുഭവമായിരുന്നു. ലുലു മാളിനുള്ളിൽ കൂടി ചെറിയ ഒരു സഞ്ചാരവും നടത്തി. 10.30 ആയപ്പോൾ വീണ്ടും ബസ് യാത്ര ആരംഭിച്ചു. ക്ഷീണം കാരണം ഞങ്ങൾ എല്ലാവരും ഉറക്കം പിടിച്ചു. 12:15 am ആയപ്പോൾ പള്ളിയിൽ എത്തിച്ചേർന്നു. ദൈവത്തിന്റെ കൃപയാൽ ഞങ്ങളുടെ യാത്ര വിജ്ഞാനപ്രദവും സന്തോഷദായകവും ആയിരുന്നു. യാത്രയിലുടനീളം ലഭിച്ച ദൈവീക സംരക്ഷണത്തിന് ദൈവത്തോട് നന്ദി അർപ്പിച്ചുകൊണ്ട് ഈ കുറിപ്പ് ഇവിടെ ചുരുക്കുന്നു.



യെരുശലേം മാർത്തോമ്മാ സൺഡേസ്കൂൾ, നിരണം







MISSION TOUR











വി.ബി.എസ്. 2015



വി.ബി.എസ്. 2016



വി.ബി.എസ്. 2017



വി.ബി.എസ്. 2018



വി.ബി.എസ്. 2019



യെരുശലേം സൺഡേസ്കൂൾ 2006
(ഇടവക ശതാബ്ദിയോടനുബന്ധിച്ച് എടുത്ത ചിത്രം)

In loving memory of





POULOSE SAMUEL & ANNAMMA SAMUEL

INSERTED BY

VAZHAPALLIL FAMILY

Come **Experience** the
Taste of **Joy**



OLIVE BAKERY
VALANJAVATTOM

OLIVE MARINO CAFE
KADAPRA

+91 9645804089

crayons media +91 9495901381

BEST COMPLIMENTS FROM



MR. M.E. ABRAHAM & FAMILY

MANIPARAMPIL SHIJU BHAVAN

കോവിഡ് കാലത്തെ
സൺഡേസ്കൂൾ അഭ്യസനം



കാലികമായ ഉൾക്കാഴ്ചകൾ



Best compliments from

BIJOY P. THOMAS
& FAMILY
PATTAMUKKIL



M.G. Geevarghese & Family | Manaparampil



ഡോ. കെ.കെ. ജോൺ
(വൈസ് പ്രസിഡന്റ്,
മാർത്തോമ്മാ സൺഡേസ്കൂൾ
സമാജം)

സൺഡേസ്കൂൾ അഭ്യസനവും കോവിഡ് വ്യാപനവും

ബ്രസീലിലെ റിയോ നഗരം സഞ്ചാരികളുടെ പറുദീസ എന്ന നിലയിൽ വളരെ പ്രസിദ്ധമാണ്. റിയോ ഡി ജനീറോ നഗരം ഒളിംബിക്സിനു വേദിയാകാൻ കഴിഞ്ഞതിൽ ബ്രസീലുകാർ അഭിമാനം കൊള്ളുന്നുണ്ട്. റിയോ നഗരത്തിൽ വരുന്ന സഞ്ചാരികളും യാത്രക്കാരും റിയോയുടെ കുന്നിൻമുകളിൽ സ്ഥിതി ചെയ്യുന്ന മനോഹരമായ പടുകൂറ്റൻ പ്രതിമയായ 'ക്രൈസ്റ്റ് ദ് റഡീമർ' കാണാൻ കുന്നുകയറാറുണ്ട്. കുന്നിന്റെ നെറുകയിലുള്ള പ്രതിമയ്ക്കു 39 അടി ഉയരവും നിവർത്തിയ കൈകൾ തമ്മിൽ 29 അടി വീതിയുമുണ്ട്. കുന്നുകയറി ആ പ്രതിമയുടെ ചുവട്ടിൽ എത്തിയാൽ എന്തൊരു ശാന്തതയാണ്. കുളിർമ്മയുള്ള കാറ്റ് മനസ്സിലെ ഭാരങ്ങളും പ്രയാസങ്ങളും ഒഴിഞ്ഞുപോകുന്നതുപോലെയുള്ള പ്രതീതി. അൽപനേരം അവിടെയിരുന്നാൽ സ്വർഗ്ഗാനുഭൂതിയാണ് അനുഭവം. സൺഡേസ്കൂൾ; കുഞ്ഞുങ്ങളെ സംബന്ധിച്ച് ഈ പ്രതിമയുടെ ചുവട്ടിൽ അൽപനേരം ഇരിക്കുന്നതുപോലെയാണ്. രോഗഭയത്താൽ ഉള്ള മാനസിക സംഘർഷം, പഠനഭാരം, ഒറ്റപ്പെടൽ ഇവയെല്ലാം മറന്നുപോകുന്ന അവസ്ഥ. കുഞ്ഞുങ്ങൾക്ക് കോവിഡ് 19 വ്യാപനകാലം പലതരം സംഘർഷങ്ങൾ ഉളവാക്കുന്നു. എന്നാൽ ഇവയിൽ നിന്നുള്ള മോചനം സൺഡേസ്കൂൾ പഠനത്തിലൂടെ വീണ്ടെടുക്കുവാൻ കഴിഞ്ഞു.

കോവിഡ് 19 എന്ന മഹാമാരിയെ അതിജീവിച്ചു

2020 അദ്ധ്യയന വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ ലോകത്ത് കോവിഡ് വ്യാപനം കണ്ടുതുടങ്ങി. മാർച്ച് ആദ്യവാരം തന്നെ കേരളത്തിലും ഈ രോഗം വ്യാപിച്ചു തുടങ്ങി. വിദ്യാലയങ്ങളും പള്ളികളും അടച്ചു. സൺഡേസ്കൂൾ വിദ്യാഭ്യാസവും മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയായി. കുഞ്ഞുങ്ങൾ ഉൾപ്പെടെ എല്ലാവരും അടഞ്ഞ മുറികൾക്കുള്ളിൽ ഇരിക്കാൻ നിർബന്ധിതരായി. സൺഡേസ്കൂൾ ക്ലാസ്സുകൾ പൂർണ്ണമായും നിലച്ചു. സൺഡേസ്കൂൾ അഭ്യസനത്തിനുള്ള പ്രതിവിധികളെപ്പറ്റി സമാജം ആലോചിക്കുവാൻ തുടങ്ങി. 2020 ജൂലായ് ആയപ്പോൾ സമാജം ഓൺലൈൻ ക്ലാസ്സുകൾ തയ്യാറാക്കി പ്രവർത്തകരിലൂടെ കുഞ്ഞുങ്ങളിൽ എത്തിക്കുവാൻ ശ്രമം തുടങ്ങി. ആരംഭത്തിൽ പ്രതികരണം ആശാവ



ഹമല്ലായിരുന്നു എങ്കിൽ കൂടി ക്രമേണ മാതാപിതാക്കളുടെയും സൺഡേസ് കൂൾ അദ്ധ്യാപകരുടെയും വൈദികരുടെയും സഹകരണത്തോടെ ഓൺലൈൻ ക്ലാസ്സുകൾ സജീവമായി. സമാജം ആഗ്രഹിച്ച രീതിയിൽ പാഠങ്ങൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞു. വാർഷിക പരീക്ഷയും ബിരുദു പരീക്ഷയും അദ്ധ്യാപക പരീക്ഷയും ഓൺലൈൻ രീതിയിൽ നടത്തപ്പെട്ടു. ബിരുദു പരീക്ഷ അദ്ധ്യാപക പരീക്ഷ ഇവയുടെ മൂല്യനിർണ്ണയവും നടത്തി. ഏറെ ആശങ്കയിലായിരുന്ന വി.ബി.എസ്.ഉം ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ നടത്തി.

പുതിയ പ്രതീക്ഷ

കോവിഡ് പ്രതിസന്ധിയിലും 2021 അദ്ധ്യയന വർഷം പ്രതീക്ഷയോടെ ആരംഭിച്ചു. ഓൺലൈൻ ക്ലാസ്സുകൾ ക്രമീകൃതമായ രീതിയിൽ തന്നെ സമാജം തയ്യാറാക്കി സൺഡേസ്കൂളുകൾക്ക് അയച്ചു കൊടുത്തു. അദ്ധ്യാപകർ, ഹെഡ്മാസ്റ്റർമാർ, അച്ചൻമാർ, സെന്റർ സെക്രട്ടറിമാർ, സെന്റർ ഇൻസ്പെക്ടർമാർ, ഡിസ്ട്രിക്ട് ഓർഗനൈസർമാർ, ഭദ്രാസന സെക്രട്ടറിമാർ, സമാജം പ്രവർത്തകർ എന്നിവരുടെ കൂട്ടായ സഹകരണത്തോടെ ഓൺലൈൻ ക്ലാസ്സുകൾ ഫലവത്താക്കാൻ കഴിയുന്നു എന്ന് നമുക്കു അഭിമാനിക്കാം. പ്രതിസന്ധികളെ കണ്ട് പതറിപ്പോകാതെ സൺഡേസ്കൂൾ സമാജം ഒറ്റക്കെട്ടായി അതിനെ നേരിടാൻ തയ്യാറായി എന്നത് നമ്മുടെ ക്രമീകൃതമായ ശൃംഖലാ വിന്യാസത്തിനു മകുടോദാഹരണമാണ്. 2021–ൽ വി.ബി.എസ്. നടത്താൻ സമാജം ആലോചിക്കുന്നത് നേരിട്ട് ഓൺലൈൻ ക്ലാസ്സുകളിലൂടെയാണ്. നമ്മുടെ കുഞ്ഞുങ്ങളിൽ ഒരാൾപോലും ക്രിസ്തുവിൽ നിന്ന് അകന്നുപോകുവാൻ സമാജം ആഗ്രഹിക്കുന്നില്ല. കുഞ്ഞുങ്ങളുടെ മാനസിക സംഘർഷത്തിൽ നിന്നും അവരെ വിടുവിക്കുവാൻ വേണ്ടി സൺഡേസ്കൂൾ അഭ്യസനത്തിലൂടെ മാതാപിതാക്കളും അദ്ധ്യാപകരും വൈദികരും കൈകോർക്കുന്നു എന്നത് നമുക്കു അഭിമാനിക്കാവുന്നതാണ്.

കോവിഡ് പ്രതിസന്ധിയിലെ ചില വെള്ളിരേഖകൾ

a. അദ്ധ്യാപകർ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ സ്വായത്തമാക്കി

ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയാണ് കോവിഡ് കാലത്ത് ഓൺലൈൻ ക്ലാസ്സുകൾ നടന്നത്. സൺഡേസ്കൂൾ അദ്ധ്യാപകർ ആധുനിക ഡിജിറ്റൽ സാങ്കേതികവിദ്യയിൽ പ്രാവീണ്യരായി എന്നത് കോവിഡ് കാലത്തെ എടുത്തുപറയത്തക്ക നേട്ടമായി കാണാം.

b. മാതാപിതാക്കളുടെ താൽപര്യം

ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ തങ്ങളുടെ മക്കൾ ക്ലാസ്സുകളിൽ പങ്കെടുക്കുമ്പോൾ മാതാപിതാക്കളും അതിൽ ഭാഗഭാക്കാകുന്നു. മക്കളോടൊപ്പം മാതാപിതാക്കളും സൺഡേസ്കൂൾ അഭ്യസനത്തിന്റെ ഭാഗമാകുന്നു. വേദപുസ്തക ഭാഗങ്ങൾ കണ്ടുപിടിക്കുന്നതിനും വാക്യങ്ങൾ പഠിപ്പിക്കുന്നതിനും മാതാപിതാക്കൾ സഹായിക്കുന്നു, കുട്ടികളിൽ താൽപര്യം ജനിപ്പിക്കുന്നു.

c. വീടും പരിസരവും മോടിപിടിപ്പിച്ചു

കോവിഡ് കാലത്തു നടന്ന ഏറ്റവും ആകർഷകമായ വസ്തുത വീടും പരിസരവും മോടിപിടിപ്പിക്കുവാൻ ശ്രദ്ധിച്ചു എന്നതാണ്. ചെടികൾ വെച്ചു പിടിപ്പിക്കുവാനും വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുവാനും കുട്ടികൾ പരിശീലിച്ചു. പച്ചക്കറിതൈകൾ വെച്ചു പിടിപ്പിക്കുന്നതിനും വിളവെടുക്കുന്നതിനും കുട്ടികൾ ശീലിച്ചു. മാതാപിതാക്കളെ സഹായിക്കുവാൻ കുട്ടികൾ സമയം കണ്ടെത്തി.

d. ആധുനിക സോഫ്റ്റ് സ്കിൽസിൽ പ്രാവീണ്യം നേടി

കോവിഡു കാലത്തു ആധുനിക കോഴ്സുകൾ പഠിക്കുവാൻ കുട്ടികൾ അവസരം കണ്ടെത്തി. നൂതന നൈപുണികൾ ജീവിത വിജയത്തിനും പുതിയ ജോലി സാധ്യതകൾക്കും അനിവാര്യമായി. പരമ്പരാഗത പഠനത്തോടൊപ്പം സോഫ്റ്റ്സ്കിൽ കോഴ്സുകൾ പഠിക്കുവാനും അതിൽ പ്രാവീണ്യം നേടുവാനും കുട്ടികളും മാതാപിതാക്കളും പരിശ്രമിച്ചു.

കോവിഡ് ലോകത്തെ മുഴുവൻ പ്രതിസന്ധിയിലാക്കി. എന്നാൽ ഇതിനെ അതിജീവിക്കുവാൻ നമ്മൾക്കു കഴിയുന്നു. പ്രപഞ്ചത്തെ സൃഷ്ടിച്ച ദൈവത്തിന് അതിനെ നിയന്ത്രിക്കുവാനും കഴിയുമെന്ന് വചനം നമ്മെ പഠിപ്പിക്കുന്നു. “കാറ്റും കടലും കൂടെ അവനെ അനുസരിക്കുന്നു” (മത്തായി 8:27) എന്ന് ശിഷ്യന്മാർ പറഞ്ഞത് സകലത്തിങ്കലും അവന്നുള്ള അധികാരത്തെയാണ് സൂചിപ്പിക്കുന്നത്.

ദേശീയ വിദ്യാഭ്യാസനയം 2020

National Education Policy - 2020



പ്രൊഫ. കെ. ജേക്കബ് മാത്യു
കിണറ്റുകര വില്ല, നിരണം
(പൂർവ്വ വിദ്യാർത്ഥി)

1964ൽ പ്രസിദ്ധീകരിച്ച കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ ആദ്യഭാഗത്ത് 'ഇന്ത്യയുടെ ഭാഗധേയം നിർണ്ണയിക്കുന്നത് ക്ലാസ്മുറികളിലാണ്' എന്ന് സൂചിപ്പിച്ചിട്ടുണ്ട്. അതിന് മുൻപും പിൻപും വന്ന കമ്മീഷനുകളും റിപ്പോർട്ടുകളും ഇന്ത്യയിലെ വിദ്യാഭ്യാസത്തിന് ദിശാബോധം നൽകുന്നതിൽ ഏറെ സഹായച്ചിട്ടുണ്ടെന്നുള്ളത് എടുത്തു പറയേണ്ട വസ്തുതയാണ്.

ഇന്ത്യൻ വിദ്യാഭ്യാസരംഗത്തെ പുതിയ നയങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ദേശീയ വിദ്യാഭ്യാസനയം -2020 ൽ അടങ്ങിയിരിക്കുന്ന വസ്തുതകളെ കാര്യമാത്ര പ്രസക്തമായി നമുക്ക് മനസ്സിലാക്കാൻ ശ്രമിക്കാം.

ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ മാനിഫെസ്റ്റോയാണ് ദേശീയ വിദ്യാഭ്യാസ നയം. ഒരു നിശ്ചിത കാലഘട്ടത്തിൽ രാജ്യം അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾക്കും പ്രശ്നങ്ങൾക്കും ഉചിതമായ വിദ്യാഭ്യാസത്തിലൂടെ പരിഹാരം കാണുന്നതിനുള്ള മാർഗ്ഗരേഖയായിട്ടാണ് ഏതൊരു പുതിയ നയത്തേയും നാം ഉറ്റുനോക്കുന്നത്. സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിടുന്ന നിരക്ഷരത, തൊഴിലില്ലായ്മ, പട്ടിണി എന്നിവയ്ക്ക് ശാശ്വത പരിഹാരം കാണാൻ വിവിധ വിദ്യാഭ്യാസ കമ്മീഷനുകൾ പല കാലങ്ങളിലായി പരിശ്രമിച്ചിട്ടുണ്ട്. 2020 ൽ പുറത്തുവന്ന ദേശീയ വിദ്യാഭ്യാസനയം ഈ ശ്രേണിയിലെ ഏറ്റവും ഒടുവിലത്തെ രേഖയാണ്. ഡോ. കസ്തൂരിരംഗൻ ചെയർമാനായ പതിനൊന്നംഗ സമതിയാണ് മേൽപ്പറഞ്ഞ വിദ്യാഭ്യാസനയം തയ്യാറാക്കി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് സമർപ്പിച്ചിരിക്കുന്നത്. ഈ റിപ്പോർട്ടിന് നാല് ഭാഗങ്ങൾ ഉണ്ട്. ആകെ 23 അദ്ധ്യായങ്ങളും. നാല് ഭാഗങ്ങളിൽ ഒന്നും രണ്ടും യഥാക്രമം സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ചും ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ചുമാണ്. മൂന്നാം ഭാഗം അടിസ്ഥാനമേഖലകളായ വിദ്യാഭ്യാസത്തിലെ സാങ്കേതികവിദ്യ, തൊഴിൽ വിദ്യാഭ്യാസം എന്നിവയെപ്പറ്റിയും നാലാം ഭാഗം വിദ്യാഭ്യാസ പരിഷ്ക്കരണത്തെ കുറിച്ചുമാണ് പ്രതിപാദിക്കുന്നത്.

സ്കൂൾ വിദ്യാഭ്യസത്തെക്കുറിച്ച് വിവരിക്കുന്നത് എട്ട് അദ്ധ്യായങ്ങളിലാണ്. ശിശുപരിചരണവും വിദ്യാഭ്യാസവുമാണ് ആദ്യ അദ്ധ്യായത്തിൽ വിലയിരുത്തുന്നത്. മസ്തിഷ്ക വികാസത്തിന്റെ 85% വും നടക്കുന്നത് ആറ് വയസ്സുവരെയുള്ള പ്രായത്തിലാണ് എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ മൂന്നു വയസ്സു മുതൽ എട്ട് വയസ്സുവരെയുള്ള കുട്ടികളെ ഉൾപ്പെടുത്തി ഫൗണ്ടേഷൻ സ്റ്റേജ്

എന്ന പുതിയൊരു സ്കൂൾ ഘട്ടത്തിന് രൂപം നൽകിയിരിക്കുന്നു. നിലവിലെ അങ്കണവാടിയിൽ ഉൾപ്പെടുന്ന 3 വർഷവും ഒന്ന്, രണ്ട് ക്ലാസ്സുകളും കൂടി ചേർന്നുള്ള 5 വർഷം ഫൗണ്ടേഷൻ ഘട്ടമാണ്. അടിസ്ഥാന ഭാഷാശേഷികളും ഗണിതശേഷികളും ഇക്കാലം കൊണ്ട് ഉറപ്പുവരുത്തണം. ത്രിഭാഷാ പദ്ധതി ഈ കാലഘട്ടത്തിൽ തന്നെ നടപ്പിലാക്കാമെന്ന സൂചനയുമുണ്ട്. ഈ ഘട്ടത്തിലെ പഠനം കളിരീതിയിലായിരിക്കണം. സൂക്ഷ്മ പേശികളുടെ വികാസം, വൈകാരിക വികാസം, ആശയവിനിമയം, സമൂഹമായി ജീവിക്കാനുള്ള പരിശീലനം തുടങ്ങിയവ ഇതിലൂടെ ഉറപ്പുവരുത്താൻ കഴിയണം. സംഗീതം, ചിത്രമെഴുത്ത്, അഭിനയം തുടങ്ങിയ കലകളെല്ലാം പാഠ്യപദ്ധതിയുടെ ഭാഗമായിരിക്കണം. സ്കൂൾകുട്ടികളെ പൂർണ്ണമായും സജ്ജമാക്കുന്നത് ഫൗണ്ടേഷൻ ഘട്ടത്തിലാണ്.

ഫൗണ്ടേഷൻ ഘട്ടത്തിലെ കുട്ടികളുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളിൽ ഒന്ന് പോഷകാഹാരക്കുറവാണ്. പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും ഉറപ്പുവരുത്തുന്ന പദ്ധതി നടപ്പിലാക്കാനുള്ള നിർദ്ദേശവുമുണ്ട്. വിദ്യാർത്ഥികളുടെ പഠനത്തെ പരീക്ഷകളുടെ സമ്മർദ്ദം ബാധിക്കാതിരിക്കാൻ കേന്ദ്രീകൃത പരീക്ഷകൾ കഴിവതും ഒഴിവാക്കണമെന്നും നിരന്തര വിലയിരുത്തൽ വ്യാപകമാക്കണമെന്നുള്ള അഭിപ്രായവുമുണ്ട്.

ഇന്നത്തെ സ്കൂൾ ഘടനയിൽ നിർണ്ണായകമായ പുനക്രമീകരണമാണ് വിദ്യാഭ്യാസരേഖ നിർദ്ദേശിക്കുന്നത്. 5+3+3+4 എന്ന രീതി നടപ്പാക്കാൻ സംസ്ഥാനങ്ങളോട് ആവശ്യപ്പെടുന്നുമുണ്ട്. അങ്കണവാടിയിലെ മൂന്ന് വർഷം, ഒന്ന് രണ്ട് ക്ലാസുകൾ ചേർന്ന അഞ്ചു വർഷം, നിലവിലെ 3 മുതൽ 5 വരെ ക്ലാസുകൾ ഉൾപ്പെടുന്ന പ്രിപ്പറേറ്ററി സ്റ്റേജ്, 6 മുതൽ 8 വരെ ക്ലാസുകൾ ഉൾപ്പെടുന്ന മിഡിൽസ്കൂൾ, 9 മുതൽ 12 വരെ ക്ലാസ്സുകൾ അടങ്ങുന്ന സെക്കൻഡറി സ്റ്റേജ് എന്നിവ ചേരുന്നതാണ് സ്കൂൾ വിദ്യാഭ്യാസ ഘട്ടം.

സ്കൂൾ വിദ്യാഭ്യാസത്തിൽ ഭാഷാപഠനത്തിന് വളരെയേറെ പ്രാധാന്യം നൽകിയിരിക്കുന്നു. ഇന്ത്യയുടെ ബഹുഭാഷാത്വത്തെ മാനിക്കുന്ന നയരേഖയായ ത്രിഭാഷാ പദ്ധതി ഫൗണ്ടേഷൻ തലം മുതൽ നടപ്പിലാക്കണമെന്നു സൂചനയുമുണ്ട്. ഫൗണ്ടേഷൻ ഘട്ടത്തിലെ പഠനമാധ്യമം മാതൃഭാഷ ആയിരിക്കണമെന്ന് നിഷ്കർഷിക്കുമ്പോൾ തന്നെ എട്ടാം ക്ലാസ് മുതൽ മാതൃഭാഷയും ഇംഗ്ലീഷും ചേർന്ന ദ്വിഭാഷാരീതിയിൽ ശാസ്ത്രവിഷയങ്ങൾ പഠിപ്പിക്കണമെന്നും അഭിപ്രായപ്പെടുന്നു.

പരീക്ഷാ നടത്തിപ്പ്

പരീക്ഷകളുടെ ആധിപത്യം മൂലം വിദ്യാഭ്യാസ സമ്പ്രദായത്തിനുണ്ടാകുന്ന ദൗർബല്യത്തെക്കുറിച്ച് ഇന്ത്യയിലെ എല്ലാ വിദ്യാഭ്യാസ കമ്മിഷനുകളും ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. മനഃപാഠം പ്രോത്സാഹിപ്പിക്കുന്നതും അനാരോഗ്യകരമായ മത്സരം വളർത്തുന്നതുമായ പരീക്ഷകൾ കഴിവതും ഒഴിവാക്കണമെന്നും നയരേഖ ഉത്ബോധിപ്പിക്കുന്നു. ഉയർന്ന ചിന്തയും പ്രയോഗവും ആവശ്യപ്പെടുന്ന ചോദ്യങ്ങളാണ് പരീക്ഷകളിൽ ചോദിക്കേണ്ടതെന്നും ചൂണ്ടിക്കാണിക്കുന്നു.

ഉന്നത വിദ്യാഭ്യാസം

വിദ്യാഭ്യാസരേഖയുടെ രണ്ടാം ഭാഗത്താണ് ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ച് പ്രതിപാദിക്കുന്നത്. ഈ മേഖലയുടെ നിലവിലുള്ള പരിമിതികൾ എടുത്തു കാട്ടുന്നതിനോടൊപ്പം ഇന്ന് തുടർന്നുവരുന്ന അഫിലിയേറ്റഡ് കോളേജ് സംവിധാനം ഗുണകരമല്ലെന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്.

മൂന്ന് തരം ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളാണ് രേഖയിൽ വിഭാവനം ചെയ്യുന്നത്. അതിൽ ഒന്നാമത്തേത് റിസേർച്ച് യൂണിവേഴസിറ്റികളാണ്. ഉയർന്ന നിലവാരം പുലർത്തുന്നതും രാജ്യപുരോഗതിക്ക് സഹായകരവുമായ ഗവേഷണ പ്രവർത്തനങ്ങളാണ് ഈ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടത്. മികച്ച വ്യവസായ സ്ഥാപനങ്ങളുടെ സഹകരണവും ഈ മേഖലയിൽ പ്രതീക്ഷിക്കുന്നു. രണ്ടാമത്തെ വിഭാഗം സ്ഥാപനങ്ങൾ ഗവേഷണത്തോടൊപ്പം അദ്ധ്യാപനവും കൂടി നടത്തുന്നവയായിരിക്കും. മൂന്നാമത്തെ വിഭാഗം ബിരുദ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നവയായിരിക്കും.

ഒരു മേഖലയിൽ മാത്രം പ്രവർത്തിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതില്ല എന്നാണ് ദേശീയ വിദ്യാഭ്യാസ നയത്തിൽ വിഭാവന ചെയ്യുന്നത്. അദ്ധ്യാപക വിദ്യാഭ്യാസം, സാങ്കേതി വിദ്യാഭ്യാസം, നിയമപഠനം, മെഡിക്കൽ വിദ്യാഭ്യാസം എന്നിവയെല്ലാം നിലവിൽ ഒറ്റപ്പെട്ട കോളേജുകളും സർവ്വകലാശാലകളുമാണ്. എന്നാൽ ബഹുവിഷയകരമായ അന്തരീക്ഷത്തിലാണ് ഉന്നതവിദ്യാഭ്യാസം നടക്കേണ്ടതെന്ന തത്വം പിന്തുടർന്ന്

എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും മൾട്ടി ഡിസിപ്ലൈനറി ആയിരിക്കണമെന്ന് അടിവരയിട്ട് സമർത്ഥിക്കുന്നു. ഇഷ്ടാനുസരണം വൃത്യസ്തവിഷയങ്ങള തെരഞ്ഞെടുത്ത് പഠിക്കുന്ന സമ്പ്രദായത്തേയും രേഖയിൽ പ്രോത്സാഹിപ്പിക്കുന്നു. നളന്ദ, തക്ഷശില എന്നിവയുടെ മാതൃകയിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ രാജ്യത്ത് ആരംഭിക്കണമെന്നും, വിദേശവിദ്യാർത്ഥികളെ ഇതിലേക്ക് ആകർഷിക്കാൻ കഴിയണമെന്നുള്ള നിർദ്ദേശവും ഉണ്ട്.

അദ്ധ്യാപക വിദ്യാഭ്യാസം

സ്കൂൾ വിദ്യാഭ്യാസത്തിന്റെ പണിപ്പുരയാണ് അദ്ധ്യാപക വിദ്യാഭ്യാസം. വിദ്യാഭ്യാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അറിവും സന്നദ്ധതയും നൈപുണ്യവും ഈ സമയത്ത് ചിട്ടപ്പെടുത്തിയെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. അദ്ധ്യാപക വിദ്യാഭ്യാസ കോഴ്സുകൾ ഏകീകരിക്കുന്നതിനുള്ള ശക്തമായ നിർദ്ദേശമാണ് രേഖയിൽ വ്യക്തമാക്കുന്നത്. അതനുസരിച്ച് എല്ലാ അദ്ധ്യാപക വിദ്യാഭ്യാസ കോഴ്സുകളും നാല് വർഷം ദൈർഘ്യമുള്ള ബിരുദ കോഴ്സുകളായി മാറും. ഇത്തരത്തിലുള്ള കോഴ്സുകൾ ആർട്ട്സ് & സയൻസ് കോളേജുകളുമായി ബന്ധിച്ച് മാത്രമേ നടത്താവൂ എന്ന നിർദ്ദേശവുമുണ്ട്.

വിദ്യാഭ്യാസം ഭരണകൂടത്തിന്റെ ബാധ്യതയാണെന്ന് ഉറപ്പിച്ച് പറയുമ്പോഴും സേവനതൽപരരായ സ്വകാര്യ സംരംഭകരെ വിദ്യാഭ്യാസ രംഗത്തേയ്ക്ക് ക്ഷണിക്കുന്ന സമീപനമാണ് നയരേഖയിൽ കാണുന്നത്. GDP യുടെ 6% എങ്കിലും വിദ്യാഭ്യാസത്തിനായി ചെലവഴിക്കണമെന്ന് നയരേഖയിൽ അടിവരയിട്ട് പറയുന്നു. എന്നാൽ 3% ത്തിന് മുകളിൽ GDP വിനിയോഗിച്ച സാഹചര്യം ഇതുവരെ ഇന്ത്യയിൽ ഉണ്ടായിട്ടുമില്ല. വിദ്യാഭ്യാസരംഗത്ത് മുൻപന്തിയിൽ നില്ക്കുന്ന രാജ്യങ്ങളിൽ GDP യുടെ 8% ത്തിന് മുകളിൽ വിദ്യാഭ്യാസത്തിനായി ചെലവിടുന്നുണ്ട്. അതിൽ തന്നെ കൂടുതൽ തുക സ്കൂൾ വിദ്യാഭ്യാസത്തിനാണ് വിനിയോഗിക്കുന്നത്. രാജ്യത്തിന്റെ പുരോഗതിക്കും വികസനത്തിനും ഏറ്റവും ആവശ്യമായിട്ടുള്ള സ്കൂൾ വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിൽ സർക്കാരിന് ബാധ്യതയുണ്ടെന്നും അതിന് സർക്കാർ സന്നദ്ധമാകേണ്ടതിന്റെ പ്രാധാന്യവും റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു.

ഇന്ത്യൻ ദേശീയ വിദ്യാഭ്യാസ നയത്തെപ്പറ്റി ചുരുക്കിയാണ് മുകളിൽ പ്രതിപാദിച്ചിട്ടുള്ളത്. ഉന്നതവിദ്യാഭ്യാസ രംഗത്തെ വെല്ലുവിളികളും സാദ്ധ്യതകളെയും പറ്റി അറിയുവാനും അതിനായി ഒരു ലേഖനം എഴുതാനും പ്രേരിപ്പിച്ച സുവനീർ കമ്മറ്റിയെ അഭിനന്ദിക്കുന്നു. 150-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ യെരുശലേം സൺഡേസ്കൂളിലെ അദ്ധ്യാപകരേയും ഹെഡ്മാസ്റ്റർ മട്ടയ്ക്കൽ വെൺപറമ്പിൽ ശ്രീ. ജോർജ്ജ് വർഗ്ഗീസിനേയും ആശംസകൾ അറിയിക്കുന്നു. ഇവിടെ അദ്ധ്യാപകരായിരുന്ന എന്റെ മാതാപിതാക്കളെ സ്മരിക്കുന്നു. ചില ഓർമ്മകൾ കൂട്ടിച്ചേർക്കട്ടെ.

ഏതാണ്ട് 60 വർഷങ്ങൾക്ക് മുൻപ് നിരണം യെരുശലേം ദേവാലയത്തിന്റെ സൺഡേസ്കൂളിൽ പഠിക്കുവാൻ സാധിച്ചതിൽ എനിക്ക് അഭിമാനം ഉണ്ട്. നമ്മുടെ പൂർവ്വപിതാക്കന്മാർ പറഞ്ഞുതന്ന പ്രാഥമിക പാഠങ്ങൾ ജീവിതവിജയത്തിന് ഏറെ പ്രയോജനകരമായി ഭവിച്ചു എന്ന സത്യവും എടുത്തു പറയുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. സൺഡേസ്കൂൾസമാജം മിഷനറി ആയിരുന്ന കിണറ്റുകരയിൽ കെ.സി. തോമസ് സർ അദ്ധ്യാപകരായിരുന്ന നാനാത്രപുത്തൻപുരയിലെ കുട്ടിസാർ, ഏലിക്കുട്ടി സാർ, വെൺപറമ്പിലെ ജോർജ്ജ്കുട്ടി സാർ, പാഴൂരിലെ ഉമ്മച്ചായൻ, മറിയക്കുട്ടി സാർ, കളീക്കലെ കൊച്ചുണ്ണ്ണ്ണി സാർ, കിണറ്റുകര കുറിച്ചിയത്ത് കുരുവിള സാർ, ചാലക്കാട്ടിലെ അച്ചൻ, തോമാച്ചായൻ, പ്ലാപ്പുഴേത്തെ ജോർജ്ജ് അലക്സാണ്ടർ അച്ചൻ, മാണിപ്പറമ്പിലെ ബേബിസാർ തുടങ്ങിയ മഹത്വ്യക്തിത്വങ്ങളുടെ മുൻപിൽ ശിരസ് വണങ്ങുകയും പുതിയ തലമുറകളുടെ ഉന്നമനത്തിനായി അവർ ചെയ്ത നല്ല പ്രവർത്തികളെ സ്മരിക്കുകയും ചെയ്യുന്നു.

(ലേഖകൻ കിണറ്റുകര വില്ലയിൽ കെ. എം. ജേക്കബിന്റെയും മേരി ജേക്കബിന്റെയും മകനാണ്. കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗമായിരുന്നു. ഇപ്പോൾ തിരുവനന്തപുരം മുക്കോലയ്ക്കൽ മാർത്തോമ്മാ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് മെമ്പറായി പ്രവർത്തിക്കുന്നു.)



THE KINGDOM OF GOD - A CHILD'S PLAY?



Rev. Tony Eapen Varkey
Former Asst. Secretary,
Mar Thoma Sunday School Samajam

At that time the disciples came to Jesus and asked, "Who, then, is the greatest in the kingdom of heaven?" He called a little child to him, and placed the child among them. And he said: "Truly I tell you, unless you change and become like little children, you will never enter the kingdom of heaven. Therefore, whoever takes the lowly position of this child is the greatest in the kingdom of heaven. -St. Matthew 18: 1-4(NIV)

Recently social media saw a heart-warming clip of a little girl giving high five to her priest who was about to bless her. The whole environment was filled with joy and everyone were calmed and relaxed after seeing the beautiful gesture of the innocent little girl. Why did Jesus school his disciples about the Kingdom of God in relation to one of the most ignored community of that time? For that we will have to understand the text and its context.

The Biblical world of Children:

The familiar New Testament picture of Jesus taking a child in his arms and receiving the child with love portrays an attitude of care and concern for children found nowhere else in the ancient world. Children, along with women, old, and slaves, were viewed as physically weak burdens on society who had little value to the wider life of the community. In Greece and Rome, it was an accepted practice to abandon unwanted children along the roadsides to die. Thus, our passage given reflects the care and compassion of the divine towards the ignored community of the little ones.

The Matthean Narrative:

St. Matthew,different from the usual traditionalist approach, opens a healing eye toward this ignored community at specific points in the narrative. Matthew's 'kingdom' focused writing spectacularly includes children. Children as mentioned earlier were ignored and

considered a burden in the early testament period. Jesus has a hidden message to the disciples, his apostles, the teachers of Christianity, when he brought the child in the midst to explain the allegory of the Kingdom of God.

What is a Child's play?

The phrase 'child's play' has two connotations, the first, which signifies a simple task, an easy job, something which even a child can do. The second being however relates to an aspect of not being serious, taking everything lightly, no discipline, etc. So, what did Jesus actually refer to, when he allegorically pointed children as the members of the kingdom of God? It is neither of the two interpretation but it points to a whole new world of nuanced understanding. A Child's play consists of various aspects such as, oneness, justice, curiosity, humility, etc. the list can go on, but we will read child's play from this nuanced perspective. The Kingdom of God was a main focus of the gospels, Jesus through his mission and ministry was teaching the importance of a Kingdom which did not have barriers, a kingdom where everyone had a dignity of life, a kingdom where love transcended beyond class, caste, religion, race and creed, a kingdom where healing and growing together was implied. Thus, Jesus pointed to the little children, the child's play was the attribute or the key to open the doors to the Kingdom of God.

Kingdom of God through the perspective of the 'Curiosity' of a Child's Play:

"Psychologists view curiosity as a life force, vital to happiness, intellectual growth, and well-being. The greatest advantage of curiosity lies in its power to motivate learning in areas of life and work that are meaningful to the learner" - Marilyn Price-Mitchell.

A child is always curious, curious to know more. The knowledge and the information that we acquire these days are truly enormous.Anton Bucher called for 'sensitivity toward children's theological capabilities' and valued children as theologians and thus as independent and active constructors of theological artefacts. We have various means and mediums to acquire knowledge. But we live in an age of numbness and indifference. Though we are recipients to all sorts of history, information, knowledge, etc., we tend to not understand. We are either satisfied with what we know or we are corpulent with indifference. Children have a tendency of acquiring or seeking for new things. Kingdom of God according to the famous author N.T. Wright is viewing the world from God's dimension. Children have the specification of such a viewing. Human experience is enriched only when there is a constant surge to find understanding, constant need to finding meaning. Jesus was curious when he was a teenager, thus he sat in dialogue with experts beyond his age, conversing with them contextual topics (Luke 2: 46-48). This is clearly narrated in the Gospel, when his parents understand that he is missing. As Albert Einstein would say, "The important thing is not to stop questioning. Curiosity has its own reason for existence. One cannot help but be in awe when he/she contemplates the mysteries of eternity, of life, of the marvelous structure of reality. It is enough if one tries merely to comprehend a little of this mystery each day." Thus, the gospel points to an everyday comprehension communicated by Jesus himself.

Kingdom of God through the perspective of the 'Innocence' of a Child's play:

When we honestly ask ourselves which person in our lives mean the most to us, we often find that it is those who, instead of giving advice, solutions, or cures, have chosen rather to share our pain and touch our wounds with a warm and tender hand. – Henry Nouwen

Henry Nouwen's statement can be literally related to any child. Innocence is always related to ignorance when literally sought after. But when we try to unravel various perspectives of an innocent being, the spectrums are more than we can

comprehend. In such a light, I would like to point the emphatic shading of innocence. This emphatic behaviour is deep rooted in the faith formation moulded through home and church. Each child before crossing the confusions of adolescence are completely emphatic to everybody around devoid of barriers based on caste, colour, race, creed, etc., When Jesus places the little child in the midst of his audience this is exactly where Jesus is pointing to after the 'curiosity' spectrum. Jesus indwelled in the empathy that he learned from his own kin, Joseph and Mary. I believe that the human side of Jesus was transformed by the formation he received from home and society. Teachers and parents have to travel back to dig out the emphatic and kenotic nature of humanity that lies deep in themselves covered with the filth of ego, hatred, jealousy, so on and so forth. An emphatic community is the need for the coming humanity. 8-year-old Shivampet Ruchitha became the youngest person to receive the national bravery award in the year 2016. On July 24, 2014, Ruchita saved two of her school mates when a train hit their school bus. She noticed that their bus had stopped on a railway track and a train was coming towards them. The slave girl seen in the Naaman-Elisha healing narrative in 2 Kings is the best example of empathy in children even in the midst of tribulation.Such life narrations of emphatic children must ignite empathy in us, the so-called 'grown-ups'.

Kingdom of God through the perspective of the 'Humility and Love' of a Child's play:

The community of the 'Children of God', having divine subjectivity, participates in the all-inclusive love of God. The knowledge about the inclusive love of God is the key instrument towards envisioning the Kingdom of God. – Rev. Dr. Mothy Varkey.

When Jesus points to the little child he clearly points to the humility and love of the child. That is why Jesus explains to his disciples in Mark 10:43-45, "Whoever wants to become great among you must be your servant, and whoever wants to be first must be slave of all. For even the Son of Man did not come to be served, but to serve, and to give his life as a ransom for many." The utter humility of a child is ground breaking which is definitely the by-product of Love. The little boy seen in John 6 is the best example of love and humility. He raises his 5 loaves and 2 fishes to the disciples, because he saw the dire need of the situation. The love in him projected towards Jesus' blessing of the five thousand multitude. The child is un-named, which clearly paints the idea of not wanting the limelight or self-projections. The Kingdom of God does not have anyone great or small, everyone is equally loved by God. This is the exact reason as to why Jesus is pointing to the child. We are always in a hurry to teach the children values and morality, but this time can we learn something from them?

The four verses we mediated highlight to the curiosity, innocence, love and humility which Jesus reveals to his listeners. It is high time we become more serious of the situation of our children, as we learn from the character of a child's play, this is to build a better kingdom which Christ envisions. Let us pray for this world, its children and for all those people who are struggling amidst challenges due to the pandemic, are we knowingly or otherwise blocking our minds. Let us incarnate in a new understanding which we can adapt and adopt to from the little child Jesus places in the midst of our lives.



യെരുശലേം മാർത്തോമ്മാ സൺഡേസ്കൂൾ, നിരണം

രാജകുമാരനും തവളയും



റവ. റെജി ഐസക്ക് ചേരിക്കൽ
(ഇടവകാംഗം)
(വികാരി, എബനേസർ മാർത്തോമ്മാ പള്ളി, വളഞ്ഞവട്ടം)

വളരെ പണ്ട്, പണ്ട് ഒരിക്കൽ ഒരിടത്ത് ഒരു രാജകുമാരൻ ഉണ്ടായിരുന്നു....

കഥകൾ പറഞ്ഞ് ആശയം വ്യക്തമാക്കിയിരുന്ന സൺഡേ സ്കൂൾ അദ്ധ്യാപകർ നമുക്ക് ഉണ്ടായിരുന്നു. കഥ പറഞ്ഞ് ദൈവ രാജ്യം പങ്ക് വച്ച വലിയ അദ്ധ്യാപകനാണല്ലോ യേശു. "ഉപമകൾ കൂടാതെ ഒന്നും അവൻ പഠിപ്പിച്ചില്ല" എന്ന് വചനം സൂചിപ്പിക്കുന്നു. ഒരു വ്യക്തിയുടെ സംസ്കാരവും അവനിലൂടെ സമൂഹവും നിർമ്മിക്കപ്പെടുന്നതിൽ വായ്മൊഴിയായി പകരപ്പെട്ടുവന്ന കഥകൾക്ക് ഒരു സ്ഥാനം ഉണ്ട്. ദൈവരാജ്യമൂല്യങ്ങൾ തലമുറക്ക് പകരപ്പെടുന്നതിൽ മുഖ്യസ്ഥാനം സൺഡേസ്കൂളിനുണ്ടല്ലോ. നിരണം യെരുശലേം സൺഡേസ്കൂൾ അതിന്റെ പരിസരത്തെ ദൈവവചന പഠനത്താലുള്ള ആത്മീയ ശിക്ഷണം നല്കി സമ്പന്നമാക്കുന്നതിൽ കഴിഞ്ഞ 150 വർഷങ്ങൾ വലിയ സംഭാവനകൾ നൽകി. എന്റെ വളർച്ചയുടെ ആദ്യപാദങ്ങളിൽ ഈ സൺഡേസ്കൂളിൽ നിന്ന് ലഭിച്ച നന്മയുടെ സ്വാധീനങ്ങൾ ഒരു വ്യക്തി എന്ന നിലയിൽ ഇന്നും പ്രതിധ്വനിക്കുന്നുണ്ട്. ഒരു സാമൂഹ്യ വ്യക്തി എന്ന തലത്തിൽ നമുക്ക് വളരാൻ ലഭിച്ച ഇടമാണല്ലോ സൺഡേസ്കൂൾ. ഈ സൺഡേസ്കൂളും ഇതിന് നേതൃത്വം നൽകിയവരും യെരുശലേം ഇടവകയും എന്റെ വളർച്ചയിൽ വിവിധ രീതിയിൽ സ്വാധീ



നിച്ചിട്ടുണ്ട്. എന്റെ വ്യക്തിത്വം രൂപപ്പെടുത്താൻ, എനിക്ക് വളരാൻ ലഭിച്ച ഇടമെന്ന നിലയിൽ യെരുശലേം സൺഡേസ്കൂൾ എന്നെ ഒത്തിരി സഹായിച്ചിട്ടുണ്ട്. ഒരു വ്യക്തിയുടെ വ്യക്തിത്വ വികസനം സാദ്ധ്യമാകുന്നത് അവനെ വളർത്തുന്ന ഇടങ്ങൾ അവന്റെ നിലപാടുകളെ എങ്ങനെ രൂപപ്പെടുത്തുന്നു എന്ന അടിസ്ഥാനത്തിലാണ്. ഈ വിഷയങ്ങൾ താഴെ വിശദീകരിക്കുവാൻ ആഗ്രഹിക്കുന്നു.

1. വ്യക്തിത്വ വികസനം എന്നാൽ എന്ത്?

ജനിതകപരമായ ഗുണങ്ങളുടെയും സവിശേഷമായ സ്വഭാവങ്ങളുടെയും പെരുമാറ്റ മനോഭാവങ്ങളുടെയും വൈകാരികവും ബൗദ്ധികവുമായ ഘടകങ്ങളുടെയും സംഘടിതമായ വളർച്ചയാണ് വ്യക്തിത്വ വികസനം.

വ്യക്തിത്വ വികസനത്തിന്റെ യഥാർത്ഥ ഉദ്ദേശലക്ഷ്യം ഒരു വ്യക്തിയുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ചും സാമൂഹിക കഴിവുകൾ മെച്ചപ്പെടുത്തിയും സാദ്ധ്യതകളെ ക്രിയാത്മകമായി സമീപിക്കുന്നതിനും അവനെ പ്രാപ്തനാക്കി അയാളുടെ ജീവിതനിലവാരം ഉയർത്തുക എന്നതാണ്.

നാം സ്വീകരിക്കുന്ന നിലപാടുകളാണ് നമ്മെ രൂപപ്പെടുത്തുന്നത്. നമ്മുടെ പെരുമാറ്റങ്ങൾ നമ്മെയും നാം വളർന്ന ഇടങ്ങളെയും വെളിപ്പെടുത്തുന്നു.

"വിചാരങ്ങളാണ് വാക്കുകളാകുന്നത്
വാക്കുകളാണ് പ്രവൃത്തികളാകുന്നത്
പ്രവൃത്തികളാണ് പെരുമാറ്റങ്ങളാകുന്നത്
പെരുമാറ്റങ്ങളാണ് സ്വഭാവങ്ങളാകുന്നത്"

ഒരു ചൈനീസ് പഴമൊഴിയാണ് ഇപ്പറഞ്ഞത്.

നമ്മുടെ മലയാളത്തിൽ "ചൊട്ടയിലെ ശീലം ചുടലവരെ" എന്നത് പരിചയമുള്ളതാണല്ലോ.

2. വ്യക്തിത്വത്തിന്റെ നിലപാടുകൾ

Transactional Analysis ന്റെ ഉപജ്ഞാതാവും മന:ശാസ്ത്രജ്ഞനുമായ ഡോ. എറിക് ബേൺ പറയുന്നത് "ഓരോ കുഞ്ഞും ജനിക്കുന്നത് രാജകുമാരനോ രാജകുമാരിയോ ആയിട്ടാണ്. എന്നാൽ മാതാപിതാക്കൾ അവരെ തവളകൾ ആക്കുന്നു" എന്നാണ്.

മാതാപിതാക്കൾക്ക് ദൈവികാനുഗ്രഹത്താൽ ലഭിക്കുന്ന ധന്യമായ അനുഭവമാണ് അമ്മയുടെ ഉദരത്തിൽ ഉരുവാകുന്ന ഭ്രൂണത്തിന്റെ ജീവന്റെ ശാന്തമായ വളർച്ച. ഗർഭപാത്രത്തിൽ അമ്മയിൽ നിന്ന് വളർച്ചക്കാവശ്യമായ ഘടകങ്ങൾ സ്വീകരിച്ച് പത്തുമാസം രാജകുമാരനോ, രാജകുമാരിയോ ആയി വളരുകയാണ്. പുറത്തുവന്നതിന് ശേഷവും രാജകുമാരനോ രാജകുമാരിയോ ആയി തുടരാം എന്നാൽ അടിസ്ഥാന വളർച്ചാവകാശം ലഭ്യമാകാതിരിക്കുന്ന ഒരു കുടുംബാന്തരീക്ഷത്തിൽ ഒരു തവളയായി മാറിപ്പോകാൻ ഇടയാകുന്നു.

വളരുന്നതിന് ഭക്ഷണം, സംരക്ഷണം, ചോദനകൾ എന്നിവ ലഭ്യമാകണം. ആവശ്യാനുസരണം അവ കിട്ടിയാൽ സംതൃപ്തരായി വളരാം. എന്നാൽ അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാകാതിരുന്നാൽ നിലനിൽപിനെ കുറിച്ചുള്ള ഭയം നമ്മെ 'തവള' യാക്കും.

എങ്ങനെയാണ് ഒരു കുഞ്ഞിന്റെ രാജപദവി നഷ്ടപ്പെടുന്നത്? അമ്മയുടെ ഉദരത്തിലായിരുന്ന വളർച്ചക്കാലം സമ്മർദ്ദങ്ങളില്ലാതെ മാനസിക സന്തോഷത്തിലായിരുന്ന മാതാവിന്റെ തൃപ്തി കുഞ്ഞിനെ രാജപദവിയിൽ ജനിക്കാനും തുടരാനും സഹായിക്കുന്നു. എന്നാൽ ഉദരത്തിലുള്ള വളർച്ചക്കാലം നല്ലതല്ലാതെ ആയിരുന്ന അമ്മയുടെ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും വൈകാരിക സമ്മർദ്ദങ്ങളും കുഞ്ഞിന്റെ രാജപദവിയെ പ്രതികൂലമായി ബാധിക്കാം. രാജകുമാരനും രാജകുമാരിയുമായി ജനിച്ചവർക്ക് ആ പദവി നിലനിർത്തി കൊണ്ടുപോകാൻ മാതാപിതാക്കൾ അവസരം ഒരുക്കണം. അതിലുണ്ടാകുന്ന പാളിച്ചകൾ രാജകുമാരൻ തവളയായി മാറുന്നതിന് കാരണമാകും. അമ്മയുടെ ഉദരത്തിലെ വളർച്ചകാലം നന്നായിരുന്ന രാജകുമാരന് അവനിൽ സന്തോഷവും സംതൃപ്തിയും ഉണ്ട്. സമാധാനവും ആത്മവിശ്വാസവും ലക്ഷ്യബോധവും അവനുണ്ട്. അപ്പോൾ 'എന്നെ കൊള്ളാം' (I am ok) എന്നൊരു മനോഭാവം അവൻ രൂപപ്പെടുത്തും. സ്നേഹ സന്തോഷ പരിചരണങ്ങൾ ഇടപെടലുകൾ മൂലം ഞാൻ എന്നിൽ സംതൃപ്തിയും സന്തോഷവും കണ്ടെത്തി അതിനാൽ 'നിങ്ങൾ കൊള്ളാം' (You are ok) എന്ന കാഴ്ചപ്പാട് എന്നിൽ ഉണ്ടായി. എന്നെ കൊള്ളാം നിങ്ങൾ കൊള്ളാം എന്നത് രാജപദവിയിൽ തുടരാൻ സഹായിക്കുന്നു. തന്മൂലം ആത്മവിശ്വാസം രൂപപ്പെടുന്നു. ഒരു വ്യക്തിയുടെ വ്യക്തിത്വ വികാസത്തിന്റെ ആകെ തുകയാണ് ആത്മവിശ്വാസം.

എന്നെ കൊള്ളാം എന്ന മനോഭാവം രാജകുമാരന്റെതും എന്നെ കൊള്ളില്ല (Am not ok) എന്നത് തവളയുടെതും ആണ്. ഈ നിലപാടുകൾ സ്വഭാവ



രൂപീകരണത്തെ സ്വാധീനിക്കുന്നു.

1. 'എന്നെ കൊള്ളാം നിങ്ങളെയും കൊള്ളാം'
2. എന്നെ കൊള്ളില്ല നിങ്ങളെ കൊള്ളാം'
3. എന്നെ കൊള്ളാം നിങ്ങളെ കൊള്ളില്ല'
4. എന്നെ കൊള്ളില്ല നിങ്ങളെയും കൊള്ളില്ല'

ഈ നിലപാടുകളിൽ ഒന്നാമത്തേത് ഒഴികെ ബാക്കി മൂന്നും വികലമായ ജീവിത കാഴ്ചപ്പാടിന് വഴിയൊരുക്കുന്നു.

3. അടിസ്ഥാന നിലപാടുകൾ

മേൽപ്പറഞ്ഞ അടിസ്ഥാന നിലപാടുകൾ കുട്ടിയിൽ രൂപപ്പെടുത്തുന്ന മനോഭാവം അനുസരിച്ചാണ് അവന്റെ വ്യക്തിത്വവും സ്വഭാവവും വികസിക്കുന്നത്.

ഡോ. എറിക് ബേണിന്റെ മന:ശാസ്ത്ര പദ്ധതിയെ വിശകലനം ചെയ്ത ഡോ. തോമസ് ഹാരിസ് ഒരു വ്യക്തിയുടെ ജീവിതനിലപാടുകൾ മുകളിൽ പറഞ്ഞ 4 എണ്ണമാണെന്ന് സൂചിപ്പിക്കുന്നു. അല്പമായി അവ വിശദീകരിക്കുന്നു.

a. എന്നെ കൊള്ളാം, നിങ്ങളെയും കൊള്ളാം (I am ok, You are ok)

ഏതൊരു കുഞ്ഞും ഉല്പാദിതമാകുന്ന സമയങ്ങളിൽ ഈ മനോഭാവമാണ് അവനിൽ ഉണ്ടാകുന്നത്. ഈ ചിന്താഗതി ആരോഗ്യകരമാണ്. സ്വയം അംഗീകരിക്കാനും യാഥാർത്ഥ്യബോധത്തോടെ കഴിവുകളെ സ്വാംശീകരിക്കാനും ആവശ്യമായ മാറ്റങ്ങൾ സ്വീകരിക്കാനും സമൂഹത്തിൽ ആരോഗ്യപരമായ വിമർശനമദ്ധ്യേ തുറന്ന മനസ്സോടെ ജീവിക്കാനും ഈ നിലപാട് ഒരു വ്യക്തിയെ പ്രാപ്തനാക്കുന്നു. വിജയികളുടെ കാഴ്ചപ്പാടാണ് എന്നെ കൊള്ളാം, നിങ്ങളെയും കൊള്ളാം എന്നത്.

എനിക്ക് സന്തോഷമാണ്, എന്നിൽ എനിക്ക് വിശ്വാസമാണ്; എനിക്ക് കഴിവുകൾ ഉണ്ട്, ഈ ലോകം നിങ്ങളോടൊപ്പം നല്ലതാണ്. മറ്റുള്ളവരെല്ലാം എന്നെപ്പോലെ നല്ലതാണ്. ഇവരോടൊത്ത് ജീവിക്കാൻ എനിക്കിഷ്ടമാണ് എന്നീ ചിന്തകൾ ഈ മനോഭാവക്കാരിൽ രൂപപ്പെടും. വൈകാരിക സംഘർഷങ്ങൾക്ക് കാരണമാകുന്ന സാഹചര്യങ്ങൾ ഇല്ലാതിരുന്നിട്ടല്ല പ്രത്യുത അത്തരം സാഹചര്യത്തോട് പ്രതികരിക്കാൻ ഇവർ സ്വീകരിച്ച "എന്നെ കൊള്ളാം, നിങ്ങളേയും കൊള്ളാം എന്ന നിലപാട് വിജയത്തോടെ യാഥാർത്ഥ്യത്തെ നേരിടാൻ ഇവർക്ക് ആത്മവിശ്വാസം നൽകുന്നു.

b. എന്നെ കൊള്ളില്ല, നിങ്ങളെ കൊള്ളാം (I am not ok, You are ok)

സംഘർഷങ്ങളും പ്രശ്നങ്ങളും കുടുംബാന്തരീക്ഷത്തിൽ ഉണ്ടായതിനാൽ, മാതാപിതാക്കളുടെ സ്നേഹക്കുറവ് മൂലം ആവശ്യമായ പ്രോത്സാഹനവും മാനസികമായ പിന്തുണയും ലഭ്യമാകാതെ കുഞ്ഞുങ്ങൾ വളരും. ഈ സാഹചര്യം അവരിൽ ആത്മവിശ്വാസത്തെ കെടുത്തുന്നു. ഞാൻ കൊള്ളില്ല, എന്നെ കൊള്ളില്ല എന്ന നിലപാടിൽ വില കുറഞ്ഞ് ആത്മവിശ്വാസം ഇല്ലാതെ പോകുന്നു. ആത്മവിശ്വാസം ഇല്ലാതാകുന്നത് ഒരു വ്യക്തിയുടെ വ്യക്തിത്വം അംഗീകരിക്കപ്പെടാതെ വരുമ്പോഴാണ്. ഇത് മാനസിക വൈകാരിക മായ ചിന്തകളെ അനാരോഗ്യകരമായി ബാധിക്കും.

എന്നെ ഒന്നിനും കൊള്ളില്ല എന്ന നിലപാട് സ്വീകരിക്കാൻ ഇടയാക്കും. അനിയൻ, അനിയത്തി കൊള്ളാം, നിങ്ങളൊക്കെ ഭാഗ്യമുള്ളവരാണ് നിങ്ങൾക്ക് ഒരു കുറവും ഇല്ല; എനിക്ക് മാത്രം ദോഷം എന്ന ചിന്ത എപ്പോഴും ഉളവായി തന്മൂലം മുൻപന്തിയിൽ നിൽക്കാൻ ഇഷ്ടപ്പെടാതെ വരികയും ചെയ്യും.

c. എന്നെ കൊള്ളാം, നിങ്ങളെ കൊള്ളില്ല (I am ok, You are not ok)

ബാല്യകാലം ബുദ്ധിമുട്ടുകൾ അനുഭവിച്ച് വളർന്നവരാണ് എങ്കിൽ എന്നെ കൊള്ളില്ല എന്ന് നിലപാട് സ്വീകരിച്ചവർ അത് അംഗീകരിക്കാതെ തന്റെ ഏതെങ്കിലും ഒരു കഴിവിൽ മികവ് കാണിച്ച് മറ്റുള്ളവർ കൊള്ളില്ല എന്ന് സമർത്ഥിക്കാൻ ശ്രമിക്കും. ഭവനാന്തരീക്ഷം എപ്പോഴും സമ്മർദ്ദമാക്കുന്ന മാതാപിതാക്കളോടാപ്പം വളരുന്നവർ സ്വീകരിക്കുന്ന നിലപാടാണ്. ധാരാളം ശിക്ഷിക്കപ്പെട്ട് വളരുന്ന കുട്ടികളിൽ മനോഭാവം കാണാം.

എന്നെ കൊള്ളില്ല എന്ന ജീവിത നിലപാട് സ്വീകരിച്ചവർ സ്വന്തം കഴിവുകൾ കൊണ്ട് അത് മറയ്ക്കാൻ ശ്രമിക്കയും തന്റെ കഴിവ്കേടുകൾ മറ്റുള്ളവരിൽ ആരോപിക്കയും ചെയ്യുന്നു. പരദൂഷണങ്ങൾക്കു പിന്നിലെ സത്യം ഇതാണ്. നമ്മുടെ ഉള്ളിലെ പോരായ്മകൾ മറ്റുള്ളവരിൽ ആരോപിക്കയാണ്.

ഈ മനോഭാവമുള്ളവർ ആത്മശോധനയ്ക്ക് സ്വയം തയ്യാറല്ല. കുറവും തെറ്റും അംഗീകരിക്കാൻ ഇഷ്ടപ്പെടുന്നില്ല. ഇക്കൂട്ടരിൽ മുൻവിധി കൂടുതലായി കാണാം. തങ്ങൾ ചെയ്യുന്നത് മാത്രമാണ് ശരി മറ്റുള്ളവർ തെറ്റാണ് എന്നും ധരിക്കുന്നു. സ്വന്തം പ്രവൃത്തികളുടെ ഫലമായി പോരായ്മ ഉണ്ടായാൽ അതിന് മറ്റുള്ളവരാണ് കാരണക്കാർ എന്ന് ധരിക്കുന്നു.

d. എന്നെ കൊള്ളില്ല, നിങ്ങളെയും കൊള്ളില്ല (I am not ok, You are not ok)

മനശാസ്ത്രജ്ഞനായ എറിക് എറിക്സൺ ഒരു കുട്ടിയുടെ അടിസ്ഥാന അസ്തിത്വം ഉറപ്പാക്കുന്നത് അമ്മയുമായുള്ള അവന്റെ ബന്ധത്തിലാണ്. തുടർന്നുള്ള ജീവിത നിലനില്പിന് ഇത് അടിസ്ഥാന വിശ്വാസമായിട്ടാണ് അദ്ദേഹം പറയുന്നത്. ഗർഭസ്ഥശിശു സുരക്ഷിതനാണ്. ജനിച്ചശേഷം വളരുമ്പോൾ അവന്റെ ഭയം അകറ്റുന്നത് അമ്മയാണ്. അമ്മയുടെ സംരക്ഷണം, ക്രിയാത്മക ചോദനകൾ, പരിചരണം ഇവ ആവശ്യസമയത്ത് മതിയായ രീതിയിൽ ലഭ്യമല്ലാതാകുമ്പോൾ കുട്ടി ഈ നിലപാട് സ്വീകരിക്കുന്നു. മാതാപിതാക്കളോടൊപ്പം വളരുന്ന ആദ്യകാല ബാല്യകാലത്തുള്ള സമയങ്ങളിലെ പ്രത്യേക സാഹചര്യങ്ങളാണ് ഈ നിലയിലേക്ക് ഒരു കുട്ടിയെ എത്തിക്കുന്നത്.

തന്നെ കുറിച്ച് യാതൊരു മതിപ്പും ഇല്ല, മറ്റുള്ളവരെപ്പറ്റി യാതൊരു സ്വീകാര്യതയുമില്ല. ഈ കൂട്ടർ ജീവിതത്തിന് മൂല്യമോ ലക്ഷ്യമോ കണ്ടെത്തുകയില്ല. ജീവിതത്തോട് വിരക്തിയുണ്ടാകും. ജീവിതത്തിന് അർത്ഥം കാണാതെ മരിക്കണം എന്ന ചിന്തയുണ്ടാകും. അങ്ങനെയുള്ളവർ നിരാശയുടെ ഗർത്തത്തിൽ വീണ് രക്ഷപെടാനാവാതെ ജീവിതത്തെ തള്ളിനീക്കും. ഈ നാല് നിലപാടുകളിൽ ഏതെങ്കിലും ഒന്നിന്റെ സ്വാധീനത്തിലാണ് ഒരു വ്യക്തിയുടെ വ്യക്തിത്വവും സ്വഭാവവും പ്രകടമാകുന്നത്.

4. മാതാപിതാക്കളുടെ പങ്ക്

1. രക്ഷകർത്തൃത്വം പ്രഥമ പരിഗണന: വീടും വീട്ടുജോലികളും മാതാപിതാക്കൾക്ക് ഒരു തലവേദനയാണ്. എന്നാൽ കുട്ടിയുമായി കൂടുതൽ സമയം ചിലവഴിക്കുന്നത് മുൻഗണന നൽകണം. ഇത് അർത്ഥവത്തായ വ്യക്തിത്വവികസനത്തിന് വഴിയൊരുക്കും.

2. രാജകുമാരനാക്കി വളർത്തുക: അതിന് സഹായകരമായ പ്രോത്സാഹനം നൽകുക, അതിലൂടെ ആത്മവിശ്വാസം കൂടാൻ ഇടയാകും. കുട്ടിക്ക് ക്രിയാത്മകമായ (ചോദന) അഭിനന്ദനങ്ങൾ നൽകുക.

3. വ്യക്തിഗത ഗുണങ്ങളും ശക്തിയും ഭാവനാശേഷിയും ആസ്വദിക്കുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുക. കളികൾ കളിക്കുമ്പോൾ അവനിൽ മാനസിക, ശാരീരിക വൈകാരികമായ വികസനം നടക്കുന്നു. ചിന്തിക്കാൻ, തീരുമാനമെടുക്കാൻ, കണ്ടുപിടിത്തം നടത്താൻ എല്ലാം ഇതിലൂടെ സാധിക്കുന്നു.

4. നിങ്ങളുടെ കുട്ടി അതുല്യനാണ്. കുട്ടിയുടെ വ്യക്തിഗത ആവശ്യങ്ങളോട് നന്നായി പ്രതികരിക്കുക. നന്നായി ആശയവിനിമയം ചെയ്യുക. ഇത് കുട്ടിയിൽ നിന്ന് ഭയം ഇല്ലാതാക്കുന്നു.

5. ലേബൽ ചെയ്യുന്നത് ഒഴിവാക്കുക. അതായത് താരതമ്യം വേണ്ട എന്നർത്ഥം. നിങ്ങളുടെ കുട്ടിയുടെ സ്വന്തം വ്യക്തിത്വം പ്രകടിപ്പിക്കാൻ അ

നുവദിക്കുക. ആരെയെങ്കിലും ചൂണ്ടിക്കാട്ടി ഒരു പ്രത്യേക രീതിയിൽ പെരുമാറുവാൻ നിർബന്ധിക്കാതിരിക്കുക. കുട്ടിയുടെ ഏതെങ്കിലും പോരായ്മയെ/തെറ്റിനേയോ നിരന്തരം എടുത്തുപറഞ്ഞ് ആക്രോശിച്ച് ആത്മവിശ്വാസം തകർക്കരുത്. യഥാർത്ഥ കഴിവുകൾ കണ്ടെത്താനും ഏറ്റവും മികച്ച രീതിയിൽ നല്ല കഴിവ് പുലർത്താനും അവനെ പ്രോത്സാഹിപ്പിക്കുക.

6. സ്നേഹിക്കുക, ശിക്ഷിക്കുക-സ്നേഹപൂർവ്വം ശിക്ഷിക്കുക. ശിക്ഷ ഒരിക്കലും അക്രമം ആകരുത്. ശരിയും തെറ്റും മനസ്സിലാക്കിക്കൊടുക്കുക. തെറ്റ് ആവർത്തിക്കാതിരിക്കാനുള്ള എളുപ്പവഴി എന്തുകൊണ്ടാണ് ആ തെറ്റായ പ്രവൃത്തി അംഗീകരിക്കാൻ മാതാപിതാക്കൾക്ക് ബുദ്ധിമുട്ടായത് എന്ന് വിശദീകരിക്കുക. അത് സ്നേഹപൂർവ്വം ആയിരിക്കണം.

7. ശ്രദ്ധിക്കുക, സഹായിക്കുക, നല്ല ശ്രോതാവാകുക. രക്ഷകർത്തൃ നിയമത്തിന്റെ സ്വർണ്ണരേഖയാണിത്. കുട്ടികളെ ശ്രദ്ധിക്കുക. പരാജയങ്ങളിൽ കുറ്റപ്പെടുത്തി നിങ്ങൾ മാറി നിൽക്കരുത്. കുട്ടിയെ മാറ്റിനിർത്തുകയും അരുത്. നിരന്തരമായ ആശയസംവേദനവും ആത്മവിശ്വാസവും സ്നേഹവും പരിചരണവും അവനിൽ തന്നെ മതിപ്പ് സൃഷ്ടിക്കും. ഈ വിശ്വാസം അവനിൽ ജീവിക്കാനും വിജയിക്കാനും ധൈര്യം നൽകും. അവരെ കേൾക്കുന്നത് അവർ വിലയുള്ളവരാണ് എന്ന ബോധ്യം അവരിൽ ഉളവാക്കും.

8. അടയ്ക്കുക, തുറക്കുക

മാധ്യമങ്ങൾക്ക് ഇന്ന് കുട്ടികളിൽ വലിയ സ്വാധീനമാണ് ഉള്ളത്. കുട്ടിയുടെ പെരുമാറ്റത്തെ ദോഷമായി സ്വാധീനിക്കുന്നത് വിവേകപൂർവ്വം ധാരണയോടെ അടയ്ക്കുക. നല്ല ഗുണങ്ങൾ മനസ്സിലാക്കാനും അറിവ് പകരാനുമുള്ളവ തുറക്കുക. നേരായ വിജ്ഞാനപ്രദമായ ജനൽപാളി തുറക്കാൻ നിങ്ങളുടെ പ്രോത്സാഹനത്തോടുള്ള സാമീപ്യം അർത്ഥവത്താക്കുക.

9. വിശ്വാസം; അവിശ്വാസം

എറിക് എറിക്സന്റെ വ്യക്തിവികസന സിദ്ധാന്തം അനുസരിച്ച് അദ്ദേഹം പറയുന്നത് എല്ലാ ജീവജാലങ്ങൾക്കും പരിചരണവും പരിപോഷണവും ആവശ്യമാണ്, പ്രത്യേകിച്ച് മനുഷ്യർക്കു ഭക്ഷണം, പാർപ്പിടം പരിപോഷണം എന്ന അടിസ്ഥാന ആവശ്യങ്ങൾക്ക് ശിശുക്കൾ മാതാപിതാക്കളെ ആശ്രയിക്കുന്നു.

ഒരു കുഞ്ഞിന് അവന്റെ മാതാപിതാക്കൾ അവന്റെ ആവശ്യങ്ങൾ നിർവ്വഹിച്ച് നൽകുന്നു എന്ന് വിശ്വസിക്കാൻ കഴിയുന്ന വിധത്തിൽ കരുതൽ ലഭിക്കണം. അല്ലാത്തപക്ഷം അവനിൽ അവിശ്വാസം ഉണ്ടാകും. അത് ആജീവനാന്തം സംശയത്തിനിടയാക്കും. ഒരു വ്യക്തിയുടെ ജീവിതകാലത്തു മുഴുവൻ വ്യക്തിവികാസം സംഭവിക്കാമെന്ന് അദ്ദേഹം പറയുന്നു. എന്നാൽ ശൈശവഘട്ടത്തിൽ അമ്മയിൽ നിന്ന് ലഭിക്കുന്ന പരിചരണം വിശ്വാസം രൂപപ്പെടുത്താൻ അവനെ സഹായിക്കുന്നു. ആ വിശ്വാസത്തിന്റെ വികസനമാണ് പിന്നീട് കാണാത്ത കാര്യം പോലും വിശ്വസിക്കാൻ ഇടയാക്കുന്നത്. അതാണ് യഥാർത്ഥ ദൈവവിശ്വാസമായി ഉറയ്ക്കുന്നത്. ആത്മവിശ്വാസമാണ് ഭയം ഇല്ലാതാക്കുന്നതും വ്യക്തിയെ ജീവിതവിജയത്തിനു കരുത്തുറ്റതാക്കുന്നത്. ആത്മവിശ്വാസം വളർത്തി ഒരു വ്യക്തിയിൽ നിന്നും ഏറ്റവും മികച്ചത് പുറത്തെടുക്കാൻ മാതാപിതാക്കൾ നൽകേണ്ട മാർഗ്ഗങ്ങളാണ് മുകളിൽ പ്രസ്താവിച്ചിരിക്കുന്നത്.

5. ഉപസംഹാരം

ഒരു മത്സരാധിഷ്ഠിത സാമൂഹ്യ പശ്ചാത്തലത്തിലാണ് ഇന്നത്തെ വ്യക്തികൾ ജീവിക്കുന്നത്. ജയിക്കുന്നവന്റെ കൂടെ മാർക്കിട്ട് നില്ക്കുന്ന സമൂഹം അപരഭാവം സൃഷ്ടിക്കുന്നു.

ഒരു കുട്ടിയുടെ വ്യക്തിത്വം വളർത്തിയെടുക്കേണ്ടത് അവന്റെ ജീവിതവിജയത്തിന് ആവശ്യമാണ്. ബുദ്ധികൂർമ്മതയും ആത്മവിശ്വാസവും സൗന്ദര്യവും ഉള്ള ഒരു കുട്ടിയെ ആരാണ് സ്വപ്നം കാണാത്തത്? ഒരു കുട്ടിയെ അവന്റെ സ്വഭാവം നിർണ്ണയിക്കാനും ആത്മവിശ്വാസം വികസിപ്പിക്കുന്നതിനും സഹായിക്കുന്ന പ്രക്രിയയാണ് വ്യക്തിത്വ വികസനം. അതിലൂടെ ആ വ്യക്തി ജീവിത വെല്ലുവിളികളെ നേരിടാനും പ്രതിസന്ധികളെ അഭിമുഖീകരിക്കാനും വേണ്ട ക്രിയാത്മക മനോഭാവം രൂപപ്പെടുത്താനും ഇടയാകും. ഒരു സാമൂഹ്യ ജീവി എന്ന നിലയിൽ ആത്മവിശ്വാസത്തോടെ നിലനില്ക്കാനും വളരാനും ഇടയാകും. ഒറ്റ രാത്രികൊണ്ട് ഇരുട്ടിവെളുക്കുമ്പോഴത്തേക്കോ ഈ വ്യക്തിത്വ വികാസം നടക്കും എന്ന് പ്രതീക്ഷിക്കരുത്. തീർച്ചയായും അതിനാവശ്യമായ സമയവും ക്ഷമയും മാതാപിതാക്കൾ നൽകണം. അങ്ങനെ അവരെ രാജകുമാരനാക്കി, രാജകുമാരിയാക്കി നിർത്തുന്നതിന്റെ ഉത്തരവാദിത്തം നിറവേറ്റുവാൻ ഈ അറിവുകൾ മാതാപിതാക്കളെ സഹായിക്കും.



സൺഡേസ്കൂൾ അഭ്യസനത്തിന്റെ പ്രസക്തി മനഃശാസ്ത്ര വീക്ഷണത്തിൽ



Dr. Abraham Eapen (Shiju)
Maniparambil Shiju Bhavan
(Alumini)
(Licenced Clinical Psychologist, University Counseling Centre, Grandvalley State University, Michigan, USA)

വ്യക്തിത്വ വികസനത്തിന് ഏറ്റവും അത്യന്താപേക്ഷിതമായ കാര്യമാണ്, ആ വ്യക്തിയുടെ സാമൂഹികവും മാനസികവും ആത്മീകവുമായ വളർച്ച. സ്മാർട്ട് ഫോണുകളും മീഡിയയും പലപ്പോഴും വ്യക്തിത്വ വികസനത്തിനു തടസ്സമാകാറുണ്ട്. അമിതമായ സാങ്കേതികവിദ്യയുടെ ഉപയോഗം ഏറ്റവും കൂടുതൽ ബാധിക്കുന്നത് കൊച്ചുകുട്ടികളിലും കൗമാരപ്രായത്തിലുള്ളവരിലുമാണ്. ഇത്തരം ഒരു കാലഘട്ടത്തിലാണ് സൺഡേസ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രസക്തി ഏറുന്നത്.

സൺഡേസ്കൂൾ വിദ്യാഭ്യാസം സാമൂഹിക വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നു

വ്യക്തിത്വ വികസനത്തിന് സാമൂഹികമായ വളർച്ച ഏറ്റവും അത്യാവശ്യമാണ്. സൺഡേസ്കൂൾ പഠനസമയത്ത് അദ്ധ്യാപകരോടും മറ്റു പലപ്രായത്തിലുള്ള കുട്ടികളോടുമുള്ള ഇടപെടൽ, ആശയവിനിമയത്തിലുള്ള നൈപുണ്യം വളർത്തിയെടുക്കാൻ സഹായിക്കും.

നേതൃത്വപാടവം ഏറ്റവും കൂടുതൽ വളർത്താൻ അവസരം ലഭിക്കുന്നതും സൺഡേസ്കൂൾ പഠനകാലത്താണ്. സൺഡേസ്കൂൾ അദ്ധ്യാപകർ നൽകുന്ന നേതൃത്വം എല്ലാ കുട്ടികൾക്കും ഒരു നല്ല മാതൃകയാണ്. പരേതനായ ജോർജ്ജുകുട്ടി ശാമുവേൽ സാർ നൽകിയ നേതൃത്വം ഇവിടെ സ്മരിക്കുന്നു. കൂടാതെ, ഇപ്പോൾ സൺഡേസ്കൂൾ ഡിസ്ട്രിക്ട് ഓർഗനൈസറായി പ്രവർത്തിക്കുന്ന ഷാജി സാറിന്റെ നേതൃത്വ രീതികൾ ഞങ്ങളുടെ സൺഡേസ്കൂൾ കാലഘട്ടത്തിൽ നല്ല മാതൃകയായിരുന്നു. സൺഡേസ്കൂൾ പഠനകാലത്ത് കുട്ടികളുടെ മുൻപിൽ നിന്ന് വേദപുസ്തകം വായിക്കു

അന്യോന്യം കരുതുവാനും പങ്കിടുവാനും ഉള്ള അവസരങ്ങൾ സൺഡേസ്കൂൾ പഠന കാലത്തു ലഭിക്കുന്നു. അഞ്ചപ്പവും രണ്ടു മീനും കൊണ്ടു 5000 പേരെ പോഷിപ്പിച്ച സംഭവം കുട്ടികളിൽ മറ്റുള്ളവരെ കരുതി പങ്കിടുവാനുള്ള അഭിവാഞ്ച വർദ്ധിപ്പിക്കുന്നു. ഒരുമിച്ചു സ്തോത്രകാഴ്ച ഇടുന്നതും പാട്ടുകൾ പഠിക്കുന്നതും വേദപുസ്തക കഥകൾ മനസ്സിലാക്കുന്നതും പ്രാർത്ഥിക്കുന്നതും ഒത്തൊരുമയോടെ പ്രവർത്തിക്കുവാനുള്ള കഴിവുകൾ വർദ്ധിപ്പിക്കും.

ന്നതും പാട്ടുകൾ പാടുന്നതും പിന്നീട് ഒരു വലിയ സദസിന് മുൻപിൽ കഴിവുകൾ അവതരിപ്പിക്കുവാനുള്ള ധൈര്യം തന്നു.

അന്യോന്യം കരുതുവാനും പങ്കിടുവാനും ഉള്ള അവസരങ്ങൾ സൺഡേസ്കൂൾ പഠനകാലത്തു ലഭിക്കുന്നു. അഞ്ചപ്പവും രണ്ടു മീനും കൊണ്ടു 5000 പേരെ പോഷിപ്പിച്ച സംഭവം കുട്ടികളിൽ മറ്റുള്ളവരെ കരുതി പങ്കിടുവാനുള്ള അഭിവാഞ്ച വർദ്ധിപ്പിക്കുന്നു. ഒരുമിച്ചു സ്തോത്രകാഴ്ച ഇടുന്നതും പാട്ടുകൾ പഠിക്കുന്നതും വേദപുസ്തക കഥകൾ മനസ്സിലാക്കുന്നതും പ്രാർത്ഥിക്കുന്നതും ഒത്തൊരുമയോടെ പ്രവർത്തിക്കുവാനുള്ള കഴിവുകൾ വർദ്ധിപ്പിക്കും. മൂല്യാധിഷ്ഠിതമായ സൺഡേസ്കൂൾ വിദ്യാഭ്യാസത്തിലൂടെ ഒരു നല്ല സുഹൃത്ത്വലയം ഉണ്ടാക്കുവാനും സാധിക്കും.

സൺഡേസ്കൂൾ വിദ്യാഭ്യാസം മാനസിക വളർച്ചയ്ക്കു സഹായകമാണ്

മാനസിക വളർച്ചയ്ക്കു സൺഡേസ്കൂൾ വിദ്യാഭ്യാസം ഒരു പ്രധാന പങ്കു വഹിക്കുന്നു. സൺഡേസ്കൂളിൽ പഠിക്കുന്ന പല പാട്ടുകളും കഥകളും മാനസിക വളർച്ചയ്ക്കു ഉതകുന്നതാണ്. പാട്ടുകൾ പാടുന്നതും കേൾക്കുന്നതും മാനസിക സമ്മർദ്ദം കുറയ്ക്കുമെന്നു പല പഠനങ്ങളും കാണിക്കുന്നുണ്ട്. പാട്ടുകൾ പഠിക്കുവാൻ അവസരങ്ങൾ കുറവായിരുന്ന സമയത്തു ചിട്ടയായ ഗാന പരിശീലനത്തിനു നേതൃത്വം നൽകിയ ജിജി സാറിനോടു നന്ദി പറയുന്നു.

സദാചാര മൂല്യങ്ങൾ വളർത്തിയെടുക്കുവാൻ സൺഡേസ്കൂൾ വിദ്യാഭ്യാസം സഹായിക്കുന്നു. കുട്ടികളിൽ നല്ല മൂല്യങ്ങൾ വളർത്തിയെടുക്കുവാൻ കാലാകാലങ്ങളിൽ യെരുശലേം മാർത്തോമ്മാ സൺഡേസ്കൂളിനു നേതൃത്വം നൽകിയ അദ്ധ്യാപകരുടെ സമർപ്പണം അടിവരയിട്ടു പറയേണ്ടതാണ്.

ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടയരുത് എന്ന യേശുക്രിസ്തുവിന്റെ പ്രബോധനം കുട്ടികളിൽ മാനസികമായ ഒരു ധൈര്യം സമൂഹത്താൽ ഉണ്ടാകുവാൻ സഹായിക്കുന്നു.

സൺഡേസ്കൂളും ആത്മീയ വളർച്ചയും

ഒരു വ്യക്തിയുടെ ജീവിതത്തിൽ അർത്ഥമുണ്ടാകുവാൻ ആത്മീയ വളർച്ച വളരെ അത്യാവശ്യമാണ്. സൺഡേസ്കൂൾ പഠനസമയത്തു ലഭിക്കുന്ന ജീവിതദർശനങ്ങൾ പിന്നീടു പഠനത്തിലും ജോലിയിലും കുടുംബജീവിതത്തിലും പ്രതിഫലിക്കുന്നു. ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യരെ സൃഷ്ടിച്ചുവെന്നും ദൈവത്തിന് ഓരോ വ്യക്തികളെ കുറിച്ച് ഓരോ ഉദ്ദേശ്യം ഉണ്ടെന്നുമുള്ള വചനങ്ങൾ വ്യക്തികളിൽ മാർഗ്ഗവും ലക്ഷ്യവും തിരിച്ചറിയുവാൻ സഹായിക്കുന്നു.

ഒരു വ്യക്തിയുടെ ജീവിതത്തിൽ ഏറ്റവും കൂടുതൽ വ്യതിയാനങ്ങൾ ഉണ്ടാകുന്ന ഒരു കാലഘട്ടമാണ് കൗമാരം. ശാരീരികവും മാനസികവുമായ മാറ്റങ്ങൾ കൗമാരപ്രായത്തിൽ വളരെ വ്യതിയാനങ്ങൾ ഉണ്ടാക്കുന്നു. കുട്ടിക്കാലത്തെ പല സാഹചര്യങ്ങളും അനുഭവങ്ങളും കൗമാരപ്രായത്തിലുള്ള വ്യക്തിത്വ വികസനത്തിനു വളരെ നിർണ്ണായക പങ്കു വഹിക്കുന്നു. സൺഡേസ്കൂളിൽ സജീവമായി പ്രവർത്തിക്കുന്നതിലൂടെ കുട്ടികളിലും കൗമാരപ്രായക്കാരിലും സ്മാർട്ഫോണിന്റെയും സോഷ്യൽ മീഡിയായുടെയും അതിപ്രസരം കുറയുവാനുള്ള സാഹചര്യം ഉണ്ടാകുന്നു. അതിനാൽ സാമൂഹികവും മാനസികവും ആത്മീയവുമായ കഴിവുകൾ കുട്ടികളിൽ വളർത്തിയെടുക്കുവാൻ അവരെ സൺഡേസ്കൂൾ വിദ്യാഭ്യാസത്തിൽ പങ്കെടുപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക. അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല" (സദൃ. 22:6).



പുതിയ ലോകക്രമത്തിൽ ദൈവീക ശുശ്രൂഷയുടെ നവമാനങ്ങൾ



റവ. സിബു പള്ളിച്ചിറ
(ഇടവകാംഗം)
(വികാരി, എഫിഫെനി മാർത്തോമ്മാ പള്ളി, ന്യൂയോർക്ക്)

താൻ സൃഷ്ടിച്ച ലോകം നശിച്ചുപോകാതിരിപ്പാൻ തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ച പിതാവിന്റെ വാത്സല്യമാണ് ദൈവീക ശുശ്രൂഷയുടെ അടിസ്ഥാനവും അളവുകോലും. ഈ ശുശ്രൂഷയിലേക്കുള്ള ക്ഷണവും നിയോഗവുമാണ് അപ്പൊസ്തലിക സമൂഹത്തിനു നൽകപ്പെട്ടത്. അപ്രകാരം ഭാരതത്തിന്റെ അപ്പൊസ്തലനായി നിരണത്തെത്തിയ മാർത്തോമ്മാ ശ്ലീഹായുടെ ശുശ്രൂഷാ പൈതൃകത്തെ കൊണ്ടാടുന്ന മാർത്തോമ്മാ ശ്ലീഹാ ദിനത്തിൽ തന്നെ, ശ്ലീഹായുടെ തൃക്കരങ്ങളാൽ സ്ഥാപിതമായ നിരണം യെരുശലേം ദൈവാലയത്തിന്റെ സന്താനമായി ഈ ശുശ്രൂഷാസരണയിൽ എന്നെ പരിപോഷിപിച്ച യെരുശലേം സൺഡേസ്കൂളിന്റെ ശതോത്തര രജതജൂബിലി ആഘോഷത്തിൽ പങ്കുതരുന്ന ദൈവത്തിനു സ്തോത്രം. എത്രയോ നന്മമരങ്ങളുടെ തിരുശേഷിപ്പുകൾ ഇഴുകിച്ചേർന്ന് ഫലപുഷ്ടമായ ഒരു മണ്ണിലാണ് ദൈവം നമ്മെ നട്ടത് എന്നോർത്ത് എന്റെ ഹൃദയം തരളിതമാകുന്നു. നമുക്ക് ഇന്നോളം പരിചിതമല്ലാത്ത, അനിതരസാധാരണമായ ജീവിത സാഹചര്യങ്ങളിൽ മുമ്പോട്ട് പോകുന്ന ഈ കോവിഡ് കാലത്ത് ദൈവീക ശുശ്രൂഷയുടെ വെല്ലുവിളികളും നവമാനങ്ങളും അവധാരണം ചെയ്യുക എന്നതത്രേ ഈ ലേഖനത്തിന്റെ

ഉദ്ദേശ്യം.

ഗ്രീക്കു ഭാഷയിലെ ഡയക്കോണിയ എന്ന പ ദം കൊണ്ടു അർത്ഥമാക്കുന്നത് ശുശ്രൂഷ എന്നാ ണ്. ഈ പദത്തിൽ നിന്നുമാണ് ഡീക്കൻ (ശെ മ്മാശ് / ശുശ്രൂഷകൻ), ദിയാക്കോൻ, അർക്കദി യാക്കോൻ എന്നീ പദങ്ങളും ഉളവായിട്ടുള്ളത്. ലോകത്തെ രക്ഷിപ്പാൻ ദൈവം തന്റെ ഹൃദയപ്ര കാരം നിരൂപിച്ചവരും നിയോഗിച്ചവരും നിലനിർ ത്തിയവരുമാണ് ഡീക്കന്മാർ (ശുശ്രൂഷകന്മാർ). വേദപുസ്തകത്തിൽ ഈ ദൈവീക ശുശ്രൂഷ യിൽ പങ്കുകാരായിരുന്ന അനേകം വ്യക്തിത്വങ്ങ ളെ നമുക്ക് കാണുവാൻ സാധിക്കും. ദൈവത്തി നു വേണ്ടി ദൈവീക നിയോഗത്താൽ ദൈവകര മായിത്തീർന്നുള്ള അവരുടെ പ്രവർത്തനങ്ങളാ ണ് ദൈവീക ശുശ്രൂഷ എന്നതുകൊണ്ട് അർത്ഥ മാക്കുന്നത്. ചുരുക്കത്തിൽ, രക്ഷ അവശ്യമായി രിക്കുന്ന ലോകത്തിൽ, മറ്റൊന്നിലും രക്ഷയില്ലാ തിരിക്കുമ്പോൾ ദൈവീക ഇടപെടപെടലിന്റെ ചാലകങ്ങളാകുവാനുള്ള വിളിയോ നിയോഗമോ ആണ് ഈ ശുശൂഷ.

ദൈവീക ശുശ്രൂഷ വിവിധങ്ങളും വ്യത്യസ്ത ങ്ങളുമാണ്. അവ സാഹചര്യങ്ങൾക്കനുസൃതമാ യും നിയോഗങ്ങൾക്കനുസൃതമായും വ്യത്യാസ പ്പെട്ടിരിക്കുന്നു. ഉദാഹരണമായി, നോഹയുടെ ശുശൂഷാ രംഗമല്ല അബ്രഹാമിന്റേത്, അബ്രഹാ മിന്റേതല്ല, ജോസഫിന്റേത്, ജോസഫിന്റേതല്ല മോശയുടെത്; ഒരേ ശുശ്രൂഷാ രംഗമെങ്കിലും മോ ശയുടെ ശുശ്രൂഷകളല്ല അഹരോന്റേത്. എന്നാൽ ഇവയെ കോർത്തിണക്കുന്ന ചരടാണ് ദൈവത്തി ന്റെ രക്ഷാകര പദ്ധതി. ശിക്ഷിക്കുവാനുള്ളതല്ല; പകരം, രക്ഷാകരമാകുവാനും രക്ഷിക്കുവാനും ഉ ള്ളതാണ് ദൈവീക പദ്ധതിയും ദൈവീക ശുശ്രൂ ഷകരും. ഈ കൊറോണക്കാലത്തെ ശുശൂഷക രും ശുശ്രൂഷയും ഇതിന്റെ ദൗത്യവയൽ തന്നെ യാണ്.

ബാധയും വ്യാധിയും ദൈവത്തിന്റെ ശിക്ഷ യായി വേദപുസ്തകത്തിൽ പലയിടത്തും കാ ണുവാൻ കഴിയും. എന്നാൽ ശിക്ഷയിൽ മാത്രം ഒതുങ്ങുന്നതല്ല ദൈവത്തിന്റെ പദ്ധതി. ആവർ ത്തനപുസ്തകം 28-ാം അദ്ധ്യായം 58 മുതൽ 62 വരെയുള്ള വാക്യങ്ങൾ, കൊറോണക്കാലത്തെ ക്കുറിച്ച് മുന്നമേ കുറിക്കപ്പെട്ട ഭാഗമെന്ന് നമുക്ക് തോന്നിപ്പോകാം. നിന്റെ ദൈവമായ യഹോവ എ ന്ന മഹത്തും ഭയങ്കരവുമായ നാമത്തെ നീ ഭയ പ്പെട്ടു ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ഈ ന്യായപ്രമാണത്തിലെ സകലവചനങ്ങളും പ്രമാണിച്ചനുസരിച്ചു നടക്കാഞ്ഞാൽ യഹോവ നിന്റെ മേലും നിന്റെ സന്തതിയുടെമേലും നീണ്ടു നില്ക്കുന്ന അപൂർവ്വമായ മഹാബാധകളും നീണ്ടുനില്ക്കുന്ന വല്ലാത്ത രോഗങ്ങളും വരു ത്തും. നീ പേടിക്കുന്ന മിസ്രയീമിലെ വ്യാധിക ളൊക്കെയും അവൻ നിന്റെമേൽ വരുത്തും. അവ നിന്നെ പറ്റിപ്പിടിക്കും. ഈ ന്യായപ്രമാണ പുസ് തകത്തിൽ എഴുതിയിട്ടില്ലാത്ത സകല രോഗവും ബാധയുംകൂടെ നീ നശിക്കുംവരെ യഹോവ നി ന്റെമേൽ വരുത്തിക്കൊണ്ടിരിക്കും. ആകാശത്തി ലെ നക്ഷത്രംപോലെ പെരുകിയിരുന്ന നിങ്ങൾ നിന്റെ ദൈവമായ യഹോവയുടെ വാക്കു കേൾ ക്കായ്കകൊണ്ടു ചുരുക്കം പേരായി ശേഷി ക്കും.

ഞാൻ ഇപ്പോൾ ശുശ്രൂഷ ചെയ്യുന്ന ന്യൂയോർ ക്ക് പട്ടണത്തിലെ കൊറൊണക്കാലത്തിന്റെ അ നുഭവങ്ങൾ ഒരു നെടുവീർപ്പോടെ അനുസ്മരി ക്കുന്നു. ആവർത്തന പുസ്തകം 28 : 66-ൽ വായി ക്കുന്നതുപോലെ എല്ലാവരും പ്രാണഭയത്തിൽ ആയ ഒരു കാലം; എല്ലാം ഉണ്ടെന്ന് ചിന്തിച്ചവർ പോലും ഒന്നുമില്ലാത്തവരെപ്പോലെ ഞരങ്ങിയ ഒ രു കാലം; വീഞ്ഞിന്റെ നാടായ കാനാ എന്ന പട്ട ണത്തിൽ കല്യാണത്തിന് വീഞ്ഞിനു ദുർലഭ്യം ഉണ്ടായതുപോലെ ആരോഗ്യമേഖലയിൽ മുൻപ ന്തിയിലായ പട്ടണങ്ങളിൽ പോലും ഒരു മാസ്കി നു പകരം മറ്റൊന്നു ലഭ്യമല്ലാതിരുന്നോരു കാലം; ഒരേയൊരു വെന്റിലേറ്റർ ഒന്നിലധികം പേർക്ക് വീതം വച്ചു നൽകിയ ഒരു കാലം; ഭക്ഷ്യ സുര ക്ഷ ഉണ്ടെന്നു കരുതിയ നാട്ടിൽ പോലും ആഡം ബരകാറുകളിൽ വന്ന് ഭക്ഷണത്തിനായി ഇരന്ന ഒരു കാലം; ഫ്യൂണറൽ ഹോമുകൾ കുമിൾ പോ ലെ മുളച്ചിരുന്ന ദേശങ്ങളിൽ പോലും മൃതദേഹ ങ്ങൾ വഴിയിൽ സൂക്ഷിക്കേണ്ടി വന്നൊരു കാ ലം; അന്തസ്സോടും ആർഭാടത്തോടും ശവസംസ് കാര ശുശ്രൂഷകകൾ നിർവ്വഹിച്ചിരുന്ന കാലത്തു നിന്നും മൃതദേഹങ്ങൾ സൂക്ഷിപ്പാൻ കഴിയാതെ കൂട്ടമായി ചിതയൊരുക്കിയ ഒരു കാലം; നാലംഗ കുടുംബത്തിൽ മൂന്നുപേരുടേയും മരണം നാലാ മത്തവനെ അറിയിച്ച് മരണാനന്തര ശുശ്രൂഷകൾ ക്രമീകരിക്കുവാൻ രണ്ടു മാസത്തോളം കാത്തിരു ന്നു വിഫലമായിപ്പോയ ഒരു കാലം; സ്വതവെ വി ലയറിയാതെ ശ്വസിച്ചിരുന്ന പ്രാണവായുവിനായി പൊന്നും വില നൽകി കാത്തുനിൽക്കേണ്ടി വന്ന ഒരു കാലം; വെന്റിലേറ്റർ നൽകുവാൻ ഇല്ലാതെ വന്നപ്പോൾ പ്രായം ചെന്നവരിൽ നിന്ന് യൗവന ക്കാരിലേക്ക് അത് മാറ്റി നൽകിയ ഒരു കാലം; അ

പരന്റെ സാന്നിദ്ധ്യം ജീവന്റെ ഭീഷണിയായി തോന്നിയ കാലം; കൊറോണ വാർഡിലെ ഏകാന്തതയിൽ നേഴ്സിന്റെ ഒരു കാലൊച്ച ഒന്നു കേൾക്കാൻ കൊതിച്ചൊരു കാലം; കൂട്ടിലടച്ച കിളിയെപ്പോലെ നാം വീട്ടിലടക്കപ്പെട്ടോരു കാലം; എയർപ്പോർട്ടുകളും റോഡുകളും പൊതുഗതാഗതങ്ങളും നിശ്ചലമായൊരു കാലം; ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവർ ജോലി പൂർത്തിയാക്കി മടങ്ങി വരുമോ എന്നു നിശ്ചയമില്ലാതെ വീട്ടിൽ നിന്നും വിടപറയേണ്ടി വന്ന ഒരു കാലം; മുലയൂട്ടിയുരുന്ന അമ്മമാർ പൊലും കുഞ്ഞിനെ ഒന്നാശ്ലേക്ഷിക്കുവാൻ കഴിയാതെ പല മുറിയിൽ ഉറങ്ങേണ്ടി വന്ന ഒരു കാലം. ഇവയുടെ തീവ്രത വാക്കുകൾകൊണ്ട് വിവരിക്കുവാൻ പ്രയാസം. ഇങ്ങനെ പ്രാണഭയത്തിലായ ഒരു കാലത്തിൽ ദൈവീക ദൗത്യവും ശുശ്രൂഷകളും എന്താണ്?

കൊറോണക്കാലം ഒരു ആത്മശോധനയുടെ കൂടി കാലമാണ്. ദൈവം സൃഷ്ടിച്ച ലോകം ആരോഗ്യദായകവും രോഗമുക്തവുമാണ്. എന്നാൽ നാം അതിനെ വികലവും രോഗഗ്രസ്ഥവുമാക്കിക്കൊണ്ടിരിക്കുന്നു. ദൈവം സ്വപ്നം കണ്ട ലോകത്തിൽ നിന്നും, സൃഷ്ടിപ്പിന്റെ ഉദ്ദേശ്യത്തിൽ നിന്നും, എത്രയോ കാതം മാറിയാണ് നാം സഞ്ചരിക്കുന്നത്. മലീമസവും രോഗാതുരവുമായ ലോകം നാശത്തിലേക്കുള്ള പ്രയാണത്തിലാണ്. ഇവിടെയാണ് നശിച്ചു പോകുന്നവരെക്കുറിച്ചുള്ള ദൈവത്തിന്റെ ഹൃദയവേദന വെളിവാക്കപ്പെടുന്നത്. മിസ്രയീമിലുള്ള എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടു കണ്ടു; ഊഴിയവിചാരകന്മാർ നിമിത്തമുള്ള അവരുടെ നിലവിളിയും കേട്ടു; ഞാൻ അവരുടെ സങ്കടങ്ങൾ അറിയുന്നു. (പുറ. 3:7). ദൈവത്തിന്റെ ഈ ഹൃദയവായ്പ്പിന്റെ പങ്കുകാരാണ് ഓരോ ക്രിസ്തീയ ശുശ്രൂഷകരും.

യിസ്രായേൽ മക്കളിൽ ബാധ പൊട്ടിപ്പുറപ്പെട്ട് അനേകർ മരിച്ചു വീഴുമ്പോൾ (സംഖ്യ. 16) മോശയും അഹരോനും ചെയ്ത ശുശ്രൂഷകൾ കൊറോണക്കാലത്തെ ക്രിസ്തീയ ശുശ്രൂഷകൾക്ക് മാതൃകയാണ്. ജനത്തിന്റെ നാശത്തിൽ നിസംഗരായി ഇരിക്കുന്നതല്ല, ഓടി ഒളിക്കുന്നതല്ല, പകരം ക്രിയാത്മകമായി പ്രവർത്തിക്കുന്നതാണ് ക്രിസ്തീയ ശുശ്രൂഷ. മേൽപ്പട്ടക്കാരനായ അഹരോൻ ധൂപം കരങ്ങളിലേന്തി, ജീവിച്ചിരിക്കുന്നവരുടെയും മരിച്ചവരുടേയും നടുവിൽ നിന്ന് പ്രാർത്ഥനകളാകുന്ന ധൂപം ഉയർത്തി ദേശത്തിനു സൗഖ്യം വരുത്തിയതു പോലെ കൊറോണ



ക്കാലത്തെ ശുശ്രൂഷയ്ക്കായി ദൈവം നമ്മെയും വിളിക്കുന്നു. മൂന്നാം നൂറ്റാണ്ടിൽ റോമാ നഗരത്തിൽ പ്രതിദിനം 5000 പേർ വീതം മരണപ്പെട്ട പ്ലേഗ് ബാധയിൽ അലക്സന്ത്രിയായിലെ ബിഷപ്പായിരുന്ന മാർ ദിവന്ന്യാസ്യോസ്, കാർത്തേജിലെ ബിഷപ്പായിരുന്ന സിപ്രിയൻ എന്നിവരുടെ നേതൃത്വവും ശുശ്രൂഷകളും, പതിനാലാം നൂറ്റാണ്ടിൽ യൂറോപ്പിലെ വിറ്റൻബർഗിലുണ്ടായ പ്ലേഗ് ബാധയിൽ ക്രിസ്തീയ ശുശ്രൂഷകരായിരുന്ന മാർട്ടിൻ ലൂഥറിന്റേയും അദ്ദേഹത്തിന്റെ ഗർഭിണിയായ ഭാര്യ കാതറിന്റേയും സേവനങ്ങളും, പത്തൊൻപതാം നൂറ്റാണ്ടിൽ ലണ്ടൻ നഗരത്തെ ബാധിച്ച കോളറ കാലത്ത് ക്രിസ്തീയ പുരോഹിതനായിരുന്ന ചാൾസ് സ്പർജന്റെ പ്രസംഗവും പ്രവർത്തനങ്ങളും, തെക്കൻ തിരുവിതാംകൂറിനെ ഗ്രസിച്ച കോളറ ബാധയിൽ ക്രിസ്തുകരമായി ചെന്നെത്തിയ സാധു കൊച്ചുകുഞ്ഞു ഉപദേശിയുടെ സേവന സരണികളും ഇന്നിന്റെ ശുശ്രൂഷകൾക്ക് ചൂണ്ടു പലകകളാണ്.

ഈ രക്ഷാകര ദൗത്യ ശുശ്രൂഷകൾക്ക് വേദപുസ്തക പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ ത്രിമാന തലങ്ങൾ ആണുള്ളത്: 1. മേശമേൽ ഉള്ള ശുശ്രൂഷ (ministry at the table), 2. വചനത്തിന്റെ ശുശ്രൂഷ (ministry of the word); 3. ലോകത്തിനുള്ള ശുശ്രൂഷ (ministry to the world)

അപ്പത്തിന്റെ വീട്ടിൽ (ബേത്ലഹേമിൽ) അപ്പമായ് തീർന്നവന്റെ ശുശ്രൂഷയാണ് മേശമേലുള്ള ശുശ്രൂഷ. അവൻ അപ്പം എടുത്തു, വാഴ്ത്തി, നുറുക്കി, ശിഷ്യർക്ക് കൊടുത്തു എന്ന തിരുവത്താ



ഴ സ്ഥാപന വചനത്തിൽ കർത്താവിന്റെ ശുശ്രൂഷയുടെ 4 ക്രിയാപദങ്ങളും (എടുത്തു, വാഴ്ത്തി, നുറുക്കി, കൊടുത്തു) ഉൾപ്പെട്ടിരിക്കുന്നു. കൊറോണ കാലത്ത് എത്രയോ പേർ അന്നത്തിനായി ഇരക്കുന്നത് നാം കണ്ടു. എന്നാൽ എത്രയോ സുമനസ്സുകൾ ശുശ്രൂഷകന്റെ (ശെമ്മാശന്റെ) കുപ്പായമണിഞ്ഞ് അനേകർക്ക് അപ്പം എത്തിച്ചു നൽകിയ നല്ല ദൃഷ്ടാന്തത്തിനും നാം സാക്ഷ്യം വഹിച്ചു.

വെൻറിലേറ്ററിനു വേണ്ടി കാത്തുനിൽക്കുന്ന ക്യൂവിൽ വന്ദ്യവയോധികനായ ഒരു വൈദികൻ തന്റെ പിറകിൽ നിൽക്കുന്ന യൗവനക്കാരനായ സഹോദരനെ കണ്ട് തനിക്ക് ലഭിക്കേണ്ട പ്രാണവായു അവന് നൽകി സ്വയം മരണം വരിച്ച പൗരോഹിത്യ ശുശ്രൂഷ, ക്രിസ്തുവിന്റെ സ്വയം നുറുക്കി നൽകിയ ശുശ്രൂഷയുടെ തുടർച്ചയല്ലാതെ മറ്റെന്താണ്.

രണ്ടാമതായി, വചനത്തിന്റെ ശുശ്രൂഷ. വചനം ജഡം ധരിച്ചവനാണ് ക്രിസ്തു. നിരാശയുടെ പടുകുഴിയിൽ വീഴുന്ന ജനത്തിന് പ്രത്യാശയുടെ കിരണം വചനമാകുന്ന വിളക്കാണ്. വാക്കുകൾ ജീവന്റെ വചനമായി, ജീവനുള്ളതും ജീവൻ നൽകുന്നതുമായ വചനമായി, രൂപപ്പെട്ട സന്ദർഭമായിരുന്നു കൊറോണക്കാലം. ഇത്രയധികം വചന ധ്യാനവും പഠനവും പ്രഘോഷണവും നിർവ്വഹിക്കപ്പെട്ട മറ്റൊരു കാലം ഉണ്ടോ എന്ന് സന്ദേഹിക്കുന്നു.

വചനം വിഭാഗിക്കുക മാത്രമല്ല ഹൃദിസ്തമാക്കി ബലം സംഭരിച്ച നിമിഷങ്ങളെ ഇന്നെന്നപോലെ ഓർക്കുന്നു. 121-ാം സങ്കീർത്തനം, 91-ാം സങ്കീർത്തനം, 46-ാം സങ്കീർത്തനം, 23-ാം സങ്കീർത്തനം തുടങ്ങിയ വേദഭാഗങ്ങൾ എത്രയോ ആവർത്തി ചൊല്ലി ജോലികൾക്കായി വീടിനു പുറത്തേക്ക് ഇറങ്ങിയ സന്ദർഭം മറക്കുവാനാവില്ല. പലകയും പരിചയുമായുള്ള ദൈവസാന്നിദ്ധ്യം, അത്യുന്നതന്റെ മറവും സർവ്വശക്തന്റെ നിഴലും, തന്റെ ഭക്തമാർക്കു ചുറ്റും പാളയമിറങ്ങി വിടുവിക്കുന്ന കർത്താവ് തുടങ്ങിയ വാക്കുകൾ വചനത്തിന്റെ പവിഴമുത്തുകളായി നമുക്ക് അനുഭവേദ്യമായി.

മൂന്നാമതായി, കിസ്തു തന്റെ ദൗത്യം നിർവ്വഹിച്ചതും പൂർത്തീകരിച്ചതും ലോകത്തിൽ തന്നെയും ലോകത്തെ രക്ഷിപ്പാൻ വേണ്ടിയുമാണ്. ഓരോ ശുശ്രൂഷകനും ഈ കിസ്തു ദൗത്യത്തിന്റെ കരം ആവുകയാണ്. കൊറോണ വാർഡിൽ രോഗികളെ പരിചരിക്കുവാൻ പോകുന്ന ആരോഗ്യപാലകയായ ഒരു അമ്മയുടെ ആത്മീയ വിശാലത ഇന്നും കോരിത്തരിപ്പിക്കുന്നു. മരണത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തന മേഖലയിൽ നിന്നും കുറച്ചു ദിവസം അവധിയെടുത്ത് വീട്ടിൽ സുരക്ഷിതമായി ഇരുന്നു കൂടെ എന്ന ചോദ്യത്തിന് ഞാൻ പോയാൽ എനിക്ക് എന്ത് സംഭവിക്കും എന്നതിലുപരി ഞാൻ പോയില്ലായെങ്കിൽ എന്റെ ശുശ്രൂഷ കടപ്പെട്ടിരിക്കുന്ന രോഗികൾക്ക് എന്തും സംഭവിക്കാം എന്ന ആത്മ വിവശതയിലാണു ഞാൻ എന്ന മറുപടി ഇന്നിന്റെ നല്ല ശമര്യാക്കാരനെ വെളിപ്പെടുത്തുന്നു.

നുറുങ്ങിയ ലോകത്തിനുവേണ്ടി അപ്പമായും വചനമായും നുറുക്കപ്പെടുന്ന ശുശ്രൂഷ ദൈവീക രക്ഷാ പദ്ധതിയുടെ ആവിഷ്കാരമാണ്. (Breaking of the bread, breaking of the Word for the broken world).

മേൽപ്പറഞ്ഞ മൂന്നു ശുശ്രൂഷാതലങ്ങളും ഏറ്റവും ശ്രേഷ്ഠമായും പ്രോജ്വലമായും നിർവഹിക്കപ്പെട്ട കാലമാണ് ഈ കൊറോണക്കാലം. പതിവ് ആരാധനാ ശൈലികളിൽ നിന്നും ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗിച്ചുള്ള അസാധാരണ ആരാധന ശൈലികൾ സാധാരണമായി തീർന്ന ഒരു കാലമാണിത്. ഇസ്രായേൽ മക്കൾ പ്രവാസത്തിൽ ആയപ്പോൾ ആരാധിക്കുവാൻ ദൈവാലയത്തിൽ കൂടി വരുന്നതിനോ മൃഗങ്ങൾ ലഭ്യമല്ലാതിരുന്നതിനാൽ യാഗങ്ങൾ അർപ്പിക്കുന്നതിനോ കഴിഞ്ഞിരുന്നില്ല. എന്നാൽ പരിമിതികളുടെ മദ്ധ്യേ, ഉടമ്പടിയുടെ മക്കളായി

നിൽപ്പാനും ന്യായപ്രമാണത്തിൻ കീഴെ നടപ്പാനുമായി അവർ ക്രമീകരിച്ച നൂതന സംവിധാനമാണ് സുനഗോഗ് ആരാധന. എന്നാൽ പ്രവാസത്തിനു ശേഷം ഇസ്രായേൽ മക്കൾ ദൈവാലയത്തിലെ ആരാധന പുനർജീവിപ്പിച്ചു. കൂടാതെ പ്രവാസകാലത്ത് അവർ ആരംഭിച്ച സുനഗോഗ് ആരാധന അവർ നിർത്തിയതുമില്ല. അങ്ങനെ കർത്താവിന്റെ പരസ്യ ശുശ്രൂഷ കാലത്ത് മുന്നൂറിലധികം സുനഗോഗുകൾ യെറുശലേമിൽ തന്നെ ഉണ്ടായിരുന്നതായി ചരിത്ര രേഖകൾ സാക്ഷിക്കുന്നു. അത് ദൈവാലയത്തിലെ ആരാധനയ്ക്ക് പൂരകമായും ഭവിച്ചു.

ഇവിടെ നാം ശ്രദ്ധിക്കേണ്ട ഒരു വിഷയം സുനഗോഗ് ആരാധന ദൈവാലയത്തിലെ ആരാധനയ്ക്ക് പകരമായി അല്ല, പൂരകമായാണ് തീർന്നത്. കൊറോണക്കാലം എണ്ണമറ്റ ഓൺലൈൻ ആരാധനകളുടെ വേദിയാകുന്നത് നാം കണ്ടു. കാലത്തിന്റെ ആവശ്യങ്ങൾ മനസ്സിലാക്കി സഭയും സംവിധാനങ്ങളും ലഭ്യമായ എല്ലാ സാങ്കേതിക വിദ്യകളും ഉപയുക്തമാക്കി ആരാധനാ ജീവിതത്തെ സംപുഷ്ടമാക്കി എന്നത് തീർച്ചയായും പ്രശംസാർഹമാണ്. എന്നാൽ ഒരു ഉത്തര കൊറോണക്കാലം (postcorona period) നിരവധി സാധ്യതകളും വെല്ലുവിളികളും നമ്മുടെ മുമ്പിൽ ഉയർത്തുന്നുണ്ട്.

കൊറോണക്കാലം നമ്മെ പല കാര്യങ്ങൾ ഞങ്ങൾ പുതുതായി ശീലിപ്പിച്ചു. ആഴ്ചകളോളം കൊറോണ വാർഡിൽ ശുശ്രൂഷ ചെയ്ത ഒരു മാതാവ് തന്റെ കുഞ്ഞിനെ വർച്വൽ ആയി ആശ്ലേഷിക്കുന്ന രംഗം നമ്മുടെ കണ്ണുകളെ ഈറനണിയിച്ചു. കറൻസികൾ പോലും വെർച്വൽ ആകുന്ന ഈ കാലത്ത് പ്രാർത്ഥനകൾ, വചന ധ്യാനം, ആരാധനകൾ ഇവയെല്ലാം വെർച്വൽ ആകുന്നത് നാം ശീലിച്ചിരിക്കുന്നു. അതു നൽകുന്ന സാധ്യതകളും സൗകര്യങ്ങളും വളരെയധികമാണ്. എവിടെയിരുന്നും ഓൺലൈനിലൂടെ ആരാധനയിൽ പങ്കുചേരാം എന്നുള്ള സാധ്യത നമ്മുടെ മുൻപിൽ തുറക്കപ്പെട്ടിരിക്കുന്നു. ലോകത്തിലെവിടെയും ഉള്ള വിഭവശേഷിയെ ഉപയുക്തമാക്കാൻ അവസരങ്ങൾ നൽകപ്പെട്ടിരിക്കുന്നു. ഏകാന്തതയുടെ പടുകുഴിയിൽ ഒറ്റപ്പെടുവാൻ സാധ്യതയുള്ളപ്പോൾ പരസ്പര ബന്ധത്തിന്റെ സ്നേഹച്ചൂട് പരിമിതമായെങ്കിലും അനുഭവിക്കുവാൻ സാധ്യതകൾ ഒരുക്കപ്പെട്ടിരിക്കുന്നു.

എന്നാൽ എല്ലാ സൗകര്യങ്ങളും നന്മയ്ക്കായി ഭവിക്കണമെന്നില്ല. ചില അപകടങ്ങളിലേക്കും അത് നമ്മെ കൊണ്ടെത്തിച്ചേക്കാം. പള്ളി ആരാധനകൾ പുനർജീവിപ്പിക്കപ്പെട്ടിട്ടും ഓൺലൈൻ ആരാധനകൾ കൊണ്ട് തൃപ്തിയടയുന്ന ശൈലി ഒരു അപകടമാണ്. Without physical, there is no virtual, Medium is the message എന്നീ സിദ്ധാന്തങ്ങൾ നാം മറന്നു കൂടാ. പള്ളി ആരാധനയിൽ നാം നേരിട്ട് പങ്കെടുക്കുന്നതിന് ഒരിക്കലും തുല്യമാവില്ല വെർച്വലായുള്ള പങ്കാളിത്തം. ഇവ രണ്ടും തരുന്ന അനുഭവ തലങ്ങൾ അജഗജാന്തരം ആണ്. കൂട്ടായ്മയിലൂടെയും ഒന്നായിരിക്കുന്നതിലൂടെയും ലഭ്യമാകുന്ന ദൈവസാന്നിദ്ധ്യം ഒരു വെർച്വൽ അനുഭൂതിയല്ല; പകരം, അത് യാഥാർത്ഥ്യമായ അനുഭവവും രുചിച്ചറിയാവുന്നതുമാണ്. ലോകത്തെ രക്ഷിപ്പാൻ ഭൂമിയിൽ അവതരിച്ച കർത്താവ് ഒരു സാങ്കൽപ്പിക സാന്നിദ്ധ്യം (Virtual Presence) അല്ല ലോകത്തിനു നൽകിയത്, പകരം യാഥാർത്യമായതും ഭൗതീകമായതും ചരിത്രത്തിൽ സന്നിവേശിപ്പിക്കപ്പെട്ടതുമായ സാന്നിദ്ധ്യമാണ് (Physical Presence). മൊബൈലിലൂടെയും മറ്റ് നവമാദ്ധ്യമോപാധികളിലൂടെയും വേദപുസ്തകം, ആരാധനാ ക്രമം, ഗീതങ്ങൾ, ധ്യാനങ്ങൾ, പ്രാർത്ഥനകൾ എന്നിങ്ങനെ എല്ലാം ലഭ്യമാകുന്ന ഈ കാലത്ത് അവയുടെ വിശുദ്ധിയും പാവനതയും നഷ്ടപ്പെടാതെ സൂക്ഷിക്കുക എന്നത് ഒരു ആവശ്യകതയും അതിന്റെ സത്താപരമായ ഉദ്ദേശ്യശുദ്ധിയെ ഹനിക്കാതെ ഉപയോഗിക്കേണ്ടത് ഇന്നിന്റെ വെല്ലുവിളിയുമാണ്.

ഓൺലൈൻ ആരാധനാ സംവിധാനങ്ങൾ പള്ളി ആരാധനകൾക്ക് പൂരകങ്ങളായി ഭവിക്കേണ്ടതും സാങ്കൽപ്പിക ലോകത്ത് നിന്നും നേരിട്ടുള്ള അനുഭവത്തിലേക്ക് കൊതിയോടെ നോക്കിപ്പാർക്കുന്നതിന് ഉത്തേജിപ്പിക്കുന്നതുമാവണം. എന്നാൽ വെർച്വൽ ലോകത്തിലെ ശുശ്രൂഷകളുടെ നവമാനങ്ങൾ നാം തിരിച്ചറിയുകയും ഗൗരവത്തോടെ അതിന്റെ ശുശ്രൂഷകരാവുകയും ചെയ്യേണ്ടത് ഇന്നിന്റെ അനിവാര്യതയാണ്.

തലമുറകളെ ദൈവീക ശുശ്രൂഷയിലേക്ക് ആദായപ്പെടുത്തുന്നതിൽ നിസ്തുല്യ സാക്ഷ്യം നിർവ്വഹിച്ച യെരുശലേം സണ്ടേസ്കൂളിന് ജൂബിലി ആശംസകൾ നേരുകയും ഈ കൊറോണാ കാലത്ത് കർത്താവിന്റെ രക്ഷാകരദൗത്യം കർത്തൃകരമായി നിന്ന് ശ്രേഷ്ഠതയോടെയും അർത്ഥപൂർണ്ണമായും നിർവഹിക്കാൻ അത്യുന്നതനായ ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മതപഠനരീതിശാസ്ത്രം: യെഹൂദ പശ്ചാത്തലത്തിൽ

METHODOLOGY OF RELIGIOUS EDUCATION: JEWISH CONTEXT



ആശിഷ് ചെറിയാൻ വർഗീസ് പട്ടമുക്കിൽ
(പൂർവ്വ വിദ്യാർത്ഥി)
(വൈദിക വിദ്യാർത്ഥി)

ജീവിതത്തിന്റെ പ്രഭാതമാണ് ശൈശവം. വെളിച്ചം കൊണ്ട് ഭൂമിയെ വിരുന്നൂട്ടാൻ എത്തുന്ന പ്രഭാതസൂര്യന്റെ കിരണങ്ങൾ എത്ര സുന്ദരമാണ്. പ്രഭാതത്തിന്റെ പ്രഭ ഒരു ദിവസത്തിന്റെ സാധ്യതകളെ സജീവമാക്കുന്നതുപോലെ ഒരു വ്യക്തിയുടെ ബാല്യകാല അനുഭവങ്ങളും അതിന്റെ പ്രഭയും തുടർ ജീവിതത്തെ സ്വാധീനിക്കും. അതുകൊണ്ടുതന്നെ "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക; അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല" (സദൃ. 22:6) എന്ന തിരുവചനം ഏറെ സംഗതമാണ്. തിന്മയായതിനെ തിരസ്ക്കരിക്കുവാനും (Selective negation), ഉദാത്തമായതിനെ സ്വാംശീകരിക്കുവാനും (Selective internalisation), അർത്ഥവത്തായതിനെ അംഗീകരിക്കുവാനും (Selective acceptance), മൂല്യങ്ങളെ പുന:പ്രതിനിധാനം ചെയ്യുവാനും (Re-presentation of Values) പ്രേരണ നല്കുന്നതിലൂടെ ശൈശവ-ബാല്യകാല ജീവിത വ്യവഹാരങ്ങൾ തുടർജീവിതത്തെ തെളിമയുള്ളതാക്കുന്നു.

ബാല്യകാലത്തിലെ മുറിവുകൾ ഒരു വ്യക്തിയുടെ താളപ്പിഴകൾക്ക് ആധാരമാകും എന്ന് മനഃശാസ്ത്രപരമായി കണ്ടെത്തിയതാണ്. അങ്ങനെയെങ്കിൽ ശൈശവകാല അഭിമുഖീകരണങ്ങളിലൂടെ നന്മയുടെ കിരണങ്ങൾ സന്നിവേശിപ്പിക്കുകയും അതിന്റേതായ പ്രതിസ്പന്ദനങ്ങൾ ഒരു വ്യക്തിയുടെ ജീവിതത്തിൽ ഉണ്ടാകുകയും ചെയ്യുന്നു. അതിനാൽ ക്രിസ്തീയ വിദ്യാഭ്യാസം ഒരു കീഴ്വഴക്കം എന്നതിനെക്കാൾ ലോകത്തിന്റെ നിർമ്മിതിക്കും ദൈവരാജ്യവർദ്ധനവിനും നവമാനവികതയ്ക്കും നിർണ്ണായകമാണ് എന്ന് കരുതേണ്ടതാണ്. കുഞ്ഞുങ്ങളെ ഒരു സമൂദായത്തിന്റെയോ സ ഭാവിഭാഗത്തിന്റെയോ ഭാഗമാക്കി നിലനിർത്തുക എന്നതല്ല ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ കാതൽ.

യേശുവിലൂടെയുള്ള വീണ്ടെടുപ്പിന്റെ സുവാർത്ത തിരിച്ചറിയുകയും ആ സ്വാതന്ത്ര്യത്തിൽ ജീവിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നതാകണം ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ഉദ്ദേശ്യം. ദൈവരാജ്യ മൂല്യങ്ങൾക്ക് അധിഷ്ഠിതമായി ജീവിതത്തെ ക്രമീകരിക്കുവാൻ പിൻതലമുറക്കാരെ സജ്ജരാക്കുക. ജീവിതത്തെ ദൈവാഭിമുഖമായും വചനാധിഷ്ഠിതമായും രൂപീകരിക്കുവാൻ കുട്ടികളെ സജ്ജരാക്കുക. ആധുനിക കാലഘട്ടത്തിന്റെ തത്ത്വചിന്തകനായ Rene Descartes ഇപ്രകാരം പറയുന്നു "I think therefore I am"- ഞാൻ ചിന്തിക്കുന്നതാണ് ഞാൻ. ഒരു വ്യക്തിയുടെ കർതൃത്വം നിർണ്ണയിക്കുന്നതിൽ ചിന്തകൾക്ക് വളരെ പ്രാധാന്യം ഉണ്ട്. അതുകൊണ്ട് തന്നെ അത് നല്ക



യെരുശലേം മാർത്തോമ്മാ സൺഡേസ്കൂൾ, നിരണം

പ്പെടുന്നതല്ല, രൂപപ്പെടുന്നതാണ് (Not given, but formed). കേൾവികളും കാഴ്ചകളും സംഭാഷണങ്ങളുമാണ് നമ്മുടെ ചിന്തകളുടെ നിർണ്ണായകത. അതിനാൽ ചെറുപ്രായത്തിലെ ചിന്തകളെ ദൈവോന്മുഖമാക്കുന്ന കാഴ്ചകൾക്കും കേൾവികൾക്കും ഏറെ സാംഗത്യമുണ്ട്.

ആധുനിക സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രധാന ശില്പിയായ റോബർട്ട് റെയ്ക്സ്, 1780 ൽ ജീവിതലക്ഷ്യബോധം നഷ്ടപ്പെടുന്ന കുട്ടികൾക്ക് ദിശാബോധം നല്കുവാനായി ആരംഭിച്ച വേദപഠനശാലയാണ് പിന്നീട് സൺഡേസ്കൂളായി രൂപപ്പെടുന്നത്. അദ്ദേഹത്തിന്റെ ആശയത്തിൽ "Ignorance is the root of degradation" അജ്ഞതയാണ് ജീർണ്ണതയ്ക്ക് ആധാരമെന്നും അതിനാൽ അവനെ പ്രതിരോധിക്കാൻ ജ്ഞാനാത്മകമായ അഭ്യസനവും വേദപഠനവും ഗുണകരമാകും എന്ന് അദ്ദേഹം ചിന്തിച്ചിരുന്നു.

പഴയനിയമ പശ്ചാത്തലവും രീതിശാസ്ത്രവും

ചരിത്രപരമായി വിവക്ഷിക്കുമ്പോൾ പിൻതലമുറക്കാരെ ദൈവീകബോധ്യത്തിൽ വളർത്തുവാൻ ആവശ്യമായ അഭ്യസനം നല്കുന്ന രീതി പഴയനിയമ കാലം മുതൽ തന്നെ നിലനിന്നിരുന്നു. ഉല്പത്തി പുസ്തകത്തിൽ അബ്രഹാമുമായി ഉടമ്പടി ചെയ്യുമ്പോൾ യഹോവയായ ദൈവം തലമുറകളിലേക്ക് പകരപ്പെടേണ്ട ദൈവീകബോധ്യങ്ങളെക്കുറിച്ച് പ്രബോധിപ്പിക്കുന്നു. "അവനു നിവർത്തിച്ചു കൊടുപ്പാൻ തക്കവണ്ണം അബ്രഹാം തന്റെ മക്കളോടും തനിക്ക് പിമ്പുള്ള കുടുംബത്തോടും നീതിയും ന്യായവും പ്രവർത്തിച്ചുകൊണ്ട് യഹോവയുടെ വഴിയിൽ നടപ്പാൻ കല്പിക്കേണ്ടതിനു തന്നെ" (ഉല്പത്തി. 18:19). കൂടാരവാസിയായ അബ്രഹാമും ആദി മാതാപിതാക്കളും തലമുറകളിലേക്ക് അറിവിന്റെ പ്രകാശം പകർന്നത് ഔപചാരികമായ വിദ്യാഭ്യാസ പ്രക്രിയകളിൽ കൂടിയല്ല. കുട്ടികൾ തങ്ങളുടെ മാതാപിതാക്കളുടെ മാതൃകകൾ കണ്ട് ബോധ്യങ്ങൾ രൂപപ്പെടുത്തുകയായിരുന്നു.

തങ്ങളുടെ പൂർവ്വികർ യാഗപീഠങ്ങളെ പണിയുന്നത് കണ്ടും, യാഗാർപ്പണങ്ങളിൽ പങ്കുചേർന്നും, പരിച്ഛേദനയിലൂടെയുമെല്ലാം ദൈവീക ഉടമ്പടി ബന്ധത്തിൽ കുഞ്ഞുങ്ങളെയും ഇഴചേർത്തിരുന്നു. എന്നാൽ Fred. H. Wright തന്റെ "Manners and customs in Bible Times" എന്ന പുസ്തകത്തിൽ Sir. Charles L. Wooley അബ്രഹാമിന്റെ ജന്മദേശമായ ഊരിൽ നടത്തിയ പുരാവസ്തു ഗവേഷണത്തിൽ നിന്ന് അബ്രഹാമിന്റെ ശൈശവത്തിൽ തന്നെ വേദപഠനത്തിനായി ശാലകൾ ഉണ്ടായിരുന്നു എന്ന സൂചനകളും ഉണ്ട്.

പൂർവ്വികരുടെ കാലത്തിന് ശേഷം, മോശയിലൂടെ ന്യായപ്രമാണസമൂഹമായി തീർന്ന യിസ്രായേൽ ജനത തങ്ങളുടെ വ്യക്തി ജീവിതവും പൊതു ജീവിതവും നിയമമാക്കുന്നതിൽ ബദ്ധശ്രദ്ധരായിരുന്നു. തലമുറകളും ആ നിയമങ്ങൾ സംരക്ഷിക്കണം എന്നതിൽ നിഷ്ഠയുള്ളവരും ആയിരുന്നു അവർ. കുടുംബങ്ങളാണ് യെഹൂദരുടെ ആദ്യ പഠനശാല. യെഹൂദ മതാനുഷ്ഠാനങ്ങളിൽ ഏറ്റവും പ്രധാനമായ പ്രാർത്ഥനയാണ് ശേമ (Shema). ആവർത്തനപുസ്തകം 6-ാം അദ്ധ്യായത്തിലുള്ള ഈ പ്രാർത്ഥന യെഹൂദരുടെ വിശ്വാസപ്രഖ്യാപനമാണ്. തങ്ങളുടെ ചരിത്രത്തിൽ ഇടപെട്ട ദൈവത്തെ പൂർണ്ണമായ വിധേയത്വത്തിൽ ആരാധിക്കുകയും ആദരിക്കുകയും ചെയ്യുവാനുള്ള ആഹ്വാനമാണിത്. എന്നാൽ ഏറ്റവും പ്രധാനമായി "നീ അവയെ നിന്റെ മക്കൾക്ക് ഉപദേശിച്ച് കൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും എഴുന്നേല്ക്കുമ്പോഴും അവയെക്കുറിച്ചു സംസാരിക്കയും വേണം (ആവർത്തനം 6:7) എന്ന് നാം വായിക്കുന്നു. പ്രാർത്ഥനയിലൂടെയുള്ള ബോധനവിദ്യ (Pedagogy through prayer) നാം ഇതിലൂടെ കാണുന്നു. വീട്ടിലെ സ്വാഭാവികമായ ചര്യകളിൽ നിന്നുപോലും കുഞ്ഞുങ്ങളിൽ ദൈവാവബോധം നല്കണം എന്ന സൂചന ഇതിലുണ്ട്. അതുകൊണ്ട് തന്നെ ദൈവാശ്രയബോധവും ചരിത്രബോധ്യങ്ങളും കുഞ്ഞുങ്ങളിൽ പകരേണ്ടത് സമ്മർദ്ദത്തിലൂടെയല്ല, മറിച്ച് സ്വഭാവികമായ ആവിഷ്കരണത്തിലൂടെയാണ് എന്ന് നാം തിരിച്ചറിയണം. ഈ വിധത്തിൽ യെഹൂദർ തുടർന്നു വരുന്ന "Infant grooming" ഇന്നും സംഗതമാണ്.

ദിനചര്യകളിൽ ഏർപ്പെടുന്ന അമ്മമാർ തങ്ങളുടെ മക്കളിൽ ഈ ബോധ്യങ്ങൾ നല്കുവാൻ ശ്രമിക്കുന്നു. ഭക്ഷണനിയന്ത്രണങ്ങൾ പഠിപ്പിക്കുന്നതിലൂടെയും ചര്യകൾ കൃത്യമാക്കുന്നതിലൂടെയും പൂർവ്വികരുടെ ചരിത്രവും അവരുടെ ദൈവീകബോധ്യങ്ങളും കഥാരൂപേണ പറഞ്ഞു നല്കുന്നതിലൂടെയുമെല്ലാം അവരുടെ ദൈവിക ചിന്തകളെ വളർത്തുന്നു.

മോശ മുഖാന്തരം ലഭിച്ച ന്യായപ്രമാണം ഹൃദ്യസ്തമാക്കുന്നതിലും തങ്ങളുടെ പാരമ്പര്യങ്ങൾ ബോധ്യപ്പെടുത്തുന്നതിലും അപ്പന്മാർ ശ്രദ്ധിച്ചിരു

ന്നു. യെഹൂദ കുടുംബ പഠനങ്ങൾ കൂടുതലും മതബോധ്യങ്ങൾ പങ്കുവെയ്ക്കുന്നതിലൂടെയായിരുന്നു. അതോടൊപ്പം ചില വ്യവസായ അഭ്യസനങ്ങളും നല്കിയിരുന്നതായി William Barcley യുടെ "Educational Ideals in the Ancient world" എന്ന പുസ്തകത്തിൽ പറയുന്നു. ശിക്ഷണമുള്ള മക്കളെ വളർത്തിയെടുക്കുവനുള്ള ബോധപൂർവ്വമായ ശ്രമങ്ങളും ഉണ്ടായിരുന്നു. അപ്പനെയും അമ്മയെയും ബഹുമാനിക്ക, മോഷ്ടിക്കരുത്, കൊല ചെയ്യരുത് ഈ ബോധ്യങ്ങൾ നല്കുന്നതിലൂടെ മാതൃകയുള്ള വ്യക്തികളായി മുതിർന്ന് വരണം എന്ന ചിന്തയാണ് നല്കുന്നത്. കുട്ടികൾ ഉൾപ്പെടുന്ന ജനസമൂഹങ്ങൾ കേട്ട് പഠിക്കുവാൻ വേണ്ടി ന്യായപ്രമാണത്തിലെ വചനങ്ങൾ ജനങ്ങളെ വിളിച്ചുകൂട്ടി ഉറക്കെ വായിക്കുന്ന ലേവ്യ പുരോഹിതരെക്കുറിച്ചും നാം വായിക്കുന്നു (ആവർത്തനം 31:12).

മോശ മിസ്രേമ്യരുടെ സകല ജ്ഞാനവും അഭ്യസിച്ചു വാക്കിലും പ്രവൃത്തിയിലും സമർത്ഥനായിത്തീർന്നു എന്ന് നാം വായിക്കുന്നു (അപ്പൊ. 7:22). പഴയനിയമ കാലത്ത് കുട്ടികൾക്ക് ജ്ഞാനാത്മകമായ വിദ്യ (Wisdom) നല്കിയിരുന്നു. മിസ്രേമിൽ നിന്ന് ആർജ്ജിച്ച വിജ്ഞാന സൈദ്ധാന്തികത (Epistemology) മോശയെ ഒരു ശ്രദ്ധേയനായ നേതാവാക്കുന്നു. മോശയെ ഒരു ജനതയുടെ വീണ്ടെടുപ്പിന്റെ അമരക്കാരൻ ആക്കിയത് മോശ അറിഞ്ഞതും കണ്ടെത്തിയതുമായ ജ്ഞാനസങ്കേതങ്ങളാണ്. അവയുടെ പുനർനിർമ്മിതിയും (Re-construction) അപനിർമ്മിതിയും (De-construction) മോശയുടെ ദൈവീകബോധ്യങ്ങളെ ആഴപ്പെടുത്തുന്നതായി നമുക്ക് മനസ്സിലാക്കാം.

യെഹൂദരുടെ ഉത്സവങ്ങളും പെരുന്നാളുകളും അനുബന്ധമായ ആഘോഷങ്ങളും ഈ ദൈവബോധ്യങ്ങളെ ആഴപ്പെടുത്തുന്നതായിരുന്നു. പഴഞ്ചൊല്ലുകളിലൂടെ ജ്ഞാനവും അറിവും നല്കുന്ന രീതിയും ഉണ്ടായിരുന്നു. പഠനത്തോട് തല്പരത കാട്ടാത്തവർക്ക് ചില സാന്ദർഭികമായ കഥാവിഷ്ക്കാര-ആഖ്യാനത്തിലൂടെ ജീവിതഗന്ധിയായ നിർദ്ദേശങ്ങൾ നല്കിയിരുന്നു. അലങ്കാര പ്രയോഗത്തിലൂടെ (Imagery) ജീവിതപാഠങ്ങൾ പഠിപ്പിക്കുന്ന പതിവും ഉണ്ടായിരുന്നതായി അനുമാനിക്കാം. യിരെമ്യാവ് പറയുന്ന കുശവനും ആലയും കളിമണ്ണും എല്ലാം ഈ വിദ്യാബോധനത്തിന്റെ സൂചനകളാണ്.

പ്രവാസാനന്തര ബോധനവിദ്യയും സുനഗോഗുകളും

പ്രവാസാനന്തര കാലത്ത് (Post-exilic period) യെഹൂദരുടെ ആരാധനാജീവിതം സുനഗോഗുമായി കൂടുതൽ ബന്ധപ്പെട്ടിരുന്നു. പ്രവാസത്തിൽ കഴിയുമ്പോൾ പൊതുവായി ആരാധന ഇല്ലാതിരുന്ന സമയത്ത്, ചെറുകൂട്ടങ്ങളായി തങ്ങളുടെ മതവിചാരങ്ങളെ ശക്തിപ്പെടുത്തുന്ന പതിവ് ഉണ്ടായിരുന്നു. അത് പിന്നീട് സുനഗോഗുകളായി രൂപപ്പെട്ട ആരാധന സ്ഥലം എന്നതിനോടൊപ്പം സുനഗോഗുകൾ പഠനശാലകൾ കൂടിയായിരുന്നു. ഏ.ഡി. 64 ൽ Joshua Ben Gamale എന്ന മഹാപുരോഹിതന്റെ ആജ്ഞാനുസരണം 6, 7 വയസ്സുള്ള ആൺകുട്ടികളെ വേദവും മതചിന്തയും അഭ്യസിപ്പിക്കുന്നതിനായി അദ്ധ്യാപകരെ നിയമിക്കുവാനുള്ള ഉത്തരവ് ഒരു ചരിത്രരേഖയാണ്. അതിനെ തുടർന്ന് യെഹൂദാ ബാലർക്ക് മത-ബോധ പഠനങ്ങൾ നിർബ്ബന്ധിതമാക്കി എന്നു ചരിത്രം പറയുന്നു.

സുനഗോഗുകളിൽ വിദ്യാർത്ഥികൾ ഗുരുക്കന്മാരുടെ പാദപീഠത്തിൽ ഇരുന്ന് അഭ്യസനം നടത്തിയിരുന്നു. മനപാഠമാക്കുന്നതിലൂടെയും ഉരുവിടുന്നതിലൂടെയുമാണ് (Memorization and Repetition) അഭ്യസനം നടന്നുവന്നത്. പഞ്ചഗ്രന്ഥം വായിക്കുവാൻ ശീലിപ്പിക്കുക, ശേമ, സങ്കീർത്തനങ്ങൾ, സൃഷ്ടി വിവരണം, ലേവ്യ നിയമങ്ങൾ ഇവയായിരുന്നു പ്രധാന പാഠ്യപദ്ധതി. പത്ത് വയസ്സ് ആകുമ്പോൾ 'Misnah' എന്ന നിയമചട്ടങ്ങൾ പഠിപ്പിക്കും. ജീവനുമായി ബന്ധപ്പെട്ട ന്യായങ്ങൾ, വിവാഹാനുബന്ധ ചട്ടങ്ങൾ, പെരുന്നാളുകളുടെ കർത്തവ്യങ്ങൾ, വിശുദ്ധ-അവിശുദ്ധ നീതിസംഹിതകൾ ഇവയെല്ലാം അതിലൂടെ പകർന്ന് നല്കും.

ഓരോ പട്ടണത്തിലും ഒരു സുനഗോഗു ഉണ്ടായിരുന്നു. യേശുവിന്റെ സുവിശേഷം വ്യാപിച്ചതും സുനഗോഗുകളിൽ കൂടിയായിരുന്നു എന്ന് അപ്പൊസ്തല പ്രവൃത്തികളിൽ നാം കാണുന്നുണ്ട്. സുനഗോഗുകളിൽ ന്യായശാസ്ത്രിമാരും റബ്ബി എന്ന് വിളിക്കപ്പെട്ടിരുന്ന അദ്ധ്യാപകരുമായിരുന്നു പ്രധാന സ്ഥാനീയർ. യേശുവും സുനഗോഗ് പഠനത്തിലൂടെയാണ് വചനം പഠിച്ചത്. വിജാതിയരുടെ അപ്പൊസ്തോലനായ പൗലോസും 13-ാം വയസ്സിൽ യെരുശലേമിൽ വന്നത് ഗമാലിയേലിന്റെ കീഴിൽ പാരമ്പര്യ നിയമങ്ങൾ അഭ്യസിക്കാനാണ് എന്ന് കരുതാം (അപ്പൊ. 22:3). 10-15 വയസ്സ് വരെ യെഹൂദ ബാലർ പഠിക്കേണ്ടത് പരമ്പരാത്മകമായ നിയമങ്ങളാണ്. ഇങ്ങ

നെ വളരെ വിപുലവും വിശാലവുമായ പഠന-പ്രക്രിയകൾ യെഹൂദാ സമൂഹത്തിൽ ഉണ്ടായിരുന്നു. ആ സ്വാധീനത്തിൽ ആകാം ക്രൈസ്തവ സമൂഹവും കുട്ടികളുടെ മതപഠനത്തിന് ഏറെ പ്രാധാന്യം നല്കിയത്.

യേശുക്രിസ്തുവിന്റെ അഭ്യസനം

യേശുവും ബാല്യകാലത്തിൽ യെഹൂദാ പഠനരീതിയിലൂടെ പ്രാഥമികമായ വിദ്യ അഭ്യസിക്കുകയും അതിൽ പ്രാവീണ്യം നേടുകയും ചെയ്തു എന്ന് സുവിശേഷങ്ങൾ സാക്ഷിക്കുന്നു. ലൂക്കോസ് ചരിത്രകാരന്റെ ഭാഷ്യത്തിൽ ദൈവാലയത്തിലെ ഉപദേഷ്ടാക്കന്മാരെ തന്റെ അറിവു കൊണ്ടും ചോദ്യങ്ങൾ കൊണ്ടും ഉത്തരങ്ങൾ കൊണ്ടും അവൻ വിസ്മയിപ്പിച്ചു (വി. ലൂക്കോസ് 2:47). സുനഗോഗ് അഭ്യസനവും പരമ്പരാത്മകമായ നിയമങ്ങളും കുടുംബപരമായ ബോധ്യങ്ങളും മോശയുടെ ന്യായപ്രമാണവും ആശാരിപ്പണിയുടെ ഉദ്യോഗാത്മകമായ ശൈലികളും യേശു ചെറുപ്പത്തിൽ തന്നെ അഭ്യസിച്ചു. മറ്റ് ഉയർന്ന പഠനങ്ങളും യേശുവിന് ഉണ്ടായിരുന്നു എന്ന ചിന്തയും പ്രബലമാണ്. The lost year of Jesus Revealed എന്ന പുസ്തകത്തിൽ യേശുവിന്റെ ചിന്തകൾക്കും പഠിപ്പിക്കലുകൾക്കും ആ കാലത്തിലെ ബൗദ്ധികശാലികളായ "എസ്സിൻ" (Essene) സമൂഹവുമായി ബന്ധമുണ്ട് എന്നും അതിനാൽ അവരുടെ വിജ്ഞാനസൈദ്ധാന്തികതയിലാണ് യേശു മുതിർന്നുവന്നത് എന്നും രേഖപ്പടുത്തുന്നു.

യേശു എന്ന ഗുരു

ഒരു ഗുരു എന്ന നിലയിൽ ഏറെ സവിശേഷതയുള്ള വ്യക്തിയായിരുന്നു യേശു. പ്രവാചകതുല്യമായ സന്ദേശങ്ങളും തിരുത്തലുകളും പ്രഭാഷണങ്ങളും അടയാളങ്ങളും യേശു നല്കിയിരുന്നു. ഒരു 'റബ്ബി' എന്ന നിലയിൽ ഒന്നാം നൂറ്റാണ്ടിലെ പലസ്തീനിയ റബ്ബികളിൽ നിന്ന് വ്യത്യസ്തനായിരുന്നു യേശു. ഒരു റബ്ബിയ്ക്ക് ലഭ്യമാകേണ്ട ഔദ്യോഗിക വിദ്യാഭ്യാസം ലഭിച്ചില്ല. അതു മാത്രമല്ല, ആവർത്തനവും മനപാഠമാക്കലും പ്രബലമായ ബോധനവിദ്യയായി നിലനിന്നിരിക്കേ യേശു ആധികാരികമായി നിയമങ്ങൾ പഠിപ്പിക്കയും അതിന്റെ നൈതീകത ചർച്ച ചെയ്യുകയും ചെയ്തു. നിയമങ്ങൾ മനപാഠമാക്കി മനസ്സിൽ പകർത്തുക എന്നതിനെക്കാൾ അതിന്റെ സത്താപരമായ അടിസ്ഥാനവും ധാർമ്മികതയും അതിന്റെ മാനവിക മൂല്യങ്ങളും ക്രിയാത്മകമായ ചർച്ചകളിലൂടെ പഠിപ്പിക്കുവാൻ യേശു ശ്രമിച്ചിരുന്നു. നിലവിൽ നിന്നിരുന്ന റബ്ബിമാരുടെ പാഠ്യപദ്ധതിയുമായി വിഭിന്നമായിരുന്നു അത്. യേശു ഒരു ചലിക്കുന്ന വിദ്യാശാല ആയിരുന്നു. വന്നു വിദ്യ നേടുന്ന രീതിയല്ല, ചെന്നു വെളിച്ചം പകരുന്ന രീതിയായിരുന്നു ക്രിസ്തു അവലംബിച്ചത്.

യേശുവിന്റെ രീതിശാസ്ത്രം
(Methodology of Jesus)

- ഉപമകൾ (Parables)
- ദൃഷ്ടാന്ത പാഠങ്ങൾ (Object lessons) (മർക്കോസ് 14:12-26)
- സംഭാഷണങ്ങൾ (Dialogue) (യോഹന്നാൻ 3:1-5)
- സാദൃശങ്ങൾ (Comparison) (മത്തായി 13:40)
- കവിതാവിദ്യ (Poetry) (ലൂക്കോസ് 6:37)
- അത്യുക്തിപരമായ ചോദ്യങ്ങൾ (Hyperbolic Questions) (മത്തായി 7:3)
- ദ്വയാർത്ഥങ്ങൾ (Pun) (മത്തായി 23:24)

ക്രിയാത്മകമായ വിന്യാസങ്ങളിലൂടെയാണ് യേശു ദൈവീകബോധ്യങ്ങൾ പകർന്നത്. Jesus was, indeed, a master teacher. ശ്രേഷ്ഠനായ ഒരു അദ്ധ്യാപകനായിരുന്നു യേശു. തന്റെ ജീവിതം തന്നെ ഒരു വലിയ പാഠപുസ്തകമാക്കി ദൈവോന്മുഖതയുടെ പ്രകാശസീമകളിലേക്ക് അനേകരെ ആകർഷിച്ചു. Kesab Chandra Sen പറയുന്നതുപോലെ "Jesus is the human face of God". ദൈവത്തിന്റെ മനുഷ്യമുഖമായിരുന്നു യേശു. ഇന്നത്തെ സൺഡേസ്കൂൾ അദ്ധ്യാപകർ തങ്ങളുടെ രീതിശാസ്ത്രവും ജീവിതനൈതികതയും രൂപപ്പെടുത്തേണ്ടത് ആധുനിക വിദ്യാഭ്യാസ മാർഗ്ഗ സമ്പ്രദായങ്ങളിൽ നിന്നല്ല... ക്രിസ്തുവിൽ നിന്നാണ്. യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ യേശു തന്നെകുറിച്ചു പറഞ്ഞത് "ഞാൻ വാതിലാകുന്നു" എന്നാണ് (വി. യോഹ. 10:9). ജീവിതത്തെ അതിന്റെ പൂർണ്ണതയിൽ കണ്ടെത്തുവാനും ലോകത്തിന്റെ പൊതുനന്മയ്ക്കായി ദൈവത്തോട് ചേർന്ന് ലോകാനുഭവങ്ങളിൽ പങ്കെടുക്കുവാനും പ്രേരണ നല്കുന്ന വാതിലാണ് അത്. സ്വകാര്യതയേയും പൊതുജീവിതത്തെയും ബന്ധിപ്പിക്കുന്ന ഒന്നാണ് വാതിൽ. യേശു "ലോകത്തിലേക്ക് തുറക്കപ്പെട്ട വാതിലാണ്". ഓരോ സൺഡേസ്കൂൾ അദ്ധ്യാപകനും അദ്ധ്യാപികയും യേശുവിനെപ്പോലെ വാതിലുകളാകുവാൻ വിളിക്കപ്പെട്ടവരാണ്. നമ്മുടെ മക്കൾ അതിലൂടെ കയറിയിറങ്ങി ദൈവത്തിന്റെയും മനുഷ്യരുടേയും കൃപയിൽ മുതിർന്ന് വരട്ടെ.

ಅಗಳೆಗುಂಡಿ



ಲಿಲಿಂಗಪಾಕ್ಷಿಸ್



ಮಾಲಪಾಕ್ಷಿಸ್



ಕಾಶಾಲಪಾಕ್ಷಿಸ್



ഇടുക്കി ജില്ലയിലെ ഏറ്റവും ഉയരം കൂടിയ പ്രദേശമായ കാന്തല്ലൂരിൽ നിന്നുള്ള ഈ കുടുംബത്തിലെ അംഗങ്ങൾ ഇപ്പോൾ ഉപരിപഠനത്തിനായി വിവിധ സ്ഥലങ്ങളിലാണ്. ഒരു ഡോക്ടറും ഒരു എഞ്ചിനീയറും ഒരു ഫാർമസിസ്റ്റും ഒരു ഫിസിയോതെറാപ്പിസ്റ്റും ഒരു ഫാഷൻ ഡിസൈനറും ഒരു ഗ്രാഫിക് ഡിസൈനറും ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകനും ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ വിദ്യാർത്ഥിയും ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപികയും ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ വിദ്യാർത്ഥിനിയും ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപികയും ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ വിദ്യാർത്ഥിനിയും ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകന



ചക്കാട്ടുശ്ശേരി സൺഡേസ്കൂൾ



ചക്കാട്ടുശ്ശേരി സൺഡേസ്കൂൾ അദ്ധ്യാപകർ



യെരുശലേം സൺഡേസ്കൂൾ അദ്ധ്യാപകർ (2019)

In loving memory of



K.M. JACOB & MARY JACOB
KINATTUKARA VILLA

INSERTED BY:

BAPPU, BEENA & BIJU



Best compliments from

PALLIKADAVIL KADAMPANKERIL FAMILY





LATE P.C. ALEXANDER
& MRS. ANNAMMA ALEXANDER
PALLIKADAVIL KADAMPANKERIL

BEST COMPLIMENTS FROM



EAPEN M. MATHEW (ABY) & FAMILY
MANIPARAMPIL











ക്രിയാത്മകമായ സമീപനങ്ങൾ

In Loving Memory of



Georgekutty Samuel
& Alice George
MATTACKAL

Inserted by: Sam George & Family
Anie George & Family



Loving Memory of

VALSAMMA KURIAN
KOOTHAPPALLIL

Inserted by
ROSHAN MATHEW KURIAN
AND FAMILY



ROLE OF FAMILY IN FAITH NURTURING



Rev. Dr. Joe Joseph Kuruvilla
Director, TMA Institute of Couselling, Amalagiri

The institution of the family, the church and the society are all intricately linked. The functioning of the one affects the other and when there is a qualitative change in one of the institution it affects the functioning of the other two. Hence as a Christian it is important that we help our children in the growth and commitment to all these institutions. But if the child has to play a responsible role in these institutions it is his/her commitment to Jesus Christ that makes all the difference. The primary responsibility of the family is to help the child to grow fruitfully in all these areas of his life. Children are a blessing from the Lord and it is our duty to see to it that they are a blessing to the society, to the family and also to the church. But how can we do that? I propose that every family incorporate the development of faith formation process in three levels.

The first level is to help them in the growth to the commitment to the one's home and family. Faith living starts at home. Home is the cradle of all nurturing. It is in the context of home the children start learning the early lesson of intimacy, attachments, faith living and also value system. The influence of good nurturing practices are noteworthy. Simple practices of encouraging kids to lead the family prayer meeting and also giving them different roles like selection of songs to sing, asking them to read the bible portions during prayer and so on goes on a long way in helping the kids to incorporate the faith and the spiritual values systems prevalent at home. In the earlier times the family was more bigger and it was multigenerational family. In that context there were grandparents present and also other elder members in the family who would take the responsibility to make the children sit with them and along with different conversations the issues of faith would be transmitted through

the telling of the biblical stories and many captivating incidents of the Bible. The child would have nurturing patterns and lessons from different significant members of the family. The parents would also consciously try to transmit the family traditions to their children. More than the materialistic achievements the focus was building on good character, faithful living and so on.

In a consumerist culture the priority of many families have changed from making their children faith strong to successful person so that wealth and position could be achieved. This has direct bearing on the lives of children. The stress that they go through in life, the wrong models that they are getting in life has also a direct bearing on the functioning of the family. Teenage drinking, drug abuse are on the rise. The loss of security, the absence of attachment has all contributed to the sense of insecurity in the child which has made many of them delinquent. Hence it is important that every family regain its primary purpose of nurturing and helping the members of the family grow in the fear and faith in the Lord and in the building of good character and values. Hence the need of the hour is to strengthen one's family. The second level that the family plays is in the development of a child's commitment to the church.

Faith is always expressed in a community living. Living with the fellow believers who have similar faith traditions and also engaging in faith activities that are meaningful to them is something that drives our faith living in the community. Life is a blessed experience when one is able to engage in faith practices that brings meaning to one's life. For a person to involve in faith practices though it starts at home the fulfillment and the finale comes when he finds meaning in the association with



community of faithful. In Luke 2:41-52 we find the parents of Jesus Christ taking the boy Jesus to Jerusalem temple during the Passover festival. The concept of family worship in church and also all the members of the family worshipping together is a wonderful concept and has deep significance of the faith formation of the children. It is this commitment that leads to the participation of the all the members in the spiritual activities of the Church. This enables the child also to be active participant in the understanding of the faith and practices of the church. One of the challenges that the church faces today is that it is not able to express and convince its young friends the relevance of the faith and practices of the church. Many of the youngsters leave the church and often become active participant in other non denominational church. Another aspect that we see is that the church is no longer the focal point of many individuals. They just come to the church for the sake of a social gathering and hence the life and witness of the church just does not matter to them. This is also because of the rise of affluence, which has affected the way our churches function today. Materialism is affecting our priorities and commitments. The third level in which the family plays its nurturing function is in the building up to the child's commitment to Jesus Christ.



It is the activities of the community of faithful that helps the child to have deeper understanding of our Lord and Saviour Jesus Christ. The church stands as a witness to all that Jesus has done in history and also that through its work the members are able to come into a personal relationship with the Lord. The child in his/her realms of life comes in contact with lots of individuals and building of relationship with his/her friends is a priority in life. It is in this context that the child's relationship with Jesus Christ needs to be stressed. It is this relationship that enables him to have a foundation in life, a direction to go and a plan and purpose revealed day by day, when one walks and grows in the relationship with Jesus Christ. Today you have people who stress on churchmanship rather than discipleship the aspect of discipleship needs to be stressed so that every member grows in the understanding of Jesus Christ. The growth and understanding in the knowledge of Jesus Christ helps the child also to be like Christ and that is what is the goal in one's life. Finally ones relationship with Jesus Christ helps the individual to witness its faith in the society and that is what is the ultimate level of commitment that the family has to show in its nurturing process.

This is the final level of one's priority in life whereby the family trains its members in expressing ones commitment to the society. Often in Christian life there is a dichotomy between the sacred and the secular. Our commitment to the family, church and also to Jesus Christ is never expressed meaningfully and often this is relegated to doing something ritualistic. Our commitment to Jesus Christ has to lead an individual to be a witness to the transforming power of the gospel in the society. Jesus wanted us to be the salt and the light of the earth. What he is expecting is that our faith is translated into action in the society. But somehow this is the one aspect that has not worked out well in the Christian circles. Today if we need to show our Christian commitment to the society we need to live by the kingdom values. Values like honesty, integrity the welfare of other have all taken a back seat. It is in this context that the Christian need to show to the world that there is still hope for the world if it lives by the kingdom values. Hence to live a life according to the principles of the kingdom values is what we need to stress as we nurture our children. Another aspect that also needs to be stressed in our commitment to the society is our responsibility to the less fortunate ones. So it is imperative in Christian life that we need to have a commitment to the welfare of the less fortunate ones. In the earlier times when we take the context of family, there were practices like tithing and also setting apart income for the less fortunate ones, which in the present times parents don't seem to stress on these aspects.

The institutions of family, the church, along every individual needs to comprehend that if the society needs to function in a cohesive and effective manner, all these institutions has to discharge its responsibility and do its witness in faithful manner. When the family and church has been a witness to others, it has been able to make significant impact in the lives of every individual. So it is the need of the hour to see to it that the family effectively plays its nurturing function so that every individual in the society goes through a blessed experience in life.

പോസിറ്റീവ് പേരന്റിംഗ്: സമകാലീന വെല്ലുവിളികൾ



റവ. ഏബ്രഹാം പി. വർക്കി,
പാറയിൽ
(ഇടവകാംഗം)
(ഡയറക്ടർ, CARD)

ജീവിതത്തിൽ ഒരിക്കലും അഭിമുഖീകരിക്കാത്ത പ്രശ്നങ്ങളാണ് മാതാപിതാക്കൾ മക്കളെ വളർത്തുമ്പോൾ ഇന്ന് നേരിടുന്നത്. മാത്രമല്ല ആധുനിക സമൂഹത്തിൽ കുഞ്ഞുങ്ങൾ വളരുന്നതിനനുസരിച്ച് അവരുടെ മേലുള്ള സമ്മർദ്ദങ്ങളും പ്രലോഭനങ്ങളും ഏറിവരുന്നു. അതുകൊണ്ട് മാതാപിതാക്കൾ മക്കളെ പോറ്റിവളർത്തുമ്പോൾ വിഭിന്നമായ ഒരു വളർത്തൽ ശൈലി സ്വീകരിക്കണം. ആത്മീയവും വൈകാരീകവും മൂല്യാധിഷ്ഠിതവുമായ വളർച്ച പ്രാപിക്കാൻ ഉതകുന്ന ഒരു ഗൃഹാന്തരീക്ഷം മക്കൾക്ക് ഒരുക്കിക്കൊടുക്കുക മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ്.

പോസിറ്റീവ് പേരന്റിംഗിന്റെ ലക്ഷ്യം

Diana Baumrind എന്ന മനഃശാസ്ത്രജ്ഞ പ്രധാനമായും 3 തരത്തിലുള്ള മാതാപിതാക്കളെക്കുറിച്ച് പ്രദിപാദിക്കുന്നു:

(a)Authoritarian Parents (ഏകാധിപത്യ പ്രവണതയുള്ള മാതാപിതാക്കൾ): ഈ ഗണത്തിൽപെടുന്ന മാതാപിതാക്കൾ കർശനമായ ചട്ടങ്ങളും നിയമങ്ങളും നിർദ്ദേശിക്കുകയും കുട്ടികൾ അവ നിർബ്ബന്ധമായും പാലിക്കണം എന്ന നിലപാടുള്ളവരുമാണ്.

(b)Permissive Parents (നിയന്ത്രണമില്ലാത്ത മാതാപിതാക്കൾ): ഇത്തരത്തിലുള്ള മാതാപിതാക്കൾ കർശനമായ ചട്ടങ്ങളോ നിയമങ്ങളോ ഒന്നും തന്നെ കുട്ടികളുടെ മേൽ ചെലുത്തുകയില്ല. തന്മൂലം കുട്ടികൾക്ക് വേണ്ടുവോളം സ്വാതന്ത്ര്യവും ലാളനയും ലഭിക്കുന്നു.

(c)Authoritative Parents (ആധികാരികതയുള്ള മാതാപിതാക്കൾ): ഈ ഗണത്തിൽ പെട്ട മാതാപിതാക്കൾ തങ്ങൾ ചട്ടങ്ങളും നിയമങ്ങളും നിർദ്ദേശിക്കുന്നത് എന്തിന് എന്ന് കുട്ടികളെ ബോധവൽക്കരിക്കുകയും ഉത്തരവാദിത്വത്തോടെയുള്ള സ്വാതന്ത്ര്യം അവർക്ക് എപ്പോഴും നൽകുകയും ചെയ്യുന്നു. ഫലപ്രദമായ രക്ഷാകർത്തൃത്വം സാദ്ധ്യമാകുന്നത് അതിരുകടന്ന നിയന്ത്രണം കുട്ടികളുടെ മേൽ ചെലുത്താത്ത ഇത്തരത്തിലുള്ള മാതാപിതാക്കളാണ് എന്ന് Diana Baumrind ന്റെ പാഠങ്ങൾ വ്യക്തമാക്കുന്നു.

പോസിറ്റീവ് പേരന്റിംഗിന്റെ പ്രധാനപ്പെട്ട രണ്ട് ലക്ഷ്യങ്ങൾ സ്വഭാവശുദ്ധിയും ആത്മീയ പരിപോഷണവുമാണ്.

1. സ്വഭാവശുദ്ധി

ക്രിയാത്മകമായ പേരന്റിംഗിന്റെ പ്രധാന ലക്ഷ്യം സ്വഭാവ ഉന്നതിയാണ്. കുട്ടികളിൽ സ്വഭാവശുദ്ധി വളർത്തിയെടുക്കേണ്ട പ്രാഥമിക അദ്ധ്യാപകർ മാതാപപിതാക്കളാണ്. നിലവാരം കൂടിയ വിദ്യാഭ്യാസ സൗകര്യങ്ങളും ആകർഷകമായ വ്യക്തിത്വ വികാസത്തിനുള്ള സാദ്ധ്യതകളും ഒക്കെ നൽകുന്നതിലുപരി മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടത് ഇളംതലമുറയുടെ സ്വഭാവ രൂപീകരണത്തിനാണ്. ഉൽക്കൃഷ്ട സ്വഭാവ സവിശേഷതകളായ സത്യസന്ധത, വിശ്വസ്തത, ബഹുമാനം, ഉത്തരവാദിത്വം, നീതി, കരുതൽ എന്നിവ കുട്ടികൾ പ്രകടിപ്പിക്കുമ്പോൾ അവ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. 'Raising Great Kids' എന്ന വിഖ്യാത ഗ്രന്ഥത്തിൽ ഡോ. ഹെന്റി ക്ലൗസും ഡോ. ജോൺ ടൗൺസെന്റും ഇങ്ങനെ സമർത്ഥിക്കുന്നു: 'നിങ്ങളുടെ കുട്ടിയുടെ സ്വഭാവരൂപീകരണം നടത്തുമ്പോൾ നിങ്ങൾ പേരന്റിംഗിന്റെ കാതൽ കണ്ടെത്തുന്നു. ജീവിതവിജയത്തിനാവശ്യമായ പണി ആയുധങ്ങളുടെ ഒരു ശേഖരം-വൈകാരികവും

ആത്മീയവുമായ വൈഭവം-അതാണ് സ്വഭാവസവിശേഷത പകരുന്നത്'.

ഒരു വ്യക്തിയുടെ സ്വഭാവരൂപീകരണത്തിന്റെ അസ്ഥിവാരമിടുന്നത് ശൈശവത്തിലാണ്. അപ്പോൾ സുരക്ഷിതവും ആരോഗ്യകരവുമായ ഗൃഹാന്തരീക്ഷം ശൈശവ മനസുകളുടെ സ്വഭാവ വളർച്ചയ്ക്കും വികാസത്തിനും അത്യന്താപേക്ഷിതമാണ്. എന്നാൽ ശിഥിലഗൃഹങ്ങളിൽ പിറന്നു വീഴുന്ന ശിശുക്കൾ ഭാവിയിൽ സമൂഹത്തിന്റെ പ്രശ്നങ്ങളായി മാറുമെന്നുള്ളതിന്റെ തെളിവാണ് കുട്ടികൾക്കിടയിൽ വർദ്ധിച്ചുവരുന്ന കുറ്റവാസനകൾ.

2. ആത്മീയ പരിപോഷണം

രക്ഷാകർത്തൃത്വത്തിന്റെ മറ്റൊരു പരമമായ ലക്ഷ്യം മക്കളെ 'ദൈവത്തിന്റെ ബാലശിക്ഷയിലും പഥ്യോപദേശത്തിലും പോറ്റിവളർത്തുക' (എഫേ. 6:4) എന്നതാണ്. ജ്ഞാനിയായ ശലോമോൻ മാതാപിതാക്കളോട് അനുശാസിക്കുന്നത് 'ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക' (സദൃ. 22:6) എന്നതാണ്. അതുകൊണ്ട് ആത്മീയ പരിപോഷണത്തിനുള്ള സ്ഥലമായും പരിശീലനകളരിയായും മാതാപിതാക്കൾ ഭവനത്തെ രൂപപ്പെടുത്തണം. അതോടൊപ്പം ആത്മീയ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ മാതാപിതാക്കളും ശ്രദ്ധിക്കണം. മാതാപിതാക്കളുടെ ഭക്തിയും നിഷ്ഠയും ഉള്ള മാതൃകാ ജീവിതം ശിശുഹൃദയങ്ങളിൽ വലിയ സ്വാധീനം ചെലുത്തും. അതെ, മാതാപിതാക്കളുടെ ദൈവബോധവും ആദർശ ജീവിതവും കുട്ടികളിൽ ഈശ്വരബോധം ശൈശവത്തിൽത്തന്നെ രൂപം കൊള്ളുന്നതിന് സഹായിക്കും. ആവർത്തന പുസ്തകത്തിൽ ദൈവം മാതാപിതാക്കൾക്ക് നൽകുന്ന കൽപനയുടെ പ്രാരംഭഭാഗം ഇത് വ്യക്തമാക്കുന്നു: 'ഇന്നു ഞാൻ നിന്നോട് കൽപിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്ക് ഉപദേശിച്ചുകൊടുക്കയും..... വേണം' (ആവ. 6:6-7).

ആധുനീക സാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടം, വിനോദോപാധികളുടെ വർദ്ധന, സാമൂഹിക മാധ്യമങ്ങളുടെ സ്വാധീനം, മാതാപിതാക്കളുടെ ജോലിയോടനുബന്ധിച്ചുള്ള തിരക്ക് ഇവ മൂലം ഭവനങ്ങളിൽ ഹൃദയം തുറന്നുള്ള ആശയവിനിമയവും കുടുംബാരാധനയും നഷ്ടപ്പെടുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ഇത് മൂലം കുട്ടികൾക്ക് ലഭിക്കേണ്ട ആത്മീയ പരിപോഷണം ലഭിക്കാതിരിക്കുന്നു എന്ന് മാത്രമല്ല, അവർ നമ്മുടെ വിശ്വാസത്തിൽ നിന്നും ആചാരാനുഷ്ഠാനങ്ങളിൽ നിന്നും സർവ്വോപരി ദൈവത്തിൽ നിന്നും അന്യവൽക്കരിക്കപ്പെട്ടുകൊണ്ടുമിരിക്കുന്നു.

അതുകൊണ്ട് ഇളംതലമുറയെ ദൈവവുമായും ആത്മീയ മൂല്യങ്ങളുമായും ബന്ധിപ്പിക്കാനുള്ള ഒരു 'റീ കണക്ഷൻ കർമ്മപദ്ധതി' കുടുംബങ്ങളിൽ നിന്നുതന്നെ തുടങ്ങണം. ഭവനങ്ങളെ ആത്മീയ പരിപോഷണത്തിന്റെയും മനുഷ്യബന്ധങ്ങളുടെയും പരിശീലനകളരിയായി മാറ്റുന്നത് പേരന്റിംഗിന്റെ പരമമായ ലക്ഷ്യമായി ഏറ്റെടുക്കണം.

'Let no parents fall into the delution that Sunday School is intended to ease them of their personal duties. The first and most natural condition of things is for parents to train up their own children in the nature and admonition of the Lord'. ***- Charles Haddon Spurgeon***

പോസിറ്റീവ് പേരന്റിംഗിൽ വേണ്ട ഒരു സവിശേഷത കൂടെ സൂചിപ്പിക്കട്ടെ.

പ്രോത്സാഹിപ്പിക്കുന്ന മാതാപിതാക്കളാവുക

'ഉച്ചത്തിൽ ഞാൻ അഭിനന്ദിക്കും. താഴ്ന്ന സ്വരത്തിൽ കുറ്റപ്പെടുത്തും'- ***ഡേവിഡ് നോവെ***

പ്രോത്സാഹനത്തിന്റെയും തിരുത്തലുകളുടെയും ഈ തത്വം മാതാപിതാക്കൾ പ്രായോഗിക തലത്തിൽ വരുത്തണം. ഓർക്കുക, ആത്മാർത്ഥതയും സത്യസന്ധതവുമായ അഭിനന്ദനമാണ് നമ്മുടെ മക്കൾക്ക് നൽകാൻ കഴിയുന്ന ഏറ്റവും വലിയ സമ്മാനം. അത് അവരുടെ മറഞ്ഞിരിക്കുന്ന കഴിവുകളെയും വാസനകളെയും പരിപോഷിപ്പിച്ച് കൂടുതൽ പ്രവർത്തനക്ഷമതയിലേക്കും നേട്ടങ്ങളിലേക്കും എത്താൻ പ്രചോദിപ്പിക്കും. Rod Wallance Kennedy തന്റെ വിഖ്യാതമായ 'The Encouraging Parenting' എന്ന ഗ്രന്ഥത്തിൽ പറയുന്നു: 'പേരന്റിംഗിന്റെ അടിസ്ഥാന ചായ്വ് പ്രോത്സാഹനമാണ്. പ്രോത്സാഹിപ്പിക്കുക എന്നാൽ ഉണർത്തുക, പ്രബോധനം നൽകുക, സഹായിക്കുക... എന്നൊക്കെയാണ് അർത്ഥമാക്കുന്നത്. സൽപ്രേരണകൾ കൊണ്ട് കുഞ്ഞുങ്ങളിൽ പ്രതീക്ഷ ഉണർത്തുവാൻ സാധിക്കും'.

പ്രോത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ നല്ല വളർത്തൽ ശൈലി സ്വീകരിക്കുന്നവരാണ്. അവർ കുട്ടികൾക്ക് വഴികാട്ടികളും, സ്വയം കണ്ടെത്താൻ കുട്ടികളെ സഹായിക്കുന്നവരും, സ്വന്തം കഴിവുകളെയും കഴിവുകേടുകളെയും വസ്തുനിഷ്ഠമായി കാണാൻ കുട്ടികളെ പ്രാ

പ്തരാക്കുന്നവരുമാണ്. ഭയാനകമായ വിപത്തുകൾ നമ്മുടെ കുട്ടികൾ നേരിടുന്ന ഇക്കാലത്ത് പ്രോത്സാഹിപ്പിക്കുന്ന മാതാപിതാക്കൾക്ക് അവരുടെ ഇളംതലമുറയെ സ്വയം നാശത്തിന്റെ വഴികളിൽ നിന്നും ഒരു പരിധിവരെ രക്ഷിക്കാൻ കഴിയും.

സ്വഭാവ രൂപീകരണത്തിലും ആത്മീയ പരിപോഷണത്തിലും സൺഡേസ്കൂളിന്റെ പങ്ക്

ആധുനിക സമൂഹത്തിൽ മാതാപിതാക്കളുടെ തിരക്കിട്ട ജീവിതം മൂലം ഭവനങ്ങളിൽ ആത്മീയ പരിപോഷണവും സ്വഭാവ രൂപീകരണവും കുറഞ്ഞിരിക്കുന്നു. അതുകൊണ്ട് സൺഡേസ്കൂളിന്റെ പ്രസക്തി വർദ്ധിച്ചിരിക്കുന്നു. റൈറ്റ് റവ. ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ, റൈറ്റ് റവ. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ തുടങ്ങിയ മേൽപ്പട്ടക്കാരെയും പ്രഗത്ഭരായ പല പട്ടക്കാരെയും അത്മായ നേതാക്കളേയും വാർത്തെടുത്ത യെരുശലേം മാർത്തോമ്മാ സൺഡേസ്കൂളിൽ പഠിക്കാൻ കഴിഞ്ഞത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. എന്റെ ബാല്യകാല സ്മരണകളിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് സൺഡേസ്കൂൾ അനുഭവങ്ങളാണ്. എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 1.30 ന് എം.റ്റി.എൽ.പി.സ്കൂളിലായിരുന്നു സൺഡേസ്കൂൾ നടന്നിരുന്നത്. യെരുശലേം മാർത്തോമ്മാ ഇടവക വികാരിമാരായിരുന്ന എല്ലാ പട്ടക്കാരും സൺഡേസ്കൂൾ പതിവായി സന്ദർശിക്കുകയും ക്രിസ്തു വിശ്വാസത്തിലടിയുറച്ച ജീവിതത്തിനുടമകളായിത്തീരുന്നതിന് ഞങ്ങളെ പ്രചോദിപ്പിക്കുകയും ചെയ്യുമായിരുന്നു.

കാലയവനികയ്ക്കുള്ളിൽ മറഞ്ഞ ശ്രേഷ്ഠരായ ഒരുപറ്റം അദ്ധ്യാപകർ ഇന്നും ഓർമ്മയിൽ നിലനിൽക്കുന്നു. കളിയ്ക്കലെ കൊച്ചുണ്ണുണ്ണി സാർ, പഴയ തലമുറയിലെ അദ്ധ്യാപകനായ പ്ലാപ്പുഴേത്തെ ജോർജ്ജ് സാറിനെ അനുസ്മരിച്ചുകൊണ്ട്

'എന്റെ ആയുസിൻ ദിനമൊക്കെയും
തന്റെ നാമ മഹത്വത്തിനായി
ഒരു കൈത്തിരി പോൽ
കത്തിയെരിഞ്ഞൊരിക്കൽ
തിരു മാറിൽ മറഞ്ഞിട്ടും ഞാൻ'

എന്ന് കണ്ണീരോടെ സൺഡേസ്കൂളിൽ പാടിയത് ഇന്നും ഓർമ്മയിൽ നിലനിൽക്കുന്നു. എന്റെ മാതാവ് പി. വി. ഏലിയാമ്മയും സൺഡേസ്കൂൾ അദ്ധ്യാപികയായിരുന്നു. പതിവായി സൺഡേസ്കൂളിൽ പങ്കെടുക്കാനും മന:പാഠവാക്യങ്ങൾ പഠിക്കുവാനും എന്റെ അമ്മ എന്നെ നിരന്തരം ഉത്സാഹിപ്പിച്ചിരുന്നു. ഇപ്പോൾ എന്റെ മൂത്ത സഹോദരൻ ജോൺ പി. വർക്കി അമ്മയെ പിൻതുടർന്ന് സൺഡേസ്കൂൾ അദ്ധ്യാപകനായി പ്രവർത്തിക്കുന്നുണ്ട്.

സൺഡേസ്കൂൾ ക്ലാസ്സുകൾക്ക് ശേഷം ബാലജനസഖ്യം കൂടുക പതിവായിരുന്നു. പാഠംവായന, പാട്ട്, വാക്യംചൊല്ലൽ തുടങ്ങിയവയ്ക്ക് ബാലജനസഖ്യത്തിൽ അവസരം ലഭിക്കുമായിരുന്നു. വെരി. റവ. കെ.ഒ. ഫിലിപ്പോസ് അച്ചൻ ശുശ്രൂഷ ചെയ്യുന്ന സമയത്ത് വാക്യം ചൊല്ലലിനായി റോമർ 12, 2 തിമൊഥെയോസ് 2 എന്നീ അദ്ധ്യായങ്ങൾ മന:പാഠം പഠിച്ച് ചൊല്ലാൻ ആവശ്യപ്പെട്ടു. ആ അദ്ധ്യായങ്ങൾ ഇന്നും മന:പാഠമായി മനസ്സിൽ തങ്ങിനിൽക്കുന്നു. അതുകൊണ്ട് വേദപുസ്തകത്തിലേക്കും പ്രാർത്ഥനയിലേക്കും ഭക്തിഗാനത്തിലേക്കും ഒക്കെ എന്നെ കൈപിടിച്ചുയർത്തിയത് യെരുശലേം സൺഡേസ്കൂളും സമർപ്പിതരായ അദ്ധ്യാപകരുമാണ്. ഇന്നും ആ ദീപം അണയാതെ തലമുറതലമുറയായ് ഇടവകയിൽ നിന്നും പലരെ സഭാ ശുശ്രൂഷയ്ക്കായി ഒരുക്കി അയയ്ക്കുവാൻ നമ്മുടെ സൺഡേസ്കൂളിലൂടെ സാധിക്കുന്നു എന്നതോർത്ത് ദൈവത്തിന് സ്തോത്രം ചെയ്യുന്നു.

സൺഡേസ്കൂളിൽ അഭ്യസിച്ചിരുന്ന സഹോദര സ്നേഹവും, പങ്കിടലും പാരസ്പര്യതയും ഒക്കെ എന്റെ കൂട്ടുകുടുംബ പശ്ചാത്തലത്തിലും അയൽപ്പക്ക ബന്ധങ്ങളിലും കണ്ടു വളരുവാൻ ഇടയായത് ശൈശവ പ്രായത്തിൽ ഒരുപാട് സ്വാധീനവും പ്രചോദനവും എനിക്ക് നൽകിയിട്ടുണ്ട്. ശതോത്തര സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന യെരുശലേം മാർത്തോമ്മാ സൺഡേസ്കൂളിന് ഇന്നത്തെ വെല്ലുവിളികളെ അഭിമുഖീകരിച്ച് മൂല്യബോധമുള്ള തലമുറകളെ തുടർന്നും വാർത്തെടുക്കാൻ കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

കുഞ്ഞുങ്ങളുടെ വളർച്ചയിൽ സ്വഭാവശുദ്ധിയ്ക്ക് ഊന്നൽ നല്കുന്നവരും ആത്മീയ പരിപോഷണത്തിൽ ശ്രദ്ധയുള്ളവരും ചെറിയ കാര്യങ്ങൾക്കുപോലും അവരെ പ്രോത്സാഹിപ്പിക്കുന്നവരായി മാതാപിതാക്കളെ, അദ്ധ്യാപകരെ നമുക്ക് മാറാം. ശതോത്തര സുവർണ്ണ ജൂബിലി കൊണ്ടാടുന്ന യെരുശലേം സൺഡേസ്കൂളിന് സർവ്വ നന്മകളും നേരുന്നു.



മൂല്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ



സാലമ്മ യോഹന്നാൻ,
മാന്തറയിൽ
(ഹെഡ്മിസ്ട്രസ്,
ചക്കാട്ടുശ്ശേരി സെന്റ് പോൾസ്
സൺഡേസ്കൂൾ)

"ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക. അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല" (സദൃ. 22:6).

തിരുവചനത്തിലെ അതിമധുരമായ ഈ വേദവാക്യം കുഞ്ഞുങ്ങളെ ശരിയായ പാതയിൽ പരിശീലിപ്പിക്കേണ്ടതിന്റെ അനിവാര്യതയെ സൂചിപ്പിക്കുന്നു. അനന്യസുന്ദരമായതും സ്വഭാവരൂപീകരണത്തിന്റെയും ഒരു കാലഘട്ടമാണ് ബാല്യകാലം. മനോഹരമായ ഈ ബാല്യകാലഘട്ടം ഒരു തൂവെള്ളപേപ്പർ പോലെയാണ്. അതിൽ ഒരു തുള്ളി മഷി വീണാൽ പടരുന്നതുപോലെയാണ് നമ്മുടെ ശീലങ്ങളും. അതുകൊണ്ടാണ് 'ചൊട്ടയിലെ ശീലം ചുടല വരെ' എന്ന് പഴമക്കാരും

"ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം"

എന്ന മലയാള പഴമൊഴിയും പറയുന്നത്.

വാനത്തിൽ താരഗണങ്ങൾ മിന്നിത്തിളങ്ങുന്നതുപോലെയാണ് നമ്മുടെ സൺഡേസ്കൂൾ കുഞ്ഞുങ്ങൾ. ഓരോ കുഞ്ഞും ദൈവത്തിന്റെ വിലയേറിയ ദാനമാണ്. സഭയുടെ മുത്തും രാഷ്ട്രത്തിന്റെ സ്വത്തുമാണ് കുഞ്ഞുങ്ങൾ. ദൈവം ദാനമായി നൽകിയിരിക്കുന്ന കുഞ്ഞുങ്ങളെ മൂല്യബോധമുള്ളവരായി ദൈവീക പരിജ്ഞാനത്തിൽ വളർത്തുവാനും അവരുടെ ആത്മീയ പരിപോഷണത്തിനും മാതാപിതാക്കൾക്കും അതോടൊപ്പം സൺഡേസ്കൂൾ അദ്ധ്യാപകർക്കും വലിയ പങ്കുണ്ട്.

മാതാപിതാക്കളുടെ നിയന്ത്രണത്തിൽ ആയിരിക്കുന്ന കാലഘട്ടത്തിനുള്ളിൽ കുഞ്ഞുങ്ങൾ ആത്മീയകാര്യങ്ങളിൽ അറിവുള്ളവരായി ദൈവവചനത്തിൽ ഗ്രാഹ്യമുള്ളവരാകുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. അങ്ങനെ ദൈവനിയന്ത്രിതമായ ജീവിതത്തിന് ഉടമകൾ ആയശേഷം അവർ ലോകത്തിലേക്ക് ഇറങ്ങിയാൽ ലോകകാര്യങ്ങളിൽ ആശ്രയിക്കുകയോ, ദൈവത്തെ മറന്ന് പ്രവർത്തിക്കുകയോ ഇല്ല. കുടുംബപ്രാർത്ഥന മുടക്കം കൂടാതെ നടത്തുന്നതും കുഞ്ഞുങ്ങളെ ദൈവവചനം പഠിപ്പിക്കുന്നതും മാതാപിതാക്കൾ കർത്തവ്യമായി ഏറ്റെടുക്കണം.

ഓരോ കുട്ടിയേയും കുറിച്ച് വലിയ പദ്ധതി തന്റെ മനസ്സിൽ ആവിഷ്ക്കരിച്ചശേഷമാണ് ദൈവം ഓരോരുത്തരേയും ഈ ഭൂമിയിലേക്ക് അയയ്ക്കുന്നത്. കുട്ടികൾ ഒരു സമൂഹത്തിന്റെ സ്വാധീനത്തിലാണ് വളരേണ്ടത്. അവരെ മൂല്യബോധമുള്ളവരാക്കി തീർക്കുവാൻ സൺഡേസ്കൂൾ അദ്ധ്യാപകരും നല്ല മാതൃകകൾ കാട്ടുന്നവർ ആയിരിക്കണം.

വേരോട്ടമുള്ള വൃക്ഷങ്ങൾക്കു മാത്രമേ മഹാമരങ്ങളായി വളർന്ന് മറ്റുള്ളവർക്ക് തണലും നല്ല ഫലവും നൽകാനാകൂ. നമ്മുടെ കുഞ്ഞുങ്ങളും നല്ല അടിസ്ഥാനമുള്ളവരായി വളർന്നെങ്കിൽ മാത്രമേ മറ്റുള്ളവർക്ക് നന്മയും നല്ല ഫലവും നൽകുവാൻ സാധിക്കുകയുള്ളു. ആധുനിക മാധ്യമങ്ങളും സൗകര്യങ്ങളും അവരെ ലൗകീക കാര്യങ്ങളിൽ ആകൃഷ്ടരാക്കുകയും ദൈവത്തിൽ നിന്ന് അകറ്റിക്കളയുകയും ചെയ്യുന്നു. ഒരു സുരക്ഷിതത്വവും ഇല്ലാത്ത അന്തരീക്ഷത്തിലാണ് നമ്മുടെ കുഞ്ഞുങ്ങൾ സഞ്ചരിക്കുന്നത്. അവർ ആത്മീയരും സൽസ്വഭാവികളും ആകുവാൻ മൂല്യവത്തായ ജീവിതത്തിന്റെ അടിത്തറ സൃഷ്ടിക്കുന്ന വിദ്യാഭ്യാസം അവർക്കാവശ്യമാണ്. ആ വിദ്യാഭ്യാസമാണ് സൺഡേസ്കൂൾ വിദ്യാഭ്യാസം. വ്യക്തികളെ ക്രിസ്തുവിനുള്ളവരാക്കി വീടിനും നാടിനും കൊള്ളാവുന്നവരാക്കി സർവ്വോപരി ദൈവനാമ മഹത്വത്തിനാക്കി തീർക്കുന്ന ക്രമാനുഗതമായ പ്രക്രിയയാണ് സൺഡേസ്കൂൾ വിദ്യാഭ്യാസം മുഖേന നടത്തപ്പെടുന്നത്. ഈ മൂല്യബോധം കുട്ടികൾക്ക് ലഭിക്കേണ്ടത് സൺഡേസ്കൂൾ അദ്ധ്യാപകരിൽ നിന്നുമാണ്.

"സ്വാർത്ഥത കൊണ്ട് മലീമസമാകുമീ
പാർത്തലം തന്നിൽ കഴിയുവാൻ വയ്യിനി"

എന്ന മഹാകവി ചങ്ങമ്പുഴയുടെ ആത്മനൊമ്പരം വർത്തമാനകാലത്തിൽ പ്രസക്തമാണ്. പ്രക്ഷുബ്ധമായ ഒരു സമൂഹത്തിന്റെ വർദ്ധിച്ചുവരുന്ന സമസ്യകൾക്കു നടുവിൽ സത്യമേത്? മിഥ്യയേത്? എന്നു മനസ്സിലാക്കുവാൻ കഴിയാത്ത ഒരവസ്ഥയിലേക്ക് നമ്മുടെ ചിന്താമണ്ഡലങ്ങൾ പരിണമിച്ചിരിക്കുന്നു.

84-ാം സങ്കീർത്തനം 5-ാം വാക്യം ഇപ്രകാരം പറയുന്നു:

"ബലം നിന്നിലുള്ള മനുഷ്യൻ ഭാഗ്യവാൻ ഇങ്ങനെയുള്ളവരുടെ മനസ്സിൽ സീയോനിലേക്കുള്ള പെരുവഴികൾ ഉണ്ട്". ഈ ബലം സൃഷ്ടിച്ചെടുക്കുവാനും അവനെ നിത്യജീവനിലേക്കും നയിക്കുവാൻ സൺഡേസ്കൂളിനു കഴിയുന്നു.

മാതാപിതാക്കളുടെ നിയന്ത്രണത്തിൽ ആയിരിക്കുന്ന കാലഘട്ടത്തിനുള്ളിൽ കുഞ്ഞുങ്ങൾ ആത്മീയകാര്യങ്ങളിൽ അറിവുള്ളവരായി ദൈവവചനത്തിൽ ഗ്രാഹ്യമുള്ളവരാകുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം.

ജ്ഞാനമുള്ള മകൻ അപ്പനെ സന്തോഷിപ്പിക്കുന്നു (സദൃ. 10:1). ഭവനത്തിലും മാതാപിതാക്കൾക്കും സന്തോഷമുണ്ടാകണമെങ്കിൽ ജ്ഞാനം വേണം. രവീന്ദ്രനാഥ ടാഗോറിന്റെ ഗീതാഞ്ജലിയിൽ ഇപ്രകാരം പറയുന്നു.

"എവിടെ മനസ് നിർഭയമായും ശിരസ് ഉന്നതമായും ജ്ഞാനം സ്വതന്ത്രമായും നിൽക്കുന്നുവോ"

അതേ, ആ സ്വതന്ത്രമായ ജ്ഞാനം സൺഡേസ്കൂൾ അഭ്യസനം മുഖേന ലഭിക്കുന്നതാണ്. ഇവിടെ നിന്നും ഉത്തമശിക്ഷണം ലഭിച്ച് വളരുന്ന കുട്ടി ഒരിക്കലും നശിക്കയില്ല. അവൻ മൂല്യബോധമുള്ളവനാകും എന്നത് പരമമായ യാഥാർത്ഥ്യമാണ്. ജീവിതത്തിന്റെ വേദനിക്കുന്ന കാലഘട്ടത്തിലും ജീവിത സായാഹ്നത്തിലും അവനെ തലോടിയെത്തുന്നത് തിരുവചനത്തിന്റെ കുളിർമ്മ ആയിരിക്കും. ആ സത്യങ്ങളുടെ വിത്ത് അവന്റെ മനസ്സിൽ വിതക്കുന്നത് സൺഡേസ്കൂൾ വിദ്യാഭ്യാസത്തിലൂടെയാണ്.

കാലത്തിന്റെ യവനികക്കുള്ളിൽ ഓരോ വർഷവും പിന്നിടുമ്പോഴും മാറ്റത്തിന്റെ ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു. വിജ്ഞാനത്തിന്റെ വിസ്ഫോടകരമായ ഒരു ലോകത്തിലൂടെയാണ് നാം കടന്നുപോകുന്നത്. അങ്ങനെയുള്ള ഒരു കാലഘട്ടത്തിൽ വെറും ഇത്തിൾകണ്ണികൾ ആകുവാനല്ല മറിച്ച് ദൈവകൃപയിൽ മൂല്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് മാതാപിതാക്കളും അദ്ധ്യാപകരും ചെയ്യേണ്ടത്. അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.



അയയ്ക്കണേ മക്കളേ.... മടക്കി അയയ്ക്കാം ദൈവമക്കളായി



സാറാമ്മ വർഗ്ഗീസ്
പട്ടമുക്കിൽ
(അദ്ധ്യാപിക,
യെരുശലേം സൺഡേസ്കൂൾ)

എന്തിനാണ് സൺഡേസ്കൂളിൽ കുട്ടികളെ അയയ്ക്കുന്നത്? എന്താണ് അതിന്റെ ഗുണം... നാം നിരന്തരമായി കേൾക്കുന്ന അല്ലെങ്കിൽ ചോദിക്കുന്ന ഒരു ചോദ്യമാണിത്. ഞായറാഴ്ചകളിൽ പഠനാനുബന്ധ പരിപാടികൾ ഉപേക്ഷിച്ച് സൺഡേസ്കൂളിൽ വരുന്നത് അത്രയ്ക്കും കാര്യമുള്ള കാര്യമാണോ? ഇന്നത്തെ കാലത്ത് അറിവ് നേടി, ജോലി സമ്പാദിച്ചു, ശമ്പളം വാങ്ങി സുരക്ഷിതമായ ഭാവി രൂപപ്പെടുത്തുന്നതല്ലേ ബുദ്ധി... ഈ ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് ഈ ലേഖനം.

ഒരിക്കൽ മദർതെരേസ വഴിവക്കിൽ വ്രണബാധിതനായ ഒരു മനുഷ്യനെ എടുത്ത് തന്റെ ശുശ്രൂഷാസ്ഥലത്ത് കൊണ്ടുചെന്നാക്കി. അവന് ആവശ്യമായ എല്ലാ പരിചരണവും നൽകി. ചില ദിവസങ്ങൾ പിന്നിട്ടപ്പോൾ അവൻ മരണപ്പെട്ടു. എന്നാൽ മരിക്കുന്നതിന് തൊട്ടു മുൻപ് അവന്റെ മുഖത്ത് ഒരു പ്രകാശ പ്രഭാവം ഉണ്ടായിരുന്നു. മരണത്തോടടുത്ത സമയത്ത് അവൻ മദറിന്റെ കരങ്ങൾ പിടിച്ചിട്ട് ഇങ്ങനെ പറഞ്ഞു "I came here as a begger, But I am going as an Angel" ഞാൻ ഇവിടേക്ക് വന്നത് ഒന്നുമില്ലാത്ത ഒരു ദരിദ്രനായിട്ടാണ്, എന്നാൽ ഞാൻ ഈ ലോകംവിടുന്നത് ഒരു മാലാഖയെപ്പോലെയാണ്. സൺഡേസ്കൂൾഅഭ്യസനവും കുട്ടികളിൽ ഉളവാക്കുന്നത് സമാനമായ ഒരു പരിവർത്തനമാണ്.

ഗ്രീക്ക് തത്വചിന്തകനായ അരിസ്റ്റോട്ടിൽ മനുഷ്യ മനസ്സുകളെക്കുറിച്ച് പറഞ്ഞത് ഇപ്രകാരമാണ്, "It is an

unscribed tablet". ആധുനിക കാലത്തിൽ രൂപപ്പെട്ട "Tabula rasa" എന്ന ചിന്തയും ഈ ധാരണയുടെ അടിസ്ഥാനത്തിലാണ്. ഒരുവ്യക്തി ജനിക്കുമ്പോൾ അയാളുടെ ആളത്വവും മനസ്സുമെല്ലാം ശൂന്യമാണ്. കണ്ടുമുട്ടലുകളും കേൾവിയും അനുഭവങ്ങളുമാണ് ഒരാളുടെ വ്യക്തിത്വത്തെ രൂപീകരിക്കുന്നത്. ഒന്നുമില്ലാതെ ശൂന്യമായി ഈ ഭൂമിയിൽ പിറന്നുവീഴുന്ന കുഞ്ഞുങ്ങൾക്ക് ദൈവീകശബ്ദം ലോകത്തോട് പറയുന്ന മാലാഖമാർ ആയിത്തീരുവാനുള്ള മൂല്യബോധങ്ങൾ സൃഷ്ടിക്കുന്ന ഇടമാണ് സൺഡേസ്കൂൾ. സൺഡേസ്കൂൾ അഭ്യസനത്തിലൂടെ ദൈവരാജ്യ മൂല്യങ്ങൾ കുട്ടികളിൽ സന്നിവേശിപ്പിക്കുവാൻ സാധിക്കുന്നു എന്നത് ശ്രദ്ധേയമാണ്. അതുകൊണ്ട് സൺഡേസ്കൂൾ ഒരു പാഠശാല അല്ല, അത് ഒരു ക്രിയാത്മക ഇടമാണ് (Creative Space)

1. ജ്ഞാനം നേടുന്ന ഇടമാണ്

12-ാം വയസ്സിൽ മാതാപിതാക്കളോടൊപ്പം യെരുശലേം ദേവാലയത്തിൽ പെസഹാ പെരുന്നാളിനായി പോയ യേശുവിനെക്കുറിച്ച് വി. ലൂക്കോസ് സുവിശേഷകൻ പരാമർശിക്കുന്നുണ്ട് (വി. ലൂക്കോ. 2:41 -52). ദൈവാലയത്തിൽ പോയിമടങ്ങുമ്പോഴാണ് മാതാപിതാക്കൾ തിരിച്ചറിയുന്നത് ബാലൻ തങ്ങളോട് കൂടെ ഇല്ല എന്ന്. കൂട്ടത്തിൽ കാണും എന്ന് കരുതി അവർ കുറേദൂരം യാത്രചെയ്തിരുന്നു. എന്നാൽ അവൻ അവരോടുകൂടെ ഇല്ലായിരുന്നു. ഇന്നിന്റെ ജീവിത അനുഭവങ്ങളും വ്യത്യസ്തമല്ല. കുട്ടികൾ തങ്ങളുടെ കൂടെയുണ്ട് എന്ന വിചാരത്തിൽ നാം മുമ്പോട്ട് പോകുകയാണ്. എന്നാൽ നമ്മൾപോലും അറിയാതെയാണ് നമ്മുടെ വിരലുകൾക്കിടയിലൂടെ അവർ നഷ്ടമാകുന്നത്. പത്രമാധ്യമങ്ങളിലൂടെ നാം വായിക്കുന്ന സംഭവങ്ങൾ എത്രയോ ഭയാനകമാണ്. ഗൗരവമായ ചില നിരീക്ഷണങ്ങൾ കുട്ടികളുടെ വളർച്ചയിൽ ഉണ്ടാകണം (Screening). ഒളിഞ്ഞുനോട്ടമല്ല, മറിച്ച് അവർ ജ്ഞാനത്തിലും കൃപയിലും മുതിർന്നു വരുന്നോ എന്നൊരു നിരീക്ഷണം. അതിന് ചില മടക്കയാത്രകൾ ആവശ്യമായിരിക്കാം, ചില അന്വേഷണങ്ങൾ ആവശ്യമായിരിക്കാം. യേശുവിന്റെ മാതാപിതാക്കൾ അവർ വന്ന വഴിയേ തിരികെ നടന്നു. സൺഡേസ്കൂളിലൂടെ ഈ വിധമുള്ള അന്വേഷണങ്ങളും നിരീക്ഷണങ്ങളും തിരുത്തലുകളും നൽകപ്പെടുന്നു.

ചെറുപ്പം മുതലേ ദൈവീക ജ്ഞാനത്തിൽ വളർന്നുവന്ന യേശു ഗുരുക്കന്മാരുടെ മദ്ധ്യേയിരുന്ന് പഠനത്തിലായിരുന്നു. നഷ്ടപ്പെടാനുള്ള സാധ്യതകൾ ധാരളം ഉള്ള ഈ ലോകത്തിൽ ദൈവീക ശിക്ഷണത്തിൽ വളർത്തപ്പെടുന്ന കുഞ്ഞുങ്ങൾ ദൈവീക ജ്ഞാനത്തിലും കൃപയിലും മുതിർന്നുവരും. അവരെ കൂട്ടത്തിൽ കണ്ടില്ലെങ്കിലും...നഷ്ടമായിപ്പോകില്ല.

ഈ വിധമുള്ള ജ്ഞാനസങ്കേതമാണ് സൺഡേസ്കൂൾ. നാം ജീവിക്കുന്ന ലോകം തമസ്സിനെ ആശ്ലേഷിക്കുന്ന ലോകമാണ്. അതിന്റെ നടുവിൽ ജ്ഞാനത്തിന്റെ വെളിച്ചം കുഞ്ഞുങ്ങളിൽ പകരുന്ന ഇടങ്ങളാണ് സൺഡേസ്കൂൾ.

2. സാധ്യതകളെ കണ്ടെത്തുന്ന ഇടം

യേശു കർത്താവിന്റെ പരസ്യശുശ്രൂഷയിലെ ഏറ്റവും ശ്രദ്ധേയമായ ഒരു അടയാളമായിരുന്നു അഞ്ചപ്പം കൊണ്ട് അയ്യായിരം പേരേ പോഷിപ്പിച്ച സംഭവം. അവിടെ നിർണ്ണായകമായി നാം കാണുന്ന ഒരു ബാലനുണ്ട്. അതുപോലെതന്നെ ശ്രദ്ധേയമായ ഒരു സാന്നിധ്യമാണ് അന്ത്രയോസിന്റേത്. ജനങ്ങൾക്ക് ഭക്ഷിപ്പാനുള്ള സാധ്യതകളെ അന്വേഷിച്ച സാഹചര്യത്തിൽ അന്ത്രയോസാണ് ആ ബാലനെ യേശുവിന്റെ അരികിലേക്ക് ആനയിക്കുന്നത്. അവന്റെ പക്കലുള്ള സാധ്യതകളെ അന്ത്രയോസ് യേശുവിന്റെ മുന്നിൽ അവതരിപ്പിക്കുന്നു. അഞ്ചപ്പവും രണ്ടുമീനും അവന്റെ കൈയ്യിൽ ഉണ്ടായിരുന്ന സാധ്യതയെ പൊതുനന്മയ്ക്കായ് ദൈവകരങ്ങളിൽ സമർപ്പിക്കുവാൻ അന്ത്രയോസ് കാരണമാകുന്നു.

നൂറ്റാണ്ടുകളായി സൺഡേസ്കൂളിന്റെയും ശുശ്രൂഷ ഇതുതന്നെയാണ്. കുഞ്ഞുങ്ങളിലെ സാധ്യതകളെ കണ്ടെത്തി അത് പൊതുനന്മയ്ക്കായി ഉപയോഗിക്കുവാൻ തക്കവണ്ണം അവരെ ദൈവവുമായി ബന്ധിപ്പിക്കുക. അതിലൂടെ ഒരു പക്ഷേ ഒരു വലിയ ജനതയാകും അനുഗ്രഹിക്കപ്പെടുക. സമൂഹത്തിന്റെ വളർച്ചയ്ക്കും ഗുണപരമായ വികസനത്തിനും ഉതകുന്ന തരത്തിൽ കുഞ്ഞുങ്ങളുടെ മൂല്യബോധങ്ങളും സർഗശേഷിയും സാധ്യതകളും കണ്ടെത്തി അത് വികസിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുന്ന ഇടമാണ് സൺഡേസ്കൂൾ. ഇവിടെ ആ ബാലകനിൽ പങ്കിടലിന്റെ ഒരു മൂല്യബോധം കൂടി വന്നുചേരുകയാണ്. ഈ സംഭവത്തിലൂടെ Crisis



management മാത്രമല്ല അവൻ പഠിച്ചിട്ടുണ്ടാകുക, അവന്റെ ദൈവാശ്രയ ബോധവും ദൈവബോധവും പങ്കുവയ്ക്കലിന്റെ ധന്യതയും അങ്ങനെ എത്ര എത്ര അനുഭവങ്ങൾ. സൺഡേസ്കൂൾ ഒരു Bridge Builder ആണ്. അതിലൂടെ കുട്ടികളുടെ 'Resources' പൊതുനന്മയ്ക്കായി ഉപയോഗിക്കാൻ തക്കവിധം ദൈവസന്നിധിയിൽ അർപ്പിക്കുന്നു.

3. തിരിച്ചറിവിന്റെ ഇടമാണ്

പഴയനിയമ പുസ്തകത്തിലെ ഏറ്റവും ശ്രദ്ധേയനായ വ്യക്തിയാണ് ദാവീദ്. ആട്ടിടയനായ ബാലകൻ ഒരു രാജ്യത്തിന്റെ ഭരണാധികാരിയായി മാറിയത് നമുക്ക് പരിചിതമാണ്. ഗോല്യാത്ത് എന്ന ഫെലിസ്ത്യമല്ലനെ കീഴ്പ്പെടുത്തുവാൻ തയ്യാറാകുന്ന ദാവീദിനെ നാം കാണുന്നു.

തദ്വസരത്തിൽ പോരാട്ടത്തിന് ആവശ്യമായ പടച്ചട്ട ദാവീദിനെ ശൗൽരാജാവ് അണിയിക്കുന്നു. അപ്പോൾ ദാവീദ് പറയുന്ന വാചകം ശ്രദ്ധേയമാണ്. "ഞാൻ ഇത് ശീലിച്ചിട്ടില്ല". ശീലമില്ലാത്ത, ശീലിച്ചിട്ടില്ലാത്ത ജീവിതത്തിന് ഇണങ്ങാത്ത സ്വഭാവങ്ങളോട് ചില പ്രതിരോധം ഏർപ്പെടുത്തുവാനുള്ള തിരിച്ചറിവ് ലഭിക്കുന്ന ഇടമാണ് സൺഡേസ്കൂൾ. ചിലതൊക്കെ വേണ്ട എന്നും ചിലതിനോട് വിടവ് പുലർത്തുവാനും കുട്ടികളിൽ മൂല്യബോധം നൽകുവാൻ സൺഡേസ്കൂൾ സഹായകരമാകുന്നു. ചെറിയചെറിയ തെറ്റുകൾ വലിയ കുറ്റകൃത്യങ്ങൾക്ക് കാരണമാകുന്നു എന്നതുപോലെതന്നെ ചെറിയചെറിയ നന്മകൾ വലിയ നന്മകൾ നൽകുവാനുള്ള പ്രേരണ നൽകുന്നുണ്ട്. അതുകൊണ്ട് ജീവിതത്തിന്റെ സഞ്ചാരത്തിന് വിലക്കം സൃഷ്ടിക്കുന്ന സമസ്യകളോട് ഗൗരവകരമായ ഇടപെടലുകൾ നടത്തുവാൻ കുട്ടികൾ അഭ്യസിക്കണം. അതിന് പ്രചോദനമാകുന്ന ഇടമാണ് സൺഡേസ്കൂൾ. ദൈവവചനാടിസ്ഥാനത്തിൽ പരസ്പരം സ്നേഹിക്കുവാനും കരുതുവാനും ബഹുമാനിക്കുവാനും കുട്ടികൾ അഭ്യസിക്കുന്നു. തെറ്റ്എന്ത്, ശരിഎന്ത് എന്നുള്ള തിരിച്ചറിവുകൾ അവർക്ക് ലഭിക്കുന്നു. അത് സ്കൂളിലും ലഭിക്കില്ലേ എന്ന് ചോദിക്കുന്നവരുണ്ട്. ഒരു പരിധിവരെ അത് ശരിയാണ്. എന്നാൽ ഔപചാരികമായ വിദ്യാഭ്യാസത്തിലൂടെ ബൗദ്ധീകമായ വികസനമാണ് കൂടുതൽ കേന്ദ്രീകൃതമാകുന്നത്. കുഞ്ഞുങ്ങളുടെ ആത്മീകവും മാനസികവുമായ വികാസത്തിന് ഏറെഗുണപരമാണ് ക്രിസ്തീയ വിദ്യാഭ്യാസശാലകൾ.

മിലാൻ കുന്ദേര എഴുതിയ ഒരു നോവലിന്റെ തലക്കെട്ട് "The Festival of insignificance" എന്നാണ്. ഇന്ന് പ്രധാനമായത് പലതും അപ്രസക്തവും അത്ര ഗൗരവമല്ലാത്തത് ഒരുപാട് അഘോഷിക്കപ്പെടുകയും ചെയ്യുന്ന കാലമാണ്. അതുകൊണ്ട്തന്നെ ഈ കാലഘട്ടം അതീവസൂഷ്മതയോടെ ജീവിക്കുവാൻ നമ്മോട് ആഹ്വാനം ചെയ്യുന്നു. പീഢനങ്ങളും കൊലപാതകങ്ങളും അക്രമങ്ങളും ആസക്തികളും ബന്ധങ്ങളുടെ ശിഥിലീകരണത്തിനും നിർവികാരതയും ...അങ്ങനെ ....എന്തെല്ലാമാണ് ഈ കാലത്തെ ഭീകരമാക്കുന്നത്. ഇതിന്റെ നടുവിൽ "സ്വർഗ്ഗേസിംഹാസനം ചുറ്റുന്ന" ബാലകരോടൊത്ത് ദൈവത്തെ സ്തുതിക്കുന്ന തലമുറയെ വാർത്തെടുക്കുന്ന സുകൃതമാണ് സൺഡേസ്കൂൾ.

നമുക്ക് നൽകുവാൻ വാളുകളില്ല, ആയുധങ്ങൾ ഇല്ല.... വചനപ്രകാശവും ദൈവാശ്രയ ബോധ്യവും അതിലൂടെ ദൈവകൃപയുള്ള തലമുറയെ നമുക്ക് വാർത്തെടുക്കാം. ദൈവത്തിന്റെ സ്വപ്നത്തിൽ പങ്കുചേരാം. സകലസൃഷ്ടിയുടേയും വീണ്ടെടുപ്പും നന്മയും രക്ഷയുമല്ലാതെ എന്താകുന്നു ദൈവത്തിന്റെ ആശ. ദൈവത്തിന്റെ ആശയ്ക്കും പ്രത്യാശയ്ക്കും ഒത്ത് ഉയരുവാൻ നമ്മുടെ കുരുന്നുകളെ സജ്ജരാക്കേണ്ടതുണ്ട്. അതിനാൽ ഉപേക്ഷ വിചാരിക്കരുതേ....

അയയ്ക്കണം മക്കളേ....മടക്കി അയയ്ക്കാം ദൈവമക്കളായി.



യുവാക്കളെ നാം ശരിയായ പാതയിലോ?



ബോൺസി സാറാ ബാബു, അടിവാക്കൽ
(അദ്ധ്യാപിക, ചക്കാട്ടുശ്ശേരി സെന്റ് പോൾസ് സൺഡേസ്കൂൾ)

സോഷ്യൽ മീഡിയയ്ക്കും യൂട്യൂബിനും അടിമപ്പെട്ടു ദൈവത്തിൽ നിന്നും ക്രിസ്തീയ വിശ്വാസത്തിൽ നിന്നും അകന്നുപോകുന്ന ഞാൻ ഉൾപ്പെടെയുള്ള തലമുറയ്ക്ക് ദൈവത്തിങ്കലേക്ക് അടുക്കുവാനും തിരിഞ്ഞു ചിന്തിക്കുവാനും വേണ്ടി യുവതലമുറയോട് വേദപുസ്തകം ആഹ്വാനം ചെയ്ത എളിയ ചില ചിന്തകളിലേക്ക് തിരിഞ്ഞുനോക്കുവാൻ ആഗ്രഹിക്കുന്നു.

തിരക്കുനിറഞ്ഞ ജീവിതത്തിൽ നാം സ്വന്തം മാതാപിതാക്കളേയും അവരോടുള്ള ഉത്തരവാദിത്വത്തേയും മറന്നുപോകുന്നുവോ? വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നത് "നിനക്കു നന്മ ഉണ്ടാക്കുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നത് വാഗ്ദത്തത്തോടുകൂടിയ ആദ്യ കല്പന ആകുന്നു" (എഫെ. 6:1-3). നമ്മുടെ ഭാരതീയ സംസ്കാരവും നമ്മെ പഠിപ്പിക്കുന്നത് മറ്റൊന്നല്ല. "മാതാപിതാ ഗുരു ദൈവം" എന്നാണ്. മാതാപിതാക്കളോടും ഗുരുക്കന്മാരോടും ഉള്ള ഉത്തരവാദിത്വം കഴിഞ്ഞാൽ നമ്മൾക്ക് സമൂഹത്തിൽ കടപ്പാട് ഉള്ളത് നമ്മുടെ സുഹൃത്തുക്കളോടാണ്.

"ആചാര്യത്ത് പാദമാദത്തെ,
പാദം സദ്ബ്രഹ്മചാരിഭ്യോ,
പാദം ശിഷ്യ സ്വമേധയാ,
പാദം കാലക്രമേണതു".

നാം ഈ ലോകത്ത് നേടിയ അറിവിൽ നാലിൽ ഒന്നിനു നമ്മുടെ സുഹൃത്തുക്കളോട് കടപ്പെട്ടിരിക്കുന്നു. വേദപുസ്തക അടിസ്ഥാനത്തിൽ ന്യായപ്രമാണം മുഴുവൻ അടങ്ങിയിരിക്കുന്ന രണ്ടു കല്പനകളിൽ ഒന്നു "കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കണം" (മത്താ. 22:39) എന്നതാണ്. യുവതലമുറയുടെ പ്രതീകമായ തിമൊഥെയൊസിന് അപ്പൊസ്തലനായ വിശുദ്ധ പൌലൊസ് എഴുതിയ ലേഖനത്തിൽ സമകാലീക പ്രസക്തിയുള്ള ഉപദേശങ്ങളാണ് നൽകുന്നത്.

"ആകയാൽ പുരുഷന്മാർ എല്ലാടത്തും കോപവും വാഗ്വാദവും വിട്ടകന്നു വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു. അവണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം. പിന്നിയ തലമുടി, പൊന്ന്, മുത്ത് വിലയേറിയ വസ്ത്രം എന്നിവ കൊണ്ടല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്ക് ഉചിതമാകുംവണ്ണം സൽപ്രവൃത്തികളെക്കൊണ്ടത്രെ അലങ്കരിക്കേണ്ടത്" (1 തിമൊ. 2:8-10)

"ആരും നിന്റെ യൗവനം തുച്ഛീകരിക്കരുത്; വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്കു മാതൃകയായിരിക്ക" (1 തിമൊ. 4:12).

"മൂത്തവനെ ഭർത്സിക്കാതെ അപ്പനെപ്പോലെയും ഇളയവരെ സഹോദരന്മാരെപ്പോലെയും മൂത്ത സ്ത്രീകളെ അമ്മമാരെപ്പോലെയും ഇളയ സ്ത്രീകളെ പൂർണ്ണനിർമ്മലതയോടെ സഹോദരികളെപ്പോലെയും പ്രബോധിപ്പിക്ക. സാക്ഷാൽ വിധവമാരായിരിക്കുന്ന വിധവമാരെ മാനിക്ക" (1 തിമൊ. 5:1-3).

ഇയ്യോബ് ഓർമ്മിപ്പിക്കുന്നതുപോലെ നഗ്നരായി നാം അമ്മയുടെ ഗർഭത്തിൽ നിന്നും പിറന്നു എന്നും നഗ്നരായി തന്നെ മടങ്ങിപ്പോകും എന്നും സദാ ഓർത്തിരിക്കേണ്ടതാണ്. ഭഗവത്ഗീതയിൽ പറയുന്നതും മറ്റൊന്നുമല്ല. "നിങ്ങൾ നേടിയതെല്ലാം നിങ്ങൾക്ക് ഇവിടെ നിന്ന് ലഭിച്ചതാണ്. നിങ്ങൾക്കുള്ളതെല്ലാം ഇവിടെനിന്ന് നേടിയതാണ്. ഇന്ന് നിങ്ങൾക്കുള്ളതെല്ലാം ഇന്നലെ മറ്റാരുടെയോ ആയിരുന്നു. നാളെ അത് മറ്റാരുടേയോ ആകും". ലോകവും അതിന്റെ മോഹങ്ങളും ഒഴിഞ്ഞുപോകും. ദൈവഇഷ്ടം ചെയ്യുന്നവരൊ നിലനില്ക്കും. എന്താണ് ദൈവ ഇഷ്ടം? ഈ ലോകത്തിന് അനുരൂപരാകാതെ കർത്താവിന്റെ ഹിതം ജീവിതത്തിൽ നിവർത്തിക്കുക.

യുവാക്കളായ നാം നമ്മുടെ അറിവിലോ സമ്പത്തിലോ ആരോഗ്യത്തിലോ അധികാരത്തിലോ അഹങ്കരിക്കാതെ നാം ചെയ്യുന്ന ഓരോ പ്രവൃത്തിയിലും ദാവീദിന്റെ സന്തതിയായി മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊള്ളേണ്ടതാകുന്നു. അതിനായി ദൈവം നമ്മെ ഓരോരുത്തരെയും ശക്തീകരിക്കട്ടെ.



ക്രിസ്റ്റി മാത്യു ബിനോയ്, മണപ്പറമ്പിൽ
(സൺഡേസ്കൂൾ വിദ്യാർത്ഥി)



എന്റെ അമ്മ

ഒരു തുള്ളി കണ്ണീരിൽ ഒരായിരം
സ്നേഹത്തിൻ കരുണകൾ തൂകുമെന്റമ്മ
ഒരൊറ്റ നോട്ടത്തിലെൻ ഹൃദയത്തിൻ
നൊമ്പരം അറിയുന്നൊരാൾ എന്റെ അമ്മ
കല്ലുപോൽ കഠിനമാം ഹൃദയത്തെ
മെഴുകുപോൽ ഉരുക്കീടും എന്റെ അമ്മ
എത്രയോ ദുഃഖങ്ങൾ മനസ്സിൽ ഒതുക്കും
ശാന്തസ്വരൂപിണി എൻ അമ്മ
കല്ലൊന്നു തട്ടിയാൽ വീണുകരഞ്ഞാൽ
ഓടിവരുമെന്റെ അമ്മ
തെറ്റിലേക്ക് ചായുമ്പോൾ നേരിന്റെ
പാതയിൽ വഴിയൊന്നു കാട്ടുമെൻ അമ്മ
അമ്മയുടെ സ്നേഹം അറിയാത്ത ഒരുവൻ
ഈ ലോകത്തിലേറ്റവും മൂഢൻ

EDUCATION & SOCIAL CHANGE



Tony Thomas Mathew
(Alumni)
(Co-ordinator Faculty Affairs, University of the People, US University)

Education plays a vital role in developing the character of an individual in his / her professional & personal life. It is also liberation of self from evil clutches of community and society in general. Due to the rapid industrialization, urbanization and changes in the human understanding, society needs to change in order to manage with the continuing changes. Education can initiate social change by bringing about changes in the outlook and attitude of people. Education will help to find out the causes of social and cultural changes that takes place within the society. Education has been and is being played as a catalyst and an agent of socialization to reach the opportunities of the society to the people. Social change means change in social structure: the nature, the social institutions, the social behaviour or the social relations of a society and community of people.

Education and social change are interconnected. Both are significant for the growth and development of a society. Education and social change is a collaborative process. While education is responsible for the transmission and dissemination of the whole culture, social change is the instrument and requirement of educational thought. Education support the social change and gives them direction and purpose through knowledge and skills thus prepares the individual for social changes. Education is the most powerful instrument to bring about social revolution and to obstruct the social evils of the society.

The relationship between education and social change takes a dual form-education as an instrument and social changes a product. Education as an instrument is used as a means for bringing about desired changes in the society and in the latter case changes in the educational structure follows as a consequence of changes which have already taken place in the society. Education acts as integrative force in society by communicating value that unite different sections of society. The family may fail to provide the child the essential knowledge of the social skills and values of the wider society. Education helps the child to develop the inborn potentialities of child providing scope to develop. Education helps to modify the past behavior

through learning and through different agencies of education.

There are three types of relationship between education and social change which are as follows:

1. Education as a Necessary Condition of Social Change

Historical experience of advanced countries has shown that for any social revolution education is the pre-condition. Illiterates remain satisfied with their existing conditions and feel that they are destined to be what they are. They never bother to exert to bring change in their present social and economic conditions. They are guided by orthodoxy, traditions and fate rather than by rationality in their actions. Education helps people to make them rational in their thinking and approach.

2. Education as an Outcome of Social Change

There is inter-dependent relationship between education and social change. On the one hand it brings change in social conditions. On the other hand, it is influenced by social change, which means social change helps spreading education. Education follows social change. It has its place before and after social change. First come social changes and then teaching process is changed according to those social changes. Education system changes according to the needs of society.

3. Education as an Instrument of Social Change

Education changes the outlook and the traditional approach towards social and economic problems. It sharpens the skills and knowledge of the children. Technical education helps in the process of industrialization which results in vast changes in society. Education not only preserves the cultural traditions i.e., customs, traditions and values etc. of the society but also transmits them to the next generation. Education fulfils the needs of the society and propagates such ideas which promote social changes in all fields of life. Society has undergone vast transformation through several ages. New ideas have emerged and social changes have been brought about by both individual and collective actions. Changes in a society are inevitable due to the existence and amalgamation of different cultures, languages and religions in a society.

4. Some Examples or Social Changes in Society

Education is necessary condition, outcome and instrument of social change. For any social change to occur in a society or community education is the precondition. Let us see few models of social change through education. Many superstitions prevailing in our land like sati, child marriage human sacrifice et.al were stopped by legislations and modern English Educational endeavours. Especially spearheaded by the missionaries who came here in 18th and 19th century. It was them who accelarted social change first in India. Education force reconstruction of tradition, old customs and values. Education has also brought individual and collective social actions. The wisdom assimilated through English education, resultant enlightment and Bible translation to Malayalam enthused Abraham Malpan to lead reformation movement in the Malankara Church. Equality of all men and women was an important value in modern education. Woman education was popularized in many parts of Kerala by the missionaries. Women who got aware of their rights revolt against injustices prevailing in the society. The channar revolt by the nadar women in South Travandore from 1813 to 1859 is an example of social change through education. In short the ultimate aim of Education is liberation of self both mentally and morally leading ultimately to social change. Education is the only tool enabling individual to be creative and competent in making use his/her own natural resources for development of self and society in general.

Jersusalem Sunday School through its mission in the past years have shaped many peoples' lives as catalyst of social change. Let us thank God for their social commitment and vision.



Shalom Deena Biju, Mathenparambil
(Sunday School Student)



GOOD MANNERS

Good Manners are about considering the feeling of other people and being a kind person that someone would like and respect. In the old days children were taught good lessons and how to behave in public.

Every good parent loves and wants the best of their children. The good manners make the good man. They are very essential for human civilization. Without good manners man is purpose without money.

Here are 10 good manners children need to know

1. Put others first
2. Be polite in your conversations
3. Say a thank you and write a thank you note to those who help you
4. Say please and May I
5. Respect others opinion
6. Knock the door
7. Be nice and courteous to others
8. Stand up when an elder enters the room
9. Smile and have a good attitude
10. Make small talk



Linju Binoy Manapparambil
(Teacher, Jerusalem Sunday School)

IF YOU WANT TO

If you want to learn
Learn manners

If you want to see
See yourself

If you want to keep
Keep silence

If you want to eat
Eat anger

If you want to build
Build your character

If you want to increase
Increase your knowledge

This is how you will be able
to make yourself a better king



കുഞ്ഞുങ്ങളുടെ സ്നേഹിതനായ കുഞ്ഞോമ്മിച്ചായൻ

(കെ.സി.തോമസ് സാർ 1883-1971)



ഡോ. മാത്യു തോമസ് കിണറ്റുകര
(ഡിസ്ട്രിക്ട് ഓർഗനൈസർ, സൺഡേസ്കൂൾ സമാജം)

നിരണം യെരുശലേം സൺഡേസ്കൂൾ അദ്ധ്യാപകനും മാർത്തോമ്മാ സൺഡേസ്കൂൾ സമാജം മിഷനറിയുമായി പ്രവർത്തിച്ച് അനേകരെ ക്രിസ്തുവിങ്കലേക്ക് ആനയിച്ച കിണറ്റുകര കെ.സി. തോമസ് സാറിന്റെ ആത്മീക ശുശ്രൂഷകളെ വരുംതലമുറയ്ക്ക് പരിചയപ്പെടുത്തുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. സൺഡേസ്കൂൾ സമാജത്തിന്റെ ആരംഭകാലം മുതൽക്ക് തന്നെ അതിന്റെ ഒരു സജീവ പ്രവർത്തകനായിരുന്നു കെ.സി. തോമസ് സാർ. യെരുശലേം സൺഡേസ്കൂൾ അദ്ധ്യാപകനായിരിക്കുമ്പോൾ സമാജം നേതാക്കളോടൊപ്പം മദ്ധ്യതിരുവിതാംകൂറിലെ വിവിധ സ്ഥലങ്ങൾ സന്ദർശിച്ച് സൺഡേസ്കൂൾ ആരംഭിക്കുവാൻ അദ്ദേഹം നേതൃത്വം നല്കി. കുഞ്ഞുങ്ങളോട് സുവിശേഷം പറയുക കെ.സി. തോമസ് സാറിന്റെ അതിയായ താല്പര്യമായിരുന്നു. സൈക്കിൾ ഉപയോഗി

ച്ചും കാൽനടയായുള്ള സഞ്ചാരം വഴിയും അദ്ദേഹം വിവിധ സ്ഥലങ്ങൾ സന്ദർശിച്ച് അവിടെയെല്ലാം സുവിശേഷ പ്രവർത്തനം നടത്തി. യുവജനങ്ങളെ കണ്ട് വേദാദ്ധ്യയനത്തിനും പ്രാർത്ഥനയ്ക്കും വിശുദ്ധ ജീവിതത്തിനും ആഹ്വാനം ചെയ്തു. മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പാ, ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ, സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ എന്നീ അഭിവന്ദ്യ തിരുമേനിമാർ കെ.സി. തോമസ് സാറിന്റെ സവിശേഷമായ പ്രവർത്തന ശൈലിയെ കുറിച്ചും സുവിശേഷ തീക്ഷ്ണതയെയും കുറിച്ചും സാക്ഷിച്ചിട്ടുണ്ട്. കൂടാതെ നിരണത്തും ചുറ്റുപാടുമുള്ള ഒട്ടനവധി വൈദീകരെ വൈദിക ശുശ്രൂഷയിലേക്ക് നയിക്കുവാനും ആത്മീയ നേതാക്കളെ വാർത്തെടുക്കുവാനും ദൈവം കെ.സി. തോമസ് സാറിൽ കൂടി പ്രവർത്തിച്ചു.

ക്രിസ്തുവിനോടുള്ള ഭക്തി, വേദപുസ്തക താല്പര്യം, സഭാ സ്നേഹം എന്നിത്യാദി ഗുണഗണങ്ങൾ തന്റെ പിതാവായ കിണറ്റുകര തൊമ്മി ചാണ്ടപിള്ളയിൽ നിന്ന് അദ്ദേഹത്തിന് പൈതൃകമായി ലഭിച്ചു. തൊമ്മി ചാണ്ടപിള്ള നിരണത്തെ നവീകരണ നേതാക്കളിൽ പ്രമുഖനായിരുന്നു. ചെറുപ്പം മുതൽക്കെ ആത്മീയ കാര്യങ്ങളിൽ തല്പരനായിരുന്നു കെ.സി. തോമസ്. വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം സർക്കാർ സേവനത്തിൽ പ്രവേശിച്ചു. ജോലിയുമായുള്ള ബന്ധത്തിൽ വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. പോകുന്നിടത്തെല്ലാം അവിടെയുള്ള ക്രിസ്തീയ ഭവനങ്ങൾ സന്ദർശിച്ച് കൂട്ടായ്മകൾ നടത്തുവാൻ അദ്ദേഹം ഉത്സാഹം കാണിച്ചിരുന്നു. കുഞ്ഞുങ്ങളുടെ ആത്മീയ പരിപോഷണത്തിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. വളരെ ആകർഷണീയമായ രീതിയിൽ അവരോട് വേദപുസ്തകത്തിലെ കഥകൾ അവതരിപ്പിക്കുന്നതിന് വിശേഷമായൊരു കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ക്രിസ്തുവിന് വേണ്ടി "പിള്ളേരെ പിടിക്കുന്ന" ജോലി ദൈവം തന്നെ ഭരമേല്പിച്ചതാണെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. പൗലൊസ് അപ്പൊസ്തലൻ പറഞ്ഞതുപോലെ അദ്ദേഹം അനേകരെ സുവിശേഷത്തിനായി ജനിപ്പിച്ചു.

കെ.സി. തോമസ് സാറിന്റെ കഴിവുകൾ



ഓരോ സഭാംഗവും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഇടങ്ങളെ സുവിശേഷ വേലസ്ഥലമായി മാറ്റണം. അപ്പോൾ ഇതര മതസ്ഥർ നമ്മെ ശ്രദ്ധിക്കുകയും കേൾക്കുകയും നമ്മിൽ കൂടി ജീവിക്കുന്ന ക്രിസ്തുവിനെ അവർ തിരിച്ചറിയുകയും ചെയ്യും. ഇതുമാത്രമാണ് ഇന്നത്തെ കാലഘട്ടത്തിൽ അനുകരണീയമായ മാതൃക.

തിരിച്ചറിഞ്ഞ് സൺഡേസ്കൂൾ സമാജം അദ്ദേഹത്തെ സൺഡേസ്കൂൾ മിഷനറിയായി നിയമിച്ചു. തന്റെ പൂർണ്ണസമയവും സുവിശേഷവേലയ്ക്കും സൺഡേസ്കൂൾ പ്രസ്ഥാനത്തിനും കൊടുക്കുവാൻ കാലമായി എന്ന് തിരിച്ചറിഞ്ഞ കെ.സി. തോമസ് സാർ സധൈര്യം തന്റെ സർക്കാർ ജോലി രാജിവെച്ച് സൺഡേസ്കൂൾ സമാജം മിഷനറിയായി ചുമതലയേറ്റു. സമാജം അദ്ദേഹത്തെ അദ്ധ്യാപക പരിശീലന പരിപാടികളിൽ സംബന്ധിക്കുവാൻ നിയോഗിച്ചു. സ്വതസിദ്ധമായ കഴിവും വിദഗ്ദ്ധ പരിശീലനവും ലഭിച്ചു കഴിഞ്ഞപ്പോൾ കെ.സി. തോമസ് സാർ സൺഡേസ്കൂൾ കുഞ്ഞുങ്ങളുടെ ഇടയിൽ ഒരു മികച്ച പ്രവർത്തകനായി തീർന്നു. ഞായറാഴ്ചകൾ തോറും വിവിധ സൺഡേസ്കൂളുകൾ സന്ദർശിച്ച് ദൂതുകൾ നല്കുകയും കുഞ്ഞുങ്ങളെ യേശുക്രിസ്തുവുമായിട്ടുള്ള ആഴമായ ബന്ധത്തിലേക്ക് നയിക്കുകയും ചെയ്തു. കുട്ടികളെ വ്യക്തിപരമായി കണ്ടു "കുഞ്ഞേ നിന്റെ ഹൃദയം യേശുവിനു കൊടുത്തിട്ടുണ്ടോ" എന്നു ചോദിച്ച് ക്രിസ്തുവിലുള്ള രക്ഷയുടെ സന്തോഷം വിശദീക

രിച്ച് അവരെ ഒരു തീരുമാനത്തിലെത്തിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

1910 ലാണ് സഭ കായൽ-കടൽത്തീര പ്രദേശങ്ങളിൽ മിഷൻ പ്രവർത്തനം ആരംഭിക്കുന്നത്. തൃക്കുന്നപ്പുഴ കേന്ദ്രീകരിച്ചായിരുന്നു പ്രവർത്തനം. തുടർന്ന് എരിക്കാവ്, കരുവാറ്റ ചെറിയഴീക്കൽ, പന്മന എന്നീ സ്ഥലങ്ങളിൽ കൂടി മിഷൻ പ്രവർത്തനം വ്യാപിച്ചു. ഏബ്രഹാം മാർത്തോമ്മാ തിരുമേനിയുടെ വലിയ താല്പര്യമായിരുന്നു ക്രിസ്തേതരരുടെ ഇടയിലുള്ള സുവിശേഷ പ്രവർത്തനം. സഭയുടെ സുവിശേഷ പ്രവർത്തനത്താൽ ഈ പ്രദേശത്ത് നിന്ന് അനേകർ വിശ്വാസികളായി. കാർത്തികപ്പള്ളി, ഹരിപ്പാട് എന്നിവിടങ്ങളിൽ നിന്നും അദ്ധ്യാപകരും ആത്മീയ പ്രവർത്തകരും ഇവിടെയെത്തി കുട്ടികൾക്ക് പ്രതിഫലം വാങ്ങാതെ സ്കൂൾ പാഠഭാഗങ്ങൾ പറഞ്ഞുകൊടുക്കുകയും ഞായറാഴ്ചകളിൽ ദൈവവചനം പഠിപ്പിക്കുകയും ചെയ്തിരുന്നു. ധാരാളം ഹൈന്ദവ കുട്ടികൾ ഇതിൽ പങ്കെടുത്തിരുന്നു. സൺഡേസ്കൂൾ സമാജം അവിടെയുള്ള അദ്ധ്യാപകർക്കും കുഞ്ഞുങ്ങൾക്കും വേണ്ടി പ്രത്യേക യോഗങ്ങളും പരിശീലന പരിപാടികളും നടത്തുകയുണ്ടായി. സൺഡേസ്കൂൾ മിഷനറി എന്ന നിലയിൽ കെ.സി. തോമസ് സാർ ഇതിന് നേതൃത്വം നല്കുകയും ക്രിസ്തേതരരെ ഉൾപ്പെടെ അനേകരെ സുവിശേഷവേലയ്ക്കായി പ്രേരിപ്പിക്കുകയും ചെയ്തു. അദ്ദേഹം എല്ലാവർക്കും വേണ്ടി എല്ലാം ആയി.

എന്തായിരുന്നു കെ.സി. തോമസ് സാറിന്റെ പ്രവർത്തനശൈലിയുടെ പ്രത്യേകത? എന്താണ് അദ്ദേഹം നമുക്ക് കാണിച്ചുതന്ന മാതൃക? ഇതുംകൂടി വിശകലനം ചെയ്ത് ഈ കുറിപ്പുകൾ അവസാനിപ്പിക്കാം.

1. ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും നിർണ്ണായകമായ കാലഘട്ടമാണ് ബാല്യ-കൗമാര കാലം. എല്ലാ ആത്മീക പാഠങ്ങളും സ്വഭാവരൂപീകരണവും അവരിൽ വേരുറയ്ക്കുന്നത് ഈ സമയത്താണ്. ഈ പ്രായത്തിലുള്ള കുഞ്ഞുങ്ങളുടെ ആത്മീയ വളർച്ചയിലാണ് കെ.സി. തോമസ് സാർ ശ്രദ്ധ പുലർത്തുന്നത്. ഈ പ്രായത്തിൽ ക്രിസ്തു വിശ്വാസവും വേദപരിജ്ഞാനവും അവരിൽ ഉറച്ചാൽ അത് ജീവിതത്തിൽ ഒരിക്കലും മാഞ്ഞുപോകുകയില്ല. കുട്ടികളോട് സ്വീകരിക്കേണ്ട മന:ശാസ്ത്ര സമീപനം വളരെ കാലങ്ങൾക്ക് മുൻപേ അദ്ദേഹം തിരിച്ചറിഞ്ഞു പ്രവർത്തിച്ചു. ഇത് സൺഡേസ്കൂൾ പ്രവർത്തകർക്കെല്ലാം അനുകരണീയമായ മാതൃകയാണ്.

2. ആളാംപ്രതി സുവിശേഷവേലയുടെ ഉത്തമ മാതൃകയാണ് കെ.സി. തോമസ് സാർ കാണിച്ചുതന്നത്. ബാലിക-ബാലന്മാരുടെ, യൗവ്വനക്കാരുടെ ജീവിതത്തിൽ ക്രിസ്തുവിനുള്ള സ്ഥാനം എന്താണെന്ന് ചോദിച്ച് മനസ്സിലാക്കുവാൻ അദ്ദേഹം അതീവ തല്പരനായിരുന്നു. അത് അനേകർ സാക്ഷിച്ചിട്ടുണ്ട്. അതുപോലെ സൺഡേസ്കൂൾ അദ്ധ്യാപകർ കുഞ്ഞുങ്ങളെ ക്രിസ്തുവുമായുള്ള സജീവ ബന്ധത്തിൽ നിലനിർത്തണം. അദ്ധ്യാപകർ ക്രൈസ്തവ ജീവിതത്തിന്റെ ഉദാത്തമായ മാതൃകകളാവണം. ഇതെല്ലാം കുഞ്ഞുങ്ങളെ ലോകത്തിന്റെ തെറ്റായ വഴികളിൽ പോകാതിരിക്കുവാൻ അവരെ സഹായിക്കും.

3. സുവിശേഷഘോഷണത്തെ കുറിച്ചുള്ള നിർബന്ധം എന്റെ മേൽ കിടക്കുന്നു എന്ന ബോദ്ധ്യത്തിൽ ജീവിച്ച വ്യക്തിയാണ് കെ.സി. തോമസ് സാർ. ജാതിമതഭേദം ഇല്ലാതെ എല്ലാവരും ക്രിസ്തുവിനെ അറിയണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ക്രിസ്തേതരരുടെ ഇടയിലുള്ള സഭയുടെ മിഷൻ പ്രവർത്തനമായ കടൽത്തീര മിഷനിൽ അദ്ദേഹം സജീവമായി പങ്കെടുത്തു. ഓർക്കുക, ഓരോ സഭാംഗവും ഓരോ മിഷനറിയാണ്. ഭാരതത്തിലെ മതബഹുലതയുടെ പശ്ചാത്തലത്തിൽ മിഷനറിവേല നമുക്കെങ്ങനെ നിർവ്വഹിക്കാം? ഓരോ സഭാംഗവും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഇടങ്ങളെ സുവിശേഷ വേലസ്ഥലമായി മാറ്റണം. അപ്പോൾ ഇതര മതസ്ഥർ നമ്മെ ശ്രദ്ധിക്കുകയും കേൾക്കുകയും നമ്മിൽ കൂടി ജീവിക്കുന്ന ക്രിസ്തുവിനെ അവർ തിരിച്ചറിയുകയും ചെയ്യും. ഇതുമാത്രമാണ് ഇന്നത്തെ കാലഘട്ടത്തിൽ അനുകരണീയമായ മാതൃക.

കെ.സി. തോമസ് സാറിൽ വിളങ്ങിയ സുവിശേഷദർശനവും കുഞ്ഞുങ്ങളോടുള്ള വേദാദ്ധ്യാപന മാതൃകകളും നമുക്കെന്നും പ്രചോദനമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈ വിചാരങ്ങൾ നമ്മുടെ ജീവിതങ്ങളെ ഉണർത്തുന്നതിനായി സമർപ്പിക്കുന്നു.



Jilna



Jisna Joji





Shalom Deena Biju



Renjan Chacko Philip



Jisna Joji



Christy Mathew Binoy



Christy Mathew Binoy



Jilna

സൺഡേസ്കൂൾ പൂർവ്വ വിദ്യാർത്ഥികൾ പട്ടത്വ ശുശ്രൂഷയിൽ

തിരുമേനിമാർ

1. ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത
2. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പ

പട്ടക്കാർ

3. റവ. കെ. ജെ. ഫിലിപ്പ് ചാലക്കാട്ടിൽ
4. റവ. കെ. എം. ജോർജ്, കിണറ്റുകര
5. റവ. ജോർജ് അലക്സാണ്ടർ, മണലേൽ പ്ലാപ്പുഴേത്ത്
6. റവ. ഡോ. സണ്ണി ജോർജ്ജ്, പാറാത്തുശേരിൽ
7. റവ. ജോർജ് തോമസ്, ചാലക്കാട്ടിൽ
8. റവ. ഏബ്രഹാം പി. വർക്കി, പാരയിൽ
9. റവ. റെജി ഐസക്, ചേരിക്കൽ
10. റവ. സിബു പള്ളിച്ചിറ (ചക്കാട്ടുശ്ശേരി സൺഡേസ്കൂൾ പൂർവ്വ വിദ്യാർത്ഥി)

വികാരിമാരുടെ മക്കൾ

11. റവ. ഡോ. അലക്സാണ്ടർ ഏബ്രഹാം (S/o Rev. C.M. Abraham)
12. റവ. ഡോ. അലക്സാണ്ടർ എം. ഐസക് (S/o Rev. M.I. Alexander)
13. റവ. വർഗീസ് ചെറിയാൻ (S/o Rev. S.V. Cherian)
14. റവ. ജോജി ഉമ്മൻ ഫിലിപ്പ് (S/o Very. Rev. K.O. Philipose)
15. റവ. ഡോ. ഫെനോ എം. തോമസ് (S/o Rev. M.T. Thomas)
16. റവ. ഷിജോയ് ഏബ്രഹാം സഖറിയ (S/o Very. Rev. Skariah Abraham)

വൈദീക വിദ്യാർത്ഥികൾ

1. ആശിഷ് ചെറിയാൻ വർഗീസ്, പട്ടമുക്കിൽ (B.D. പഠനം പൂർത്തീകരിച്ചു)
2. ക്രിസ്റ്റി എം. കുര്യൻ, മാണിപ്പറമ്പിൽ (B.D. 4-ാം വർഷം)

നിരണം യെരുശലേം സൺഡേസ്കൂളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള അദ്ധ്യാപകരുടെ പേരുവിവരം

(ലഭ്യമായിടത്തോളം വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)

പേര്	വീട്ടുപേര്
ലൂക്കോസ് ആശാൻ	വെൺപറമ്പിൽ
കോരസാർ	വെൺപറമ്പിൽ
നഥാനിയേൽ	വെൺപറമ്പിൽ
ഇസ്രായേൽ	വെൺപറമ്പിൽ
വി. ഐ. മാത്യു	വെൺപറമ്പിൽ
വി. ഐ. ജോർജ്	വെൺപറമ്പിൽ
വി. കെ. ഉമ്മൻ	വെൺപറമ്പിൽ
മെഴ്സി ഉമ്മൻ	വെൺപറമ്പിൽ
ഉമ്മൻ ജോൺസൺ	വെൺപറമ്പിൽ
സൂസമ്മ മാത്യു	വെൺപറമ്പിൽ
മറിയാമ്മ ജോർജ്ജ്	വെൺപറമ്പിൽ
ജോർജ്ജ് വർഗീസ്	വെൺപറമ്പിൽ
ജിഷ മേരി വർഗീസ്	വെൺപറമ്പിൽ
ചെറിയാച്ചൻ (വാദ്ധ്യാർ)	പട്ടമുക്കിൽ പടിഞ്ഞാറെക്കര
ചാക്കോച്ചൻ	പട്ടമുക്കിൽ പടിഞ്ഞാറെക്കര
പി. ജെ. ജോൺ	പട്ടമുക്കിൽ തട്ടാനേത്ത്
പി. ജെ. ജയിക്കബ്	പട്ടമുക്കിൽ തട്ടാനേത്ത്
പി. ജെ. തോമസ്	പട്ടമുക്കിൽ
പി. ജെ. ജയിക്കബ്	പട്ടമുക്കിൽ
സാറാമ്മ വർഗീസ്	പട്ടമുക്കിൽ
കൊച്ചോയിക്കുഞ്ഞ്	കിണറ്റുകര
കെ. സി. തോമസ്	കിണറ്റുകര
കെ. കെ. കോശി	കിണറ്റുകര
കെ. റ്റി. അലക്സാണ്ടർ	കിണറ്റുകര
കെ. റ്റി. മാത്യു	കിണറ്റുകര
കെ. റ്റി. കോശി	കിണറ്റുകര
കെ. എം. ജയിക്കബ്	കിണറ്റുകര
മേരി ജയിക്കബ്	കിണറ്റുകര
മേരി മാത്യു	കിണറ്റുകര
കെ. എം. കുരുവിള	കിണറ്റുകര
കെ. എം. അലക്സാണ്ടർ	കിണറ്റുകര
ബാബു മാത്യു	കിണറ്റുകര
കെ. കെ. തോമസ്	കിണറ്റുകര
ജേക്കബ് മാത്യു	കിണറ്റുകര
മോളി അലക്സാണ്ടർ	കിണറ്റുകര
ഡോ. മാത്യു തോമസ്	കിണറ്റുകര
സൂസൻ ജേക്കബ്	കിണറ്റുകര
ദാനിയേൽസാർ	നാനാത്ര
എൻ. ഡി. ശമുവേൽ	നാനാത്ര
എൻ. ഡി. തോമസ്	നാനാത്ര
എൻ. ഡി. നഥാനിയേൽ	നാനാത്ര
എൻ. ഒ. വറുഗീസ്	നാനാത്ര കളീയ്ക്കൽ
എൻ. ജി. ഉമ്മൻ	നാനാത്ര കളീയ്ക്കൽ
എൻ. ജി. ജോർജ്	നാനാത്ര കളീയ്ക്കൽ
എൻ. ജി. മേരിക്കുട്ടി	നാനാത്ര കളീയ്ക്കൽ
എൻ. കെ. മത്തായി	നാനാത്ര കളീയ്ക്കൽ
എൻ. കെ. ശമുവേൽ	നാനാത്ര പുത്തൻപുരയിൽ
എൻ. എസ്. ശമുവേൽ	നാനാത്ര പുത്തൻപുരയിൽ
ഏലിയാമ്മ ഡാനിയേൽ	നാനാത്ര പുത്തൻപുരയിൽ
സ്വാനി ഡാനിയേൽ	നാനാത്ര പുത്തൻപുരയിൽ
സിനി ഏബ്രഹാം	നാനാത്ര പുത്തൻപുരയിൽ
ഡാനിയ അന്ന ഏബ്രഹാം	നാനാത്ര പുത്തൻപുരയിൽ
എം. പി. ജോർജ്	മണലേൽ
എം. ഐ. ജോർജ്	മണലേൽ
എം. ജി. ഇടിക്കുള	മണലേൽ
എം. ജി. ഫിലിപ്	മണലേൽ
ജോർജ്ജ് അലക്സാണ്ടർ	മണലേൽ
ആൻസി പി. തോമസ്	മണലേൽ
കെ. ജെ. ഫിലിപ്	ചാലക്കാട്ടിൽ
കെ. ജെ. തോമസ്	ചാലക്കാട്ടിൽ
അന്നമ്മ ഫിലിപ്	ചാലക്കാട്ടിൽ
എം. വി. ഈപ്പൻ	മാണിപ്പറമ്പിൽ
എം. തോമസ് കുര്യൻ	മാണിപ്പറമ്പിൽ
സാറാമ്മ കുര്യൻ	മാണിപ്പറമ്പിൽ
മറിയാമ്മ ഈപ്പൻ	മാണിപ്പറമ്പിൽ
അച്ചാമ്മ ഈപ്പൻ	മാണിപ്പറമ്പിൽ
എം. ഈ. കുര്യൻ	മാണിപ്പറമ്പിൽ
എം. ഐ. മാത്യു	മാണിപ്പറമ്പിൽ
എം. ഈ. എബ്രഹാം	മാണിപ്പറമ്പിൽ
സൂസൻ എബ്രഹാം	മാണിപ്പറമ്പിൽ
പീലിപ്പോസ്	കൊച്ചുവീട്ടിൽ
കെ. സി. ജോർജ്	പാഴൂർ
കെ. വി. ചെറിയാൻ	കൂത്തപ്പള്ളിൽ
കെ. വി. മറിയക്കുട്ടി	കൂത്തപ്പള്ളിൽ
ശാന്തമ്മ മാത്യു	കൂത്തപ്പള്ളിൽ
വത്സമ്മ കുര്യൻ	കൂത്തപ്പള്ളിൽ

പേര്	വീട്ടുപേര്
സാലി കുര്യൻ	കൂത്തപ്പള്ളിൽ
കെ. സി. കോരുത്	കോട്ടപ്പുറത്ത്
കെ. ജി. അബ്രഹാം	കോട്ടപ്പുറത്ത്
വി. ഐ. ഉമ്മൻ	വാണിയപ്പുരയ്ക്കൽ
മറിയാമ്മ കുഞ്ഞുമ്മൻ	വാണിയപ്പുരയ്ക്കൽ
ലീലാമ്മ ജേക്കബ്	വാണിയപ്പുരയ്ക്കൽ
വി. എം. തോമസ്	ശക്തിമംഗലം
സി. കെ. കുരുവിള	ചിറയ്ക്കൽ പറമ്പിൽ
സി. കെ. തോമസ്	ചിറയ്ക്കൽ പറമ്പിൽ
സാറാമ്മ കുരുവിള	ചിറയ്ക്കൽ പറമ്പിൽ
എം. കെ. വർഗീസ്	മണലിൽ
കെ. കെ. ചാണ്ടി	മണലിൽ
എം. കെ. മറിയാമ്മ	മണലിൽ
എം. സി. അന്നമ്മ	മണലിൽ
മറിയാമ്മ അലക്സ്	മണലിൽ
പി. സി. വർഗീസ്	പാണ്ടമ്പടവിൽ പുത്തൻപുരയിൽ
ഗീവർഗീസ് ഐപ്പ്	പള്ളിച്ചിറ കുന്നേൽ
കെ. ജി. മാത്യു	പള്ളിച്ചിറ കുന്നേൽ
കെ. എം. അലക്സാണ്ടർ	പള്ളിച്ചിറ കുന്നേൽ
ശാന്തമ്മ മാത്യു	പള്ളിച്ചിറ കുന്നേൽ
ഗ്രേസി അലക്സാണ്ടർ	പള്ളിച്ചിറ കുന്നേൽ
ബിനു മറിയം ജോസ്	പള്ളിച്ചിറ കുന്നേൽ
മാത്യൂസ് വർഗീസ്	പള്ളിച്ചിറ കുന്നേൽ
സി. ജി. മറിയാമ്മ	മട്ടയ്ക്കൽ
ജോർജ്ജുകുട്ടി ശമുവേൽ	മട്ടയ്ക്കൽ
ചെല്ലമ്മ ശമുവേൽ	മട്ടയ്ക്കൽ
ജോണിക്കുട്ടി ശമുവേൽ	മട്ടയ്ക്കൽ
ഏലിയാമ്മ ജോർജ്ജ്	മട്ടയ്ക്കൽ
പോളി അലക്സാണ്ടർ	മട്ടയ്ക്കൽ
റ്റി. സി. ഏലിയാമ്മ	നാനാത്ര തോപ്പിൽ
സി. പി. തോമസ്	ചക്കാട്ടുശേരിൽ
വി. എം. ഇടിക്കുള	വാണിയപ്പുരയ്ക്കൽ പെരുമിറ്റത്ത്
തങ്കമ്മ ഇടിക്കുള	വാണിയപ്പുരയ്ക്കൽ പെരുമിറ്റത്ത്
മിനി ജോസഫ്	വാണിയപ്പുരയ്ക്കൽ പെരുമിറ്റത്ത്
സാലി കുരുവിള	വാഴപ്പള്ളിൽ
എം. വി. ചെറിയാൻ	മാന്തറയിൽ ഇടനിലത്ത്
വി. ഏബ്രഹാം	മാന്തറയിൽ ഇടനിലത്ത്
കോശി കുരുവിള	കുമ്പളത്ത്
ഏലിയാമ്മ ഇടിക്കുള	കുമ്പളത്ത്
പി. എസ്. മറിയാമ്മ	പാറാത്തുശേരിൽ
സാലി പി. ജോർജ്ജ്	പാറാത്തുശേരിൽ
എസ്ഥേർ ചെറിയാൻ	മുളമൂട്ടിൽ

പേര്	വീട്ടുപേര്
മറിയാമ്മ ചെറിയാൻ	മുളമൂട്ടിൽ
സി. പി. ചെറിയാൻ	ചേരിയ്ക്കൽ
ജോർജ് ജയിക്കബ്	മാളിയേക്കൽ
പി. വി. ഏലിയാമ്മ	പാരയിൽ
ജോൺ പി. വർക്കി	പാരയിൽ
കെ. വി. തോമസ്	വസന്തവിലാസം
വി. എ. വറുഗീസ്	വിഴലിൽ
കുര്യൻ വറുഗീസ്	മാത്തൻപറമ്പിൽ
മിനി തോമസ്	മാത്തൻപറമ്പിൽ
വർക്കി വർഗീസ്	കങ്ങഴേത്ത്
ലിസി തോമസ്	കങ്ങഴേത്ത്
മറിയാമ്മ വർക്കി	കങ്ങഴേത്ത്
ലിസ്സി ഐപ്പ്	വിഴലിൽ കിഴക്കേകൂറ്റ്
സജീന മോൻസി	വിഴലിൽ കിഴക്കേകൂറ്റ്
സണ്ണി ജോർജ്ജ്	അയിരുക്കുഴിയിൽ
ഉമ്മൻ എബ്രഹാം	പുത്തൻപറമ്പിൽ
സോഫി ജേക്കബ്	പറയൻപറമ്പിൽ കൂടഭാഗത്ത്
ലിഞ്ചു ബിനോയ്	മണപ്പറമ്പിൽ
അശ്വിനി സെയ്റ ജോർജ്	കാട്ടുനിലത്ത്

അദ്ധ്യാപകരായി സേവനം ചെയ്ത കൊച്ചമ്മമാർ

Mrs. കുഞ്ഞമ്മ ഏബ്രഹാം
w/o റവ. സി.എം. ഏബ്രഹാം
Mrs. ശാന്തമ്മ അലക്സാണ്ടർ
w/o റവ. എം. ഐ. അലക്സാണ്ടർ
Mrs. ശോശാമ്മ തോമസ്
w/o റവ. പി. ഇ. തോമസ്
Mrs. സൂസമ്മ ചെറിയാൻ
w/o റവ. എസ്. വി. ചെറിയാൻ
Mrs. മേരിക്കുട്ടി സ്ക്കറിയ
w/o വെരി. റവ. സ്ക്കറിയ ഏബ്രഹാം

ഇപ്പോഴത്തെ അദ്ധ്യാപകർ

1. ജോർജ്ജ് വർഗീസ്, വെൺപറമ്പിൽ (ഹെഡ്മാസ്റ്റർ)
2. ജോൺ പി. വർക്കി, പാരയിൽ (സെക്രട്ടറി)
3. സാറാമ്മ വർഗീസ്, പട്ടമുക്കിൽ (ട്രഷറർ)
4. ബിനു മറിയം ജോസ്, പള്ളിച്ചിറകുന്നേൽ
5. സാലി കുര്യൻ, കൂത്തപ്പള്ളിൽ
6. സിനി ഏബ്രഹാം, നാനാത്ര പുത്തൻപുരയിൽ
7. ലീലാമ്മ ജേക്കബ്, വാണിയപുരയ്ക്കൽ
8. ലിഞ്ജു ബിനോയ്, മണപ്പറമ്പിൽ
9. സോഫി ജേക്കബ്, പറയൻപറമ്പിൽ കൂടഭാഗത്ത്
10. ആൻസി പി. തോമസ്, മണലേൽ
11. സജീനാ മോൻസി, വിഴലിൽ കിഴക്കേകൂറ്റ്
12. അശ്വിനി സെയ്റ ജോർജ്ജ്, കാട്ടുനിലത്ത്

ആദരവ്

അദ്ധ്യാപന ശുശ്രൂഷ 25 വർഷം മുൻപ് ആരംഭിച്ചവർ



സൂസൻ ഏബ്രഹാം മാണിപ്പറമ്പിൽ ഷിജു ഭവൻ



മറിയാമ്മ വർക്കി, കങ്ങഴേത്ത്



ഡോ. മാത്യു തോമസ്, കിണറ്റുകര ഷാജിവില്ല



ജോർജ് വർഗീസ്, മട്ടയ്ക്കൽ വെൺപറമ്പിൽ



ബിനു മറിയം ജോസ്, പള്ളിച്ചിറ കുന്നേൽ



മറിയാമ്മ അലക്സ്, മണലിൽ



സിനി ഏബ്രഹാം, നാനാത്രപുത്തൻപരിയിൽ

Best compliments from



MR. VARKEY VARGHESE & FAMILY
KANGAZHETH

Best compliments from



OOMEN M. KURIEN & FAMILY
MANIPARAMPIL THOPPIL

IN LOVING MEMORY OF



N.K. Samuel &
Aleyamma Samuel



N.S. Daniel &
Aleyamma Daniel



INSERTED BY

NANATHRA PUTHENPURAYIL FAMILY



Best wishes from

VILAKKUPATTATHIL FAMILY, THIRUVALLA

Babu, Sheela & Family
Mohan, Annie & Family
Balu, Sheeba & Family
Biju, Suja & Family
Kochumon, Anu & Family

Best compliments from



Dr. Reju Sam John, Dr. Melinda Mariam Thomas
Mrs. Reji Cherian, Mr Johneykutty Samuel
Dr. Gayathri Varma - Dr. Tiju Cherian John
KARIKOTTU MALIPURATHU



Best compliments from

MATHEW KOSHY & FAMILY
NANATHRA PUTHENPURAYIL



ബാലസമാജം ഭാരവാഹികൾ 2020



ബിരുദ് പരീക്ഷാ വിജയികൾ 2020

ശതോത്തര സുവർണ്ണജൂബിലി സമാപന സമ്മേളനം








ശതോത്തര സുവർണ്ണജൂബിലി
സ്മരണിക പ്രകാശനം









അനുമോദനം







ആദ്യകുർബാന സ്വീകരിച്ച കുഞ്ഞുങ്ങൾ മെത്രാപ്പോലീത്തായോടൊപ്പം



BEST COMPLIMENTS FROM

MANIPARAMPIL PAINTS

NIRANAM

Ph: 9447561138, 8281096432



PROP. GIJI THOMAS & JAISON GIJI



THE COATINGS EXPERT





നന്ദിപൂർവ്വം...



കർത്താവിൽ പ്രിയരേ,

രക്ഷകനായ ക്രിസ്തുവിലേക്ക് കുഞ്ഞുങ്ങളെ ആകർഷിക്കുക എന്ന മഹത്തായ ലക്ഷ്യവുമായി കഴിഞ്ഞ 150 സംവത്സരമായി നിരണം യെരുശലേം സൺഡേസ്കൂളിന് പ്രവർത്തിക്കാൻ സാധ്യമാക്കിയ ദൈവകൃപയ്ക്കായി ആദ്യമായി സ്തോത്രം ചെയ്യുന്നു. 1970ൽ ശതാബ്ദി കൊണ്ടാടുകയും സൺഡേസ്കൂളിന്റെ നൂറുവർഷത്തെ ചരിത്രം ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സ്മരണിക പ്രസിദ്ധീകരിക്കുവാൻ അന്നത്തെ നമ്മുടെ പിതാക്കന്മാർക്ക് സാധിച്ചു എന്നുള്ളത് നമുക്ക് അഭിമാനിക്കാവുന്ന കാര്യമാണ്. ഇപ്പോൾ നമ്മുടെ സൺഡേസ്കൂൾ ശതോത്തരസുവർണ്ണജൂബിലി നിറവിൽ വന്നു നിൽക്കുകയാണല്ലോ. ഈ അവസരം ഉചിതമായി ആഘോഷിക്കുവാൻ നാം ഇടവകയായി തീരുമാനിക്കുകയും അതിന്റെ തുടക്കമായി നമ്മുടെ സൺഡേസ്കൂളിന്റെ പൂർവ്വവിദ്യാർഥികളുടെയും അധ്യാപകരുടെയും ഒരു സംഗമം വിജയകരമായി നടത്തുവാൻ വലിയവനായ ദൈവം നമുക്ക് അവസരമൊരുക്കി. ഈ സംഗമത്തിൽ 70 വയസ്സ് തികഞ്ഞ പൂർവ്വ അദ്ധ്യാപകർക്ക് പൊന്നാട അണിയിച്ച് ആദരിക്കുകയും, 25 വർഷത്തിൽ കൂടുതൽ സേവനമനുഷ്ഠിച്ച അദ്ധ്യാപകരെ പ്രത്യേകം ആദരിക്കുകയും ചെയ്തു.

ശതോത്തര ആഘോഷത്തിന് ഭാഗമായി നമ്മുടെ സൺഡേസ്കൂളിന്റെയും ഇടവകയുടെയും ദേശത്തിന്റെയും ചരിത്രം ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സുവനീർ പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു. എന്നാൽ covid-19 എന്ന മഹാമാരി കാരണം നമുക്ക് തക്കസമയത്ത് സുവനീർ പ്രസിദ്ധീകരിക്കുവാൻ സാധിച്ചില്ല. നമ്മുടെ രാജ്യം അതിന്റെ തീഷ്ണമായ അനുഭവത്തിലൂടെ കടന്നു പോവുകയാണല്ലോ. നമ്മുടെ സഹോദരങ്ങളിൽ പലരും ഇതുമൂലം ലോകത്തിൽ നിന്ന് മാറ്റപ്പെടുകയും ഇപ്പോഴും നാം അതിന്റെ തിക്തഫലങ്ങൾ അനുഭവിക്കുകയും ചെയ്യുന്നു. ഇതിന്റെ മദ്ധ്യത്തിലും ദൈവം നമ്മെ ഇത്രത്തോളം നടത്തി പരിപാലിക്കുന്നത് ഓർത്ത് ദൈവത്തിന് സ്തോത്രം ചെയ്യാം. എന്നാൽ ഈ പ്രശ്നങ്ങളുടെ മധ്യത്തിലും നമുക്ക് സുവനീർ പ്രസിദ്ധീകരിക്കുവാൻ കാരുണ്യവാനായ ദൈവം അവസരമൊരുക്കി. ഇതിനായി അക്ഷീണം പ്രവർത്തിച്ച സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ജോർജ്ജ് വർഗീസ്, ചീഫ് എഡിറ്റർ ഡോ. മാത്യു തോമസ്, സെക്രട്ടറി ശ്രീ. ജോൺ പി. വർക്കി, മറ്റ് കമ്മിറ്റി അംഗങ്ങൾ, സൺഡേസ്കൂൾ അധ്യാപകർ, സൺഡേസ്കൂൾ കുട്ടികൾ എന്നിവരോടുള്ള കടപ്പാടും സ്നേഹവും അറിയിച്ചുകൊള്ളുന്നു. സന്ദേശങ്ങൾ നൽകി ഈ ഉദ്യമത്തെ അനുഗ്രഹിച്ച മാർത്തോമ്മാ മെത്രാപ്പോലീത്ത, മറ്റ് തിരുമേനിമാർ, വികാരിയച്ചൻ, ലേഖനങ്ങൾ തന്ന് സഹായിച്ച മുൻ വികാരിമാർ, ഇടവക പട്ടക്കാർ, സൺഡേസ്കൂൾ പൂർവ്വവിദ്യാർത്ഥികൾ, സൺഡേസ്കൂൾ കുട്ടികൾ എന്നിവരോടുള്ള നന്ദിയും കടപ്പാടും അറിയിച്ചുകൊള്ളുന്നു. സർവ്വോപരി ഈ സുവനീർ പ്രസിദ്ധീകരിക്കുവാനായി സാമ്പത്തികമായും പരസ്യങ്ങൾ തന്നും സഹായിച്ച നമ്മുടെ ഇടവകാംഗങ്ങളോടും മറ്റ് എല്ലാവരോടുമുള്ള ഹൃദയംഗമായ നന്ദിയും സ്നേഹവും ഇവിടെ പ്രകാശിപ്പിച്ചു കൊള്ളുന്നു.

നമുക്ക് മുൻപ് കടന്നുപോയ പൂർവ്വപിതാക്കൾ നമുക്ക് നൽകിയ നല്ല മാതൃകയെ നന്ദിയോടെ സ്മരിച്ചുകൊണ്ട് നമ്മുടെ പുതുതലമുറയിലെ കുഞ്ഞുങ്ങൾക്ക് നാമും മാതൃകയായി ജീവിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. സ്മരണിക പ്രസിദ്ധീകരണത്തിൽ വ്യാപരിച്ച പരിപാലനത്തിൽ ദൈവത്തോട് നന്ദിയർപ്പിച്ചുകൊണ്ട് ഉപസംഹരിക്കുന്നു.

ബിനു മറിയം ജോസ്, പള്ളിച്ചിറ കുന്നേൽ
കൺവീനർ

" Treat others as you would like to be treated "

With Best Wishes,

Crafting Excellence

CORNELL™

70, Chandrappa Layout | MS Palya | BANGALORE 560 097 | KA | INDIA
reachus@cornellindia.com | www.cornellindia.com